


**പ്രഭാവർമ്മ**

നിലാമരം



**സതീവൻ ബാലൻ**

കേരളത്തിന് സന്തോഷ് ട്രോഫി



**ഡോ. സുനിൽ പി. ഇളയിടം**

പി.ജി. സ്മരണ

# CEAN-LET

**AUGUST 2018**

C-DIT EMPLOYEES ASSOCIATION NEWS LETTER




Study hard so that you can master technology, which allows us to master nature.

Ernesto 'Che' Guevara



കേരള സർക്കാർ
പൊന്നോണം വന്നെത്തി
മലയാളികൾ ഒന്നടങ്കം കാത്തിരിക്കുന്ന
തിരുവോണം ബമ്പർ
ഇപ്പോൾ വിപണിയിൽ
സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
തിരുവോണം
ബമ്പർ ഭാഗ്യക്കുറി 2018
ഒന്നാം സമ്മാനം
₹10 കോടി
COMMON TO ALL SERIES
രണ്ടാം സമ്മാനം
₹5 കോടി
50 ലക്ഷം വീതം 10 പേർക്ക്
മൂന്നാം സമ്മാനം
₹2 കോടി
10 ലക്ഷം വീതം 20 പേർക്ക്
₹1 ലക്ഷം
നാലാം സമ്മാനം
₹1 കോടി
5 ലക്ഷം വീതം 20 പേർക്ക്
ടിക്കറ്റ് വില ₹250
കൂടാതെ
5000,3000,2000,1000,500
രൂപയുടെ നിരവധി സമ്മാനങ്ങൾ
നറുക്കെടുപ്പ്: 19.09.2018
കേരള സംസ്ഥാന ഭാഗ്യക്കുറി വിശ്വസ്തം...സുതാര്യം...ജനകീയം



**പിണറായി വിജയൻ**
മുഖ്യമന്ത്രി

**കേരള സർക്കാർ**


സെക്രട്ടേറിയേറ്റ്,
തിരുവനന്തപുരം-695 001
നം. 1021/പ്രസ്/സി.എം.ഒ/2017
ആഗസ്റ്റ് 21, 2017

# സന്ദേശം

സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ ന്യൂസ് ലെറ്ററായ 'സീൻലെറ്റ്' ഓണം വിശേഷാൽ പതിപ്പ് പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.
എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

ടെലിഫോൺ: 0471 2333241, 2333812; ഫാക്സ്: 0471 2333489
ഇമെയിൽ: chiefminister@kerala.gov.in വെബ്സൈറ്റ്: www.keralacm.gov.in



കേരള സർക്കാർ


**ഡോ. ടി.എം. തോമസ് ഐസക്ക്**
ധനം-കയർ വകുപ്പുമന്ത്രി


# സന്ദേശം

സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷന്റെ ന്യൂസ് ലെറ്ററായ സീൻലെറ്റിന്റെ 2018 ഓണപ്പതിപ്പിന് എല്ലാ ആശംസകളും നേരുന്നു.

**ടി.എം. തോമസ് ഐസക്ക്**


സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, റൂം നമ്പർ 130, നോർത്ത് ബ്ലോക്ക്
ടെലിഫോൺ: 0471-2333294; ഫാക്സ്: 0471-2334646; മൊബ്: 9447733600
ഇമെയിൽ: tisaaq@kerala.gov.in, tisaaq@gmail.com



കേരള സർക്കാർ

## കടകംപള്ളി സുരേന്ദ്രൻ

സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി

ആഗസ്റ്റ് 12, 2018

# സന്ദേശം

സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷന്റെ ന്യൂസ്‌ലെറ്ററായ 'സീൻലെറ്റ്' എല്ലാവർഷവും പ്രസിദ്ധീകരിക്കാറുള്ള ഓണം വിശേഷാൽപ്പതിപ്പ് ഏറെ പുതുമകളോടെ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം രേഖപ്പെടുത്തട്ടെ. ശാസ്ത്ര-കമ്മ്യൂണിക്കേഷൻ-വിവരസാങ്കേതികരംഗത്ത് സംസ്ഥാന സർക്കാരിന്റെ സമഗ്രനേട്ടങ്ങളുടെ നേർസാക്ഷ്യമായി സി-ഡിറ്റിനെ മാറ്റിയെടുത്തതിൽ സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷന്റെ പങ്ക് അഭിനന്ദനാർഹമാണ്. സീൻലെറ്റിന് എല്ലാവിധ ആശംസകളും നേരുന്നു.

**കടകംപള്ളി സുരേന്ദ്രൻ**

ടെലിഫോൺ: 0471 2336605, 2337560 മൊബ്: +91 94470 48543, 9447917700
ഇമെയിൽ: kadakampallysurendran99@gmail.com

# CONTENT


## CEAN-LET
Editorial Board

*ചീഫ് എഡിറ്റർ*
**ബി. സതീശൻ**

*കൺവീനർ*
**അജീഷ് എം.ആർ**

ജിബി പി. എബ്രഹാം
പ്രശാന്ത് വി.
പ്രദീപ് കുമാർ ആർ.
ഗോപീകൃഷ്ണൻ എ.ആർ.
സാജൻ അമ്പാടിയിൽ
ഷജിത്ത് ആർ.ബി.
രഞ്ജിത് കുമാർ ആർ.
കിരൺ
സന്തോഷ് കുമാർ
പ്രേംസുജ



2018-ലെ ഓണം വിശേഷാൽപ്പതിപ്പിലേക്ക് കലാ-സാഹിത്യസൃഷ്ടികൾ നൽകിയ സി-ഡിറ്റ് ജീവനക്കാർ, വിദ്യാർത്ഥികൾ, സുഹൃത്തുക്കൾ ഇതിനോടൊപ്പം പ്രവർത്തിച്ച സഹപ്രവർത്തകർ, പരസ്യങ്ങൾ നൽകിയ സ്ഥാപനങ്ങൾ എന്നിവർക്ക് നന്ദി .

*Cover Painting*
Shajith R.B.

*Layout Supervision*
Godfrey Das

*Cartoons*
Jishnu P. Raj

*Layout*
Prasanth V.
Pradeep Kumar R.
Anand Godfrey
Sreelekha C.S.

*Typeset*
Hridayam Graphics
Anand Balan
Jaya

*Printed at*
Akshara Offset, TVM

*Printed and Published by*
B. Satheesan
General Secretary, CEA for Private circulation only



08 **പി ജി അനുസ്മരണം**
ഡോ. സുനിൽ പി. ഇളയിടം

14 **പി.ജി. ഓർമ്മ**
ദാമോദർ പ്രസാദ്

16 **ഉന്നതവിദ്യാഭ്യാസത്തിലുണ്ടാവേണ്ട കാലികമായ ഇടപെടൽ**
ഡോ. പി.എസ്. ശ്രീകല

20 **How Schools Kill Our Children's Creativity : A Ringside View and Solutions**
Senthil Kumar

24 **നീ ആരാണ്?**
ഷെരീഫ് നെടുമങ്ങാട്

26 **സന്തോഷ് ട്രോഫി**
സതീവൻ ബാലൻ

30 **Feasibility Analysis of Unique ID**
Sajan Ambadiyil

33 **വലിയലോകത്തിന്റെ വലിയ ഉപാസകൻ**
അനുജ

44 **സോഷ്യൽ മീഡിയയിലെ ആൾക്കൂട്ടക്കൊല**
ജിബി പി. എബ്രഹാം

46 **മലബാർ കലകളിലൂടെ**
ശ്രീജിത്ത് എ.കെ.

48 **Sound in the films of Adoor**
Lijith T.K.

53 **മുറിവ്**
സജി നാരായണൻ ജി

54 **മുറിവേറ്റ മാലാഖമാർ**
പ്രേംസുജ

59 **Fergie Time**
Jiffin George

63 **പരാജിതം**
സതികുമാർ. ടി.എസ്

64 **ഭാഷ നഷ്ടപ്പെട്ടവൻ**
ബിന്ദു ഷാജി

67 **യാത്രമൊഴി**
വിവേക് മുളയറ

70 **Tutanota**
**A Secure Free E-mail Service**
Tanzeem M.B.

73 **ബൈ പോളാർ ഡിസോടർ**
**അഥവാ ദ്രുവ അന്തര രോഗം**
ധന്യാലാൽ

76 **Sacred Games**
S. Ananthakrishnan

78 **കണ്ണുള്ളപ്പോൾ കണ്ണിന്റെ വിലയറിയില്ല**
ആനന്ദ് ബി.എസ്.

80 **ചിത്രം-വിചിത്രം**
പ്രീത

81 **മറന്നാലും മരിക്കാത്ത സ്നേഹം**
സഞ്ജയ് ദേവ്

88 **Kubernetes and Docker**
Lijith T.K.

91 **മതം മനുഷ്യനെ മയക്കുന്ന ലഹരി**
ഷാഹിദ് എ.

92 **ഭ്രാന്തന്റെ ചിന്തകൾ**
അശ്വതി എ.കെ.

95 **യക്ഷി**
ഷജിത്ത് ആർ.ബി.

97 **വിസ്മയസുഗന്ധം**
അനു എം.

98 **വിമർശനം സമൂഹത്തിന്റെ ഭാഗമാണ്**
**അത് എങ്ങനെയാകണം എവിടെ വരെയാകണം**
ശാന്തിവിള പത്മകുമാർ

101 **പ്രണയിനി**
അമൃത ബി.

102 **Dreams.. I too have a Dream...**
Abhinav R.

104 **ഓർമകളിൽ ഒരു മഞ്ഞുതുള്ളി**
അപർണ്ണ വൈ.എസ്.

105 **അറിയാതെ പോയ കാറ്റ്**
അനൂപ് എൽ.കെ.

108 **റഷ്യൻലോകകപ്പ് യാത്രയിലൂടെ**
എം.ആർ. അജീഷ്

116 **സ്മരണാഞ്ജലി**

123 **പാമരൻ**

EDITORIAL



# കരുതലോടെ നാം മുന്നോട്ട്

സി-ഡിറ്റെന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ട് മൂന്ന് പതിറ്റാണ്ടാകുന്നു. നമ്മുടെ സ്ഥാപനത്തിനു ശേഷം ആരംഭിച്ച പലതും അന്തർദേശീയ നിലവാരത്തിലേക്ക് ഉയരുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ സ്ഥായിയായ ഇരിപ്പിടത്തോടെ തല ഉയർത്തിനിൽക്കുന്നു. സി-ഡിറ്റാകട്ടെ ഇപ്പോഴും നിലനിൽപ്പിനായുള്ള പോരാട്ടത്തിലാണ്. ഓരോ അഞ്ചുവർഷം കഴിയുമ്പോഴും മാറുന്ന നേതൃത്വവും ശരിയായ ദിശാബോധമില്ലായ്മയും കാരണം സ്ഥിരമായ സ്വഭാവം ഇതുവരെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇടക്കിടക്ക് വന്നുപോകുന്ന ഭരണാധികാരികളും ഉപദേഷ്ടാക്കളും അവരുടെ വഴിയെ സ്ഥാപനത്തെ വലിച്ചുകൊണ്ടുപോകുന്നതാണ് ഇതിനു പ്രധാനകാരണം. ശാസ്ത്ര സാങ്കേതിക - കമ്മ്യൂണിക്കേഷൻ രംഗത്ത് അതിവേഗം വളരുന്നതിന് ഇത്രയധികം സാദ്ധ്യതകൾ ഉണ്ടായിരുന്ന മറ്റൊരു സ്ഥാപനവും സർക്കാരിന്റെ കീഴിൽ ഇല്ലായിരുന്നു എന്ന് തന്നെ പറയാം. വിവിധങ്ങളായ പ്രവർത്തനപന്ഥാവിലൂടെ സമൂഹത്തിന്റെ എല്ലാഭാഗങ്ങളിലും എത്തിക്കുകയും അതിലൂടെ സാമ്പത്തിക വളർച്ചയുടെ ഉന്നതിയിലേക്ക് കയറുകയും ചെയ്യുന്നതിനുപകരം സങ്കുചിതമായ ചിന്താമണ്ഡലങ്ങളിൽ മാത്രം വലിച്ചുകെട്ടിയൊതുക്കിയതിന്റെ ഫലമായാണ് വളർച്ചയിൽ മുരടിപ്പ് വന്നുപോയത്.

സാമ്പത്തിക അടിത്തറയും മാനവശേഷിയുടെ സ്ഥിരതയും സ്ഥാപനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ഏറെ പ്രധാനമാണ്. നമുക്ക് ഇതുവരെ ഇവ രണ്ടും ഉറപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ഓരോ അഞ്ച് വർഷങ്ങൾക്കിടയിൽ സർക്കാർ കുറച്ചു പേരെ സ്ഥിരപ്പെടുത്തി എന്നതിനാൽ 110 പേർ മാത്രമാണ് സ്ഥിരമായിട്ടുള്ളത്. 500 ലധികം പേർ വിവിധ സ്വഭാവത്തിലെ ജോലികളിൽ ഏർപ്പെട്ടിരിക്കുമ്പോൾ സ്ഥിരമായവരുടെ സംഖ്യയെന്നത് അടിത്തറ ഉറപ്പിക്കുന്നതിന് ഉതകുന്നതല്ല. ഈ വസ്തുത മനസ്സിലാക്കാതെയാണ് സ്ഥിരം തൊഴിൽ വേണ്ടെന്ന കേന്ദ്രസർക്കാരിന്റെ തെറ്റായ തൊഴിലാളിനയത്തിന്റെ



ഭാഗമായിട്ടുള്ള താൽക്കാലിക തൊഴിൽ സംവിധാനത്തിന്റെ പിന്തുടർച്ചക്കാരായി നമ്മുടെ മാനേജുമെന്റും മാറുന്നത്. താൽക്കാലികമായും കരാർ വ്യവസ്ഥയിലും വർഷങ്ങളായി പണിയെടുത്തുവരുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് സ്ഥിരമായ ജീവിതമാർഗ്ഗം ഉറപ്പിച്ചു നൽകുകയാണ് ഇടതുപക്ഷ സർക്കാരുകൾ ഭരണം നടത്തുമ്പോൾ ചെയ്തുവരുന്നത്. അതിന്റെ രാഷ്ട്രീയമായ അന്തഃസത്തയും ആവശ്യകതയും കടമയും ഉത്തരവാദിത്വവും ലക്ഷ്യബോധവും മനസ്സിൽ ഇടം പിടിക്കാത്ത സർക്കാരിന്റെ ചുമതലക്കാരായി മാറുന്ന ഉദ്യോഗസ്ഥ മാനേജുമെന്റുകൾ തൊഴിലാളികളെ പിരിച്ചുവിട്ട് സ്ഥിരതയ്ക്കുള്ള സാദ്ധ്യതകളെ നേരത്തെ കൂട്ടി ഇല്ലാതാക്കി വെയ്ക്കുന്നു. ഇത്തരം തൊഴിലാളി വിരുദ്ധനിലപാടുകളുടെ ഫലമായി നേരിട്ട് വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്നത് സർക്കാരുകൾക്കും അതിനെ നയിക്കുന്ന പ്രസ്ഥാനങ്ങൾക്കുമാണെന്നതാണ് വസ്തുത. ഉദ്യോഗസ്ഥരാകട്ടെ കസേര ഒഴിയുമ്പോൾ സ്വതന്ത്രരാകുകയും ചെയ്യുന്നു. ഇത്തരം സന്ദർഭങ്ങളിൽ സ്ഥാപനത്തിലെ തൊഴിലാളികൾ വളരെ കരുതലോടെ മുന്നോട്ട് നീങ്ങിയില്ലെങ്കിൽ സ്ഥാപനത്തിന്റെ തകർച്ചക്ക് അവരും പങ്കാളികളായി മാറുന്ന സ്ഥിതി വരും.

പദ്ധതികൾ സമർപ്പിക്കാനും ഏറ്റെടുക്കാനും സ്വതന്ത്രമായി നടപ്പിലാക്കുവാനും സ്ഥാപനത്തിലെ ജീവനക്കാർ മുന്നോട്ട് വരേണ്ടതുണ്ട്. വിലക്കുകൾ ലംഘിച്ച് സ്ഥാപനത്തിന്റെ വളർച്ചയ്ക്കുവേണ്ടി പോരാടുന്ന പടയാളികളായി ഓരോ ജീവനക്കാരനും മാറിയില്ലെങ്കിൽ അവരുടെ അന്നം മുട്ടുന്നതായിരിക്കും ശേഷിക്കുന്ന കാഴ്ച. ഒരുവന്റെ അദ്ധ്വാനം കൊണ്ട് പ്രതിസന്ധികളെ നേരിടാം എന്നപോലെ ഒരു കൂട്ടത്തിന്റെ അദ്ധ്വാനശക്തികൊണ്ട് ഒരു സ്ഥാപനത്തെ നയിക്കാൻ കഴിയും.

**പദ്ധതികൾ സമർപ്പിക്കാനും ഏറ്റെടുക്കാനും സ്വതന്ത്രമായി നടപ്പിലാക്കുവാനും സ്ഥാപനത്തിലെ ജീവനക്കാർ മുന്നോട്ട് വരേണ്ടതുണ്ട്. വിലക്കുകൾ ലംഘിച്ച് സ്ഥാപനത്തിന്റെ വളർച്ചയ്ക്കുവേണ്ടി പോരാടുന്ന പടയാളികളായി ഓരോ ജീവനക്കാരനും മാറിയില്ലെങ്കിൽ അവരുടെ അന്നം മുട്ടുന്നതായിരിക്കും ശേഷിക്കുന്ന കാഴ്ച. ഒരുവന്റെ അദ്ധ്വാനം കൊണ്ട് പ്രതിസന്ധികളെ നേരിടാം എന്ന പോലെ ഒരു കൂട്ടത്തിന്റെ അദ്ധ്വാന ശക്തികൊണ്ട് ഒരു സ്ഥാപനത്തെ നയിക്കാൻ കഴിയും.**

രാഷ്ട്രീയ ചെകുത്താൻമാർ ഭരണം നടത്തിയപ്പോൾ ചലനമറ്റ സ്ഥാപനത്തിന് ജീവൻ നൽകാൻ ഓഫീസ് വരാന്തയിലും മേധാവിയുടെ മുന്നിലും രാഷ്ട്രീയ ഇച്ഛാശക്തിയുള്ള പോരാളികൾ കൈചുരുട്ടി ആകാശത്തേക്ക് ആവേശത്തിന്റെ ശക്തിപകർന്ന് സംരക്ഷണത്തിന്റെ കമ്പിവേലികൾ സൃഷ്ടിച്ചു. അന്നെല്ലാം ചെകുത്താന്റെ ചങ്ങാതികളായി വഴിമുറ്റത്ത് നിന്ന് സൊറ പറഞ്ഞും മുറിക്കുള്ളിൽ കുറ്റിയിട്ടിരുന്നും സമയം കളഞ്ഞവർ അനുകൂലസാഹചര്യം കിട്ടിയപ്പോൾ ചെകുത്താന്റെ കുഞ്ഞാടുകളോടൊപ്പം അധികാര കസേരകളിൽ കയറിയിരുന്ന് വെല്ലുവിളിയുടെ സ്വരം ഉയർത്തുന്നു, തൊഴിൽ സംരക്ഷണത്തിനായും സ്ഥാപനനിലനിൽപ്പിനായും ഉരുക്കുമുഷ്ടിയാൽ സൃഷ്ടിക്കപ്പെട്ട കമ്പിവേലികളെ പൊളിച്ചടുക്കാൻ ശ്രമിക്കുന്നുണ്ടെങ്കിൽ അത്തരം സന്ദർഭങ്ങളിൽ സ്ഥാപനത്തിലെ തൊഴിലാളി സമൂഹം കരുതലോടെ മുന്നോട്ട് പോകേണ്ടതാണ്. ഉയർന്നുവരുന്ന ശംഖൊലിക്ക് മങ്ങലേൽപ്പിക്കാൻ അവസരവാദരാഷ്ട്രീയത്തിന്റെയും താൽക്കാലികനേട്ടങ്ങളുടെയും വക്താക്കൾ രംഗത്തിറങ്ങുന്നത് സ്വാഭാവികം. അവരുടെ പിന്നാലെ കൂടുന്നത് സ്ഥാപനത്തിന്റെ മരണമണിക്ക് ആക്കം കൂട്ടാൻ മാത്രമേ സഹായിക്കൂ. നിലവിലുള്ള പദ്ധതികൾ പലതും നഷ്ടപ്പെടുന്നു. പുതിയതിലൂടെ വന്നുചേരുന്ന സാമ്പത്തികത്തെക്കാൾ കൂടുതൽ ചിലവഴിക്കപ്പെടുന്നു. അനുകൂലമായി മാറേണ്ട സാഹചര്യങ്ങൾ പ്രതികൂലമായി മാറുമ്പോൾ സി-ഡിറ്റിലെ ജീവനക്കാരായ നാം കരുതലോടെ മുന്നോട്ട് പോകേണ്ടതുണ്ട്.

റിപ്പോർട്ട്







# പി.ജി. അനുസ്മരണം


പ്രഭാഷകൻ
**ഡോ. സുനിൽ പി. ഇളയിടം**


എംഗൽസ്-ന്റെ വിഖ്യാതമായ ഒരു കൃതിയിൽ ''പ്രകൃതിയുടെ വൈരുദ്ധ്യാത്മികത'' എന്ന കൃതിയിൽ നവോത്ഥാനകാല പ്രതിഭകളെക്കുറിച്ച് സൂചിപ്പിക്കുന്നൊരാശയമുണ്ട്. ജീവിതത്തിന്റെ ഏതെങ്കിലുമൊരു മേഖലയിൽ മാത്രമായി തന്റെ ധൈഷണിക ജീവിതം ഒതുക്കി നിർത്താൻ ശ്രമിച്ചവരല്ല, നവോത്ഥാന പ്രതിഭകളെന്ന് എംഗൽസ് തന്റെ 'പ്രകൃതിയുടെ വൈരുദ്ധ്യാത്മകത'യെന്ന കൃതിയിൽ പ്രതിപാദിക്കുന്നു. ജീവിതത്തിന്റെ എല്ലാ വിതാനങ്ങളിലൂടെയും സാഹസികമായി സഞ്ചരിക്കാൻ ശ്രമിക്കുകയും അതേൽപ്പിക്കുന്ന പൊള്ളലുകൾ ഏറ്റുവാങ്ങുകയും ചെയ്തുകൊണ്ടാണ് നവോത്ഥാന പ്രതിഭകൾ ജീവിച്ചതെന്നും എംഗൽസ് എഴുതുന്നു. പി.ജി.യുടെ ധൈഷണിക ജീവിതവും വളരെക്കൂടുതൽ ചേർത്തുവയ്ക്കാവുന്ന ഒന്നാണിത്. ഏതെങ്കിലുമൊരിടത്ത് മാത്രമായി തളഞ്ഞു നിൽക്കാൻ സന്നദ്ധനാകാതെ തനിക്കു ചുറ്റും തുറന്നുകിടക്കുന്ന ലോക യാഥാർത്ഥ്യങ്ങളിലേക്ക് നിരന്തരം നോക്കിക്കൊണ്ടിരിക്കുകയും, തന്നെത്തന്നെ പുതുക്കിപ്പണിതു കൊണ്ടിരിക്കുകയും, അങ്ങനെ പുതുക്കിപ്പണിയാൻ നടത്തുന്ന ശ്രമങ്ങളിൽ ഏൽക്കുന്ന പൊള്ളലുകൾ വലിയതോതിൽ ഏറ്റുവാങ്ങുകയും ചെയ്തയാളായിരുന്നു സ.പി.ജി. അക്കാര്യത്തിലദ്ദേഹം ഒട്ടൊക്കെ നിർഭയനായിരുന്നുവെന്നുകൂടി പറയാം. തന്റെ ഇരുപത്തിയാറാമത്തെ വയസ്സിൽ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമിതിയംഗമായ പി.ജി. പിന്നീട് പാർട്ടിയുടെ മുകൾത്തട്ടിലേക്ക് ഒരിക്കലും ഉയർന്നുപോയിട്ടില്ല. പക്ഷെ, അദ്ദേഹത്തിന്റെ സംഘടനാപരമായ ധൈഷണിക ജീവിതം പുതുക്കിപ്പണിതുകൊണ്ടിരിക്കുകയും, വളരെ നിശിതമായ ചോദ്യങ്ങൾ പല രൂപത്തിൽ ഉന്നയിക്കുകയു, ഒരു പക്ഷെ താൻ തന്നെ രൂപപ്പെടുത്തിയ ചോദ്യങ്ങൾ തിരുത്തുന്നതിനും പോന്ന ആശയാവലികൾ പലപ്പോഴും അവതരിപ്പിക്കുകയും, അതിന് നടുവിലൂടെ നടക്കുകയും ചെയ്തയാളാണ് പി.ജി.

പി.ജി.യെ ഓർത്ത് സംസാരിക്കുമ്പോൾ, പി.ജി.യുടെ നാലു വോള്യങ്ങളുള്ള ഗ്രന്ഥപരമ്പരയുടെ ഭാഗമായി പൊയ്കയിൽ അപ്പച്ചനെക്കുറിച്ചെഴുതിയ ലേഖനത്തെപ്പറ്റി പറയാതെ വയ്യ. ബി.ആർ.പി.എസ്.-ന്റെ ഔപചാരിക പരിധിക്കുപുറത്ത് പൊയ്കയിൽ അപ്പച്ചനെക്കുറിച്ചെഴുതിക്കപ്പെട്ട ആദ്യത്തെ ശ്രദ്ധേയമായ മലയാള പഠനമാണത് എന്ന് നാം ഓർക്കേണ്ടതുണ്ട്. എന്താണ് നവോത്ഥാനം എന്നു ചോദിച്ചാൽ ശ്രീനാരായണഗുരുവിനെയും ചട്ടമ്പിസ്വാമിയേയും, ഹിന്ദുമതത്തിൽ അരങ്ങേറിയ കുറേ പരിഷ്കരണ നവീകരണ ശ്രമങ്ങളെയും മുൻനിർത്തി വാതോരാതെ സംസാരിച്ചു പോന്നിരുന്ന നമ്മുടെ മൂഢ്യങ്ങളെ വലിയൊരളവോളം പി.ജി. തന്റെ എഴുത്തുകളിലൂടെ തിരുത്താൻ ശ്രമിക്കുന്നുണ്ട്. ''പമ്പയാറിന് തീ കൊളുത്തിയ വിപ്ലവകാരി''യെന്ന് പൊയ്കയിൽ അപ്പച്ചനെ വിശേഷിപ്പിച്ചുകൊണ്ട്, അപ്പച്ചനെയും വേലുക്കുട്ടി അരയനെയും നമ്മുടെ നവോത്ഥാന മുഖ്യാധാരാ ചർച്ചകളിൽ ഒരിക്കൽപ്പോലും മറ്റെവിടെയും കണ്ടിട്ടില്ലാത്ത കുറുമ്പൻ ദൈവത്താനെ പോലൊരാളെയും കെ.പി. വള്ളുവനെയും, നമ്മുടെ നവോത്ഥാന മുഖ്യാധാരാ ചർച്ചകളിൽ ഒരിക്കൽപ്പോലും മറ്റെവിടെയും കണ്ടിട്ടില്ലാത്ത കുറുമ്പൻ ദൈവത്താനെ പോലൊരാളെയും കെ.പി. വള്ളുവനെയും നമ്മുടെ നവോത്ഥാന ചർച്ചയുടെ മൗലികമായ പരാധീനതയെ ആ നിലയിൽ മറികടക്കുന്നുണ്ട്. അദ്ദേഹം ജീവചരിത്രരൂപത്തിലാണ് നവോത്ഥാന ചർച്ച അവതരിപ്പിച്ചത് എന്ന സവിശേഷത നിലനിൽക്കുന്നുണ്ട്. ആ അവതരണ രീതികളുടെ പരിമിതി ചർച്ചയ്ക്കുണ്ട് എങ്കിലും, നവോത്ഥാനത്തെക്കുറിച്ച് നവോത്ഥാനനന്തര കേരളം ദീർഘകാലം കൊണ്ടുനടന്ന പരിപ്രേക്ഷ്യത്തിനുള്ളിൽ ധാരാളം വിള്ളലുണ്ടാക്കാൻ അദ്ദേഹത്തിന്റെ ആലോചനകൾക്ക് കഴിയുന്നുണ്ട്. നവോത്ഥാനം ഏകമുഖമായ പ്രക്രിയയല്ലായെന്ന് അദ്ദേഹം അതിൽ സ്ഥാപിക്കുന്നുണ്ട്. മതത്തിനകത്ത് നടന്ന നവീകരണം പോലെ പുതിയ സംരംഭകത്വം നമ്മുടെ നവോത്ഥാനത്തിനുള്ളിൽ വളരെ ആഴത്തിൽ സ്വാധീനം ചെലുത്തിയ കാര്യമാണെന്ന വസ്തുത അദ്ദേഹം എടുത്തുപറയുന്നുണ്ട്. സനറുള്ള മസ്തിതങ്ങളെപ്പോലെ ചാവറ കുര്യാക്കോസച്ചനെ പോലൊരാളെ കേരളീയ നവോത്ഥാന

ചരിത്രത്തിന്റെ മുഖ്യാധാരയിലേക്ക് കൂട്ടിക്കൊണ്ടുവരേണ്ടതുണ്ടെന്ന് ശക്തിയായി കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിലും ഈ നൂറ്റാണ്ടിന്റെ ആദ്യപതിറ്റാണ്ടുകളിലും പി.ജി. എഴുതിക്കൊണ്ടിരുന്നു. ഇപ്പോഴുമത് പൂർത്തിയായിട്ടില്ല. നമ്മുടെ നവോത്ഥാന വിചാരങ്ങളൊക്കെ ഔപചാരികമായ ഹിന്ദുമത നവീകരണയുക്തിക്കുള്ളിൽ നിന്ന് ഏറെയൊന്നും ഇപ്പോഴും പുറത്തുകടന്നിട്ടില്ല; അതിന്റെ ആന്തരിക വൈരുദ്ധ്യങ്ങൾ തിരിച്ചറിയപ്പെട്ടിട്ടുമില്ല. അതുകൊണ്ട് നവോത്ഥാനമെന്ന പ്രഖ്യാപിതമായ അതിന്റെ അതിർത്തികൾക്കുള്ളിൽ അരങ്ങേറിയ സംവാദമണ്ഡലങ്ങളെ പി.ജി.യുടെ നവോത്ഥാന വിചാരങ്ങൾ വലിയ തോതിൽ ചോദ്യം ചെയ്യപ്പെടുന്നുണ്ട് എന്നത് ഒരു പക്ഷെ ഇന്ന് കൂടുതൽ ഓർമ്മിക്കേണ്ടതാണ്. അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് കേരളത്തിൽ സംസ്ക്കാര പഠനം പോലൊരു വിഷയം അവതരിപ്പിക്കാനും മാർക്സിസത്തിന്റെ ഉൾക്കാഴ്ചകളെയും സംസ്ക്കാരിക പഠനങ്ങൾ നൽകുന്ന തെളിച്ചങ്ങളെയും കൂട്ടിയിണക്കാൻ പി.ജി. നടത്തിയ ശ്രമങ്ങൾ. അതുപോലെ ശാസ്ത്രം എന്നതിന് ചരിത്രപരമായി നോക്കിക്കാണാനുള്ള മലയാളത്തിലെ പ്രധാന പരിശ്രമങ്ങളിലൊന്നു തന്നെ എന്നു പറയാവുന്നത് ''വൈജ്ഞാനിക വിപ്ലവം - സാംസ്കാരിക ചരിത്രം'' എന്ന പി.ജി.യുടെ ഗ്രന്ഥമാണ്. അതിന്റെയൊരു പ്രാധാന്യം കേരളം തിരിച്ചറിഞ്ഞിട്ടുണ്ടോയെന്നു സംശയമാണ്. ശാസ്ത്രവാദത്തിന്റെ പിടിയിൽപ്പെട്ട് ശാസ്ത്രം എന്ന കേവല സത്യങ്ങൾക്ക് മുൻനിറുത്തി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന, കേവല സത്യങ്ങൾക്ക് പ്രായോഗിക ആവിഷ്ക്കാരം നൽകുന്ന സാങ്കേതികരൂപമാണെന്ന പൊതു ആഴത്തിൽ വേരൂന്നി നില്ക്കുന്ന ഒന്നാണ് നമ്മുടെ കേരളീയ സമൂഹത്തിൽ നമ്മുടെ ആധുനികബോധം ശാസ്ത്രത്തെ, ശാസ്ത്രവാദ(Scientism)ത്തിലേക്കും അതിനെ തന്നെ ചുരുക്കി ചുരുക്കി സാങ്കേതിക വിദ്യാ ബോധത്തിലേക്കും പരിമിതപ്പെടുത്തിക്കൊണ്ടാണ് കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ പരിണമിച്ചതും. ഈ പരിണാമപ്രക്രിയയോട് ഇടയാൻ, ലോകത്തെമ്പാടും തന്നെ ഈ പ്രക്രിയയുണ്ടായിട്ടുണ്ട്. ലോകത്തെമ്പാടുമുള്ള മാർക്സിസ്റ്റുകളിൽ പലരും ഇതിനെതിരെ നീങ്ങാൻ ശ്രമിച്ചവരാണ്. ശാസ്ത്രത്തിന്റെ ചരിത്രത്തിലെ വിഖ്യാതമായ പേരുകളിലൊന്ന് ജെ.ഡി. ബർണലിന്റെ 'Science in history' എന്ന ഗ്രന്ഥമാണ്. പേര് ശ്രദ്ധിക്കണം. 'History of Science' എന്നല്ല 'Science in history' എന്നാണ്. ശാസ്ത്രമെന്നത് കേവലതയുടെ ചരിത്രമാണ്. ശാസ്ത്രമെന്ന കേവല മണ്ഡലം പടിപടിയായി നിലനിന്നതിന്റെയും വളർന്നതിന്റെയും വികസിച്ചതിന്റെയും ഒരു ചരിത്രമാണ് 'History of Science' വരിക. ബർണലിന്റെ Science in history-യിൽ ശാസ്ത്രം കേവലതത്വമായി നിലനിൽക്കുന്നത് പാഠപുസ്തകങ്ങളിൽ മാത്രമാണെന്നും ശാസ്ത്രം ജീവിതത്തിൽ പ്രവർത്തിക്കുന്നത് സാമൂഹ്യബന്ധങ്ങൾക്കകത്ത്, അധികാരബന്ധങ്ങൾക്കകത്ത് ധാരാളം മുൻവിധികളോടെയും വിഭാഗീയ താത്പര്യങ്ങളോടെയും ഒക്കെ ആകാമെന്നുള്ള വലിയ ബോധ്യം ബർണൽ അതിൽ ഉടനീളം പങ്കുവയ്ക്കുന്നുണ്ട്. അതുകൊണ്ട് ശാസ്ത്രത്തിന്റെ ചരിത്രമല്ല സാങ്കേതികവിദ്യയുടെ ചരിത്രമല്ല. സാങ്കേതിക വിദ്യ ചരിത്രത്തിലാണ്; ശാസ്ത്രം ചരിത്രത്തിലാണ് എന്ന് ബർണലിനെ പോലുള്ളവർ ഓർമ്മിപ്പിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. പൊതുവേ പറഞ്ഞാൽ നമ്മുടെ ശാസ്ത്രബോധത്തിന് ചരിത്രത്തിനകത്ത് പ്രവർത്തിച്ച് അർത്ഥം ഉണ്ടാക്കുന്ന ശാസ്ത്രത്തെക്കുറിച്ച് വലിയ ധാരണയൊന്നുമില്ല. എന്തുകൊണ്ടാണ് ''ട്രിഗണോമെട്രിക്കൽ സർവ്വേ'' യെന്നു പറയുന്ന ഒരു സ്ഥാപനമാണ് ഇന്ത്യയിലാദ്യമായി നിലവിൽ വന്ന ശാസ്ത്രസ്ഥാപനമായി തീർന്നത് എന്ന ചോദ്യം നാളെ ഒരു പക്ഷെ അങ്ങനെ ചോദിക്കില്ല. ആ ചോദ്യത്തിനുത്തരം ശാസ്ത്രത്തിലില്ല; കോളോണിയലിസത്തിലാണുള്ളത്. കേവലമായി നിൽക്കുന്ന അറിവല്ല... കേവലമയി നിൽക്കുന്ന ആവിഷ്ക്കാരങ്ങളും സാങ്കേതികജ്ഞാനവുമല്ല, സാമൂഹികവും ചരിത്രപരവും രാഷ്ട്രീയപരവുമാണത്. ഈ രാഷ്ട്രീയത്തെ നമ്മുടെ ശാസ്ത്രത്തിന്റെ വിപുലമായ ചരിത്രത്തോട് ചേർത്തു



വച്ച് പരിശോധിക്കാൻ മലയാളത്തിൽ നടന്ന എക്കാലത്തെയും ശ്രമമായിരുന്നു. പി.ജി.യുടെ ''വൈജ്ഞാനിക വിപ്ലവം, സാംസ്ക്കാരിക ചരിത്രം'' എന്ന ഗ്രന്ഥം. അതിന് തത്തുല്യമായി മറ്റൊന്നില്ല. പി.ജി.ക്ക് കഴിയുന്നതിന്റെ തന്നെ മുഴുവൻ വ്യാപ്തി ഈ ഗ്രന്ഥത്തിലദ്ദേഹം ആവിഷ്ക്കരിച്ചോ എന്ന് സംശയമാണ്. പ്രത്യേകിച്ചും ന്യൂട്ടനുശേഷമുള്ള കാലപരിധിയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഒന്നാം വൈജ്ഞാനിക വിപ്ലവമെന്നദ്ദേഹം വിളിക്കുന്ന കാലത്തിനുശേഷമുള്ള ശാസ്ത്രത്തെ സംബന്ധിച്ച സംവാദങ്ങളും പി.ജി. ആ പുസ്തകത്തിൽ അഭിസംബോധന ചെയ്തിട്ടുണ്ട് എന്ന് നമുക്കറിയാം. ആ ഗ്രന്ഥം നമ്മുടെ ശാസ്ത്രവിചാരത്തിൽ ചരിത്രത്തിനകത്തുണ്ടാക്കിയ വമ്പിച്ച വഴിത്തിരിവിനെ കേരളീയസമൂഹം എപ്പോഴെങ്കിലും ഗൗരവപൂർവ്വം പരിഗണിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.





അങ്ങനെ വൈജ്ഞാനികതയെ ഒരടഞ്ഞലോകമാക്കി തീർക്കാതെ വൈജ്ഞാനികതയെ ചരിത്രവും സാമൂഹ്യബന്ധങ്ങളും രാഷ്ട്രീയാധികാരവും കൂടിചേർന്നു നിൽക്കുന്ന പ്രയോഗത്തിന്റെ മേഖലയാക്കി തീർക്കാനാണ് പി.ജി. നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നത്. അതുകൊണ്ടാണ് പി.ജി. ശാസ്ത്രത്തിലേക്ക് എന്നതുപോലെ മതത്തിലേക്കും സഞ്ചരിച്ചു എന്നു നമുക്കറിയാം. ഒരുപക്ഷെ, മലയാളത്തിലെഴുതപ്പെട്ട മികച്ച ജീവചരിത്രത്തിലൊന്ന് ധൈഷണിക ജീവചരിത്രത്തിലൊന്നായി ഞാൻ കരുതുന്നത് പൗലോസ് മാർ ഗ്രിഗോറിയസിനെക്കുറിച്ച് പി.ജി. എഴുതിയ ഗ്രന്ഥമാണ്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ പുസ്തകം അതല്ല. എംഗൽസിനെയും മറ്റു പലരെയും കുറിച്ചെഴുതിയതായിരിക്കും. അവയെക്കാളും പ്രാധാന്യം പൗലോസ് മാർ ഗ്രിഗോറിയസിനെക്കുറിച്ചുള്ള ഗ്രന്ഥത്തിനുണ്ടെന്ന് ഞാൻ കരുതുന്നു. കാരണം അത് പൗസോസ് മാർഗ്രിഗോറിയസിന്റെ വ്യക്തിജീവിതമായിരിക്കെ തന്നെ ക്രിസ്തുമതത്തിനുള്ളിൽ അരങ്ങേറിയ ധൈഷണികമായ ദൈവശാസ്ത്രപരമായ പരിവർത്തനങ്ങളുടെയും ആന്തരിക സംഘർഷങ്ങളുടെയും ചരിത്രത്തിനുള്ളിൽ മാർ ഗ്രിഗോറിയസിനെ പോലെ ഒരാളെ പ്രതിഷ്ഠിക്കുകയും ദൈവശാസ്ത്രമെന്നത് എങ്ങനെയാണ് ചരിത്രപരമായി തീരുന്നത് എന്ന് വിശദീകരിക്കുകയും ചെയ്യുന്ന അപൂർവ്വം രചനകളിലൊന്നായാണ് ഞാനതിനെ കാണുന്നത്. ദൈവശാസ്ത്രം ദൈവത്തെക്കുറിച്ചുള്ള കേവല വിചാരം അല്ല. ശാസ്ത്രത്തെ നാം ചരിത്രമുക്തമായി കാണുന്നതുപോലെ ദൈവവിജ്ഞാനത്തെയും ചരിത്രമുക്തമായി കാണുകയും ദൈവ വിജ്ഞാനത്തിന്റെ മാത്രം പദാവലികൾക്കും സങ്കൽപ്പനങ്ങൾക്കും ഉള്ളിൽ വച്ചതിനെ മനസ്സിലാക്കുകയുമാണ് പൊതുമേഖല ചെയ്തുപോരുന്നത്. വാസ്തവത്തിൽ അത് സാധ്യമല്ല. നമ്മുടെ സങ്കൽപ്പന ക്രമം രൂപപ്പെടുന്നത് ചരിത്ര നിരപേക്ഷപരമായിട്ടേയില്ല.

ഡാർവിനെക്കുറിച്ച് പി.ജി. എഴുതിയിട്ടുണ്ട്. ഡാർവിന്റെ ജീവചരിത്രം. ഡാർവിൻ പരിണാമ സിദ്ധാന്തം ആവിഷ്ക്കരിച്ച സമയത്ത് എംഗൽസ് അതിനെക്കുറിച്ച് പറയുന്നത്. പരിണാമസിദ്ധാന്തത്തിന്റെ അടിസ്ഥാന സങ്കൽപ്പനമായി ഡാർവിൻ മുന്നോട്ടുവച്ച ആശയങ്ങൾ ''over production, struggle for existence, survival of the fittest, Natural selection'' മുതലായവയെക്കുറിച്ച് സൂക്ഷിച്ചുനോക്കിയാൽ നിങ്ങൾക്ക് മൽത്തൂസിയൻ ജനസംഖ്യാ



സിദ്ധാന്തവും മുതലാളിത്ത വിപണിയും കാണാൻ കഴിയും എന്ന് എംഗൽസ് എഴുതുന്നുണ്ട്. മുതലാളിത്ത വിപണിയുടെ അടിസ്ഥാന സ്വഭാവം തന്നെയാണ് ഈ പറഞ്ഞത്. അമിതോത്പാദനം, നിലനിൽപ്പിനായുള്ള സമരം, അർഹതയുള്ളതിന്റെ അതിജീവനം എന്നിങ്ങനെ. മൽത്തൂസിയൻ ജനസംഖ്യാ സിദ്ധാന്തത്തിലും മുതലാളിത്തവിപണിയുടെയും ആശയങ്ങളുടെ ഉള്ളിൽ വച്ചാണ് ഡാർവിൻ തന്റെ സങ്കൽപ്പനങ്ങൾ രൂപപ്പെടുത്തുന്നത്. ഇതിനർത്ഥം ഡാർവിന്റെ സങ്കൽപ്പനങ്ങൾ മുതലാളിത്തത്തിനു വേണ്ടിയുള്ള പദമാണ് എന്നല്ല, മറിച്ച് ചരിത്രത്തിനുപുറത്ത് നിന്ന് നിങ്ങൾക്ക് ആശയങ്ങൾ രൂപപ്പെടുത്താൻ കഴിയില്ല രൂപപ്പെടുത്തുന്ന ആശയങ്ങൾ ഒരു സവിശേഷ സന്ദർഭത്തിനുള്ളിലാണ്.

മാർക്സിന്റെ മൂലധനത്തെക്കുറിച്ച് പറയുകയാണെങ്കിൽ മാർക്സ് സമ്പദ്വ്യവസ്ഥയെ തന്റെ തലച്ചോറിനുള്ളിൽ വച്ച് പരിശോധിക്കയല്ല ചെയ്തത്. മറിച്ച് മൂർത്തമായ ഒരു യാഥാർത്ഥ്യമായതിനെ കാണുകയും ആ യാഥാർത്ഥ്യത്തെ വിശദീകരിക്കാനൊരു പുതിയ സങ്കല്പനത്തെ ഉണ്ടാക്കുകയുമാണ് ചെയ്തത്. അങ്ങനെയാണ് മിച്ച മൂല്യം വരുന്നത്. മിച്ച മൂല്യസങ്കൽപ്പനത്തിന്റെ അവതരണം മുതലാളിത്തമെന്ന പുതിയ ഹിസ്റ്റോറിക് ഫെയ്സ് (historic phase) –നോട് engage ചെയ്യാൻ സമ്പദ്വ്യവസ്ഥയെ പ്രാപ്തമാക്കുന്ന ഒന്നായിരുന്നു. ഇതിലൂടെയല്ലാതെ മുതലാളിത്തത്തിന്റെ ഘടനാപരമായ ചൂഷണസ്വഭാവത്തെ പുറത്തുകൊണ്ടുവരുവാൻ കഴിയില്ലായിരുന്നു. മാർക്സിസ്റ്റായ മൗലികചിന്തകൻ എപ്പോഴും ഒരു വ്യവഹാരത്തെ ചരിത്രത്തിനകത്തറിക്കി വയ്ക്കുകയും ആ ചരിത്രസന്ദർഭം ആ വ്യവഹാരത്തെ എങ്ങനെയൊക്കെ പുതുക്കിക്കൊണ്ടിരിക്കുന്നുവെന്ന് ആലോചിക്കുകയും ചെയ്യുന്ന ഒരാളാണ്. അതുകൊണ്ടാണ് പി.ജി. ശാസ്ത്രത്തെ, മതത്തെ സാമൂഹ്യ വ്യവഹാരങ്ങളെയൊക്കെ ചരിത്രത്തിലേക്ക് നിരന്തരം നീക്കിനിറുത്താനായി ശ്രമിച്ചുകൊണ്ടിരുന്നത്. അങ്ങനെ ചെയ്യുമ്പോഴുള്ള പ്രതിസന്ധിയെന്തെന്നുവച്ചാൽ നാം രൂപപ്പടുത്തിയിട്ടുള്ള മുൻകൂർ ധാരണകളുമായി ഇത് ഒത്ത് പോകണമെന്നില്ല. ഇതിപ്പോൾ മാർക്സിന്റെ രചനകളിലേക്ക് നോക്കിയാൽ കാണാം. 1848–ൽ ലോകം രണ്ടു വർഗ്ഗങ്ങളായി വേർതിരിയുകയാണെന്ന് മാനിഫെസ്റ്റോയിലെഴുതിയ മാർക്സ് മൂന്നുവർഷം കഴിഞ്ഞ എഴുതുന്ന ലൂയി ബോണപ്പാർട്ടിന്റെ ബ്രൂമിയർ 18 ലോ മൂലധനം പോലുള്ള പിൽക്കാല രചനകളിലോ അങ്ങനെ സുനിശ്ചിതമായ 2 വർഗ്ഗങ്ങളായി കറുപ്പും വെളുപ്പും തിരിയുന്ന ലോകത്തിന്റെ ചിത്രമേയല്ല അവതരിപ്പിച്ചിട്ടുള്ളത്. 1851–ൽ ബ്രൂമിയൽ 18–ൽ വർഗ്ഗമെന്ന സങ്കൽപ്പനത്തെ കറുപ്പും വെളുപ്പുമായി തൊഴിലാളി/മുതലാളി. രണ്ടു തട്ടുകളായി തിരിയുന്ന ലോകമായി തിരിക്കുന്നില്ല. വർഗ്ഗരൂപീകരണത്തിന്റെ വളരെ സന്നിഗ്ദ്ധവും വളരെ സംശയാസ്പദവുമായ ഒരു രൂപാന്തരചിത്രമാണ് മാർക്സ് എഴുതുന്നത്. കാരണം സമൂർത്തമായ ചരിത്രത്തിലേക്ക് നോക്കുമ്പോൾ, ആ സമൂർത്തമായ ചരിത്രസന്ദർഭം നിങ്ങൾ സിദ്ധാന്തരൂപത്തിൽ മുൻകൂർ തയ്യാറാക്കിയ ചട്ടക്കൂടുമായി പൊരുത്തപ്പെടണമെന്നില്ല. ഈ പൊരുത്തക്കേടിനെ അഭിസംബോധന ചെയ്യുക വഴിയാണ് ചിന്തയെ സർഗ്ഗാത്മകമാക്കാൻ കഴിയുക. ഈ പൊരുത്തപ്പെടായ്കയെ മുൻകൂറായി



തയ്യാറാക്കിയ ചട്ടക്കൂട്ടിലേക്ക് സംഗ്രഹിച്ചുകൊണ്ടാണ് ചിന്തയെ ജഡമാക്കാൻ കഴിയുക. ചിന്തയെ ജഡീകൃതമാക്കുകയെന്നത് മുൻകൂറായി തയ്യാറാക്കപ്പെട്ട ചട്ടക്കൂടിലേക്ക് യാഥാർത്ഥ്യങ്ങളെ വെട്ടിമെതിയ്ക്കലാണ്. മറിച്ച് ഈ സങ്കൽപ്പനങ്ങളെ പുതുതായി ആവിഷ്ക്കരിച്ച് സൈദ്ധാന്തികമായ ചട്ടക്കൂടിനെ തന്നെ അഴിച്ചുപണിത് നിരന്തരമതിനെ തുറന്നുവിടുകയെന്നതാണ് സൈദ്ധാന്തിക രംഗത്തെ സർഗ്ഗാത്മകതയെന്നതിനെ നിലനിറുത്താൻ കഴിയുക. അത് വിലകൊടുക്കേണ്ടിവരുന്ന ഒന്നാണ്. നാം തന്നെ കൊണ്ടുനടന്ന നമ്മുടെ ബോധ്യങ്ങളെ കൈയ്യൊഴിഞ്ഞോ തിരുത്തിക്കൊണ്ടോ അല്ലാതെ നിങ്ങൾക്ക് ചിന്താപരമായ സർഗ്ഗാത്മകത വച്ചു പുലർത്താൻ ഏറെയൊന്നും കഴിയില്ല. അങ്ങനെയൊരു വലിയ ശ്രമം കേരളത്തിന്റെ വൈജ്ഞാനിക മണ്ഡലത്തിൽ നടത്തിയൊരാളാണ് പി.ജി. എന്നത് നാം പതിയെ പതിയെ മനസ്സിലാക്കും എന്നു ഞാൻ കരുതുന്നു. സഞ്ചരിക്കുന്ന വിജ്ഞാനകോശം എന്ന വിശേഷണം ശരിയായ അർത്ഥത്തിൽ കൈവന്നയാളായിരുന്നു പി.ജി. അങ്ങനെ വിജ്ഞാനകോശമായി നിലനിന്നു എന്നതല്ല ആ മഹിമയുടെ ആധാരം. അദ്ദേഹം സൂക്ഷ്മതലത്തിൽ വിന്യസിക്കാൻ ശ്രമിച്ച തിരുത്തലു



കളാണ്. വിശാലമായ അർത്ഥത്തിൽ പി.ജി.യെ സമുന്നതനായ മാർക്സിസ്റ്റ് ആക്കുന്നത് എന്താണെന്നു ചോദിച്ചാൽ, അദ്ദേഹം ചരിത്രവത്ക്കരണത്തിലേക്ക് വിധേയമാക്കാതെ, ചരിത്രവത്ക്കരണ സമ്മർദ്ദത്തിലേക്ക് കടത്തിനിറുത്താതെ ഒരനുഭവത്തെയും ഒരറിവിനെയും നിലനിൽക്കാനനുവദിച്ചിരുന്നില്ല. അത് ദൈവ വിജ്ഞാനമായാലും ശാസ്ത്രമായാലും സൗന്ദര്യശാസ്ത്രമായാലും സാഹിത്യമായാലും. അതുകൊണ്ട് പി.ജി. സമസ്ത തലങ്ങളിലേക്ക് സഞ്ചരിക്കുമ്പോഴും ഈ അടിസ്ഥാന യുക്തി അദ്ദഹം കൈവിട്ടില്ല. ചരിത്രബന്ധങ്ങളുടെ സങ്കീർണ്ണതക്കകത്താണ് വാസ്തവത്തിൽ ഏതനുഭവവും അറിവും നിലനിൽക്കുന്നത് എന്ന ബോധ്യം ചരിത്രബന്ധങ്ങളെന്നത് പുറമെ പറയാനെളുപ്പമാണ്. ചരിത്രബന്ധങ്ങളെ ഇങ്ങനെ സൂക്ഷ്മ സന്ദർഭത്തിൽ പ്രവർത്തിക്കുന്നു എന്നത് ആലോചിച്ചു നോക്കിയാൽ അത് കെട്ടഴിച്ചു കിട്ടുന്ന ഉൾക്കാഴ്ചകളെ തുറന്നുകാണിക്കാനോ എളുപ്പമല്ല.

അങ്ങനെ എളുപ്പം ലഭ്യമാകാത്ത ഉത്തരങ്ങൾ തേടി, കണ്ടെത്തിയ ഉത്തരങ്ങളെ വിന്യസിക്കാൻ ധാരാളം പണിപ്പെട്ട ഒരു ധൈഷണിക ജീവിതത്തെയാണ് പി.ജി. എന്ന രണ്ടു വാക്കുകൾ കൊണ്ട് നാം അടയാളപ്പെടുത്തി പോരുന്നത്. അതിന്റെ ധൈഷണികമായ വലിപ്പം, അതിന്റെ ബൗദ്ധികമായ മഹിമ എപ്പോഴെങ്കിലും അർഹിക്കുന്ന വിധത്തിൽ കേരളീയ സമൂഹം എന്തെങ്കിലും തിരിച്ചറിയുമെന്ന പ്രതീക്ഷയാണെനിക്കുള്ളത്. കാരണം കേസരിയെഴുതിയത് അക്കാലത്ത് മനസ്സിലാക്കിയ താണോ ശരിക്കും കേസരിയായിരുന്നതെന്ന് കേസരി ബാലകൃഷ്ണപിള്ളയെക്കുറിച്ച് സംശയം പറയാറുണ്ട്. അതുപൊലെ പി.ജി.യുടെ വിപുല വിജ്ഞാന ശേഖരമാണോ യഥാർത്ഥത്തിൽ പി.ജി? അതോ യഥാർത്ഥത്തിൽ പി.ജി. മുന്നട്ടുവച്ച ഈ നിലയിലുള്ള ചരിത്രവത്ക്കരണത്തിന്റെ വലിയ ശ്രമങ്ങളാണോ എന്നത് കൂടുതൽ എന്ന് ആലോചിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ധൈഷണിക ജീവിതത്തെക്കുറിച്ച്, ധൈഷണിക സംഭാവനകളെക്കുറിച്ച് സംസാരിക്കുന്നതൊരു ഭാഗ്യമായിട്ടാണ് ഞാൻ കരുതുന്നത്. കാരണം പി.ജി.യുടെ ധൈഷണികമായ പിന്തുണയും സ്നേഹസൗഭാഗ്യങ്ങളും വലിയ തോതിൽ ലഭിച്ചയാളാണ് ഞാൻ. അതെനിക്ക് ശക്തി പകർന്ന ഒന്നാണ്. പുതിയ ആലോചനകളും ആശയങ്ങളും പിന്തുണയ്ക്കുവാനുള്ള പി.ജി.യുടെ ഹൃദയവിശാലതയുടെ വലിപ്പം എത്രയെന്ന് വ്യക്തിപരമായി തന്നെ അറിയുന്ന ഒരാളാണ് ഞാൻ.

നവോത്ഥാന മൂല്യങ്ങളും മധ്യവർഗ്ഗ കേരളീയ ജീവിതത്തിലെ പ്രതിസന്ധികളും എന്നത് ഒരു പഴയ പ്രമേയമല്ല. നമ്മുടെ സമകാലത്തെ സംബന്ധിക്കുന്ന ഒന്നാണ്. നവോത്ഥാന മൂല്യങ്ങൾ കൈവിട്ടുപോയതാണ് കേരളം നേരിടുന്ന പ്രതിസന്ധിയുടെ കാരണമെന്ന് പൊതുവേ പറയാറുണ്ട്. അതൊരു എളുപ്പവഴിയാണ്. കാരണം, പണ്ടൊരു നല്ലകാലമുണ്ടായിരന്നുവെന്നു അതിലേക്ക് മടങ്ങിപ്പോയാൽ പ്രശ്നങ്ങൾക്കൊക്കെ പരിഹാരമാകുമെന്നുമുള്ള കാല്പനികമായ ഗൃഹാതുരത്വം കൊണ്ട് നമുക്ക് നമ്മുടെ പ്രശ്നങ്ങളെ മറച്ചുപിടിക്കാം എന്നുള്ളതാണ് അങ്ങനെ പറയുന്നതിലുള്ള താല്പര്യം. വാസ്തവത്തിൽ നവോത്ഥാനകാലമെന്നത് നാം കരുതുന്നതുപോലെ വൈരുദ്ധ്യങ്ങളേതുമില്ലാത്ത, കഷ്ടതകളേതുമില്ലാത്ത കേവല സുന്ദരമായൊരു കാലമായിരുന്നു എന്നു കരുതുന്നതിൽ അർത്ഥമൊന്നുമില്ല. ഇന്നിപ്പോൾ നവോത്ഥാനമെന്ന സങ്കൽപ്പനം തന്നെ വാസ്തവത്തിൽ വളരെ സംശയാസ്പദമായി കഴിഞ്ഞ ഒരു കാലത്ത് നിന്നാണ് നാം അതിനെക്കുറിച്ച് സംസാരിക്കുന്നത്. 25 കൊല്ലം മുമ്പ്, ഒരു പക്ഷെ പി.ജി യെഴുതുന്ന കാലത്തുപോലും നവോത്ഥാനം ഇത്രമേൽ സന്നിഗ്ദ്ധമായിക്കഴിഞ്ഞിട്ടില്ല. പി.ജി.യുടെ പുസ്തകപരമ്പരയുടെ ഒന്നാം വോള്യത്തിൽ നവോത്ഥാനത്തെ പൊതുവേ വളരെ പ്രസാദാത്മകമായ മൂല്യങ്ങളുടെ ഒരാകെത്തുക, പുരോഗമനോന്മുഖമായ മൂല്യങ്ങളുടെ ആകെത്തുക ഒക്കെയായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. അങ്ങനെയല്ലായെന്നല്ല, ഒപ്പം തന്നെ അത് വളരെ വിമർശനാത്മകമായി വീക്ഷിക്കപ്പെടുന്ന ഒരു വൈജ്ഞാനികാന്തരീക്ഷം കഴിഞ്ഞ ഒന്നോ രണ്ടോ പതിറ്റാണ്ടുകളിൽ വികസിച്ചുവന്നിട്ടുണ്ട്. അത് നാമിപ്പോൾ കാണാതിരിക്കുന്നതിലർത്ഥമില്ല. കാരണം നവോത്ഥാനമെന്ന ലോകവ്യാപകമായി അവതരിക്കപ്പെടുന്ന സങ്കൽപ്പനം ഗ്രീക്കോ റോമൻ വിജ്ഞാനം 14 ഉം 15 ഉം നൂറ്റാണ്ടുകളിൽ യൂറോപ്പിൽ പുനർജ്ജനിച്ചതിനെ സൂചിപ്പിക്കാനാണ് ഈ സങ്കൽപ്പനം ധാരാളമായി ഉപയോഗിക്കപ്പെടുന്നത്. അങ്ങനെയൊരു വിശദീകരണത്തെക്കുറിച്ച് ഇന്നുള്ള വിമർശനങ്ങളിലൊന്ന് ഇങ്ങനെ ക്രിസ്തുവർഷാരംഭത്തിന് മുമ്പും പിമ്പുമായി ഗ്രീസിലും റോമിലും പൊട്ടിമുളച്ച് വളർന്നുപടർന്ന വിജ്ഞാന സംസ്ക്കാരലോകങ്ങൾ മധ്യാകല മതാന്ധതയുടെ കാലത്ത് ഇരുൾമൂടിക്കിടക്കുകയും നവോത്ഥാനത്തോടെയത് ഉണർന്നെണീററു നിൽക്കുകയും ചെയ്തു എന്ന് കരുതുമ്പോൾ വാസ്തവത്തിൽ എന്താണ് സംഭവിക്കുന്നത്? പല വിമർശകരും ഇന്ന് ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യം ഇങ്ങനൊരു പ്രൊജക്ടറിൽ നമ്മുടെ വിജ്ഞാനവികാസത്തിന് നൽകുക വഴി ഗ്രീസിനും റോ



മിനും മുമ്പേ വിജ്ഞാനത്തിന്റെ വലിയ കുതിപ്പുകളുണ്ടായ പ്രാചീന ബാവിലോണിയയും അസീറിയായും സുമേറിയയും പോലുള്ള നാഗരികതകൾ, ഗ്രീക്കോ റോമൻ കാലത്തു തന്നെ ലോകത്ത് അത്യന്തം വികസിച്ചുവന്ന ചൈനീസ് ഇന്ത്യൻ നാഗരികതകൾ, ഇരുണ്ടയുഗമെന്ന യൂറോപ്പ് സ്വയം വിളിച്ച കാലത്ത് ലോകത്തിനാകെ വെളിച്ചം പകർന്നു നിലനിന്ന അറേബ്യൻ നാഗരികത, ബാഗ്ദാദു കൊറഡോവിയൻ ഒക്കെപ്പോലുള്ള പ്രദേശങ്ങൾ, ഈ പ്രദേശങ്ങളും അവിടെയൊക്കെ വികസിച്ച വിജ്ഞാനങ്ങളുടെയും അതിന്റെയൊക്കെ സംക്രമണത്തിന്റെയും കഥയെ, മനുഷ്യാവകാശ സംസ്കൃതിയുടെ കഥയിൽ നിന്നാകമാനം എടുത്ത് മാറ്റിക്കൊണ്ടാണ് ഈ നവോത്ഥാന കേന്ദ്രീകൃതമായ വിജ്ഞാന ചരിത്രസങ്കൽപ്പം അവതരിക്കപ്പെടുന്നത് എന്നൊരു വിമർശനം ഇന്നു വലിയ ശക്തമാണ്. അതുകൊണ്ട് വിജ്ഞനായ എവിടെ ജനിച്ചുവെന്ന് ചോദിച്ചാൽ അത് ഗ്രീസിൽ ജനിച്ചു; റോമിൽ വളർന്നു ആയിരംകൊല്ലം അവിടെ ഇരുളാണ്ട് കിടന്നു, പതിനഞ്ചാം നൂറ്റാണ്ടിലത് വീണ്ടും പുനർജ്ജനിച്ചു, ലോകം മുഴുവൻ പരന്നു. അതുകൊണ്ട് വിജ്ഞാനത്തിന്റെ കഥയെന്തെന്നു ചോദിച്ചാൽ അത് യൂറോപ്പിന്റെ കഥയായിത്തീരും. ഗ്രീക്കോ റോമൻ വിജ്ഞാനം യഥാർത്ഥത്തിൽ യൂറോപ്പിന് കൈവന്നതെങ്ങനെയാണ് യൂറോപ്പ് അത് സ്വയമേ കണ്ടുപിടിച്ചതെന്നതിനേക്കാൾ മധ്യകാല അറേബ്യ അത് കാത്തുസൂക്ഷിച്ച് തങ്ങൾക്ക് ഇന്ത്യയിൽ നിന്നും ചൈനയിൽ നിന്നും പേർഷ്യയിൽ നിന്നും കിട്ടിയ അറിവുകളെ അതുമായി കൂട്ടിയിണക്കി അതിനെ നവീകരിച്ച് പരിഷ്ക്കരിച്ച് യൂറോപ്പിന് കൈമാറിയതുവഴിയാണ്. വാസ്തവത്തിൽ 12, 13 നൂറ്റാണ്ടിൽ പ്രാചീന ഗ്രീക്ക്ഭാഷ വായിച്ചാൽ മനസ്സിലാകുന്നവരായി ലോകത്താകെയുള്ളത് അറബികളാണ്. അറബികളാണ് വിജ്ഞാനം സംരക്ഷിച്ചത്, പരിഷ്കരിച്ചത്. പക്ഷെ, ഈ പരിഷ്കരണത്തിന്റെയും അറബികൾ വഴിയുള്ള വിജ്ഞാനസംക്രമണത്തിന്റെയും കഥ ചരിത്രവിജ്ഞാന ചരിത്രത്തിൽ നിന്നുതന്നെ തമസ്ക്കരിക്കുന്ന ഒന്നാണ് നവോത്ഥാനമെന്ന സങ്കൽപ്പനത്തിന്റെ കടന്നുവരവ്. കാരണം ഗ്രീക്ക് റോമൻ വിജ്ഞാനം അതിന്റെ വികസിതദശയിൽ ജനാധിപത്യം വരുന്നു. അത് കെട്ടടങ്ങുന്നു 15-ാം നൂററാണ്ടിൽ അത് വീണ്ടെടുക്കപ്പെടുന്നു. ഇതിനിടയിൽ അറേബ്യയിലെ വിജ്ഞാനശേഖരണത്തിന്റെയോ നവീകരണത്തിന്റെയോ കഥയൊന്നും ഇല്ലാതായി പോവുകയും ചെയ്യുന്നു. എന്തുകൊണട് അറേബ്യ തമസ്ക്കരിക്കപ്പെട്ടു എന്ന ചോദ്യത്തിനുള്ള ഉത്തരം കരിശുയുദ്ധങ്ങളുടെ കാലം മുതൽ ക്രിസ്തുമതവും ഇസ്ലാം മതവും തമ്മിൽ രൂപപ്പെട്ട വിരുദ്ധ പ്രവണതകളും ഇസ്ലാമിനെ അപരവത്ക്കരിച്ച ക്രിസ്തുമതത്തിന്റെ യൂറോപ്യൻ ആധിപത്യവും ചേർന്നതാണ് വാസ്തവത്തിൽ നവോത്ഥാനത്തിന്റെ മറ്റൊരടിത്തറ എന്ന് വിമർമശനം ഉന്നയിക്കപ്പെടുന്നുണ്ട്. ഞാൻ നവോത്ഥാനം എന്നത് ഗൂഢാലോചന മാത്രമായിരുന്നുവെന്ന് പറയുകയില്ല. പക്ഷെ നവോത്ഥാനത്തെക്കുറിച്ച് ഈ നിലകളിലുള്ള വിമർശനം ഉണ്ട് എന്ന കാര്യം പറയുന്നുവെന്നേയുള്ളൂ. ഒരു ഭാഗത്ത് കോളനീകരണത്തിന്റെ ധൈഷണിക ന്യായീകരണമായി തീരുന്നു, മറ്റൊരു ഭാഗത്ത് യൂറോപ്പിൽ വികസിച്ചുവന്ന് ആധുനികതയോടൊപ്പം പടിപടിയായി വികസിപ്പിച്ചുകൊണ്ടുവന്ന ഇസ്ലാം-വിരോധത്തിന്റെ, അറേബ്യൻ വിരോധത്തിന്റ അടിസ്ഥാനത്തിലാണ് ഈ സങ്കൽപ്നം നിലവിൽ വന്നത് എന്നത് ഇന്ന് നവോത്ഥാനത്തെക്കുറിച്ചുള്ള ചർച്ചയിൽ നമുക്ക് പരിഗണിക്കാതിരിക്കാൻ കഴിയില്ല. ആകമാനം നവോത്ഥാനം ഇതായിരുന്നോ എന്ന് സംശയിക്കാം. ഇന്ന് 16 ഉം 17 നൂറ്റാണ്ടുകളിലുണ്ടായ വളർച്ചയ്ക്കും കുതിപ്പുകൾക്കും ഒരു ഉള്ളടക്കവുമില്ലേയെന്ന് എതിർ ചോദ്യം ചോദിക്കാം. പക്ഷെ 16 ഉം 17 ഉം നൂറ്റാണ്ടുകളിലെ ഈ കുതിപ്പുകളെ ഈ നിലയ്ക്ക് മനസ്സിലാക്കാൻ തുടങ്ങിയത് 19-ാം നൂറ്റാണ്ടിലാണ്. ജേക്കബ് പ്രക്കാട്ടാണ് ഇത് നവോത്ഥാനമെന്ന് പേരിട്ട് വിളിച്ചത്. നാമിന്നുകാണുന്ന ക്രമത്തിലേക്ക് വിന്യസിച്ച് അവതരിപ്പിച്ചത്. അപ്പോഴേക്കും യൂറോപ്പ് ലോകാധിപത്യത്തിലേക്കും ബ്രിട്ടൻ ലോക സാമ്രാജ്യത്വത്തിന്റെ പദവിയിലേക്കും എത്തിയിരുന്നുവെന്നത് നാം കാണാതിരുന്നുകൂടാ.... നവോത്ഥാനമെന്ന ആശയം പ്രവർത്തിച്ച സാമൂഹ്യബലം എന്നാലിച്ചാൽ കോളനീകരണത്തിന്റെയും ഇസ്ലാമിക വിരോധത്തിന്റെയും യുക്തികൾ കൂടിക്കലർന്നു കിടപ്പുണ്ട് എന്ന വിസ്മയം നമുക്ക് കണ്ണടച്ച് മറക്കാനാവില്ല. നവോത്ഥാനം നിഷ്കളങ്കവും പരിശുദ്ധവുമായ സങ്കല്പത്തിൽ നിന്ന് ഇന്ന് നവോത്ഥാനത്തെക്കുറിച്ച് ആലോചിക്കുക വയ്യ.

ഇന്ത്യൻ നവോത്ഥാനം അഥവാ കേരളീയ നവോത്ഥാനം യൂറോപ്യൻ മാതൃകയാക്കി സ്വീകരിച്ചാൽ ആ മാതൃകയോടൊത്തു പോകുന്ന ഒന്നല്ല ഇന്ന് കേരളത്തിന്റെ നവോത്ഥാന പ്രക്രിയ. സംസ്ക്കാരത്തിന്റെ, വിജ്ഞാനത്തിന്റെ മേഖലയിൽഒരു പുത്തനുണർവ്വായിട്ട് ഭൂതകാലത്തിന്റെ മഹിമയെ വീണ്ടെടുക്കുന്നതോ ആയിട്ടല്ല ഇന്ത്യയിൽ നവോത്ഥാനം അരങ്ങേറിയത്. കേരളത്തിലും നവോത്ഥാനം അരങ്ങേറിയതും. അതുകൊണ്ട് പല ചരിത്രകാരന്മാരും ഈ പ്രക്രിയയെ നവോത്ഥാനമെന്ന വാക്കിനുപകരം ആധുനീകരണം എന്ന് വിളിച്ചാൽ മതിയെന്നു പറയുന്നു. കൊളോണിയലിസവും ആധുനീകരണവും ചേർന്ന് വൈജ്ഞാനികവും ചിന്താപരവുമായ പരിവർത്തനത്തെയാണ് നാം പലപ്പോഴും നവോത്ഥാനമെന്ന് വിളിച്ചുപോരുന്നത്. ആ വാക്കുപയോഗിക്കുന്നതിൽ തെറ്റുണ്ടെന്ന് ഞാൻ കരുതുന്നില്ല. യൂറോപ്പിൽ പ്രവർത്തിച്ച അതേ രൂപത്തിൽ ഇവിടെ പ്രവർത്തിച്ചാലെ ഒരു വാക്കുപയോഗിക്കാൻ പറ്റൂ എന്നു വന്നാൽ നിങ്ങൾ യൂറോപ്പിന്റെ നിഴലാകാൻ സ്വയം ശ്രമിക്കുന്നു എന്നാണ്. അല്ലാതെ യൂറോപ്പിൽ ഇണങ്ങിയതെല്ലാം ഇവിടെയും ഒത്തിണങ്ങിയാലേ നിങ്ങളാ വാക്കുപയോഗിക്കൂ എന്നത് ധൈഷണികമായ ധാർഷ്ട്യമാണ്. അതുകൊണ്ട് നവോത്ഥാനമെന്ന വാക്കോ ആധുനികതയെന്ന വാക്കോ നാം നമ്മുടേതായ സവിശേഷരീതിയിൽ ഉപയോഗിക്കുന്നതിൽ

## പി.ജി. അനുസ്മരണം



# പി.ജി. അനുസ്മരണം




തെറ്റില്ല. പക്ഷെ, നമ്മുടേതായ സവിശേഷരീതി എന്താണ് എന്ന കാര്യം നാം മനസ്സിലാക്കേണ്ടതാണ്. ഒന്നാമത്തെ വ്യത്യാസം യൂറോപ്യൻ നവോത്ഥാനം സ്വയം കണ്ടത് Rebirth എന്നല്ല പുതിയ ഉയർത്തെഴുന്നേൽപ്പ് എന്നാണ്. ഭൂതകാല മഹിമയെ വീണ്ടെടുക്കലാണ്. അതായത് സോക്രട്ടീസിനെപ്പോലെ, പ്ലേറ്റോയെപ്പോലെ അരിസ്റ്റോട്ടിലിനെപ്പോലെ വലിയ ചിന്തകൻമാർ, എത്തിക്യൂറോസിനെപ്പോലുള്ള വലിയ ദാരശനികന്മാർ, സോഫാക്ലീറ്റസ്, അരിസ്റ്റോ-റ്റീക്ലിയമിനെപ്പോലുള്ള നാടകകൃത്തുക്കൾ, ഇവരൊക്കെയുണ്ടാക്കിയ ചിന്തയുടേയും ഭാവനയുടേയും മഹിതലോകത്തെ മധ്യകാലമതഭ്രാന്തിൽ നിന്ന് വീണ്ടെടുക്കുന്ന പണിയായിട്ടാണ് യൂറോപ്പ് നവോത്ഥാനത്തെ സ്വയം സങ്കല്പിച്ചത്. ഇന്ത്യൻ നവോത്ഥാനമോ കേരളീയ നവോത്ഥാനമോ അങ്ങനെയൊരു ഭൂതകാല മഹിമയെ വീണ്ടെടുക്കലല്ല ഭൂതകാല ശ്രമങ്ങളുടെ നിരാസമാണ്. അടിസ്ഥാനപരമായി വേദങ്ങളെ വീണ്ടെടുക്കണമന്നും വേദങ്ങളിലേക്ക് മടങ്ങണമെന്നും ദയാനന്ദസരസ്വതി നിർദ്ദേശിച്ചെങ്കിലും ഇന്ത്യയിൽ നവോത്ഥാനവേദ പ്രാമാണ്യത്തെ പുന:സ്ഥാപിക്കലല്ല. വേദപ്രാമാണ്യത്തെ ലംഘിക്കലായിരുന്നു. അതുകൊണ്ട് യൂറോപ്യൻ നവോത്ഥാനത്തിന്റെ പുനരുദ്ധാരണപരമെന്നോ നവജീവനപരമെന്നോ വിളിക്കാവുന്ന യുക്തി, ഇന്ത്യൻ നവോത്ഥാനത്തിനോ കേരളീയ പരിസരത്തിനോ ഒട്ടും ബാധകമല്ല, എന്ന് നാം തിരിച്ചറിയണം. നാം വാസ്തവത്തിൽ ശ്രമിച്ചത് ഭൂതകാലത്തിലെ സങ്കല്പനങ്ങളിൽ ചിലതിനെയെടുത്ത് ആധുനികമൂല്യങ്ങളുമായി കൂട്ടിയിണക്കി, ആധുനികയുടെ അവതരണ സ്ഥാനമായി ഈ ഭൂതകാല ആശയങ്ങളെക്കൂടി ഉപയോഗിക്കാൻ കഴിയുമോയെന്ന് പരീക്ഷിച്ചുനോക്കുകയാണ്. ശ്രീ. നാരായണഗുരു അദ്വൈതിയായിരുന്നു. അദ്വൈതത്തെ ഗുരുജനാധിപത്യത്തിന്റെയും നീതിബോധത്തിന്റെയും ഒരു സമകാലികമായ ഒരാവിഷ്കാരസ്ഥാനമാക്കി മാറ്റാൻ കഴിയുമോ, നൈതികമായ ഒരാത്മീയാനുഭവത്തിന്റെ അടിത്തറയാവാൻ അദ്വൈത ഭാവനയ്ക്കാകുമോ എന്ന് ആരാഞ്ഞു നോക്കുകയാണ് ഗുരു ചെയ്തത്. അത് ശങ്കരൻ ചെയ്തതല്ല (ശ്രീ ശങ്കരാചാര്യർ). ശങ്കരന് അദ്വൈതം ഒരു താത്വിക പദ്ധതിയായിരുന്നു. അദ്വൈതം ശങ്കരന് തലയിലായിരുന്നുവെങ്കിൽ ഗുരുവിന് അദ്വൈതം ജീവിതത്തിലായിരുന്നു അതുകൊണ്ട് ജീവിക്കുന്ന അദ്വൈതം ചിന്താപരമായ അദ്വൈതത്തിന്റെ ഒരു തുടർച്ചയല്ല. ചിന്താപരമായ അദ്വൈതം ജാതിഭേദങ്ങളെ ന്യായീകരിക്കുകയും ജാതിക്ക് വേദപ്രമാണപരമായ പിന്തുണ പറഞ്ഞുറപ്പിക്കുക ചെയ്ത സമയത്ത് അനുഭൂതിയായി തീർന്ന അദ്വൈതം കൊണ്ട് ഗുരു ജാതിയെ എതിരിടാനാണ് ശ്രമിച്ചത്. രണ്ടിന്റെയും ഫലം ഒന്നല്ല. അതുകൊണ്ട് ഒരാശയം ചരിത്രത്തിൽ പ്രവർത്തിക്കുന്നതെങ്ങനെയെന്ന് നോക്കേണ്ടത് വളരെ പ്രധാനമാണ്. അല്ലെങ്കിൽ ശങ്കരന്റെ അനുയായിയാണ് ഗുരുവെന്ന് വരുത്താനെളുപ്പം കഴിയും. അതുകൊണ്ട് ഭൂതകാലമഹിമയുടെ പുനഃസ്ഥാപനമൊന്നുമല്ല ഇന്ത്യയുടെ നവോത്ഥാനം എന്നു പറുന്നത്. മറിച്ചെന്തായിരുന്നുവെന്ന് ചോദിച്ചാൽ ആധുനീകരണത്തിന്റെ സന്ദർഭത്തിൽ പൗരാണികാശയങ്ങളെയും സമകാലീന പരിഷ്കരണ ശ്രമങ്ങളെയും കൂട്ടിയിണക്കിക്കൊണ്ട് ഒരു വലിയ ശ്രമമായിട്ടാണ് നവോത്ഥാനം പ്രവർത്തിച്ചത് എന്ന് സാമന്യേന പറയാം.

കേരളീയ നവോത്ഥാനം ഏകമുഖമായി ഒന്നല്ല. ഒരു വർണ്ണ രാജിപോലെ ഒരറ്റത്ത് മതനവീകരണം എന്ന് വിളിക്കാവുന്ന താത്പര്യങ്ങൾ ആണെങ്കിൽ മറ്റേ അറ്റത്ത് മതനവീകരണപരമായ യാതൊരു താത്പര്യങ്ങളുമില്ലാതെ ജാതി നശീകരണ എന്ന താത്പര്യമാണ് പ്രബലമായിട്ടുള്ളത്. ഇതിനിടയിൽ ധാരാളം ഊന്നലുകളുടെ വ്യത്യാസങ്ങൾ നമുക്ക് കാണാൻ കഴിയും. അങ്ങനെ ധാരാളം ഊന്നലുകളിൽ വ്യത്യാസമുള്ള പല പല പ്രവണതകൾ കൂടിക്കലർന്നും ചിലപ്പോൾ തമ്മിൽ പിന്തുണച്ചും പലപ്പോഴും ഇടഞ്ഞും പ്രവർത്തിച്ചുണ്ടായ അനുഭവ മണ്ഡലമാണ് കേരളീയ നവോത്ഥാനം. അതിനെ ഏകമുഖമായ ഏതെങ്കിലും പ്രവണതയിലേക്ക് സംഗ്രഹിക്കുന്നത് ചരിത്രപരമായി അതിന് യാഥാർത്ഥ്യമൊന്നുമില്ല.

ഇന്ത്യൻ നവോത്ഥാനത്തിന്റെ മാതൃകയായി പറയുന്നത് 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അരങ്ങേറിയ നവോത്ഥാനപരിഷ്കരണങ്ങളാണ്. രാജാറാം മോഹൻ റായ്, ദയാനന്ദ സരസ്വതി, ഈശ്വരചന്ദ്ര വിദ്യാസാഗർ പോലുള്ളവർ പരിഷ്കരണപരമായ ആശയങ്ങൾ കൊണ്ടുവന്നു. ഹിന്ദുമത നവീകരണം ഹിന്ദുമതത്തിനകത്ത് പോരായ്മകളായി അവർ കരുതിയ കാര്യങ്ങള പരിഹരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും അങ്ങനെ ആധുനികമായ ഒരു വിജ്ഞാനയുക്തിബോധത്തോടെ ഒത്തുപോകുന്ന ഹിന്ദുമതത്തെ സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യമാണ് താരതമ്യേന ബംഗാളി ഭദ്രലോകിന്റെ നേതൃത്വത്തിൽ നടന്ന നവോത്ഥാന ശ്രമം. അന്യമത വിദ്വേഷം ആയിരുന്നു ആ ശ്രമങ്ങളിൽ ഉണ്ടായിരുന്നത്. ദയാനന്ദ സരസ്വതി നിശിതമായാണ് ക്രിസ്തുവിനെയും നബിയെയും വിമർശിച്ചിരുന്നത് ക്രിസ്തു വേണ്ടത്ര ഉൾക്കാഴ്ചയും അറിവുമില്ലാത്ത അജ്ഞനായ ഒരാളെന്നും നബി കപടനാട്യക്കാരനെന്നും ദയാനന്ദ സരസ്വതി എഴുതി. ഇങ്ങനെ സ്വമതത്തെ സമർത്ഥിച്ചുറപ്പിക്കുവാനും അന്യമതത്തെ ആക്രമിച്ചു തകർക്കാനും ശ്രമിക്കുന്ന മതനവീകരണവും സ്വമതസ്ഥാപനത്തിലധിഷ്ഠിതവുമായ വാദഗതികൾക്ക് ബംഗാളി ഭദ്രലോകിന്റെ നേതൃത്വത്തിലരങ്ങേറിയ പരിശ്രമങ്ങളിൽ കാര്യമായ പങ്കുണ്ടായിരുന്നു. കേരളീയ നവോത്ഥാനത്തിൽ മുഖ്യപ്രവണതയായി ഒരിക്കലും മതനവീകരണം എന്ന ലക്ഷ്യത്തോടെയുള്ള ശ്രമങ്ങൾ ഉണ്ടായില്ല. എന്നാൽ ഇന്ത്യന നവോത്ഥാനത്തിന്റെ മാതൃക ചെന്നുവിളിക്കുന്നിടത്ത് നവോത്ഥാനം ഈ രീതിയിലാണ് ഭദ്രലോകിന്റെ നേതൃത്വത്തിൽ നടമാടിയിരുന്നത് എന്നു കാണാം.



# പി.ജി ഓർമ്മ



ദാമോദർ പ്രസാദ്



കാലിക്കറ്റ് സർവകലാശാലയുടെ പ്രഥമ ഉന്നതാധികാര സമിതിയായ സിണ്ടിക്കേറ്റിൽ ബഹുമാനപ്പെട്ട പി ജി അംഗമായിരുന്നു. സർക്കാറിന്റെ പ്രതിനിധി എന്ന നിലയിലാണ് പി ജി അംഗമാകുന്നത്. അന്നത്തെ സിണ്ടിക്കേറ്റിലെ അംഗങ്ങളെല്ലാം പ്രഗത്ഭരായിരുന്നു. അവരവരുടെ മേഖലകളിൽ പേരും പെരുമയുമുള്ളവർ. പി ജിയുടെ സാന്നിധ്യം തന്നെ സൂചിപ്പിക്കുന്നത് സിണ്ടിക്കേറ്റിന്റെ പൊതു മേന്മയാണ്. അക്കാഡമികമായും, ചിന്താപരമായും, രാഷ്ട്രീയമായും ഔന്നത്യമുള്ളവരെയായിരുന്നു സിണ്ടിക്കേറ്റിലേക്ക് നോമിനേറ്റ് ചെയ്തിരുന്നത്. കക്ഷി രാഷ്ട്രീയത്തിനപ്പുറം സ്ഥാപനങ്ങളെ സർക്കാരുകൾ കണ്ടിരുന്നു. മലബാറിലെ ആദ്യത്തെ സർവകലാശാല സ്ഥാപിതമായത് 67-ലെ ഇ എം എസ് സർക്കാരിന്റെ കാലത്താണ്. ജനാബ് മുഹമ്മദ് കോയയാണ് വിദ്യാഭ്യാസ മന്ത്രി. ഇന്ന് ആ സർവകലാശാല അമ്പത് വർഷം വിജയകരമായി പൂർത്തിയാക്കിയിരിക്കുന്നു.

അമ്പത് വർഷം മുമ്പ് ഒരു സർവകലാശാല കെട്ടിപ്പടുക്കുക എന്ന വലിയ ദൗത്യമാണ് പി ജി ഉൾപ്പെടെയുള്ളവർ ഭംഗിയായി നിർവഹിച്ചത്. വിവാദ രഹിതമായി അത് നിർവഹിച്ചു എന്ന് മാത്രമല്ല, സർവ മേഖലയിൽ നിന്നുള്ളവരുടെ പിന്തുണയും അംഗീകാരവും നേടിയെടുക്കുകയും ചെയ്തു. അക്കാഡമികവും ഭരണപരവുമായി ഒരു സ്ഥാപനത്തെ കെട്ടിപ്പടുക്കുക എന്ന് മാത്രമല്ല, അധ്യാപക -അനധ്യാപക നിയമനങ്ങൾ, കെട്ടിടങ്ങളുടെ നിർമാണം തുടങ്ങി സ്ഥാപന നടത്തിപ്പിനാവശ്യമായ എല്ലാ വ്യവസ്ഥകൾക്കും അവർ അടിത്തറയിട്ടു. ഇതിലെല്ലാം മുഖ്യ പങ്കാളിയായിരുന്ന പി ജിയിലെ Institution builder എന്ന വ്യക്തി സവിശേഷതയാണ് പ്രകടമായത്.

അന്ന് സർവകലാശാലയിൽ പ്രവർത്തിച്ചിരുന്നവർക്ക് പി ജിയെക്കുറിച്ചു നല്ല സമരണകളാണ് പങ്കുവെയ്ക്കാനുള്ളത്. ദീർഘ കാലം സിണ്ടിക്കേറ്റിൽ പ്രവർത്തിച്ചില്ലെങ്കിലും, താൻ പ്രവർത്തിച്ച കാലത്തിലെ കർമങ്ങൾ ഉജ്ജ്വലമായി നിർവഹിച്ചു. തീർത്തും കക്ഷി രാഷ്ട്രീയ താല്പര്യങ്ങൾക്ക് അതീതമായി നിയമനങ്ങൾനടത്തി. നിയമന കാര്യങ്ങളിൽ സിണ്ടിക്കേറ്റിന് അപ്രമാദിത്വമുള്ള കാലമായിരുന്നു അതെന്നു ഓർക്കണം. സുകുമാർ അഴിക്കോട്, എം ജി എസ് നാരായണൻ, മൂസ ബക്കർ എന്നിവരൊക്കെയാണ് ആദ്യ കാല അധ്യാപകർ. അധ്യാപകരും സിൻഡിക്കേറ്റ് അംഗങ്ങളും എല്ലാ നിലയ്ക്കും സമശീർഷകരായിരുന്നു. അവർ പരസ്പരം ബഹുമാനിച്ചിരുന്നു. അവർ തമ്മിൽ കോംപ്ലക്സുകൾ ഉണ്ടായിരുന്നില്ല. ഉന്നതനായ ഒരു അധ്യാപകനായിരുന്നു അന്നത്തെ വൈസ് ചാൻസലർ എന്നതും പ്രധാനമാണ്. പ്രഫ. എം എം ഘനി. പി ജിയുൾപ്പെടെയുള്ള സിൻഡിക്കേറ്റ് അംഗങ്ങളും വി സി യും പരസ്പരം സ്നേഹാദരവോടെയാണ് പ്രവർത്തിച്ചിരുന്നത്.

സി ഡിറ്റിന്റെ പ്രഥമ ഡയറക്ടറായി പ്രവർത്തിക്കുന്നതിന് മുമ്പ് പി ജി എത്രയോ ഉന്നത മേഖലകളിൽ വിഹരിച്ചിരുന്നു. തന്റെ പ്രാഗത്ഭ്യവും കർമ്മ ശേഷിയും ഏറ്റെടുത്ത ജോലികളിലൊക്കെ പി ജി പ്രകടിപ്പിച്ചിട്ടുണ്ട്. സത്യസന്ധതയും കമ്മ്യൂണിസ്റ്റ് രാഷ്ട്രീയ ബോധവും അസാമാന്യമായ അറിവും പി ജി യെ രാഷ്ട്രീയ ശത്രുക്കൾക്ക് ഇടയിൽ പോലും വലിയ ആദരവിന് പാത്രമാക്കി. ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിചയവും അതിനെക്കുറിച്ചുള്ള കാഴ്ചപ്പാടും സി ഡിറ്റിനെ വിഭാവനം ചെയ്യുമ്പോൾ പി ജി ക്ക് പ്രചോദനമായി, സി ഡിറ്റിന് തുടക്കം മുതലേ ഒരു ഗവേഷണ അക്കാഡമിക് സ്വഭാവമുള്ള നവീനമായ സ്ഥാപനമായി വളർത്തിയെടുക്കാൻ പി ജി ആവതും ശ്രമിച്ചിരുന്നു. ഗവേഷണങ്ങൾക്ക് പ്രാമുഖ്യമുള്ള അക്കാഡമിക് സ്വഭാവം നിലനിർത്തുന്ന എന്നാൽ അതേ സമയം സമകാലികമായ വ്യവസായ മണ്ഡലത്തോട് പ്രതിപ്രവർത്തിച്ചു നിൽക്കുന്ന വലിയ സ്ഥാപനമായാണ് പി ജി സി ഡിറ്റിനെ വിഭാവനം ചെയ്തതും പ്രയോഗത്തിൽ സാക്ഷാത്കരിച്ചതും. അക്കാഡമികവും, വൈജ്ഞാനികവും, വ്യവസായികവുമായുള്ള പരസ്പര്യങ്ങൾ സിഡിറ്റിന്റെ ഏതൊരു പ്രോജെക്ടിലും നിദർശിക്കാം. സി ഡിറ്റ് നടത്തിയിരുന്ന ശാസ്ത്ര -വികസന സംവേദനത്തിനുള്ള ഉന്നത ഡിപ്ലോമ കോഴ്സ് പി ജി യുടെ വ്യതിരിക്തമായ കാഴ്ചപ്പാടിന്റെ സൃഷ്ടിയാണ്. പി ജിയെ കുറിച്ചുള്ള നമ്മുടെ ഓർമ്മകൾ സി ഡിറ്റിന്റെ തുടർവഴികളെക്കുറിച്ചുള്ള നമ്മുടെ ധാരണകൾക് കൂടുതൽ തെളിച്ചം നൽകും.

പ്രഭാവർമ്മ



# നിലാമരം



**ജാ**ലകം തുറന്നപ്പോൾ
മുറിയിൽനിന്നും ധൃതി-
പ്പെട്ടിതാ പറക്കുന്നൂ
പുറത്തേക്കാകാശത്തേ-
ക്കൊന്നിനു പിന്നാലെ മ-
റ്റൊന്നെന്ന ക്രമത്തിലി-
പ്പൂവുകൾ, വെളിച്ചങ്ങൾ
പാവകൾ, എല്ലാമെല്ലാം...

മാനസം തുറന്നപ്പോൾ
അകമേനിന്നും ദൂര-
വാനിലേക്കകലുന്നു
തനിക്കു മുന്നേ ചെന്നു
ചേരണമെന്നേ തോന്നി
മത്സരിച്ചിടും വിധം
താരകൾ, കിനാവുകൾ
പൂനിലാപ്പൂഞ്ചോലകൾ
സ്നേഹവായ്പുകൾ, വാത്സ്യ-
ല്യങ്ങ,ളിങ്ങെല്ലാമെല്ലാം...

പുറമേനിന്നും വന്നു-
ചേരുവാനില്ലൊന്നുമേ
അകമേനിന്നും നഷ്ട-
പ്പെടുവാനെല്ലാമെല്ലാം!
അതിനാ,ലടയ്ക്കണോ
തുറന്നേ നിർത്തേണമോ
ജാലകം! അറിഞ്ഞീല;
അറിയീലൊരിക്കലും!



# ഉന്നതവിദ്യാഭ്യാസത്തിലുണ്ടാവേണ്ട കാലികമായ ഇടപെടൽ



ഡോ. പി.എസ്. ശ്രീകല

വിദ്യാഭ്യാസത്തിൽ കേരളം ആർജ്ജിച്ച പുരോഗതി രാജ്യത്തിനു മാതൃകയാണ്. ഈ പുരോഗതിയാണ് സാമൂഹിക വികസനത്തിൽ അഭിമാനകരമായ നേട്ടത്തിന് കേരളത്തെ അർഹമാക്കിയത്. ഭരണഘടന നിഷ്കർഷിക്കുന്ന സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം രാജ്യത്തിന്നും പൂർണ്ണമായി നടപ്പിലായിട്ടില്ല. എന്നാൽ, ആറു വയസു പൂർത്തിയായ മുഴുവൻ കുട്ടികളും സ്കൂളിൽ പ്രവേശിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമെന്ന പദവി കേരളത്തിനുണ്ട്. രാജ്യത്ത് ഏറ്റവും കുറഞ്ഞ കൊഴിഞ്ഞുപോക്ക് രേഖപ്പെടുത്തുന്ന സംസ്ഥാനവും നമ്മുടേതാണ്.

വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം ശാസ്ത്രീയമായി നടപ്പിലാക്കാൻ നമുക്കു സാധിച്ചതാണ് നേട്ടങ്ങളുടെ അടിസ്ഥാനം. അതിനു കഴിഞ്ഞതാവട്ടെ നവോത്ഥാനത്തിന് വേരോട്ടമുള്ള മണ്ണായി കേരളം മാറിയതു കൊണ്ടാണ്. അതൊരു പരിവർത്തന പ്രക്രിയയായിരുന്നു. ഇന്ന് നവോത്ഥാന കാലത്തെക്കുറിച്ച് കേൾക്കുമ്പോൾ നെറ്റി ചുളിക്കുന്നവരുണ്ട്. ഇന്നത്തെ എല്ലാ നേട്ടങ്ങളും പണ്ടേക്കു പണ്ടേ ഇവിടെ ഉണ്ടായിരുന്നുവെന്ന് വാദിക്കുന്നവരാണവർ. മാത്രമല്ല, ഇന്നും നിലനിൽക്കുന്ന ചില അനാചാരങ്ങളും അന്ധവിശ്വാസങ്ങളും പാരമ്പര്യമായി പകർന്നു വരുന്ന നന്മകളായും അവർ കാണുന്നു. ചരിത്രം അറിയാത്തതിന്റെയും ചരിത്രത്തെ നിഷേധിക്കുന്നതിന്റെയും പ്രശ്നമാണത്. അത്തരക്കാർ വർത്തമാനകാലത്ത് മാത്രം ജീവിക്കുന്നവരാണ്. അവർക്ക് ചരിത്രമോ ഭാവിയോ ഇല്ല. എന്നാൽ സമൂഹത്തിന് അതുണ്ട്. സമൂഹം മുന്നോട്ടു പോകുകയാണ്. അതിന് ശാസ്ത്രീയവും യുക്തിഭദ്രവും ആരോഗ്യകരവുമായ അടിത്തറയൊരുക്കലാണ് വിദ്യാഭ്യാസത്തിന്റെ കടമ. ഈ ബോധം സമൂഹത്തിൽ

സൃഷ്ടിക്കുവാനാണ് നവോത്ഥാന പ്രസ്ഥാനം ശ്രമിച്ചത്. കേരളത്തിൽ ആ ശ്രമം വിജയിച്ചു. നവോത്ഥാന പ്രവർത്തനങ്ങൾക്ക് തുടർച്ചയുണ്ടായതാണ് ആ വിജയത്തിനു കാരണം.

1957ലെ ഇ എം എസ് ഗവൺമെന്റ് വിദ്യാഭ്യാസം സമൂഹത്തിന്റെ അടിസ്ഥാന ആവശ്യമായി കണ്ടു. വിദ്യാഭ്യാസ ബില്ല് മാത്രമല്ല, ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസത്തെ നേരിട്ട് സ്വാധീനിച്ചു. അധ്വാനിക്കുന്ന ഭൂമി സ്വന്തമാവുക, കിടപ്പാടം ഉണ്ടാവുക എന്നീ പ്രാഥമിക കാര്യങ്ങൾ യാഥാർഥ്യമായപ്പോൾ വിദ്യാഭ്യാസം നേടി കൂടുതൽ വികസിക്കുക എന്ന



കാഴ്ചപ്പാടിലേക്ക് സമൂഹം കടന്നു . സാർവത്രികമായ പ്രാഥമിക വിദ്യാഭ്യാസത്തിനും മെച്ചപ്പെട്ട ഉന്നത വിദ്യാഭ്യാസത്തിനും അവസരമൊരുക്കിക്കൊണ്ട് സമൂഹത്തെ മുന്നോട്ടു നയിക്കാൻ കേരളത്തിനു കഴിഞ്ഞു. ഇ കെ നായനാർ സർക്കാർ 1990–91 കാലത്ത് നടപ്പാക്കിയ സമ്പൂർണ്ണ സാക്ഷരതായജ്ഞം നമ്മുടെ പൊതു സാക്ഷരത നിരക്ക് തൊണ്ണൂറു ശതമാനത്തിനു മേലെ എത്തിച്ചു. ഇപ്പോൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ അത്യന്താധുനിക ഭൗതിക സൗകര്യങ്ങളും ഗുണമേന്മയുമുള്ള വിദ്യാഭ്യാസം ലഭ്യമാക്കാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്.

കേരളം സാമൂഹ്യ പുരോഗതിയുടെ അടിത്തറയായി വിദ്യാഭ്യാസത്തെ കാണുമ്പോൾ ഇന്ത്യയുടെ സ്ഥിതി അതല്ല. വിദ്യാഭ്യാസത്തിന് ആഭ്യന്തരവരുമാനത്തിന്റെ ആറു ശതമാനം വകയിരുത്തണമെന്ന് 1966 ൽ കോത്താരി കമ്മീഷൻ നിർദ്ദേശിച്ചതാണ്. ഇപ്പോഴും 4.5 ശതമാനത്തിലധികം നീക്കിവയ്ക്കാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. മാത്രമല്ല, സംസ്ഥാനങ്ങൾക്കുള്ള വിദ്യാഭ്യാസ വിഹിതം വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നു. കേരളത്തിൽ സമഗ്ര ശിക്ഷാ അഭിയാന് ലഭ്യമാകേണ്ടതിൽ പകുതി മാത്രമാണ് കേന്ദ്രസർക്കാർ വകയിരുത്തിയത്.

ഉന്നത വിദ്യാഭ്യാസത്തിലാകട്ടെ, മികച്ച സ്ഥാപനങ്ങളെ കുപ്രചാരണങ്ങളിലൂടെയും അധികാരമുപയോഗിച്ചും തകർക്കാൻ ശ്രമിക്കുന്നു. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ അക്കാദമിക സ്വാതന്ത്ര്യം തടയുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ വർഗീയവൽക്കരിക്കുകയാണ്. ജനാധിപത്യവൽക്കരണത്തെ കേന്ദ്ര സർക്കാർ ഭയക്കുന്നു. അതുകൊണ്ട് ചരിത്രത്തെ തമസ്കരിക്കാനും ചരിത്രരേഖകൾ തിരുത്തി എഴുതാനും ശ്രമിക്കുന്നു. ചരിത്ര ഗവേഷണ കൗൺസിൽ പോലെയുള്ള സുപ്രധാന സ്ഥാപനങ്ങളിൽ അക്കാദമിക വിദ്ഗ്ദ്ധർക്കു പകരം ആർ എസ് എസ് പ്രവർത്തകരെ മേധാവികളായി നിയോഗിക്കുന്നു. ശാസ്ത്രപുരോഗതിയെ മിത്തും ഐതിഹ്യങ്ങളുമുപയോഗിച്ച് തടയാൻ ശ്രമിക്കുന്നു. പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രവർത്തന മികവിനുള്ള ഉയർന്ന ഗ്രേഡ് നൽകുന്നു. യു ജി സിക്ക് ചരമക്കുറിപ്പെഴുതുന്നു. കോർപറേറ്റുകളെ സഹായിക്കാൻ വിദ്യാഭ്യാസസങ്കൽപ്പത്തെയും അട്ടിമറിക്കുകയാണ്.

ദളിതരും ദരിദ്രരും മതന്യൂനപക്ഷത്തിൽ പെടുന്നവരുമായ വിദ്യാർത്ഥികൾ സ്ഥാപനമേധാവികളുടെ പിന്തുണയോടെ ആക്രമിക്കപ്പെടുന്നു. രോഹിത് വെമുലയെ നമ്മൾ മറന്നിട്ടില്ലല്ലോ.

ഇത്തരം സംഭവങ്ങൾ കാമ്പസുകളിൽ വർഗീയത വളരാൻ കാരണമാവുകയാണ്. ഹിന്ദുത്വവർഗീയതയെ ചെറുക്കാനെന്ന പേരിൽ ന്യൂനപക്ഷ വർഗീയത രൂപപ്പെടുന്നു . കേരളത്തിലെ കാമ്പസുകളിലേക്കും അത് കടത്തിക്കൊണ്ടുവരാൻ ശ്രമം നടക്കുകയാണ്. അതിനെ എതിർക്കുന്നവരെ വകവരുത്തുകയാണ്. വർഗീയതയെ എതിർത്തതിനാണ് മഹാരാജാസ് കോളേജിൽ അഭിമന്യു എന്ന സമർത്ഥനായ ദരിദ്രവിദ്യാർത്ഥിയെ കൊലപ്പെടുത്തിയത്. രാജ്യത്താകെ മത തീവ്രവാദവും വർഗീയതയും ഉയർത്തുന്ന വെല്ലുവിളി കാമ്പസുകളിലേക്ക് പടരാൻ അനുവദിച്ചുകൂടാ.

കേരളത്തിന് പൊതുവിദ്യാഭ്യാസത്തിലെന്നപോലെ ഉന്നതവിദ്യാഭ്യാസത്തിലും മാതൃകയാവാൻ കഴിയും. വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കുന്നവ സംസ്കാരമായി രൂപപ്പെടണം. ജനാധിപത്യം, മതനിരപേക്ഷത എന്നീ ഭരണഘടനാമൂല്യങ്ങളാണ്

**കേരളത്തിന് പൊതുവിദ്യാഭ്യാസത്തിലെന്നപോലെ ഉന്നത വിദ്യാഭ്യാസത്തിലും മാതൃകയാവാൻ കഴിയും. വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കുന്നവ സംസ്കാരമായി രൂപപ്പെടണം. ജനാധിപത്യം, മതനിരപേക്ഷത എന്നീ ഭരണഘടനാമൂല്യങ്ങളാണ് വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കേണ്ടത്.**



വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കേണ്ടത്. അതിനു ഇന്ത്യയിലും കേരളത്തിലും നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിനുള്ളിലെ പാഠ്യപദ്ധതി ഭാഗികമായേ പര്യാപ്തമാകുന്നുള്ളൂ. മാത്രമല്ല, ഇന്ത്യയിലാവട്ടെ നിലവിലുള്ള പാഠ്യപദ്ധതികളെത്തന്നെയും വർഗീയസംസ്കാരം രൂപപ്പെടുത്താനായി പൊളിച്ചെഴുതുകയാണ്. മിത്തും ഐതിഹ്യവും ചരിത്രമായും ശാസ്ത്രമായും അവതരിപ്പിക്കപ്പെടുന്നത് ഈ പശ്ചാത്തലത്തിലാണ്.

കേരളത്തിൽ അത്തരമൊരു പ്രവണതയ്ക്കിടമുണ്ടായിട്ടില്ല. എന്നാൽ, ജനാധിപത്യം, മതനിരപേക്ഷത എന്നീ ഭരണഘടനാ മൂല്യങ്ങൾ സംസ്കാരമാക്കി മാറ്റുവാൻ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ഇനിയും ഇടപെടൽ നടത്തേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസനേട്ടത്തിന് അരങ്ങൊരുക്കിയ ചരിത്രപശ്ചാത്തലം ഉന്നതവിദ്യാഭ്യാസത്തിനും ബാധകമാണല്ലോ.

ഉന്നതവിദ്യാഭ്യാസത്തിലൂടെ സംസ്കാരരൂപീകരണം സാധ്യമാവണം എന്നപോലെ തന്നെ പ്രധാനമാണ് ഉന്നതവിദ്യാഭ്യാസത്തിൽ പുതിയ വൈജ്ഞാനിക മേഖലകൾക്ക് ഇടം നൽകുക എന്നതും. പരമ്പരാഗത പഠനമേഖലകളെ അവഗണിച്ചുകൊണ്ടല്ല, മറിച്ച് അവ അടിസ്ഥാനമായി നിലനിർത്തിക്കൊണ്ടുതന്നെ അവയുടെ വികസിത വൈജ്ഞാനിക സാധ്യതകൾ കേരളത്തിലെ വിദ്യാർത്ഥികൾക്ക് പ്രാപ്യമാക്കണം.

സർവ്വകലാശാലകളുടെ അക്കാദമിക സ്വാതന്ത്ര്യവും മികവും സംരക്ഷിക്കപ്പെടണം. കേരളത്തിൽ സർക്കാർ അതിനാണ് ശ്രമിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സ്കൂൾ വിദ്യാഭ്യാസത്തിലുണ്ടായ ഗുണപരമായ മാറ്റം ഉന്നതവിദ്യാഭ്യാസരംഗത്തും ഉണ്ടാവണം. അക്കാദമിക കലണ്ടർ പ്രാവർത്തികമാവണം. ക്ലാസുകളും പരീക്ഷയും ഫലപ്രഖ്യാപനവും സമയബന്ധിതമാവണം. ഇപ്പോൾ കോഴ്സുകൾ അവയുടെ നിശ്ചിത കാലാവധിക്കപ്പുറം ഒന്നും രണ്ടും വർഷം നീണ്ടു പോകുന്ന സ്ഥിതിയുണ്ട്. ഇത് മാറണം. കേരളത്തിൽ പഠിക്കുന്ന കുട്ടികൾക്ക് രാജ്യത്തിനുള്ളിലും പുറത്തുമുള്ള പ്രശസ്തമായ സ്ഥാപനങ്ങളിൽ പ്രവേശനം നേടാനുള്ള അവസരം ഇത് കാരണം നഷ്ടമാകുന്നു. ഹയർ സെക്കന്ററി വിദ്യാഭ്യാസം കഴിഞ്ഞാൽ ധാരാളം കുട്ടികൾ കേരളത്തിനു പുറത്ത് ഉപരിപഠനത്തിനായി പോകുന്ന സ്ഥിതി ഇപ്പോൾ ഉണ്ട്. നമ്മുടെ സംസ്ഥാനത്തിലെ കാലാവസ്ഥ, അധ്യാപകരുടെ ശേഷി, സ്ഥാപനങ്ങളുടെ മികവ് തുടങ്ങിയവ അനുകൂലമായിരിക്കുമ്പോഴും അങ്ങനെ കുട്ടികൾ പുറത്തേക്കു പോകുന്നതിനു പ്രധാന കാരണം സമയബന്ധിതമായി കോഴ്സുകൾ പൂർത്തീകരിക്കാനും പാഠ്യപദ്ധതി നവീകരിക്കാനും കഴിയാത്തതാണ്. നമ്മുടെ സർവ്വകലാശാലകൾ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തണം . അധ്യാപകരുടെ സേവന മനോഭാവത്തിൽ മാറ്റം വരണം. അധ്യാപനവും പരീക്ഷ നടത്തുന്നതും മൂല്യനിർണ്ണയവും സ്വന്തം ചുമതലയായി തിരിച്ചറിയണം. സമൂഹത്തോടുള്ള അധ്യാപകരുടെ കടമ ഇന്നത്തെ സാഹചര്യത്തിൽ പ്രാധാന്യത്തോടെ നിർവ്വഹിക്കാൻ തയ്യാറാവണം. അധ്യയന ദിവസങ്ങൾ മുടങ്ങാതിരിക്കാൻ വിദ്യാർത്ഥികളും അധ്യാപകരും പൊതുസമൂഹവും ജാഗ്രത പുലർത്തണം.

രാജ്യത്തെ ഉന്നതവിദ്യാഭ്യാസത്തിൽ കേരളത്തിൽ നിലനിൽക്കുന്ന മികച്ച പ്രവേശനാനുപാതം ഗുണനിലവാരത്തിലും പ്രകടമാക്കാൻ നമുക്കു കഴിയണം.

കേരളത്തിലെ കുട്ടികൾക്ക് മികച്ച ഉന്നത വിദ്യാഭ്യാസം നൽകുന്നതോടൊപ്പം രാജ്യത്തിനകത്തും പുറത്തുമുള്ള സമർത്ഥരായ വിദ്യാർത്ഥികളെ ആകർഷിക്കുന്ന വിധത്തിൽ നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖല മാറണം. പലതരത്തിൽ അനുകൂലമായ സവിശേഷതകളെ ഉന്നതവിദ്യാഭ്യാസത്തിന് മികവിനായി പ്രയോജനപ്പെടുത്താൻ തയ്യാറായാൽ രാജ്യത്തിനകത്തും പുറത്തുമുള്ള വിദ്യാർത്ഥികൾ ഇവിടേക്ക് വരുകയും അവരുടെ വരവ് നമ്മുടെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതിക്ക് അനുകൂലമാവുകയും ചെയ്യും. അക്കാദമികമായി ഒരു തുറന്ന മനസ്സ് ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാവണം.


ഓണാശംസകൾ
സി-ഡിറ്റ് എംപ്ലോയസ് അസോസിയേഷൻ



# How Schools Kill Our Children's Creativity : A Ringside View and Solutions

In the 21st century competition for jobs and opportunities is very high. There are a lot of young candidates with qualifications but many of them lack skills and attitude. Their parents have spent lakhs if not crores on their education , still the final product/qualified individual is a big disappointment. It is not only a personal disappointment but also a social disappointment. Though numerous attempts have been made to improve the education process, still the results have not been entirely satisfactory. The governments at the state and centre have invested heavily in skill development programmes but unfortunately enough attention has not been devoted to the root of this problem; the schooling system.

A key capability which helps a qualified individual beat the competition and achieve success in professional and personal life is 'creativity' it is the ability to think differently, to challenge accepted ideas and ways of doing things in order to find new solutions. Most successful individuals in industry and other fields of work have reasonably high levels of creativity or are capable of recognizing and using the creativity of their sub- ordinates or their team members. Other than job specific skills and attitude, what most candidates are found to be lacking in job interviews is this 'magic' skill called creativity. How did society kill the natural creativity in a human child? What is the role played by schools in achieving this murder of creativity ? This article tries to throw some light into this second question drawing from over thirteen years of professional experience as a training consultant, interviewer, school managing board member and other general observations. I would also like to respectfully acknowledge that schools are a necessary evil with great potential to do good, provided an enlightened



**Senthil Kumar**
Training Consultant

society and leadership works hard to correct grave short comings in the schooling system (all of which cannot be discussed within the scope of this article).

**(1) Schools are factories today, not Knowledge Temples or Knowledge Supermarkets**


The approach of our schooling system is basically that of large scale production and not individual development. A commitment to quality control and ensuring quality of the education process is missing in practice. There are many excuses that can be made to justify this, but the cost paid by society and families is so huge that it cannot be swept under the carpet anymore. The alternative is obviously a focus on holistic development which can be verified periodically. The element of freedom to choose is possible even at primary or upper primary levels in the form of optional Unit or Term examinations or at least through recognition of the natural interests and inclination of each child. It is not necessary for a child to score high in all subjects of study.

**(2) Schools kill questions (the seed of Creativity)**

It is well known that schools have a busy schedule. The focus on completing the syllabus is intense. Naturally, students are not encouraged to ask questions in class, or even after class. Questioning, even silly questions is a reflection of exploration by the child and his effort to digest the ideas thrown at him. By meticulously teaching children to be submissive listeners and frowning at an active child in the classroom, the teacher and the school begins to kill her creativity. A scientist couple once said to me that the regular complaint of teachers of a modern private school about their child was that, "he asks too many questions".

**3) Schools keep children Busy all the time thereby reducing reflection and exploration**

Children learn through thinking about what they learnt and talking to people about it. The schooling system is designed to not give students much free time and as a result causes damage to their ability to learn and evolve. Children go to school nowdays basically to study to write exams.




**4) Schools curtail skill orientation by pushing for Exam focus**

Essential skills related to speaking languages like English and Hindi are largely neglected. Private schools are known to give special coaching on these areas but the problem is with the teaching approach. Mathematics and science education also suffers from this methodological weakness.

**5) School eco-systems help propagate Social Stereotypes and fail in creating empathy**

Violence in society has its roots in families and schools. The principle of equality and respect towards own and other' gender takes root during school days. I have observed male children insisting that they are different from female children through use of language (words) and pushing for certain stereotypical approaches at home, even though the environment at home sees no difference between the male and female child. Schools continue to reflect social biases and need to re-energize themselves as centres propagating positive ideas and healthy change. The charity initiatives taken up by private schools largely fail to focus on developing empathy and awareness in the minds of young students and become mere rituals.


Parents need to spend quality time with children and develop a friendly relationship rather than be a dictator and protector of the child. Teaching values by setting a persona; example is vital in today's testing world.

So, what can we do as individuals and families to address these short comings in educating our children? waiting for the government to find solutions and implement them will take decades. How can parents ensure that their children become responsible and capable citizens with a creative edge to succeed in competitions'?

Here are some possible solutions.

**(a) Family is the First School**

This was a popular traditional maxim but the busy lifestyle of the modern world and work stress made people forget this to a large extent. Parents need to spend quality time with children and develop a friendly relationship rather than be a dictator and protector of the




child. Teaching values by setting a personal; example is vital in today's testing world. A decent role model at home plays a major role in the personality development of a child.

**(b) Extracurricular activities within and outside school is key to personality/ skill development**

The current schooling system has brainwashed parents that exams are most important in a child's life. They may be important, but so are extracurricular activities. It is the parent's ability to find the talent or interest of the child and ensure that he/she participates in suitable activities. Experience and exposure received from valid organizations like NCC, National Service Scheme, scouts and Guides as well as regular participation in arts and science activities and competitions make the child dynamic.

**(c ) Travelling**

Travelling builds the creativity muscle and helps the child gain experience sharing time with parents. Week-end picnics, vacation travelling to new places etc, are modern day initiatives to make children learns about the world and it's challenges. Nowdays, there are families which believe traveling is more important than school. At least a balanced approache is required.

**(d) Help children become interested in Reading**


Technology and smart Phones have resulted in both adults and children devoting less time to read. It is undeniable that reading remains one of the most powerful methods to build a person's personality and character as well as creative understanding of the world and people. Reading aloud for young children, discussing about books and its content with high school Students help in developing interest in books and ideas within them. A well-read person even in the 21st century, has great potential to become a creative problem solver and thought leader.

**(e) Discuss ideas and social issues with children.**

It is necessary for a parent to it discuss ideas about the world and social issues with his/her child or teen-ager. Not only does it help build attitude and problem-solving approaches, but also helps the teen-ager guard against social evils like drugs and bad company. Some parents may be introverts, and may find is difficult to reach out and communicate with their children but the fact remains that the parent must set an example for the child to follow.

The above ideas are meant as a primer or starting point in the journey to nurture creativity and positive attitude in a child. But this awareness and continuing initiatives will surely help your child face tough competition and interviews with a smile and emerge a highly successful creative citizen.

reading remains one of the most powerful methods to build a person's personality and character as well as creative understanding of the world and people




KTDC
Official host to God's Own Country
HOTELS & RESORTS
Exclusive Escapade Packages
Take a trip through the majestic destinations of Kerala, losing yourself in the mountains and later finding your way back in the exotic beaches, all on the same journey. Your perfect holiday package that weaves luxury and culture together to gift you God's Own Country in all its authenticity.
*Terms and conditions apply.
DISCOVER KERALA
I BOLGATTY PALACE & ISLAND RESORT, KOCHI I TEA COUNTY, MUNNAR I ARANYA NIVAS, THEKKADY I WATERSCAPES, KUMARAKOM I SAMUDRA, KOVALAM
Packages Include*: I Room rent with breakfast on fixed menu basis I All transfers, sightseeing & long distance travel as mentioned in the itinerary I Airport or railway station, pick up & drop I Parking, toll and crew allowance I Check-in/checkout time - 12 noon.
For more details and reservations, contact: Central Reservations, Kerala Tourism Development Corporation Limited, Mascot Square, Thiruvananthapuram - 695 033, Kerala Phone: 0471-2316736, 2725213, Fax: 2721254, Email: centralreservations@ktdc.com, www.ktdc.com



# നീ ആരാണ്?

രമണ മഹർഷി പറഞ്ഞത് 'നീ ആരാണെന്ന് നിന്നോടു തന്നെ ചോദിക്കുക'. ഒരാൾ അയാളോട് തന്നെ തന്റെ അസ്തിത്വത്തിന്റെ പൊരുളിനെ തേടുന്നതോടെ അയാളുടെ യഥാർത്ഥ ജീവിതം ആരംഭിക്കുമെന്നാണ് രമണ മഹർഷി പറഞ്ഞുവച്ചത്. താൻ ആരാണെന്നും ജനിഭൃതികൾക്കിടിയിൽ തന്റെ ജീവിത നിയോഗം എന്താണെന്നും തിരിച്ചറിയാതെയുള്ള ജീവിതമാണ് പലരും ജീവിച്ചു തീർക്കുന്നത്. സ്വന്തം മൃതദേഹവും ചുമന്നു ജീവിക്കുന്നവരുടെ എണ്ണം അനുദിനം പെരുകുന്നു. ജീവിതം നൽകിയ അനുഗൃഹങ്ങൾ അനുഭവിച്ചറിയാൻ കഴിയാത്തവർക്ക് ജീവിതം ദുസ്സഹമാകുന്നതോടെ രമിച്ചു ജീവിക്കുന്ന അവസ്ഥയിലേക്ക് പലരും എത്തി നിൽക്കുന്നു.

പല ട്രെയിനിംഗ് ക്ലാസുകളിലും ഞാൻ വിദ്യാർത്ഥികളോട് ചോദിക്കും - നീ ആരാണ്?

ഞാൻ അശോകനാണ് ഞാൻ വസുമതിയാണ്, ഞാൻ ജോസഫാണ് പലരും സ്വന്തം പേരുകളാണ് ഉത്തരമായി നൽകുക. ഞാനൊരു വിദ്യാർത്ഥിയാണ് എന്ന് പറഞ്ഞു വയ്ക്കുന്നവരും ഏറെയുണ്ട്. ഉന്നത ശ്രേണിയിലുള്ള ഒരു വ്യക്തിയുടെ സന്താനമാണെങ്കിൽ ആ വ്യക്തിയുടെ മകൻ/മകൾ എന്ന് ഉത്തരം നൽകുന്നവരും ഇല്ലാതില്ല. ഈ ഉത്തരങ്ങളെല്ലാം ഒരു വ്യക്തിയുടെ വ്യക്തിത്വത്തിന്റെ കൊടിയടയാളങ്ങളല്ല. അവൻ അണിയുന്ന പുറം ചട്ടയുടെ വെറും അടയാളങ്ങൾ മാത്രമാണ്.

**നിന്നെ അറിയുക**

നീ ഒരാളല്ല, നിന്റെയുള്ളിൽ മറ്റൊരാളുണ്ട്. ആ ചൈതന്യത്തെ നിന്നോടു ചേർത്ത് വയ്ക്കുമ്പോൾ മാത്രമേ നീയെന്ന വ്യക്തിക്ക് പൂർണ്ണതയുണ്ടാകുന്നുള്ളു എന്ന തിരിച്ചറിവിനേയാണ് ജ്ഞാനം എന്ന് വിവക്ഷിക്കപ്പെടുന്നുള്ളത്. ഒരാളുടെ ഉള്ളിലുറങ്ങുന്ന നന്മയുടെ പ്രതിരൂപങ്ങളായ സ്നേഹം, കരുണ, അനുകമ്പ, സഹനം തുടങ്ങിയ വികാരങ്ങളെല്ലാം യഥാവിധി പ്രകടമാകുമ്പോൾ മനുഷ്യത്തിലേക്കുള്ള വളർച്ചകളൊക്കെ മുന്നിട്ടു നിൽക്കുന്ന തിന്മയുടെ ശക്തി പ്രകടമാകുമ്പോൾ മരവിച്ച മനുഷ്യത്വത്തിന്റെ ജന്മാവസ്ഥയിലേക്ക് ഒരാൾ എത്തപ്പെടുകയും ചെയ്യുന്നു.

നന്മ ചെയ്യാനുള്ള നിലവിളി അന്തകരണത്തിൽ നിന്നുയരുന്നത് സ്വീകരിക്കുന്നതോടെ ജീവിതത്തിന്റെ അർത്ഥമറിയുന്ന ഒരാൾ ജനിക്കും. എന്റെ ജീവിതം



ഷെരീഫ് നെടുമങ്ങാട്

എന്റേതു മാത്രമല്ലെന്നും എനിയ്ക്ക് ചുറ്റുമുള്ളവരുടെ ജീവിതവുമായി അത് തൊട്ടു നിൽക്കുന്നുവെന്നും അറിയുക മാത്രമല്ല അതുമായി പൊരുത്തപ്പെടുകയും ചെയ്യേണ്ടതുണ്ട്. മനുഷ്യനിൽ നിന്നും മനുഷ്യനിലേക്ക് ദൂരം കുറയുന്ന വർത്തമാന കാലഘട്ടത്തിന്റെ ദയനീയത സംഭവിച്ചതും മനുഷ്യൻ അവനെ തിരിച്ചറിയാത്തതും അവന്റെ സാധ്യതകൾ പ്രയോജപ്പെടുത്തതും കൊണ്ടാണ് കുടുംബം വർഗ്ഗം, ഗ്രോത്രം, സമൂഹം എന്നീ തലങ്ങളിലേക്ക് പടർന്നു കിടക്കുന്ന ചങ്ങലയിലെ തിളക്കമാർന്ന കണ്ണിയാണ് താനെന്ന സാമൂഹ്യ യാഥാർത്ഥ്യം വിസ്മരിക്കുന്നവൻ തിരിച്ചറിയാതെ പോകുന്നതും തന്റെ സ്വത്വത്തെ തന്നെയാണ്.

**നിന്നെ കണ്ടെത്തുക**

ഞാൻ മിടുക്കൻ, കരുണയുള്ളവൻ, സത്യസന്ധൻ തുടങ്ങിയ മൂല്യങ്ങളുടെ ഉയരത്തിലേക്ക് കഴിഞ്ഞു പോയ കാലത്തിനുള്ളത് എത്തിപ്പെടാൻ കഴിഞ്ഞിട്ടുണ്ടോ എന്ന വിലയിരുത്തുന്നത് സ്വയം തിരിച്ചറിയുന്ന പ്രക്രിയയുടെ ഭാഗമാണ്. ഇതുവരെ നേടിയതെന്താണ്? നഷ്ടപ്പെടുത്തിയതെന്തൊക്കെയാണ്? എന്നീ ചോദ്യങ്ങളിലൂടെ ഭൂതകാലത്തെ ചികയാം. ഞാൻ ആരായിരുന്നു? എന്ന ചോദ്യത്തിന്റെ ഉത്തരമറിയാൻ ഞാൻ ഇപ്പോൾ ആരാണെന്നും നാളെ ഞാൻ ആരായിത്തീരണം എന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തനിയെ രൂപപ്പെട്ടുകൊള്ളും. നന്മതിന്മകൾ കഴിഞ്ഞ കാലകണക്കെടുപ്പുകളിൽ നിന്നും ഒളിച്ചോടാതിരിക്കുന്നവന് വരുംകാല ജീവിതത്തിന്റെ പ്രകാശ വഴികൾ നിശ്ചയമായും തിരിച്ചറിയാനാവും. പറഞ്ഞുപോയ പാഴ്വാക്കുകളും കൊടുത്തുപോയ ശിക്ഷകളും ചെയ്തുപോയ തെറ്റുകളുമൊക്കെ ഇഴകീറി പരിശോധിക്കുന്നത് ചിലർക്കെങ്കിലും ദുസ്സഹമായിരിക്കും. ജീവിതം വീണ്ടും ബാക്കി വച്ചിരിക്കുന്നത് തിരിച്ചടികളാണെന്ന വിധി വീണ്ടും ചുമക്കുന്നതിൽ നിന്നും അവർക്ക് മുക്തിയില്ല.

വ്യക്തി അവന്റെ കഴിവുകൾ തിരിച്ചറിയുന്നതിൽ പരാജയപ്പെടുന്നതോടെ അവന്റെ വളർച്ച അവസാനിക്കുന്നു. വീഴ്ചകളെയോർത്ത് വിലപിക്കുന്നവന് വേണ്ടി ഉയർച്ചയുടെ വാതിലുകൾ തുറക്കപ്പെടുന്നില്ല. സ്വയം തിരിച്ചറിയുക എന്നതുതന്നെ തന്റെ കഴിവുകളേയും കഴിവുകേടുകളേയും തൊട്ടറിയുക തന്നെയാണ്. വ്യക്തിയെ അവൻ സ്വയം വിലയിരുത്തുക എന്ന പ്രക്രിയ വ്യക്തി വികാസത്തിന്റെ പ്രഥമഘട്ടമാണ്. അവൻ പരിശോധനയിലൂടെ ലഭിക്കുന്ന ഉൾക്കാഴ്ച ജീവിതത്തിൽ അഞ്ചു തിരിയിട്ടു കത്തിച്ച നിലവിളക്കിന്റെ പ്രകാശ നാളങ്ങൾ പകർന്നു നൽകും. ആത്മബലത്തിന്റെ അടിത്തറ രൂപപ്പെടണമെങ്കിലും ആത്മ പരിശോധന അനിവാര്യവുമാണ്. ഓഷോ പറഞ്ഞു. ജീവിതം ഒരു ഉത്സവമാണ്. ആഘോഷിക്കുക.

ലഭിച്ച ജീവിതത്തിന്റെ നിയോഗ വഴികൾ മനസ്സിലാക്കാൻ സ്വയം തുനിയുന്നവന് ജീവിതമെന്നും ഉത്സവം തന്നെയായിരിക്കുകയും ചെയ്യും.






# സന്തോഷ് ട്രോഫി

കേരളീയർക്ക് അഭിമാനകരമായ ചരിത്രനേട്ടം സന്തോഷ്ട്രോഫിയിൽ നേടാൻ സാധിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. സന്തോഷ് ട്രോഫിക്കുള്ള കേരള ടീമിന്റെ മുഖ്യപരിശീലകനായി അപ്രതീക്ഷിതമായി പ്രഖ്യാപിക്കുമ്പോൾ സന്തോഷത്തെക്കാൾ ആശങ്കയാണ് തോന്നിയത്. സന്തോഷ്ട്രോഫി നേടാൻ പ്രാപ്തരായിട്ടുള്ള കളിക്കാർ ഉണ്ടാകുമോ! (കഴിഞ്ഞ വർഷങ്ങളിലെ നല്ല കളിക്കാർ അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോയി) ടീം യോഗ്യത നേടുമോ? ആദ്യമായി കിട്ടിയ അവസരം നഷ്ടപ്പെടുത്തണമോ? കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരിശീലകനായതുകൊണ്ട് അഖിലേന്ത്യാ മത്സരങ്ങൾ കഴിയുന്നതിന് മുമ്പ് ടീം വിട്ട്പോകേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്യും. സ്വന്തം തട്ടകത്തിൽ നടക്കുന്ന മത്സരങ്ങൾ ആയതിനാൽ അതിന് സാധിക്കാത്ത ഒരു സാഹചര്യവും. എന്നാൽ രണ്ട് ഭാഗത്ത് നിന്നും കെ.എഫ്.എയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയും എന്റെ തീരുമാനത്തിനു അനുകൂലമായി എന്ത് വിട്ടുവീഴ്ചയ്ക്കും തയ്യാറായിരുന്നു. അങ്ങനെ കാലിക്കറ്റിൽ സഹായി ആയി മറ്റൊരു പരിശീലകനെക്കൂടി നിയമിച്ചിട്ട് ഡിസംബർ 10 മുതൽ LNCPE TVPMത്ത് ക്യാമ്പ് തുടങ്ങാൻ തീരുമാനിച്ചു. രണ്ടാഴ്ചയോളം കേരളത്തിലെ എല്ലാ കളിക്കാർക്കും അവസരം നൽകി കൊണ്ട് ക്യാമ്പ് നടത്തി. രണ്ടാമത്തെ ആഴ്ച കഴിഞ്ഞവർഷത്തെ ടീമിൽ ഉണ്ടായിരുന്നവരെയും ഉൾപ്പെടുത്തി. അതിൽ നിന്നും 35 പേരെ തെരഞ്ഞെടുത്ത് (30+5 CU കളിക്കാർ) ക്യാമ്പ് കാലിക്കറ്റിലേക്ക് മാറ്റി. താമസത്തിനും ഭക്ഷണത്തിനുമുള്ള സൗകര്യവും ദേവഗിരി കോളേജിൽ സൗജന്യമായി പരിശീലനത്തിനുള്ള സൗകര്യവും ഉള്ളതിനാലാണ് രണ്ടാംഘട്ടം അങ്ങോട്ട് മാറ്റിയത്. മാത്രമല്ല, കാലിക്കറ്റ് യൂണിവേഴ്സറ്റിയുടെ മത്സരദിവസങ്ങളിൽ അവർക്ക് സഹായവും നൽകാൻ കഴിഞ്ഞു. യൂണിവേഴ്സിറ്റിയുടെ അഖിലേന്ത്യ വിജയത്തിനുശേഷം സന്തോഷ് ട്രോഫിയുടെ ക്യാമ്പിൽ സജീവമാകുകയും ചെയ്തു.



**സതീവൻ ബാലൻ**
കേരള ടീം മുഖ്യ പരിശീലകൻ
സന്തോഷ് ട്രോഫി



അവസാന ടീമിനെ തെരഞ്ഞെടുക്കുന്നതിന് മുൻപ് പലവട്ടം ആലോചിക്കേണ്ടി വന്നു. യുവത്വം വേണോ! പരിചയസമ്പത്ത് മാത്രം വേണോ? എന്തായാലും u/21 കളിക്കാർ 5 പേർ വേണം ടീമിൽ. പരിശീലനമത്സരങ്ങൾക്ക് ശേഷം ഒന്നുറപ്പിച്ചു. ഈ വർഷം ഒരു പുതിയ ടീമിനെ പരീക്ഷിക്കാം. പരിചയസമ്പത്ത് + യുവത്വം (7+13). ടീമിലെ സഹായികളും പുതിയവരായിരിക്കട്ടെ. ഒത്തൊരുമയോടെ പ്രവർത്തിക്കാൻ കഴിവുള്ള കളിക്കാരും supporting staff ഉം വേണമെന്ന് ആഗ്രഹിച്ചിരുന്നു.

ടീമിൽ 5 u/21 കളിക്കാർ വേണമെന്നുള്ളതിനാൽ അവർക്ക് അവസരം നൽകിയേ പറ്റൂ. അവർക്കൊപ്പം കുറച്ച് യൂണിവേഴ്സിറ്റി കളിക്കാർ കൂടി ആയാൽ നന്നായിരിക്കും എന്ന് തോന്നി. അവരെ നയിക്കാൻ പരിചയസമ്പന്നരായ കുറച്ച് പേർ കൂടി. അങ്ങനെയാണ് ഈ ടീം പൂർണ്ണരൂപം കൊണ്ടത്. KFA selection ന് പിൻതുണ നൽകുകയും ചെയ്തു. 14 വർഷം നേടാൻ കഴിയാത്ത കപ്പ് നേടണമെങ്കിൽ ആ 14 വർഷത്തിൽ നിന്നും എന്തെങ്കിലും മാറ്റം അനിവാര്യവുമായിരുന്നു. എനിയ്ക്ക് കിട്ടിയ ആദ്യത്തെ അവസരം മോശമാകാനും പാടില്ലല്ലോ? അതുകൊണ്ട് തെക്ക് നിന്ന് യോഗ്യത നേടുകയെന്ന ലക്ഷ്യവുമായിട്ടാണ് ടീം ബാഗ്ളൂർക്ക് വണ്ടി കയറിയത്. പരിശീലന മത്സരങ്ങളിലെ വിജയം ടീമിന് നല്ല ആത്മവിശ്വാസം നൽകി. യോഗ്യതാമത്സരത്തിൽ ടീം 7 ഗോളിന് ആന്ധ്രയെ തകർത്തപ്പോൾ എന്റെ ആത്മവിശ്വാസം ഇരട്ടിയായി. ജിതിൻ എം.എസ്., ജിതിൻ ജി., രാഹുൽ കെ.പി., അഫ്ദാൽ, വിപിൻ തോമസ്, സജിത്ത് പുനലൂർ തുടങ്ങിയവരുടെ ഗോളടിക്കാനുള്ള കഴിവ് അവിടെ തുടങ്ങി.

ക്യാപ്റ്റൻ Rahul Raj, Vibin thomas, Lijo, Justin George (sreerag) തുടങ്ങിയ പ്രതിരോധക്കാരും, വൈസ് ക്യാപ്റ്റൻ സീസൺ ജിതിൻ ജി., രാഹുൽ കെ.പി., ജിതിൻ എം.എസ്. (ശ്രീക്കുട്ടൻ) തുടങ്ങിയ മധ്യനിരയും ഉറച്ചു നിന്നപ്പോൾ മറ്റ് ടീമുകൾക്ക് ഗോളടിക്കുകയെന്നത് ബാലികേറാമലയായി. സമനില മാത്രം മതിയായിരുന്നെങ്കിലും 3/4 ഗോളിന് ജയിക്കാമായിരുന്ന മത്സരം തമിഴ്നാടുമായി സമനിലയിൽ തന്നെ കുടുങ്ങിയാണ് അഖിലേന്ത്യാ മത്സരങ്ങൾക്ക് യോഗ്യത നേടിയത്.

സൗത്ത് സോൺ മത്സരങ്ങൾക്ക് ശേഷം ടീമിന് ഒരു മാസത്തിൽ കൂടുതൽ ഇടവേളയായത് ടീമിന്റെ ഫിറ്റ്നസിനെ ബാധിക്കുമോ എന്ന ആശങ്കയുണ്ടായി. അതിനുശേഷം 15 ദിവസം മാത്രമാണ് പരിശീലനത്തിനും പരിശീലന മത്സരത്തിനും കൂടി ലഭിച്ചത്. SBI യിലെ 5 കളിക്കാർ Department കളികൾ കഴിഞ്ഞ് മാർച്ച് 6-ാം തീയതിയാണ് ക്യാമ്പിൽ എത്തിയത്. ഗ്രൂപ്പിൽ മണിപ്പൂർ,ബംഗാൾ, മഹാരാഷ്ട്ര തുടങ്ങിയ പ്രഗദ്ഭരായ ടീമുകൾ വന്ന് പെട്ടപ്പോൾ വലിയ പ്രതീക്ഷ കല്പിച്ചില്ല ഫുട്ബോൾ പ്രേമികൾ. എന്നാൽ ആശ കൈവിടാത കൽക്കത്തയിലേക്ക് വണ്ടി കയറുമ്പോൾ ഒന്നേ മനസ്സിൽ ഉണ്ടായിരുന്നുള്ളൂ, ഗ്രൂപ്പിൽ രണ്ട് മത്സരങ്ങൾ ജയിക്കണം എന്നാൽ സെമി പ്രതീക്ഷിക്കാം. അതിനുള്ള തയ്യാറെടുപ്പായിരുന്നു പിന്നീട്. കൽക്കത്തയിൽ എത്തിയപ്പോൾ താമസം മാത്രമാണ് അനുകൂലമായിരുന്നത്. പരിശീലന ഗ്രൗണ്ടുകൾ വളരെ ദൂരെയായിരുന്നു. ഭക്ഷണം കളിക്കാർ ഇഷ്ടപ്പെടാതെയും വന്നു. ഇന്ത്യൻ ടീമിൽ എന്റെ കളിക്കാരനായിരുന്നു അൻസാരി എന്ന ബംഗാളി, അവരുടെ ക്ലബിൽ സൗകര്യമൊരുക്കി തന്നു. അതുപോലെ മലയാളിയായ മേജർ വില്ലിംഗ്ടണും സൗകര്യമൊരുക്കിത്തന്നു.

മാനേജർ Mr. ആസിഫിന്റെ പരിചയത്തിലൂടെ മലയാളി ഭക്ഷണം കൊണ്ടു വരാൻ തുടങ്ങിയെങ്കിലും സമയത്ത് എത്തിയ്ക്കാൻ കഴിയാത്തതിനാൽ ഉപേക്ഷിക്കേണ്ടി വന്നു. ഇത്തരം സാഹചര്യങ്ങളെയെല്ലാം ഒരു ബുദ്ധിമുട്ടും കൂടാതെ കളിക്കാർ തരണം ചെയ്തു. ആദ്യ മത്സരം 5-1 ന് ജയിച്ചപ്പോൾ മുതൽ ടീമിന്റെ സെമി പ്രതീക്ഷകൾക്ക് ചിറക് മുളച്ചു. മണിപ്പൂരും മഹാരാഷ്ട്രയും പഴയ പ്രതാപത്തിലല്ലാതായതും ടീമിന് ഗുണം ചെയ്തു. ബംഗാളിനെ തോല്പിച്ച് ഗ്രൂപ്പ് ചാമ്പ്യന്മാരായി സെമിയിൽ കർണ്ണാടകയോ, പഞ്ചാബോ, വരുമെന്ന പ്രതീക്ഷയിലിരിക്കുമ്പോഴാണ്, ഓർക്കാപ്പുറത്ത് മിസ്സോറാം കർണ്ണാടകയോട് തോറ്റ് കേരളവുമായി കളിക്കാൻ തയ്യാറെടുത്തത്. എന്നാൽ മിസ്സോറാമിനെ ശക്തമായ ഗയിം പ്ളാനിലൂടെ തകർത്ത് ഫൈനലിൽ പ്രവേശിച്ചപ്പോൾ കപ്പിൽ കുറഞ്ഞൊന്നും സ്വപ്നം കണ്ടിരുന്നില്ല. സെമിഫൈനലിൽ മിസോറാം വന്നത് ടീമിനുള്ളിൽ അല്പം മ്ലാനത പകർത്തിയെങ്കിലും സെമി ജയിച്ചാൽ കപ്പ് നമുക്ക് തന്നെയെന്ന് കളിക്കാരെ വിശ്വസിപ്പിച്ചു.

സെമി ഫൈനൽ ഫൈനലായി കണ്ട് നൂറു ശതമാനം കളി പുറത്തെ

**പതിനാല് വർഷങ്ങൾക്കുശേഷം ഒട്ടും പ്രതീക്ഷിക്കാതെ കേരളം നേടിയ സന്തോഷ് ട്രോഫി വിജയം അക്ഷരാർത്ഥത്തിൽ കേരള ജനത ആഘോഷിക്കുകയായിരുന്നു. ഫുട്ബോൾ പ്രേമികളായവർക്കു പുറമെ നമ്മുടെ നാടിന്റെ അഭിമാനനേട്ടമായി കരുതി കേരളം ഒന്നാകെ സന്തോഷത്തിന്റെ ആർപ്പ് വിളി മുഴക്കി.**




ടുക്കുക, അത് നന്നായി പാലിച്ചു. അഫ്ദാലിന്റെ ഒരു ഗോൾ മതിയായിരുന്നു, 90 മിനിട്ടിൽ കളി അവസാനിപ്പിക്കാൻ. ശക്തിയിലും skill ലും speed ലും finishing ലും മികവ് കാട്ടിയ മിസോറാമിനെ തോല്പിച്ചത്, ടീമിന് കൂടുതൽ കരുത്ത് പകർന്നു, മാത്രമല്ല ബംഗാളിന്റെ ആത്മവിശ്വാസത്തിൽ വിള്ളലേൽപ്പിയ്ക്കാനും സാധിച്ചു. മലയാളികളെ നെഞ്ചിടിപ്പിച്ച ഫൈനലായിരുന്നു salt lake stadium ത്തിൽ ഏപ്രിൽ 1 ന് നടന്നതെന്ന് എല്ലാവർക്കും അറിയാം. കൈവിട്ടു പോയെന്ന് കരുതി ട്രോഫി, മിഥുന്റെ കൈകൾക്ക് ശക്തിപകർന്നു കൊടുത്തും, കേരളത്തിനുവേണ്ടി penality കിക്ക് എടുത്തവർക്ക് പിഴയ്ക്കാതിരിക്കാൻ വേണ്ട വീര്യം പകർന്നു കൊടുത്തും 'സന്തോഷ് ട്രോഫി' 14 വർഷത്തെ കാത്തിരിപ്പിനുശേഷം കേരളത്തിൽ തിരികെ കൊണ്ടുവരാൻ സാധിച്ചതിൽ ഒരു പരിശീലകനെന്ന നിലയിൽ എനിക്ക് വളരെ ആത്മാഭിമാനം തോന്നുന്നു. പുതിയ കളിക്കാർക്ക് പ്രചോദനം കൂടിയാണ് ഈ വിജയം. ചരിത്രസംഭവമായ വിജയം കേരളത്തിലെ യുവതാരങ്ങൾക്ക് പ്രചോദനമാണ്. ആദ്യമായി ഇത്രയും യുവതാരങ്ങൾക്ക് അവസരം നൽകിയത് വരുംകാലങ്ങളിൽ നമുക്കും ടീമിലിടം കിട്ടുമെന്ന് പ്രതീക്ഷ യുവകളിക്കാർക്ക് ഊർജ്ജം പകരുമെന്നതിൽ സംശയമില്ല. ഇത് ജൂനിയർ തലത്തിലും, യൂണിവേഴ്സിറ്റി തലത്തിലും കളിക്കാരുടെ ആത്മാർത്ഥതയും ക്വാളിറ്റിയും ഉയർത്തുമെന്നതിൽ സംശയമില്ല. മുന്തിയ ക്ലബ്ബുകൾ ചെയ്യുന്നതുപോലെ യുവകളിക്കാരെ ടീമിലെടുത്തിട്ട് ബഞ്ചിലിരുത്തി അവരുടെ കഴിവിനെ നശിപ്പിക്കുന്നതിനുപകരം എല്ലാ കളിക്കാർക്കും അവസരം നൽകുകയാണുണ്ടായത്. ഇത്, കൂടുതൽ ചിന്തിപ്പിക്കാനും വരും തലമുറയെ അവർ സംസ്ഥാനത്തിനുവേണ്ടി അണിനിരക്കാൻ താല്പര്യം കാണിക്കും.

യുവകളിക്കാരെ പ്രോത്സാഹിപ്പിച്ചും നല്ല സ്നേഹബന്ധവും പുലർത്തിയ ടീമിലെ ക്യാപ്റ്റൻ രാഹുരാജ്, വൈസ് ക്യാപ്റ്റൻ സിസൺ, മിഥുൻ, ലിജോ, ശ്രീരാജ് തുടങ്ങിയ എല്ലാ മുതിർന്ന കളിക്കാരും ഈ വിജയത്തിന് നിർണ്ണായക പങ്ക് വഹിച്ചു. ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ് പുതിയതാരങ്ങൾ ഗോളടിച്ച് കൂട്ടിയത്. എം.എസ്. ജതിൻ എന്ന കളിക്കാരൻ യൂണിവേഴ്സിറ്റി മത്സരങ്ങളിൽ കാര്യമായ പ്രകടനം കാഴ്ച വെച്ചിരുന്നില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പിൽ പോലും വന്നില്ല. സന്തോഷ് ട്രോഫി ക്യാമ്പിൽ u/21 കളിക്കാരിൽ ഉൾപ്പെടുത്തി. അവിടെ കിട്ടിയ പരിശീലനവും പരിശീലനമത്സരത്തിൽ മുതിർന്ന താരങ്ങളിൽ നിന്നും കിട്ടിയ പ്രോത്സാഹനവുമാണ് ജിതിൻ എന്ന തരോദയം സന്തോഷ് ട്രോഫിയിൽ നമുക്ക് കാണാൻ സാധിച്ചത്. അതുപോലെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അവസരം ലഭിച്ചതുകൊണ്ടാണ് 'അനുരാഗ' എന്ന കളിക്കാരൻ സന്തോഷ്ട്രോഫി ടീമിൽ എത്തിയതും കേരളത്തിനഭിമാനമായതും. അഫ്ദാൽ, ജിതിൻ ജി., രാഹുൽ കെ.പി. ജെസ്റ്റിൻ, ശ്രീകുട്ടൻ എല്ലാവരും ഇതിനുദാഹരണമാണ്.

പതിനാല് വർഷങ്ങൾക്കുശേഷം ഒട്ടും പ്രതീക്ഷിക്കാതെ കേരളം നേടിയ സന്തോഷ് ട്രോഫി വിജയം അക്ഷരാർത്ഥത്തിൽ കേരള ജനത ആഘോഷിക്കുകയായിരുന്നു. ഫുട്ബോൾ പ്രേമികളായവർക്കു പുറമെ നമ്മുടെ നാടിന്റെ അഭിമാനനേട്ടമായി കരുതി കേരളം ഒന്നാകെ സന്തോഷത്തിന്റെ ആർപ്പ് വിളി മുഴക്കി. സുവർണ്ണ വിജയത്തിന്റെ മാറ്റ് കൂട്ടുന്നതിൽ കേരളത്തിലെ മാധ്യമങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. പന്തുകളിയുടെ മാഹാത്മ്യം പുതിയതലമുറയിലേക്ക് കൂടുതൽ പകരുന്നതിന് സന്തോഷ് ട്രോഫി വിജയം ഏറെ സഹായിച്ചു. ഈ ചരിത്ര നേട്ടത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് നമ്മുടെ ഇടതുപക്ഷ സർക്കാരും വിപുലമായ സ്വീകരണവും അനുമോദനവും സംഘടിപ്പിച്ചു. എല്ലാ കളിക്കാർക്കും മുഖ്യ പരിശീലകനും 2 ലക്ഷം രൂപ വീതവും സഹപരിശീലകനും മാനേജർക്കും ഒരു ലക്ഷം രൂപ വീതവും നൽകി. ജോലിയില്ലാതിരുന്ന 11 കളിക്കാർക്ക് ജോലി നൽകുകയും വീടില്ലാതിരുന്ന ഒരു കളിക്കാരന് വീടു വച്ച് നൽകുവാനും തീരുമാനിച്ചു. സർക്കാരിന്റെ ഇത്തരത്തിലെ പ്രോത്സാഹന സമീപനം ഏറെ പ്രശംസനീയവും ഭാവിയിൽ ഫുട്ബാളിന് പ്രചോദനം







നൽകുന്നതുമാണ്. നാളിതുവരെ കാണാത്ത രീതിയിലുള്ള സ്വീകരണങ്ങളും അനുമോദനങ്ങളുമാണ് കേരളത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ഫുട്ബാൾ കളിക്കാരുടെയും സംഘടനകളുടെയും സുഹൃത്തുക്കളുടെയും നാട്ടുകാരുടെയും നേതൃത്വത്തിൽ ടീം അംഗങ്ങൾക്കും എനിക്കും ലഭിച്ചത്. കേരളത്തിലെ ഫുട്ബോൾ രംഗത്തിന് ഇത് വളരെയധികം ഗുണം ചെയ്യുമെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്.

കേരളത്തിനു അഭിമാനകരമായ ഈ വിജയം ഒരുക്കുന്നതിന് എനിക്ക് എല്ലാ പിന്തുണയും തന്ന കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനും, കെ.എഫ്.എ യ്ക്കും സെലക്ടർമാർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി അധികൃതർ ദേവഗിരി കോളേജ് മാനേജ്മെന്റ്, സപ്പോർട്ടിംഗ് സ്റ്റാഫ്, മീഡിയ എല്ലാവർക്കും എന്റെയും ടീമിന്റെയും പ്രത്യേക നന്ദി.







# Feasibility Analysis of Unique ID (UID) Generation for Personal Authentication of Valuable Documents Using Dorsal Hand Vein Pattern

**Sajan Ambadiyil**, Center for Development of Imaging Technology, **Reema Jayarajan**,Jawaharlal College of Engineering and Technology, Palakkad - 679301
**VP Mahadevan Pillai** Department of Optoelectronics, University of Kerala and **Radhakrishna Prabhuda** Robert Gordon University, School of Engineering, Aberdeen, United Kingdom




Two of Sajan Ambadi's research inventions
**"Feasibility Analysis of Unique ID (UID) Generation for Personal Authentication of Valuable Documents Using Dorsal Hand Vein Pattern "** is going to present in SPIE , DEFENCE + SECURITY 2018 Conference going to held on 10–13 September 2018 in Berlin, Germany
&
**Method and Apparatus for Authenticating Security Holograms** is going to present the international holography Conference in Minsk, Belarus on 15-16 November 2018

Reliable personal authentication is critical and vital obligation to the security in all the real-world applications. The value of reliable personal authentication is not limited to just computer or network access. Several other applications in daily life related to valuable documents also require personal identification and authentication. The consequences of an insecure authentication may lead to catastrophe, denial of service, and loss of confidential data. In today's globally connected world, as the level of identity theft and security breaches are increasing in the fastest manner; the need for secure identification and authentication technologies is becoming apparent. Nevertheless, biometric features are effectively used for the personal authentication, in some cases the criminal impersonation is an easy task. The fingerprint is considered to be the most cost-effective method for personal identification, the credibility of such technology has been questioned due to the easily reproducible attacks. Personal identi-

The fingerprint is considered to be the most cost-effective method for personal identification, the credibility of such technology has been questioned due to the easily reproducible attacks.

fication using iris is the unique and distinguishable human feature, the scanners to obtain the precise structure of the above traits are very costly. Facial recognition method does not need any expensive equipment but requires the costliest software for feature processing. Hence, considering the cases of increasing identity theft, there is more reason than ever to ensure the reliable and cost-effective personal authentication. The vein biometric identification system has been gaining increased attention in recent years. Blood veins are moulded during the first eight weeks of gestation in a chaotic manner, influenced by the environment in a mother's womb. Anatomically, the shape of the vein pattern at the dorsal hand is unique for each even for identical twins and remains stable for a period. The veins are found inside the human body, so it is not possible to change or tamper the pattern. Besides, the vein pattern at the dorsal hand is hard to be copied or captured by the intruders compared to the biometric traits like the fingerprint. The objective of this work is to conduct a feasibility analysis of unique ID generation using dorsal hand vein pattern as the biometric authentication system for preventing identity theft of the valuable documents. Images of the vein pattern from the dorsal side of the hand are tried to capture using a regular type smartphone camera. Similarity check of the dorsal side of hand image taken at different time instances is conducted to ensure the repeatability of pattern structure for each. It is observed that the similarity index is insensitive to rotational, geometric translations. Vein pattern thus captured are used to extract the unique features. Numerical values generated from such unique feature are encrypted and used to create a unique ID. Data hiding technologies like Quick Response (QR) code which are cheaper and do not require specialized hardware for retrieving data is used for transferring biometric information into security documents for avoiding impersonation and secure authentication. This paper discussed in details about the method for the dorsal hand vein pattern capturing and its feature extraction and conversion to the unique ID and its feasibility to integrate to the valuable documents.

This paper discussed in details about the method for the dorsal hand vein pattern capturing and its feature extraction and conversion to the unique ID and its feasibility to integrate to the valuable documents.



achievement



ലളിതകലാ അക്കാദമി ചിത്ര-ശിൽപ്പ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

# Shajith grabs Kerala State Award



**സംസ്ഥാന ലളിതകലാ അക്കാദമിയുടെ പുരസ്കാര ജേതാവായ സ. ഷജിത്ത് ആർ.വി.ക്ക് സി.ഇ.എയുടെ ആശംസകൾ**



achievement

അഭിമുഖം

# വലിയ ലോകത്തിന്റെ വലിയ ഉപാസകൻ



നാഗരികതയുടെ ചില്ലകളിലേക്ക് ചേക്കേറുമ്പോഴും മഴയും മണ്ണും മരങ്ങളും നിറഞ്ഞ പ്രകൃതിയുടെ മടിത്തട്ടിൽ ഉറങ്ങി എഴുന്നേറ്റിരുന്ന ഗതകാലം മനുഷ്യരുടെ മനസിനെ പിന്തുടരുന്നുണ്ടാകാം. പ്രകൃതിയുടെ മാസ്മരികതയിൽ ലയിച്ചുനിന്ന ആ കുട്ടിക്കാലങ്ങളിൽ എവിടെയോ കുഞ്ഞുമനസുകൾ തിരിച്ചറിഞ്ഞിരുന്നിരിക്കണം ഈ പ്രകൃതി എത്ര വലിയൊരു ക്യാൻവാസാണെന്ന്. മുന്നിൽ നിന്നും ആ പ്രപഞ്ചം ഇല്ലാതായിക്കൊണ്ടിരിക്കുമ്പോഴും ഷജിത്ത് ആ കുട്ടിയാകുന്നു. കോൺക്രീറ്റ് കെട്ടിടങ്ങൾ പുറംതള്ളിയ പ്രകൃതിയുടെ മാസ്മരികതയ്ക്ക് തന്റെ മുന്നിലെ ക്യാൻവാസിൽ ചായങ്ങളാൽ അദ്ദേഹം പുനർജനി നൽകുന്നു. തന്റെ ഉള്ളിൽ നിറഞ്ഞു നിൽക്കുന്ന പ്രകൃതിയെ മറ്റുള്ളവർക്കും ആസ്വദിക്കാൻ അവസരമൊരുക്കുന്നു.

വലിയ ക്യാൻവാസുകളിൽ വരയ്ക്കാനാണ് ഷജിത്തിന് ഇഷ്ടം. ക്യാൻവാസിൽ നിറയുന്ന പ്രകൃതിയും അതിനുള്ളിലെവിടെയൊക്കെയോ കടുകുമണികൾ പോലെ ചെറിയ മനുഷ്യരും ജീവജാലങ്ങളും... കേരള ലളിതകലാ അക്കാഡമിയുടെ 2014–15, 2017– 2018 വർഷങ്ങളിലെ സംസ്ഥാന അവാർഡ് നേടിയ ആർ.ബി. ഷജിത്ത് സംസാരിക്കുന്നു.



**അനുജ**
സി–ഡിറ്റ് വെബ്ബ് ഡിവിഷൻ

**★ താങ്കളുടെ ചിത്രങ്ങളിൽ കൂടുതലും പ്രകൃതി തന്നെ വിഷയമായി വരുന്നവയാണ്. പ്രകൃതി ഇത്ര വലിയ സ്വാധീനമായത് എങ്ങനെയാണ്?**

കണ്ണൂരിലെ ഗ്രാമാന്തരീക്ഷത്തിലാണ് ഞാൻ ജനിച്ചുവളർന്നത്. അവിടെ വീടുകൾ ഒറ്റപ്പെട്ട സ്ഥലങ്ങളിലാണ്. ഒരു കുന്നിന്റെ താഴെയായിരുന്നു എന്റെ വീട്. അവിടെ നിന്നും അടുത്ത വീട്ടിലേക്ക് എത്താൻ ഒരുപാട് ദൂരം നടക്കണം. ഇടയിലെ വിജനമായ ഇടങ്ങൾ നൽകുന്ന സന്തോഷവും ഭയവുമെല്ലാം കുട്ടിക്കാലത്തിന്റെ മാത്രം ഓർമ്മകളാണ്.

ഓരോ സമയത്തും പ്രകൃതിക്ക് ഓരോ ഭാവങ്ങളാണ്. രാവിലെ ഓടാനും കളിക്കാനും പോകുമ്പോൾ കാണുന്ന പ്രകൃതിക്ക് കവുങ്ങ് പൂവിന്റെ മണം ഉണ്ടാകും. മഞ്ഞിന്റെ കുളിരുമായി വയൽ വരമ്പിലൂടെ നടന്നിരുന്നതൊക്കെ പറഞ്ഞറിയിക്കാനാകാത്ത അനുഭവങ്ങളാണ്. വൈകുന്നേരങ്ങളിൽ ഇവയ്ക്കെല്ലാം മറ്റൊരു ഭാവമാകും.

തെളിഞ്ഞൊഴുകുന്ന പുഴയിലേക്ക് ചാഞ്ഞുനിൽക്കുന്ന മരങ്ങളിലെല്ലാം പലമണവും നിറവുമുള്ള പൂക്കളാകും. കാടും കുന്നും മലയും പുഴയും അന്ന് മുതൽ തന്നെ വൈകാരികമായി ഏറെ അടുപ്പം തോന്നിയവയാണ്. പലനിറത്തിലെ ആകാശവും നീന്തിത്തുടിച്ച പുഴകളും ഒക്കെയാണ് ചിത്രങ്ങളിലേക്ക് പകരുന്നത്.

**പാബ്ലോ പിക്കാസോ, വാൻഗോഗ്, പോൾഗോഗിൻ, ഡേവിഡ് ഹോക്കിനി, ജാക്സൺ പൊള്ളോക്ക് തുടങ്ങിയ വരുടെ ചിത്രരചന വളരെ സ്വാധീനിച്ചിട്ടുണ്ട്.**

**★ ചിത്രകാരനിലേക്കുള്ള വളർച്ചയിൽ സ്വാധീനിച്ച ഘടകങ്ങൾ എന്തൊക്കെയാണ്?**

കുട്ടിക്കാലം മുതൽ വരയ്ക്കുമെങ്കിലും കോളേജ് ഓഫ് ഫൈൻ ആർട്സിൽ പഠിക്കുന്ന കാലത്താണ് ചിത്രകലയെ ഗൗരവത്തോടെ സമീപിക്കുന്നത്. അതിൽ പ്രധാനമായും ഞാൻ പഠിച്ചത് ഇന്ത്യൻ മുഗൾ മിനിയേച്ചറാണ്. കലയിൽ ഒരുപാട് മാറ്റങ്ങൾ കൊണ്ടുവരാൻ ഇന്ത്യൻ മിനിയേച്ചറിന് സാധിച്ചിട്ടുണ്ട്. മറ്റ് കലകളെ അപേക്ഷിച്ച് നോക്കുമ്പോൾ സംഗീതം അബ്സ്ട്രാക്ടാണ്. ആ സംഗീതത്തെപ്പോലും ദൃശ്യവത്കരിക്കാനുള്ള ശ്രമങ്ങൾ മുഗൾ മിനിയേച്ചർ നടത്തിയിട്ടുണ്ട്. കാലങ്ങളും ഋതുക്കളും അതിൽ ഘടകങ്ങളായി. ജീവജാലങ്ങളെല്ലാം അതിൽ വളരെ ചെറുതായിരിക്കും. പ്രകൃതിയാണ് വലുത്. ഇതെല്ലാം സ്വാധീനിച്ചിട്ടുണ്ട്. പ്രകൃതിക്ക് അതിന്റേതായ ജീവനുണ്ടെന്നും വികാരവും ഭാവവുമുണ്ടെന്നും തിരിച്ചറിഞ്ഞിട്ടുണ്ട്. പാബ്ലോ പിക്കാസോ, വാൻഗോഗ്, പോൾ ഗോഗിൻ, ഡേവിഡ് ഹോക്കിനി, ജാക്സൺ പൊള്ളോക്ക് തുടങ്ങിയവരുടെ ചിത്രരചന വളരെ സ്വാധീനിച്ചിട്ടുണ്ട്.



**★ വാട്ടർ കളറാണ് ചിത്രങ്ങളിൽ പ്രധാന മാധ്യമമായി ഉപയോഗിക്കുന്നത്. ഇത്രയും വലിയ ക്യാൻവാസിൽ വാട്ടർ കളർ ഉപയോഗിക്കുന്ന ചിത്രകാരന്മാർ അധികം ഉണ്ടാകാനിടയില്ല**

അതെ. ഇന്ത്യൻ കലാകാരന്മാർക്കിടയിൽ, പ്രത്യേകിച്ചും പുതിയ തലമുറയിൽ ഇത്തരം ശ്രമങ്ങൾ കുറവാണ്. ഓയി

ലിലോ അക്രിലിക്കിലോ ചിത്രം വരയ്ക്കുമ്പോൾ തിരുത്തലുകൾ വരുത്തണമെങ്കിൽ അതിനുള്ള അവസരമുണ്ട്. എന്നാൽ വാട്ടർ കളറിൽ അത് സാധ്യമല്ല. നിരന്തരമായ പരിശീലനം കൊണ്ട് മാത്രമേ വാട്ടർ കളറിൽ വലിയ ക്യാൻവാസിൽ വരയ്ക്കാൻ സാധിക്കൂ.

മുഗൾ മിനിയേച്ചറിൽ നിന്നാണ് ഞാൻ വാട്ടർ കളർ കൂടുതൽ ഉപയോഗിക്കാൻ പഠിക്കുന്നത്. വാട്ടർ കളറിന് ഒരു അബ്സ്ട്രാക്റ്റ് സ്വഭാവം ഉണ്ട്. വൈകാരികമായ ഭാവം നൽകുന്നതിന് ഏറ്റവും അധികം സാധ്യത നൽകുന്ന മാധ്യമമാണിത്. പണ്ട് മുതൽ തന്നെ ഉപയോഗിച്ച് പരിചിതമായതിനാൽ ഈ മാധ്യമം നന്നായി പ്രയോജനപ്പെടുത്താനാകുമെന്ന ആത്മവിശ്വാസം ഉണ്ട്.

ചൈനീസ് ആർട്ടിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് വാട്ടർ കളർ ആണ്. വെള്ളവും നിറവും പേപ്പറും കൃത്യമായ അനുപാതത്തിൽ വച്ച് ചെയ്യുമ്പോഴാണ് പലപ്പോഴും അവ മികച്ചതാകുന്നത്. വാൻഗോഗിന്റെ ആദ്യകാല വർക്കുകളിൽ ചൈനീസ് ചിത്രങ്ങളുടെ സ്വാധീനമുണ്ട്. എന്റെ പ്രിയപ്പെട്ട വിഷയവുമാണ് ചൈനീസ് ചിത്രരചനാ രീതി.

വളരെ വേഗതയിലാണ് ഞാൻ ചിത്രം വരയ്ക്കുന്നത്. ഒന്നോ രണ്ടോ മണിക്കൂറിനുള്ളിൽ പൂർത്തിയാക്കുന്നതാണ് എന്റെ രീതി. നിരന്തരം ശ്രമിച്ചാൽ മാത്രമേ ആ വേഗത ലഭിക്കുകയുള്ളൂ.




BACK TO THE LAP OF NATURE

**അൻപതോളം രാജ്യങ്ങളിൽ നിന്നുള്ള 150 ആർട്ടിസ്റ്റുകളുമായി അവിടെ ഒന്നിച്ച് പ്രവർത്തിക്കാനായി. പല രീതികളിലും വാട്ടർ കളറെന്ന മാധ്യമത്തെ ഉപയോഗിക്കുന്ന ആർട്ടിസ്റ്റുകളെ പരിചയപ്പെടാനായി.**

**★ ഷാർജയിൽ 2018 ൽ നടന്ന ഇന്റർനാഷണൽ വാട്ടർ കളർ ഫെസ്റ്റിവലിൽ പങ്കെടുക്കാൻ അവസരം ലഭിച്ച മൂന്ന് മലയാളികളിൽ ഒരാളാണ് താങ്കൾ. എങ്ങനെയാണ് തിരഞ്ഞെടുക്കപ്പെട്ടത്?**

ഇന്ത്യയിൽ നിന്ന് തന്നെ വളരെ കുറച്ച് പേർക്ക് മാത്രമാണ് പങ്കെടുക്കാൻ അവസരം ലഭിച്ചത്. മലയാളികളായി മൂന്ന് പേരാണ് ഉണ്ടായിരുന്നത്. യു.എ.ഇ. ആസ്ഥാനമായ ഐ.ഡബ്ല്യു.എസ്. എന്ന സംഘടനയാണ് ഫെസ്റ്റിവൽ സംഘടിപ്പിച്ചത്. അവർ ഫെസ്റ്റിവലിലേക്കായി ചിത്രങ്ങൾ ക്ഷണിച്ചിരുന്നു. ഇപ്പോൾ ലളിത കലാ അക്കാഡമിയുടെ അവാർഡ് കിട്ടിയ പെയിന്റിംഗിന്റെ അതേ സീരീസിൽ വരുന്ന അഞ്ചടി ഉയരമുള്ള മറ്റൊരു വർക്കാണ് ഇതിലേക്കായി തിരഞ്ഞെടുക്കപ്പെട്ടത്.

ചിത്രത്തിന് നല്ല സ്വീകാര്യത ലഭിച്ചിരുന്നു. അൻപതോളം രാജ്യങ്ങളിൽ നിന്നുള്ള 150 ആർട്ടിസ്റ്റുകളുമായി അവിടെ ഒന്നിച്ച് പ്രവർത്തിക്കാനായി. പല രീതികളിലും വാട്ടർ കളറെന്ന മാധ്യമത്തെ ഉപയോഗിക്കുന്ന ആർട്ടിസ്റ്റുകളെ പരിചയപ്പെടാനായി. അവരുടെ ശൈലികൾ അറിയാനും പരസ്പര സംവേദനം നടത്താനും സാധിച്ചു. ഫെസ്റ്റിവലിന് ഒടുവിൽ വലിയൊരു ക്യാൻവാസിലായി എല്ലാവരും ചേർന്ന് വലിയ സ്കെയിലിൽ ഒരു വർക്ക് ചെയ്തിരുന്നു. ചിത്രകലയ്ക്ക് ആഗോളതലത്തിൽ ഒരു ഭാഷയുണ്ട്. മറ്റെല്ലാ വ്യത്യാസങ്ങൾക്കും മുകളിൽ പരസ്പരം സംവേദനം നടത്താൻ അതിനാകും.

achievement

### കലാകാരന് സമൂഹത്തോടുള്ള ഉത്തരവാദിത്വത്തെ എങ്ങനെ നിർവചിക്കുന്നു?

ഞാൻ കൂടുതലും പാരിസ്ഥിതിക മായ കാര്യങ്ങളാണ് പറയാൻ ശ്രമി ക്കുന്നത്. എന്റെ നാട്ടിലെ തന്നെ പല സ്ഥലങ്ങളുമാണ് ചിത്രങ്ങളാ യി വരുന്നത്. വളരെ വൈകാരിക മായി എനിക്ക് ഉണ്ടായ തോന്നലു കളാണവ. ഇന്നുള്ള പ്രകൃതിയല്ല നാളെ ഉണ്ടാവുക, അവിടെയൊരു കോൺക്രീറ്റ് കെട്ടിടം ഉയർന്നേ ക്കാം. ഞാൻ കണ്ട കാലഘട്ടത്തെ അടയാളപ്പെടുത്തുന്ന രേഖയായി എന്റെ ചിത്രം മാറുകയാണ്. അത്ര യും നല്ലൊരു കാലം ഉണ്ടായിരുന്നു എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ് അതിലൂടെ. ആ ചുറ്റുപാടുകളെ വച്ച് നോക്കുമ്പോൾ നാം വളരെ ചെറുതാണ് എന്ന രാഷ്ട്രീയം തന്നെയാണ് ഞാൻ പറയുന്നത്.

കല പൂർണമായും രാഷ്ട്രീയപര മാകണം എന്നതാണ് ഇവിടുത്തെ പൊതുവായൊരു കാഴ്ചപ്പാട്. എപ്പോഴും പ്രതികരിക്കുന്നതാക ണം കല. എന്നാൽ പ്രതികരണം എങ്ങനെയും ആകാം. അത് കാ ലഘട്ടത്തെ അടയാളപ്പെടുത്തു ന്നതിലൂടെയും ആകാം. വലിയ ലോകത്തിലെ മനുഷ്യർ ഉൾപ്പെടെ യുള്ള ചെറിയ ജീവികളും അവ യുടെ ആകുലതകളുമാണ് എന്റെ രാഷ്ട്രീയം. സാഹിത്യത്തിലൂടെയോ പ്രസംഗത്തിലൂടെയോ നാടകത്തി ലൂടെയോ നടക്കുന്ന സമൂഹിക പരിഷ്കരണം ചിത്രകലയിലൂടെ സാദ്ധ്യമാകുമെന്ന് തോന്നുന്നില്ല. പിക്കാസോ ഗൂർണിക്ക വരച്ചു; അതുകൊണ്ട് പക്ഷേ സമൂഹത്തിൽ പ്രത്യേകിച്ച് മാറ്റമൊന്നും ഉണ്ടാ യില്ല.

തെരുവിൽ ബാനർ കെട്ടി വര ച്ച് പ്രതിഷേധിക്കുന്നത് ഏറ്റവും ക്ലീഷേ ആയിത്തീർന്ന നാടാണ് ഇത്. ചിത്രകല എല്ലാകാലത്തും അതിന്റേതായ സാമൂഹിക ഉത്തര വാദിത്വം നിറവേറ്റുന്നുണ്ട്. കാ ലഘട്ടത്തെ സാംസ്കാരികമായി അടയാളപ്പെടുത്തുക എന്നതാണ് അത് ചെയ്യുന്നത്.

### ചിത്രകലയിൽ മാത്രമല്ല, നാടകരംഗത്തും സജീവമാണ്...

ചിത്രകല പോലെ നാടകവും കുട്ടിക്കാലം മുതൽ തന്നെ ഒപ്പമുണ്ട്. ബാലസംഘം പോലെയുള്ള കുട്ടികളു ടെ സംഘങ്ങളിൽ സജീവമായിരുന്നു. കലകൾ പരസ് പര പൂരകങ്ങളായി നിൽക്കുന്ന ഒരുപാട് ഇടങ്ങളുണ്ട്. നാടകത്തിൽ തന്നെ ഓരോ രംഗവും ഓരോ ചിത്രങ്ങ ളാണ്. സംഗീതവും അഭിനയവും എല്ലാം പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു.

നാടകത്തിലേക്ക് ഗൗരവമായി കടന്നുവരുന്നത് കാലടി സംസ്കൃത സർവ്വകലാശാലയിൽ പഠിക്കുമ്പോഴാണ്. രമേശ് വർമ്മ, ഗോപൻ ചിദംബരം തുടങ്ങിയ പ്രശസ് തരായ പലരോടുമൊപ്പം നാടകസംഘങ്ങൾ ഉണ്ടാക്കു ന്നതിലൂടെയാണ് ഇതിൽ സജീവമായി. കഴിഞ്ഞ പത്ത് വർഷമായി കൊല്ലത്ത് നാടകരംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. കൊല്ലം നീരാവിൽ പ്രകാശ് കലാ കേന്ദ്രം ആന്റൺ ചെക്കോവിന്റെ 'ബെറ്റ്' എന്ന കഥ യെ ആസ്പദമാക്കി ചെയ്ത് ശ്രദ്ധ നേടിയ 'ഏകാന്തം' എന്ന നാടകത്തിലാണ് ഏറ്റവും ഒടുവിൽ പ്രവർത്തിച്ച ത്. വീഡിയോ ആർട്ടാണ് അതിൽ ചെയ്യുന്നത്.

നാടകവും സംഗീതവും അഭിനയവും ചിത്രകലയും എല്ലാം പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നത് കൊണ്ട് അതിൽ ഇടപെടാൻ എളുപ്പമാണ്. പ്രകാശ് കലാകേ ന്ദ്രവുമായി ബന്ധപ്പെട്ട് തന്നെ 20 ഓളം നാടകങ്ങൾ ചെയ്യാനായി. അഭിനയത്തിലും സാങ്കേതിക മേഖലയി ലും എല്ലാം പ്രവർത്തിച്ചിട്ടുണ്ട്. കല മനുഷ്യനെ ഉണർ ത്തുന്ന ഇടമായതിനാൽ അത് നൽകുന്ന ഊർജ്ജം മറ്റെന്തിനെങ്കിലും നൽകാനാകുമോ എന്ന് സംശയമു ണ്ട്.








**ലളിതകലാ അക്കാഡമിയുടെ സംസ്ഥാന അവാർഡ്നേടിയ 'ലവർ' എന്ന ചിത്രത്തെക്കുറിച്ച്...**

വാട്ടർ കളറിൽ ചെയ്ത ലവർ സീരീസി ലെ 'ലവർ 24' എന്ന ചിത്രത്തിനാണ് ഇപ്പോൾ അവാർഡ് ലഭിച്ചത്. അഞ്ച് അടി വീതിയും നാലടി ഉയരവുമുള്ള ചി ത്രമാണത്. നാട്ടിലെ തന്നെ സ്ഥലമാണ് വരച്ചിരിക്കുന്നത്. ഓടുന്ന ഒരു മയിലും പുഴയും പാലവും ചിത്രത്തിൽ ഉണ്ട്. മയിൽ അതിന്റെ ഇണയെ തേടുന്നതാ കാം... ഞാൻ പ്രകൃതിയെ തേടുന്നതാ കാം... പ്രകൃതിയോടുള്ള എന്റെ തന്നെ പ്രണയമാണ് എന്റെ ചിത്രങ്ങൾ. ഇതിന് മുൻപ് ചെയ്ത 'മഴയ്ക്ക് ശേഷം' (ആഫ് റ്റർ റെയിൻ) എന്ന സീരീസിലെ ചിത്ര ത്തിനാണ് ആദ്യം ലളിതകലാ അക്കാഡ മിയുടെ അവാർഡ് ലഭിച്ചത്.

**ജനിച്ചത് കണ്ണൂരാണെങ്കിലും ഇപ്പോൾ താമസിക്കുന്നത് കൊല്ലത്താണ്. കലാകാരനെന്ന നിലയിൽ ഈ രണ്ട് സ്ഥലങ്ങളുടേയും സ്വാധീനം എങ്ങനെയാണ്?**

ജനിച്ചത് കണ്ണൂരാണെങ്കിലും ഇപ്പോൾ താ മസിക്കുന്നത് കൊല്ലത്താണ്. സ്ഥലത്തിന്റെ യും രാജ്യത്തിന്റേയുമെല്ലാം അതിർത്തിക്ക് അപ്പുറത്താണ് കലാകാരന്റെ മേഖല. നാം എവിടെ നിന്നാലും അതിന്റെ ഭാഷ ലോക ത്താകമാനം ഒന്നാണ്. കണ്ണൂരിൽ നിന്നും ഇവിടേക്ക് എത്തുമ്പോൾ ശൈലികളിൽ ചില വ്യത്യാസങ്ങൾ ഉണ്ടായേക്കാം. ചിത്രകാരൻ അയാളുടെ രാഷ്ട്രീയ നിലപാടുകൾ കൈ ക്കൊള്ളേണ്ടതും അന്വേഷണങ്ങൾ നടത്തേ ണ്ടതും ഒറ്റയ്ക്ക് തന്നെയാണ്. അതിനാൽ ഇടങ്ങൾ ബാധിക്കുന്നതായി തോന്നിയിട്ടില്ല. സാഹചര്യങ്ങൾ വ്യത്യസ്തമായേക്കാം. എങ്കിലും ഉള്ളടക്കം നാം സ്വയം ആർജ്ജി ച്ചെടുക്കേണ്ടതാണ്.

**ചിത്രകലാ അധ്യാപകനും കൂടിയാണ് താങ്കൾ. ഇന്ന് ചിത്രകലാ പഠനത്തിന് കൂടുതൽ സാദ്ധ്യത ഉള്ളതായി തോന്നുന്നുണ്ടോ?**

ഇന്ന് എന്ത് പഠിക്കാനും ഒരുപാട് അവസരങ്ങ ളുണ്ട്. ഇന്റർനെറ്റ് അതിനുള്ള വലിയ സാധ്യത നൽകുന്നുണ്ട്. ഇന്റെർനാഷണൽ ജേണലുകൾ, ഗ്യാലറികൾ, ആർട്ടിസ്സ്റ്റുകളെ നേരിട്ട് കാണാ നും അവരോട് സംവദിക്കാനും ഒക്കെ സഹാ യകമാകുന്ന ബിനാലെകൾ എന്നിവയൊക്കെ ഇന്ന് ഏറെയുണ്ട്. എല്ലാ സാധ്യതകളും ഉപ യോഗപ്പെടുത്തിയാൽ മാത്രമേ ഇന്റർനാഷണൽ നിലവാരത്തിലേക്ക് ഉയരാനാകൂ.

സ്കൂൾ തലം തൊട്ട് സാഹിത്യവും മറ്റും പ ഠിക്കാനും പരിചിതമാകുവാനുമുള്ള അവസരം കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. എന്നാൽ ചിത്രകല യെക്കുറിച്ചോ ആ കല എങ്ങനെയാണ് ആസ്വ ദിക്കേണ്ടത് എന്നതിനെക്കുറിച്ചോ എങ്ങും പ ഠിക്കുന്നില്ല. വിഷ്വൽ ലാംഗ്വേജിന്റെ കുറവ് അടി സ്ഥാന വിദ്യാഭ്യാസത്തിൽ അന്നും ഇന്നും ഈ അപര്യാപ്തതയായി ഉണ്ട്.

മറ്റുള്ള കലകളുടെ അത്ര പിന്തുണ ചിത്രകല യ്ക്ക് ലഭിക്കുന്നില്ലെങ്കിലും സ്ഥിതിയിൽ മാറ്റം ഉണ്ടാകുന്നുണ്ട്. ഇനിയുള്ള കാലത്ത് വിഷ്വൽ മീഡിയയ്ക്ക്- ഇലക്ട്രോണിക് ആയാലും പ്രിന്റ് ആയാലും, വലിയ സാധ്യതയുണ്ട്. അത് ഗൗര വമായി കാണണം. എങ്കിൽ മാത്രമേ ലോകമാറ്റ ങ്ങൾക്കൊപ്പം നമ്മളും എത്തിച്ചേരുകയുള്ളൂ.


THE PULL OF NATURE

**കുടുംബം**

ഭാര്യ സ്മിത എം.ബാബു തിയേറ്റർ ആർട്ടിസ്റ്റും ചിത്രകാരിയും നർത്തകിയുമാണ്. 'ഛായാമുഖി' അടക്കമുള്ള നാടകങ്ങളിൽ ശ്രദ്ധേയമായ വേഷ ങ്ങൾ ചെയ്തിട്ടുണ്ട്. 'ഏകാന്തം' എന്ന നാടക ത്തിൽ പ്രധാന റോൾ ചെയ്യുന്നു. ഓയിൽ പെ യിൻറിൽ സെൽഫ് പോർട്രെയ്റ്റ് രീതിയിലുള്ള ചിത്രങ്ങളാണ് കൂടുതൽ ചെയ്യുന്നത്. മക്കൾ അകിരയും റിവേരയും വിദ്യാർത്ഥികളാണ്.

PHOTOSTORY

# ഓണാഘോഷം @ 2017 സി-ഡിറ്റ്































ONAM
@
**cdit** photo story






# ഓണാഘോഷം @ 2017 സി-ഡിറ്റ്



































# ഓണാഘോഷം @ സി-ഡിറ്റ്














# സീൻലെറ്റ് പ്രകാശനം 2017





**SREE SAI POWER**




T.C 4/1510,
Devaswom Board Jn.,
Kowdiar P.O.,
Trivandrum-3

**9447018598 • sureshsreesaipowers@gmail.com**

**15 KVA to 500 KVA Diesel Generator for Hire**




# സോഷ്യൽ മീഡിയയിലെ
# ആൾക്കൂട്ടക്കൊല



**ജിബി പി. എബ്രഹാം**

സോഷ്യൽ മീഡിയ ഇന്ന് വർത്തമാനകാല ജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു.ഓരോ ദിവസവും നടക്കുന്ന എല്ലാ സംഭവങ്ങളും സോഷ്യൽ മീഡിയ ചർച്ച ചെയ്യുന്ന അല്ലെങ്കിൽ സോഷ്യൽ മീഡിയയുടെ ഇടപെടൽ കൊണ്ട് സജീവമാകുന്നു എന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിച്ചിരിക്കുകയാണ്. ഏറ്റവും ഒടുവിലായി സമൂഹ മാധ്യമത്തിന്റെ ഇടപെടലിനു വിധേയമായതിലൂടെ കേരള മനസാക്ഷിയുടെ മനം കവർന്ന വ്യക്തിയാണ് ഹനാൻ. വിദ്യാർത്ഥിയായിരിക്കെ തന്നെ ജീവിത പ്രാരാബ്ധങ്ങളുടെ സമ്മർദ്ദം മൂലം ഉപജീവന മാർഗത്തിനായി കോളേജ് യൂണീഫോം ധരിച്ച് മീൻ വിൽപ്പന നടത്തിയതിലൂടെയാണ് ഹനാൻ സോഷ്യൽ മീഡിയയുടെ ആക്രമണത്തിന് വിധേയയായത്. ഹനാൻ സമൂഹത്തെ വഞ്ചിക്കുന്നു എന്ന നിലയിൽ തുടങ്ങിയ ആരോപണം ശരവേഗത്തിൽ വ്യക്തി ഹത്യയുടെ നിലയിലേയ്ക്ക് ഉയരുകയായിരുന്നു. ഹനാൻ എന്ന വ്യക്തി പരിഗണന അർഹിക്കുന്ന ഒരു പെൺകുട്ടിയാണെന്നത് പോലും മറന്നുള്ള ആക്രമണമായിരുന്നു സോഷ്യൽ മീഡിയ നടത്തിയത്. കേരളത്തെ ഞെട്ടിച്ച സമൂഹ മാധ്യമത്തിലൂടെയുള്ള ഈ ആൾക്കൂട്ടക്കൊലയുടെ ചേതോവികാരം എന്തായിരുന്നു എന്നത് ഒരു പരിചിന്തനത്തിന് വിധേയമാക്കുമ്പോൾ വെളിവാക്കപ്പെടുന്ന യാഥാർത്ഥ്യങ്ങൾ നമ്മുടെ സമൂഹത്തിന്റെ വികല സങ്കൽപ്പങ്ങൾ തുറന്നു കാണിക്കുന്നു.

സമൂഹമാധ്യമങ്ങളുടെ ആവിർഭാവത്തോടെ അഭിപ്രായം തുറന്നു പറയുന്നതിനുള്ള ഒരു പൊതുഇടം സാധാരണക്കാരന് തുറന്നു കിട്ടിയിരിക്കുകയാണ്. ഇവിടെ ജാതിയോ മതമോ വിദ്യാഭ്യാസമോ സംസ്കാരമോ ഒന്നും അഭിപ്രായ പ്രകടനത്തിന് മാനദണ്ഡമാകുന്നില്ല. മറ്റെങ്ങും കിട്ടാനിടയില്ലാത്ത സ്വാതന്ത്ര്യം ഈ പൊതുഇടം ഒരു വ്യക്തിക്ക് നൽകുന്നുവെന്നതാണ് ഇതിന്റെ അപകടം. സമൂഹ മാധ്യമം ഒരു ആൾക്കൂട്ടമാണ്. ഇവിടെ പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായമാണ്

ആൾക്കൂട്ടത്തെ സൃഷ്ടിക്കുന്നത്. അപ്രകാരം സൃഷ്ടിക്കപ്പെടുന്ന ആൾക്കൂട്ടത്തിന് മനുഷ്യത്വത്തിന്റെ ലാവണ്യം ഇല്ല. എന്തും ചോദിക്കാം, പറയാം എന്ന അവസ്ഥയിലൂടെ അപമാനിക്കപ്പെടുന്നത് ആക്രമണത്തിന് വിധേയമാകുന്നവരുടെ ജീവിതമാണ്. ദാരിദ്ര്യം എന്നാൽ കുനിഞ്ഞ ശിരസ്സുമായി നമ്മുടെ മുമ്പിൽ കൈനീട്ടലാണെന്ന ബോധ്യമുള്ള ആൾക്കൂട്ടം ഹനാൻ എന്ന പെൺകുട്ടി മീൻ വിൽക്കുന്നതിനെ അധിക്ഷേപിക്കുന്നു. ദരിദ്രർക്ക് ആത്മവിശ്വാസം ഉണ്ടാകാൻ പാടില്ല. അവർക്ക് ആഗ്രഹം എന്നത് നിഷിദ്ധമാണ്. അതിജീവനമെന്നാൽ കൈനീട്ടി ഓഛാനിച്ചു നിൽക്കുന്നതാണെന്ന് വിധിയെഴുതുകയാണ് ആൾക്കൂട്ടം. പെട്ടെന്ന് 'ലൈക്ക്' കിട്ടുന്നതിനുള്ള വ്യഗ്രതയ്ക്ക് വേണ്ടി എന്തും എഴുതുന്ന പ്രവണത ഈ ആൾക്കൂട്ടത്തിന്റെ സ്വഭാവമായി മാറുന്നു. എന്റെ വെറുപ്പും വിദ്വേഷവും പകയും തീർക്കുന്നതിനുള്ള ഇടമായി സോഷ്യൽ മീഡിയയെ ഉപയോഗിക്കുന്നതിലാണ് അപകടം. അരക്ഷിതാവസ്ഥ മുതലെടുത്താണ് ആൾക്കൂട്ടം രൂപപ്പെടുന്നത്. ഒരു വലിയ ആൾക്കൂട്ടത്തിന്റെ ഭാഗമാണ് ഞാനും എന്നത് എന്തും പ്രകടിപ്പിക്കാനുള്ള ധൈര്യം നൽകുന്നു. പലപ്പോഴും ആൾക്കൂട്ടക്കൊലയ്ക്ക് പിൻബലം ഊഹാപോഹങ്ങൾ മാത്രമാണ്. ഇവിടെ യുക്തിയ്ക്കോ യാഥാർത്ഥ്യത്തിനോ പലപ്പോഴും സ്ഥാനം ഇല്ല.

'ഓരോ വ്യക്തിയിലും ഒരു ആൾക്കൂട്ട മനസ്സുണ്ട്. ഈ മനസ്സിന് ഒരു നശീകരണ പ്രവണതയും ഉണ്ട്' എന്ന് സാഹിത്യകാരനായ കൽപറ്റ നാരായണൻ പറയുന്നു. ഇതിന്റെ പ്രവർത്തനം തൽക്ഷണമാണ്. മുന്നാലോചന ഇല്ല. ഇതിനുള്ള അവസരം സോഷ്യൽ മീഡിയ ഒരുക്കുന്നു. ഇരകൾക്ക് എന്തു സംഭവിക്കുന്നുവെന്നത് അവർക്ക് പ്രശ്നമല്ല. 'ഞാൻ പറയുന്നത് എന്റെ അഭിപ്രായമല്ലേ' എന്ന് ചോദിക്കാം. എന്നാൽ ഇടം 'പൊതു' ആകുമ്പോൾ ചോദ്യത്തിനും അഭിപ്രായത്തിനും വ്യക്തിഹത്യ എന്ന പരിവേഷം കൈവരുന്നുവെന്നത് നാം മറന്നുപോകുന്ന യാഥാർത്ഥ്യമാണ്. വസ്തുത ഇല്ലാത്ത പ്രചരണം തെറ്റ് മാത്രമല്ല കുറ്റകരവുമാണ്. ചിലർക്ക് സോഷ്യൽ മീഡിയ ശക്തി പ്രകടനം നടത്താനുള്ള വേദിയായി മാറുന്നു. ഇവിടെ ഒരു സംഘചലനവും പ്രവർത്തനവും സൂക്ഷിച്ചു നോക്കിയാൽ കാണാനാവും. വിയോജിപ്പുകൾ പറയുമ്പോഴും അതു വ്യക്തിയുടെ ജീവിക്കാനുള്ള അവകാശത്തെ ഇല്ലാതാക്കുന്നത് ആവരുത് എന്നത് ഓർമ്മയിൽ വരണം. എവിടെ നിന്നും പോസ്റ്റ് ചെയ്യാമെന്നതാണ് സോഷ്യൽ മീഡിയയുടെ സാധ്യത. സൈബർ ഇടങ്ങളിലേയ്ക്ക് പൂർണ്ണമായും കയറിച്ചെല്ലുന്നതിനോ നടപടി സ്വീകരിക്കുന്നതിനോ നിയമ സംവിധാനത്തിനുള്ള പരിമിതിയും സോഷ്യൽ മീഡിയയുടെ ആൾക്കൂട്ടക്കൊലയ്ക്ക് പ്രേരണയേറുന്നു.




പശുവിന്റെ പേരിൽ ജീവനെടുക്കുന്നതിനു രാജ്യത്തിന്റെ പലഭാഗത്തും നിമിത്തമായത് സോഷ്യൽ മീഡിയയുടെ പ്രചരണമാണ്. ഇതു പരിഷ്കൃത സമൂഹത്തിനു ഭൂഷണമല്ല എന്നത് ഇനിയും നാം തിരിച്ചറിഞ്ഞിട്ടില്ല. ഒരാളുടെ സ്വകാര്യതയിലേയ്ക്ക് കടന്നുകയറി അയാളെ ആക്രമിച്ച് ഇല്ലാതാക്കുന്നത് തടയുവാൻ നമ്മുടെ നിയമസംവിധാനത്തിന് ബാധ്യതയുണ്ട്. സംഘടിതമായി റോന്തു ചുറ്റുന്ന ക്വട്ടേഷൻ സംഘങ്ങളുടെ സ്ഥിതിയിലേയ്ക്ക് നമ്മുടെ നാട്ടിലെ ചില സൈബർ ആക്രമണങ്ങൾ രൂപപ്പെടുവെന്നത് തികച്ചും ഗൗരവമായി കാണേണ്ടിയിരിക്കുന്നു. ഒരാളെ ആക്രമിക്കുന്നതിനോ പക തീർക്കുന്നതിനോ 'പൊങ്കാല' എന്ന ഒരു പദപ്രയോഗം തന്നെ കേരളത്തിലെ സമൂഹ മാധ്യമ മേഖല കടം കൊണ്ടിരിക്കുന്നു.


സോഷ്യൽ മീഡിയയിലെ സമീപകാല ആൾക്കൂട്ട ആക്രമണത്തിൽ നിന്നും ഉരുത്തിരിയുന്ന പൊതു തത്വം ഇതാണ്. സോഷ്യൽ മീഡിയയിൽ പ്രത്യക്ഷപ്പെടുന്ന വാർത്തകൾക്ക് പിന്നിൽ 'പുരുഷൻ ആണെങ്കിൽ അതു അവന്റെ സ്വത്വം' ആയി കാണുന്നതിനും നേരെ മറിച്ച് 'സ്ത്രീ ആണെങ്കിൽ ഒരു ശരീരം' എന്ന നിലയിലും മാത്രം കാണുന്ന നിലയിലേക്ക് സോഷ്യൽ മീഡിയ ഇടം മാറിക്കഴിഞ്ഞിരിക്കുന്നു.

സാധാരണക്കാരന്റെ അവകാശമായ 'സൈബർ ഇടം' സ്വതന്ത്രമായി നിലനിർത്തുന്നതിനായി സാമൂഹ്യ ഇടപെടലും നിയമ സംരക്ഷണവും അനിവാര്യമാണ്. സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി പൊതു സ്ഥലങ്ങളിലെ പെരുമാറ്റ രീതികൾ സംബന്ധിച്ച കാര്യങ്ങൾ ചെറുപ്പത്തിൽ തന്നെ പഠിപ്പിക്കുന്നതിന്റെ ചുവട് പിടിച്ച് സമൂഹ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന പൊതു 'സൈബർ ഇട' ത്തിലെ പെരുമാറ്റ രീതികൾ സംബന്ധിച്ച പാഠ്യക്രമവും സ്കൂൾ തലം തുടങ്ങി എല്ലാമേഖലയിലേയ്ക്കും വ്യാപിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായി മാറിക്കഴിഞ്ഞിരിക്കുന്നു. മാറുന്ന കേരളത്തിന്റെ സൈബർ ഇടം നൽകുന്ന സൂചനകൾ അടിയന്തരമായി ഉൾക്കൊണ്ട് പരിഹാര നടപടികൾ സ്വീകരിക്കാത്തപക്ഷം ഉണ്ടാവാനിടയുള്ള വിപത്ത് വലുതായിരിക്കും

# മലബാർ കലകളിലൂടെ



photo: rajeevanramas



**ശ്രീജിത്ത് എ.കെ.**
യുവകലാ പ്രതിഭാ പുരസ്കാര ജേതാവ്

കേരള സംസ്കാരത്തെ പ്രതിബിംബിപ്പിക്കുന്നതാണ് നമ്മുടെ കലകൾ. മാനസികവും ആധ്യാത്മികവുമായ നമ്മുടെ പുരോഗതിയുടെ മാനദണ്ഡവും അതുതന്നെയാണ്. ലോകം അത്ഭുതാദരങ്ങളോടെ നോക്കിക്കാണുന്ന ഒട്ടേറെ കലാരൂപങ്ങൾ നമുക്കുണ്ട്. ഉത്തര മലബാറിൻറെ സാംസ്കാരിക തലസ്ഥാനമായ പയ്യന്നൂരിൽ കണ്ടുവരുന്ന അത്യപൂർവമായ കലാരൂപമാണ് പയ്യന്നൂർ കോൽക്കളി. നൃത്തത്തെയും ശാസ്ത്രീയസംഗീതത്തിൽയും മെയ്‌വഴക്കംത്തിൻറെയുംസവിശേഷകലാരൂപമാണ് പയ്യന്നൂർ കോൽക്കളി.കോൽക്കളിയിൽ നീണ്ട കാലത്തെ പാരമ്പര്യം അവകാശപ്പെടാവുന്ന പ്രദേശമാണ് കണ്ണൂർ ജില്ലയിലെ പയ്യന്നൂർ. പയ്യന്നൂരിലെ ആനിടിൽ രാമൻ എഴുത്തച്ഛൻ ഭക്തിരസപ്രധാനമായ ഒട്ടേറെ കോൽക്കളി ഗാനങ്ങൾ എഴുതിയിട്ടുണ്ട്. കലാശപ്പാട്ട് എന്ന കൃതി ഇതിൽ ശ്രദ്ധേയമാണ്. എതാണ്ടു 150 വർഷം മുൻപ് എഴുതിയ ഈ  കൃതിയിലെ പാട്ടുകൾ കോൽക്കളിക്കായി എഴുതിയതാണെന്ന് പാട്ടിൽ തന്നെ വ്യക്തമാക്കുന്നുണ്ട്. സമീപകാലത്ത് മലയാള കവിതകളും മറ്റും കോൽക്കളിക്കനുരിച്ച് ചിട്ടപ്പെടുത്തി പാടാറുണ്ട്. വള്ളത്തോളിന്റെയും കുമാരനാശാന്റെയും കവിതകൾ ധാരാളമായി ഉപയോഗിച്ചു വരുന്നുണ്ട്. സാക്ഷരതാപ്രവർത്തനങ്ങളുടെ കാലയളവിൽ പ്രചരണത്തിനായി ധാരാളം പുതിയ കവിതകളും കോൽക്കളിക്കായി ഉപയോഗിച്ചിരുന്നു.. പദഭംഗിയും താളാത്മകതയും കോൽക്കളി പാട്ടുകളുടെ പ്രത്യേകതകളാണ്. ചുരുങ്ങിയത് പതിനാറ് കളിക്കാരെങ്കിലും വേണം  മെയ്യും കണ്ണും കോലും ഒത്തിണങ്ങിയാലെ കളി നന്നാവൂ.





കളരിയഭ്യാസവുമായും പൂരക്കളിയുമായും അഭേദ്യ ബന്ധം കോൽക്കളിക്കുണ്ട്. കളിയിൽ പ്രയോഗത്തിലുള്ള ചുവടുകളും മെയ്യഭ്യാസമുറകളും കളരിയിൽ നിന്നും പകർത്തിയതാണെന്നു പറയാം. കോൽക്കളിയിൽ പ്രചാരത്തിലുള്ള വന്ദനം, കളി തൊഴൽ, ചിന്ത് തുടങ്ങിയ രീതികൾ പൂരക്കളിയിലും പ്രയോഗത്തിൽ ഉള്ളവയാണ്. അങ്കക്കളരിയിലെ വായ്ത്താരിയും അവയുടെ താളവും കോൽക്കളിപ്പാട്ടുകളേയും താളക്രമങ്ങളേയും കാര്യമായി സ്വാധീനിച്ചിട്ടുണ്ട്.

കളിക്കാർ നിലവിളക്കിന് ചുറ്റും നിന്നു കൊണ്ടാണ് കളിക്കുന്നത്. ഓരോ കളിക്കാരന്റെ കൈയിലും രണ്ടു കോലുകൾ വീതം കാണും. കൈയിലുള്ള കോലു കൊണ്ട് അന്യോന്യം അടിക്കുകയും തടുക്കുകയും ചെയ്തു കൊണ്ടാണ് കളി മുന്നേറുന്നത്. കളരി മുറകളോടു് സാമ്യമുള്ള മെയ്യഭ്യാസം കളിയിലുടനീളം പ്രകടമാണ്.

കോൽക്കളിയിൽ ആദ്യം വന്ദനക്കളിയാണ്. വന്ദനം കഴിഞ്ഞാൽ മറ്റു സമ്പ്രദായത്തിലുള്ള കളികൾ കളിക്കും. ഇരുന്നുകളി, തടുത്തുകളി, താളക്കളി, കൊടുത്തൊ പോന്ന കളി, തടുത്തു തെറ്റിക്കോൽ, ഒരു മണി മുത്ത്, ചുറഞ്ഞു ചുറ്റൽ, ചിന്ത് തുടങ്ങിയ വിഭാഗങ്ങളിലും ഉപവിഭാഗങ്ങളിലുമായി അറുപതിൽപ്പരം ഇനങ്ങൾ കോൽക്കളിയിൽ പ്രചാരത്തിലുണ്ട്. ഒരോ കളിക്കും പ്രത്യേക താളവട്ടങ്ങളുണ്ട്. താളങ്ങൾക്കനുസരിച്ച ഗാനങ്ങളാണ് പാടുന്നത്. വൈവിധ്യമാർന്ന താളങ്ങളുടെ സമ്മിശ്രമാണ് കോൽക്കളിപ്പാട്ടുകൾ. ഭക്തിരസ പ്രധാനമായ കഥകളോടൊപ്പം പ്രാദേശിക ദേവതമാരുടെ വിശദമായ വിവരണങ്ങളും അടങ്ങുന്നവയാണ് ഈ പാട്ടുകൾ.

ദിത്തത്തത്ത ധിന്തത്താ കിടധിത്തൈ ധിമിത്തതില്ലത്തൈ എന്ന പ്രത്യേക താളക്രമത്തിലാണു വന്ദനക്കളി കളിക്കുന്നത്. ഇരുന്നു കൊണ്ട് കോലടിച്ചാണ് ഇരുന്നു കളി. തടുത്തുകളിയിൽ ഒരു വട്ടത്തിനുള്ളിൽ പകുതിഭാഗം കളിക്കാർ അകത്തും മറ്റേ പകുതി ഭാഗം പുറത്തു നിന്നും അന്യോന്യം തടുത്തു കളിക്കുന്നു. വ്യത്യസ്ത താളക്രമത്തിലുള്ള തടുത്തു കളിയാണു താളക്കളി.ഒറ്റക്കളിയണ് ഒരുമണിമുത്ത്. മാപ്പിള (മുസ്ലീം) ഭാഷയുമായും താളവുമായും ഈ കളിക്ക് ബന്ധമുണ്ട്. ഒറ്റയായും ഇരട്ടയായും അവതരിപ്പിക്കുന്ന കളിയാണ് ഒളവും പുറവും. കാലും ശരീരവും ഉപയോഗിച്ചുള്ള ചുറയലും ചുറ്റലും ചവിട്ടി ചുറ്റലിന്റേയും ചുറഞ്ഞുചുറ്റലിന്റെയും പ്രത്യേകതയാണ്. സാവകാശത്തിലുള്ള ചുവടുകളാണ് ചിന്തിന്റെ പ്രത്യേകത. നർത്തന സ്വഭാവത്തോടെയാണ് ചിന്ത് അവതരിപ്പിക്കുന്നത്.

താളാത്മകമായ കളിക്കാരുടെ ചുവടുകൾ കോൽക്കളിയുടെ സവിശേഷതയാണ്. കളിക്കാരുടെ സ്ഥാനനിർണ്ണയം കളിയിൽ പ്രധാനമാണ്. കളിയുടെ ഗതിക്കനുസരിച്ച് അകത്തും പുറത്തുമായി കളിക്കാർ ചുവടു മാറ്റും. കളിക്കാരുടെ സ്ഥാനത്തിനനുസരിച്ച് രണ്ട് വിഭാഗക്കാരായി കാണാവുന്നതാണ്. ഒരു കൂട്ടർ അകവും മറ്റൊരു കൂട്ടർ പുറവും. ഇടക്കിടെ സഥാനം മാറിക്കൊണ്ട് കളിക്കുന്നതിന് കോർക്കൽ എന്നു പറയും. സ്ഥാനം മാറി കളിച്ചാലും കളിയുടെ അവസാനം അതാതു സ്ഥാനത്ത് വന്നെത്തും.

ദൃശ്യശ്രാവ്യ സങ്കേതങ്ങളെ ചാരുതയോടെ സമന്വയിപ്പിക്കുന്ന കലാശില്പമാണു കോൽക്കളി. ഒരോ കളിക്കും പ്രത്യേക താള വട്ടങ്ങളുണ്ട്. താകിടകിടചേം, തകൃതാതില്ലത്തൈ, തിത്താ തിത്താ തിന്തത്താകിട, തക്കിടതില്ലത്തൈ എന്നിവ കളിയിൽ ഉപയോഗിച്ചു വരുന്ന ചില താളങ്ങളാണ്.

**താളാത്മകമായ കളിക്കാരുടെ ചുവടുകൾ കോൽക്കളിയുടെ സവിശേഷതയാണ്. കളിക്കാരുടെ സ്ഥാനനിർണ്ണയം കളിയിൽ പ്രധാനമാണ്. കളിയുടെ ഗതിക്കനുസരിച്ച് അകത്തും പുറത്തുമായി കളിക്കാർ ചുവടു മാറ്റും. കളിക്കാരുടെ സ്ഥാനത്തിനനുസരിച്ച് രണ്ട് വിഭാഗക്കാരായി കാണാവുന്നതാണ്.**



# Sound in the films of Adoor

"To some it appeared as if sound was liberating cinema from some constricting limitations, as if the film without tongue was as unfortunate cripple, and the man with the microphone had come to perform a miracle of surgery."

-Satyajit Ray
(The Art of Silence)



**Lijith T K**
Programmer, CDIT Informatics

Adoor Gopalakrishnan is one of the very few Indian film makers who gave importance to the sound. He is a prominent figure associated with the so called 'Indian New Wave' cinema that emerged in the 1960s. It gained popularity as a new genre by late sixties. This genre gave more importance to sound and many of the 'Indian New Wave' films are noted for its creative use of sound. As Ray stated, the man with the microphone liberated cinema and opened up a lot more possibilities of the medium which were not explored in Indian cinema till then. Around the same time, Adoor has completed his diploma in screenwriting and direction from Pune Film Institute and started making documentaries and short fictions. Also he established a film society in Kerala named Chitralekha Film Society in 1965 and engaged in creating a new film culture in the state. His first feature film, Swayamvaram (1972), was co-produced by Chitralekha Film Society. By this time, the cinema of India had undergone massive alterations and this new tendencies gained momentum and also they were critically acclaimed. And sound played an important role in this. Film makers like Ray, Ritwik Ghatak, Mani Kaul, Girish Kasaravalli, John Abraham, etc, started giving more emphasis to sound in cinema. One of the common features of this new genre of cinema was the rejection of 'musicals' that is referred to the unnecessary song-dance sequences in cinema. Deviating itself from the popular song tradition in Indian cinema itself was a revolutionary step taken by the 'New Wave' film makers of the time. Music was (still is) the important factor behind the popularization of cinema. These new films were intended to make commercial successes, but they were keener to create artistically outstanding works. Most of the films engaged with socio-political themes on a serious note. Several of these movies were commercial successes and also were critically appreciated. Also the establishment of Film Institute of India played a major role in this new trend.






Film makers like Ray, Ritwik Ghatak, Mani Kaul, Girish Kasaravalli, John Abraham, etc, started giving more emphasis to sound in cinema.

Realism was employed in many movies as they think that is the most powerful tool to communicate to the audience. So the unnatural song-dance sequences appear to be a hindrance to the real communication to happen. But in the later period this system was re-established by the enforcement of Hindi cinema as a unified notion of national cinema against other regional cinemas. This practice has turned film into a complete business medium that is part of the national power politics.

Another relevant change that happens during the same time is the beginning of shooting in locations. Cinema was then confined to studio spaces and major studios owned the industry. All the procedures of production and post-production in film making were done completely in the studios which include shooting, sound recording, mixing, editing, etc. But the emergence of this new cinema liberated cinema from the studio. Along with the location shift, they also started bringing back the sync sound technology in its new form which has become easier to handle. Even with the studio sound recording these new film makers started to experiment with possibilities of sound in cinema.

Adoor made his debut feature film *Swayamvaram* in 1972 in which he opened up a wide range of possibilities with sound and also silence. In Swayamvaram, Adoor used sync sound technology. He used Nagra sound recorder for the film. Adoor is one film maker who gives much prominence to sound, each and every sound in his films seem relevant. It is also said that he writes separate script for sound along with the main script. Contrast between sound and silence is applied well in his films. He writes, "Even silence is a part of sound. It is bracketed between two spells of sound. Silence also lends greater importance to the sound that is to follow. So, it is with great care that a director must introduce sound after a period of silence"(2016). One such example is, in Adoor's third feature Elippathayam (1981). The film begins with the screaming of the protagonist followed by loud music where the main characters of the film are in search for a rat. The search is portrayed along with fast camera movements and cuts interwoven with loud and tensed music. And suddenly the music stops and dissolves into the sound of crickets, a few seconds of silence prevails. It is a relaxing point at which the audience could get a grab on what had happened. Popular cinema of Malayalam before Adoor was mostly focusing on the song-dance tradition. Music was incorporated either in the form of songs or as loud background music. Adoor, in way, breaks this tradition in Malayalam cinema with his novel techniques which were influenced by Satyajit Ray and also Italian neo-realism.

Adoor's second film Kodiyettam(1977) is noted for the absence of non-diegetic background music. Only diegetic sound is used throughout the film. Even the

music used is part of the natural narrative world of the film. Kodiyettam (Ascent) begins with a temple festival with loud noises of a festival place such as the sound of drums being played, unintelligible chattering of humans, loud announcements, etc. Then the noises settle down to dialogues. As the name suggests, the narrative of the movie symbolically borrows the procedures of a temple festival. Sound of lorry (large truck) is another notable sound element in Kodiyettam. This sound is elaborated and used it to create an alienated feeling about the motor vehicle. In the society of 1970s in Kerala, motor vehicles were still an alienated object that evokes curiosity. So it is used to explain the condition of the protagonist of the film, Sankarankutty. All the sounds in the movie are highly stylized and exaggerated. Even the sound of footsteps is heard as loud noises. As in other Adoor movies, this one also makes use of the sound of nature. Ambience sound is carefully chosen and used accordingly. Few of the silent moments in the narrative are normalized with the sounds of birds, barking of the dog, etc. The basic practices of this time were to record sounds in the studio and for the ambience sometimes certain templates were used. But this result in a total disconnect for the audience from the actual spatiality of the space. Kodiyettam begins and ends with temple festivals. Towards the closure of the film the music of Kathakali is heard in the background indicating a temple festival being going on in the nearby temple.

Adoor's every film shows various prospects of sound. Silence is also a manifestation of sound in case of cinema.



Adoor's every film shows various prospects of sound. Silence is also a manifestation of sound in case of cinema. Unlike Kodiyettam, his 1981 film Elippathayam (Rat Trap) presented a different sound experience with a blend of music, sequential dialogues and silence. It is one of the best works by Adoor which won the British Film Institute award for 'most original and imaginative film' in 1982. The film opens with a very rigid and tensed kind of music which ascends towards the end of the title sequence. As the name suggests, the rat and rat trap is used as a symbolic representation of the lives of the characters in the movie. The narrative of the film is set around the patriarch, Unni, and his two sisters who live in a decaying feudal Nair family. The film begins with a rat chase which is presented with the accompaniment of loud background music of playing drums. As a strong admirer of Satyajit Ray, Adoor's film also displays an emphasis on psychology. And music is an important tool that has been employed to portray the mindscapes of the characters. Elippathayam has very few dialogues. There are elongated sequences of silence where ambience sound has been used to convey a sense of the diegetic spatiality. The patriarch of the house, Unni, enjoys all his advantages of being a patriarch while his sisters (especially the elder one) took care of everything. Unni is incapable of handling any difficulties of life. During the course of the movie, the psychological perspectives of the characters are revealed. The eldest among the sisters, Rajamma is the backbone of the family. She did all the households and deals with other family matters as well. The other two characters are totally dependent on her, but at the same time comfortably ignoring her existence as an individual. She is victimized in all aspects as Unni refuses to marry her off only because then he would have to look after himself. Things get even more complicated for Unni when Rajamma



falls ill and taken out of the house by some fellow villagers. One interesting thing at this juncture is the use of aero plane's sound. Rajamma's illness has been introduced along with sound of the airplane. This can be read as a continuation of the representation of lorry in Kodiyettam. These might indicate the coming of modernity. Both the female characters find their way of liberation, leaving the patriarch alone to face the ruins of feudalism. Character enactment by each of the actors is quite remarkable. As the title suggests, the rat has a crucial role in Elippathayam. Rats started making chaos inside their home which created tension among the family members. Music is used whenever a reference to rat is made and it is used to create an unsettling mood. Recurring images of the rat trap may indicate the claustrophobic patriarchal family spaces. Rat trap is a motif of feudalism. Both protagonist and the rat are victims to it. In the closing sequence, which resembles the opening sequence that shows the rat chase, here the protagonist is the rat being chased and finally caught inside the trap that was set for him. At this point the music becomes quite rigid and it is set in such a way that the story is told through the music.

In the film Mathilukal (1990), he experimented with sound to a new extent. He used acousmatic sound in the film. The English title of the film is 'The Walls'. It is an adaptation of a novel by the same name written by Vaikkom Mohammed Basheer. It is an autobiographical fiction illustrating the time Basheer spent in prison as a political prisoner during the early 1940s. The entire film is set within a prison. And there is one wall that separates the male and female prisons. The whole narrative undergoes a shift when the protagonist started hearing a voice from the other side of the wall. This happens almost by the middle of the film. First half of the film is characterized by minimal dialogues and long instances of silence. And very short occurrence of background music can also be heard. Here also ambience sound is used impressively. The voice across the wall introduced herself as 22 years old Narayani who sentenced to life imprisonment. They started conversing across the wall on a regular basis. But until the end of the film Narayani is not shown. She remained as an acousmetre throughout the film. Only her voice is heard and the visible wall that separates them indicates her presence beyond the wall. As Andrea Truppin explains in her essay on the films of Tarkovsky, "sound proves the existence of an unseen object." Here even if we don't see the image of Narayani, we believe in the existence of a source object beyond the wall that embodies the voice we hear. Here sound is not just a supporting element for the visual image, but it is independent. Again looking into Andrea Truppin's statement "we posit a source for every offscreen diegetic sound, we believe in the existence of this source even when we cannot produce a viable mental image of it." At this point one interesting thing has to be examined. The sound of Narayani was given by one of the popular Malayalam actress KPAC Lalitha. Her voice and her style of rendering are very unique that every Malayali film audience could identify her voice. So this feature, in a sense, de-mystifies the identity of the character unlike in the novel. In the novel, Narayani is a character that creates curiosity. But in the film, every time we hear the voice of Narayani, the image of Lalitha is evoked (at least for the Malayali audience). Adoor generally endorses realism as a tool in his films. So the de-mystification of Narayani must have been an intentional effort made

At this point the music becomes quite rigid and it is set in such a way that the story is told through the music.

**Adoor generally endorses realism as a tool in his films.**



by the director in order to keep it intact.

The off screen sound of Narayani is heard during the last 30 minutes of the movie. But the reference to the female prison beyond the walls is made many times before the entry of Narayani. The authenticity about the existence of Narayani is not conformed in the movie or in the novel. It can be fictional creation of the writer's mind and imagination. Because she enters when Basheer's friends in the prison left and he experiences a phase of solitude. Then he is seen started writing after a break. So Narayani can be a manifestation of a character that he creates. These offscreen sounds in cinema help to expand the film space beyond the screen space. It helps to develop a space that is outside the screen space which is not shown in the movie. But it encourages the audience to imagine and believe that there is an unseen space, in this case a female prison, without the aid of any visual element. Truppin made comparison between the believing in this invisible space with that of religious faith. These kinds of sound can manipulate space.


# PLUS
# DIGITAL MEDIA

TC-25/2727(7)
LUKE LAME, PULIMOOD, G.P.O,
TRIVANDRUM, KERALA STATE
9495354555

# മുറിവ്

ഒലീവുമരങ്ങൾക്കപ്പുറം
വലിയയിടയൻ തെളിച്ചിട്ട പാതയിൽ
ചലിക്കാൻ മടിപ്പതെന്തേ
പാലക വൃന്ദമേ?

ജപമാലയെണ്ണുമ്പൊഴും
ജ്വലിക്കുന്നുവോ?
ജാലമായിന്ദ്രിയങ്ങളിൽ
ജനിതാസക്ത തൃഷ്ണയും.

ലഹരി വീഞ്ഞിൻ ലഹരി
സിരയിൽ പടർന്നു പടർന്നേറും ലഹരി
ആനയിക്കുന്നേതോ
പറുദീസ തന്നിൽ.

മുന്തിരിവല്ലി പുൽകിയെത്തും
മോഹശലഭങ്ങൾ പറന്നൂ ചുറ്റിലും
വിടർന്നൂ മാതള മൊട്ടുകൾ
പൂത്തുലഞ്ഞൂ താഴ്വാരമാകെ
പെയ്തൊഴിഞ്ഞൂ വിഭ്രാന്തിയും.

പൊറുക്കില്ല കാപട്യമേ
വരുമവൻ സത്യം
കയ്യിലുഗ്രൻ ചമ്മട്ടിയേന്തി
പിതാവിന്നാലയം കാക്കാൻ.



സജി നാരായണൻ ജി



# മുറിവേറ്റ മാലാഖമാർ



പ്രേംസുജ

''പാതകം സെയ്‌വവരെ കണ്ടാൽ
നാം ഭയം കൊള്ളലാകാത് പാപ്പാ-''

കുരുന്നു കൈകളിൽ പലവർണ്ണങ്ങളിലെ വളകൾ കിലുക്കി, താളംതട്ടി പാടുകയാണവർ. അർത്ഥവും ആശയവും ഉൾക്കൊണ്ടു തന്നെയാവാം ആ ഗാനം കൊച്ചു പെൺകുട്ടികൾ പാടിയത്. പക്ഷേ...കുസൃതികൾ ഒളിപ്പിച്ച കണ്ണുകളിൽ ഭയവും ആശങ്കകളുടെയും നിഴലാട്ടമില്ലാതില്ല. സുബ്രഹ്മണ്യഭാരതിയുടെ വരികളാണ്. എം.ബി. ശ്രീനിവാസന്റെ ഈണം. ബാല്യവും കൗമാരവും നശിപ്പിച്ച നരാധമൻമാരിൽനിന്ന് (മാതാപിതാക്കളും ഒരു പക്ഷേ...) ഈ കുട്ടികളെ സർക്കാരിനുകീഴിലെ സുരക്ഷാ കേന്ദ്രങ്ങളിലാണ് പാർപ്പിച്ചിരിക്കുന്നത്. മാതാപിതാക്കൾ ക്രിമിനൽ കുറ്റം ചെയ്ത് ജയിലിൽ പോയവർ...മാതാപിതാക്കൾ പരസ്പരം നശിപ്പിച്ച് ഇല്ലാതായവർ, അനാഥർ, കുടുംബാന്തരീക്ഷം ഒട്ടും സുരക്ഷിതമല്ലാത്ത സാഹചര്യമുള്ളവർ, ചെറുപ്പത്തിലേ പീഡിപ്പിക്കപ്പെട്ടവർ... തുടങ്ങി സ്വാഭാവികജീവിതസാഹചര്യം അന്യമായിത്തീർന്ന പെൺകുട്ടികളാണാ പാട്ടുകാർ. എട്ടു വയസ്സുള്ള കുസൃതിക്കുട്ടി മുതൽ പതിനാറ് വരെയുള്ള ബാലികമാർ വരെ... പാപികളുടെയിടയിൽ പിറന്നുപോയ മാലാഖക്കുട്ടികൾ.

തിരുവനന്തപുരം ജില്ലയിൽ മൂന്നു കേന്ദ്രങ്ങളിൽ നിന്നായി മഹിളാ സമഖ്യ സൊസൈറ്റിയുടെ കീഴിലും നിർഭയയിൽ നിന്നുമായി ആകെ നൂറ്റമ്പതോളം പെൺകുട്ടികൾക്കാണ് - ''നമുക്കൊരുമിച്ചു പാടാം - വ്യക്തിത്വവികസനം സംഗീതത്തിലൂടെ'' എന്ന പദ്ധതി എം.ബി.എസ്. ക്വയർ സർക്കാർ സഹകരണത്തോടെ നടപ്പിലാക്കിയത്. അതിന്റെ സമാപനചടങ്ങ് ഈയിടെ നടന്നു. മാധ്യമങ്ങളുടെ ശ്രദ്ധ ക്ഷണിക്കാതെ തികച്ചും ഗൃഹാന്തരീക്ഷത്തിൽ നടന്ന പരിപാടിയായിരുന്നു അത്. ആ കൊച്ചുകൂട്ടുകാരെ കാണാനും അവരോടൊപ്പം കുറേ നേരമെങ്കിലും ചെലവഴിക്കാനായ നിമിഷങ്ങൾ സന്തോഷവും ഒപ്പം നീറ്റലും ആരോടൊക്കെയൊ തോന്നിപ്പോകുന്ന വെറുപ്പും ഒക്കെയാണ് എനിക്ക് നൽകിയത്.

ആരോ ചെയ്ത പാതകത്തിൽ സ്വപ്നങ്ങളും ബാല്യകൗമാരങ്ങളുടെ അനന്തവിഹായസ്സും അന്യമായിപ്പോയവർ...അസ്വാതന്ത്ര്യത്തിന്റെ അകത്തളങ്ങളിൽ ഒതുങ്ങിക്കൂടേണ്ട അവസ്ഥ അവർക്ക് സമ്മാനിച്ചതാരാണ്. സ്വന്തം കുടുംബം തന്നെയാണ്. കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി അവരുടെ ഇരുളാർന്ന ഭൂതകാലത്തിൽ നിന്ന് മോചിപ്പിച്ച് നല്ല വ്യക്തികളാക്കി മാറ്റുവാനുള്ള ആത്മബലം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ അവരെ ഇത്തരം സ്ഥാപനങ്ങളിലൂടെ വളർത്തിയെടുക്കുന്നത്.

കുഞ്ഞുപ്രായത്തിൽത്തന്നെ പലതരത്തിലുള്ള ശാരീരിക, മാനസിക പീഡനമേറ്റവർ, അറിവു വയ്ക്കാത്ത പ്രായത്തിൽ ഏറ്റ കൊടുംക്രൂരതകളുടെ ആഘാതം പേറുന്നവർ. ആരാണ് അവരെ ഈയവസ്ഥയിലെത്തിച്ചവർ? ഞെട്ടിപ്പോകേണ്ട, സ്വന്തം പിതാവും അപ്പൂപ്പനും അമ്മാവനും അയൽവക്കത്തെ മാമനുമൊക്കെത്തന്നെയാണ് അധികവും. രതിക്രീഡകൾക്ക് പിഞ്ചുബാല്യങ്ങളെ ഇരകളാക്കുന്നവർ അറിയുന്നുണ്ടോ ആ കൃത്യങ്ങൾ കുഞ്ഞുങ്ങളുടെ മാനസികാവസ്ഥയെ എത്ര കണ്ട് തകർന്നുണ്ടെന്ന്? ഓരോ കുട്ടിയുടെയും പളുങ്കുപാത്രം പോലെയുള്ള ഹൃദയങ്ങളാണ് ഈ നീചന്മാർ തച്ചുടയ്ക്കുന്നത്. എത്ര വിളക്കിച്ചേർത്താലും ഒരു പോറൽ പോലുമില്ലാതെ പഴയ അവസ്ഥയിലാക്കാൻ കഴിയുമോ ആ പളുങ്കു പാത്രങ്ങൾ? കുട്ടികളുടെ മനസ്സിൽ സ്നേഹമായും സ്നേഹത്തണലായും കരുതിപ്പോയ വ്യക്തികളിൽ നിന്നാകുമ്പോൾ എത്രത്തോളം ഗുരുതരമായി കുഞ്ഞുങ്ങളെ അത് ബാധിക്കുമെന്നോർക്കണം. ഒന്നുമറിയാത്ത നിഷ്കളങ്കതയെ ലൈംഗികതയ്ക്കായി ഉപയോഗിച്ചവർ. ഒന്നല്ല നിരവധി തവണ. നിരന്തരമായി ലൈംഗികാതിക്രമങ്ങൾക്കിരയായവരുമുണ്ട്.

അച്ഛനും അമ്മയും സഹോദരങ്ങളുമൊത്തുള്ള നല്ലൊരു കുടുംബാന്തരീക്ഷത്തിന്റെ സ്നേഹവാതിൽ കുഞ്ഞുങ്ങൾക്ക് മുന്നിൽ കൊട്ടിയടച്ചവരിൽ അമ്മമാരുമുണ്ട്. ഭർത്താവ് മരണപ്പെടുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോൾ സ്വന്തം സുഖത്തിനായി തന്റെ മുന്നിൽ വളർന്നുവരുന്ന പെൺമക്കളെക്കുറിച്ച് ചിന്തയേതുമില്ലാതെ പരപുരുഷന്മാരെ വീട്ടിൽ കയറ്റിത്താമസിപ്പിക്കുന്നവർ അറിയുന്നില്ല, തന്റെ മകളുടെ സുരക്ഷയ്ക്കുമേലാണ് താൻ കത്തിവയ്ക്കുന്നതെന്ന്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് മക്കളുടെ മുന്നിൽവച്ച് അമ്മയെ തച്ചുകൊല്ലുന്നത് കാണേണ്ടിവരുന്ന മക്കളുടെ മാനസികാവസ്ഥ എത്രത്തോളം തകിടം മറിയുമെന്നറിയുമോ? അവർക്ക് ഓർമ്മ നിലനിൽക്കുംവരെയും ആ കാഴ്ച മാഞ്ഞുപോകുമോ?

അങ്ങനെ... നോവുന്ന, ഭയപ്പെടുത്തുന്ന ഒരു ഭൂതകാലം ഇവരിൽ ഓരോ കുഞ്ഞുങ്ങളിലും ഉറങ്ങിക്കിടപ്പുണ്ട്. അത്തരം ഭീകരമായ, ദയനീയമായ അവസ്ഥയിൽനിന്നാണ് ഇവരെ സാധാരണജീവിതത്തിലേക്ക് കൈപിടിച്ചുയർത്തി കുട്ടികൾക്ക് വേണ്ട വിദ്യാഭ്യാസവും സ്നേഹ പരിചരണങ്ങളും കൗൺസിലിംഗും ഒക്കെ നൽകി അവരെ മിടുക്കികളാക്കി നല്ല വ്യക്തികളാക്കി മാറ്റുക എന്നതാണ് മഹിളാ സമഖ്യയും നിർഭയയും പോലുള്ള സ്ഥാപനങ്ങൾ ചെയ്തുവരുന്നത്. ഇങ്ങനെയുള്ള കേന്ദ്രങ്ങളിൽ കുറച്ചു പേർ മാത്രമാണ് വളരുന്നത്. ഇതേ അവസ്ഥയുള്ളവരെ നോക്കാനാരെങ്കിലും അടുത്ത ബന്ധുക്കളായി ഉണ്ടെങ്കിലോ വളരെ സുരക്ഷിതമായ ചുറ്റുപാടുണ്ടെങ്കിലോ ഇത്തരം സംരക്ഷിത കേന്ദ്രങ്ങളിൽ താമസിപ്പിക്കാറില്ല.

അർത്ഥമില്ലാത്ത ജീവിതാഘോഷങ്ങളിൽ നാം വേഷംകെട്ടിയാടുമ്പോൾ, സുഖസൗകര്യങ്ങളിൽ നമ്മുടെ മക്കൾ ആറാടി ജീവിക്കുമ്പോൾ, ഇങ്ങനെയും കുറേ പേരുണ്ട് നമ്മുടെയിടയിൽ. ഓരോ വർഷവും ഇത്തരം കേന്ദ്രങ്ങളിൽ അംഗസംഖ്യ വർദ്ധിച്ചുവരുന്നുണ്ട്. വർഗ്ഗീയതയും മതവെറിയും രാഷ്ട്രീയ കൊലപാതകവും ആവിഷ്കാര സ്വാതന്ത്ര്യവും പൊതുമധ്യത്തിൽ ചൂടേറിയ ചർച്ചാവിഷയങ്ങളാകുമ്പോൾ ഇതുപോലുള്ള നീറുന്ന സാമൂഹ്യ യാഥാർത്ഥ്യങ്ങൾ വിസ്മരിക്കപ്പെട്ടുപോകുന്നു. കുട്ടികളോടു ചെയ്യുന്ന ക്രൂരതകൾ കൃത്യമായി പുറത്തുകൊണ്ടുവരികയും കഠിനമായ ശിക്ഷ നൽകുകയും വേണം. 12 വയസ്സിനു താഴെയുള്ള കുട്ടികളെ ഉപദ്രവിച്ചാൽ വധശിക്ഷ വരെ നൽകാമെന്ന് സുപ്രീംകോടതി ഈയിടെ പറഞ്ഞിട്ടുണ്ട്. കേരളത്തിൽ മാത്രം ഓരോ ദിനവും 24 കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസുകൾ ഉണ്ടാകുന്നുവെന്ന് കണക്കുകൾ. 2017–ൽ പോലീസ് രേഖകൾ പ്രകാരം 2697 പോക്സോ (പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ്



**നാല് ചുവരുകൾക്കുള്ളിൽ തളച്ചിട്ട് വളർത്തേണ്ടുന്ന ഈ കാലഘട്ടത്തിൽ ഒരുപാട് നേരം കുഞ്ഞുങ്ങളോട് വർത്തമാനം പറയാനും കേൾക്കാനും നമുക്ക് സമയം കണ്ടെത്തിയേ മതിയാവൂ. ഓരോയിടങ്ങളിലും പതിയിരിക്കുന്ന അപകടങ്ങൾ അവരെ ബോധ്യപ്പെടുത്തിയേ മതിയാവൂ.**



ആക്ട് 2012) കേസുകൾ കേരളത്തിൽ മാത്രം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടാത്തതായി ഇനിയും എത്രയുണ്ടാകും. സുരക്ഷിതമല്ലാത്തതും പിന്നാക്കം നിൽക്കുന്നതുമായ ജീവിതസാഹചര്യം, ശിഥിലമായതും അക്രമപരിതസ്ഥിതിയുമുള്ള കുടുംബാന്തരീക്ഷം, മദ്യവും മയക്കുമരുന്നിനും അടിമപ്പെട്ട മാതാപിതാക്കൾ/അടുത്ത ബന്ധുക്കൾ (ഇവയൊന്നിന്റെയും ഉപയോഗമില്ലാതെ സ്വബോധത്തോടെ കുഞ്ഞുങ്ങളെ വൈകൃതം കാട്ടുന്നവരുമുണ്ട് എന്ന സത്യം വിസ്മരിക്കുന്നില്ല). ഇതിന്റെയൊക്കെ അനന്തരഫലങ്ങളുടെ ഇരയാകുക പിഞ്ചുമക്കളാണ്. ആൺകുട്ടികളും പലവിധത്തിൽ പീഡിപ്പിക്കപ്പെടുന്നുണ്ട്. കുഞ്ഞുങ്ങളെ ലൈംഗികമായും അല്ലാതെയും ആക്രമിക്കുന്ന ദൃശ്യങ്ങൾ മൊബൈൽ വഴി സൃഷ്ടിക്കപ്പെടുന്നത് ഈയിടെയായി നിയന്ത്രണാതീതമായി കഴിഞ്ഞു. ഇത്തരം ദൃശ്യങ്ങൾ സൃഷ്ടിക്കുന്നവരുടെയും പ്രചരിപ്പിക്കുന്നവരുടെയും മനോനില നമ്മെ ഭയപ്പെടുത്തുന്നു. കുഞ്ഞുപ്രായത്തിലേൽക്കുന്ന ഓരോ ആഘാതവും അവരുടെയുള്ളിൽ തീപ്പൊരിയായി എരിഞ്ഞുകൊണ്ടിരിക്കും. ആ തീപ്പൊരിയുടെ ബഹിർസ്ഫുരണങ്ങൾ അവരുടെ ജീവിതകാലഘട്ടങ്ങളിൽ പലരീതിയിൽ പ്രകടമാകുകയും ചെയ്യും.

ദുരിതങ്ങൾ മറന്ന്, പുത്തൻ പ്രതീക്ഷകളും സ്വപ്നങ്ങളും ഹൃത്തിൽ നിറച്ച്, സമൂഹമധ്യത്തിൽ തലയുയർത്തി ആത്മധൈര്യത്തോടെ പെരുമാറാനും ജീവിക്കാനും ഉതകുന്ന വിധത്തിൽ സാമൂഹ്യസുരക്ഷായത്നങ്ങളുമായി ഈ സംവിധാനങ്ങൾ മുന്നോട്ടു പോകുമ്പോഴും വർദ്ധിച്ചുവരുന്ന അംഗസംഖ്യ, അന്തേവാസികളുടെ ഭാവി ഇവയൊക്കെയും ചിന്തനീയമാണ്. വൈകൃതദാഹികളായ മനുഷ്യരുടെ മാനസികാവസ്ഥയ്ക്ക് എങ്ങനെയാണ്, എന്നാണ് ഒരു മാറ്റമുണ്ടാകുക.

പൂത്തുമ്പികൾ പോലെയാണ് കുഞ്ഞുങ്ങൾ. അവർ പാറിപ്പറന്ന് കളിച്ച് വളരട്ടെ. ഒരു യന്ത്രങ്ങളിലും നമുക്കവരെ തളച്ചിടേണ്ട. സുരക്ഷിതമായ ചുറ്റുപാടാണ് അതിനാവശ്യം. കൊണ്ടും കൊടുത്തും നിർമ്മിച്ചും തച്ചും ഉടച്ചും വളർന്ന നമ്മുടെ തലമുറയ്ക്ക് കിട്ടിയ വിശാലമായ അന്തരീക്ഷം ഇന്ന് നമ്മുടെ കുഞ്ഞുങ്ങൾക്ക് കിട്ടുന്നില്ല, സംഘം ചേർന്നുള്ള വിദ്യാലയത്തിലേക്കുള്ള യാത്രകൾ, പരിസ്ഥിതിയുമായി സമരസപ്പെട്ടുള്ള ജീവിതവും ചേറിലും മണ്ണിലും കളിച്ചും വളരാനും കൂട്ടുകുടുംബത്തിന്റെ ബന്ധുബലവും, ഉൾക്കരുത്തും ഒക്കെയും അനുഭവിക്കാനായത് നമ്മുടെ തലമുറയുടെ ഭാഗ്യമാണ്. അവയൊക്കെയും കുഞ്ഞുങ്ങൾക്ക് ഇന്ന് കിട്ടുന്നില്ല. നാല് ചുവരുകൾക്കുള്ളിൽ തളച്ചിട്ട് വളർത്തേണ്ടുന്ന ഈ കാലഘട്ടത്തിൽ ഒരുപാട് നേരം കുഞ്ഞുങ്ങളോട് വർത്തമാനം പറയാനും കേൾക്കാനും നമുക്ക് സമയം കണ്ടെത്തിയേ മതിയാവൂ. ഓരോയിടങ്ങളിലും പതിയിരിക്കുന്ന അപകടങ്ങൾ അവരെ ബോധ്യപ്പെടുത്തിയേ മതിയാവൂ. അച്ഛനമ്മമാരാണ് ആദ്യ സംരക്ഷകർ. ആ സംരക്ഷകർ തന്നെ പൂത്തുമ്പികളുടെ ചിറകരിയരുത്.

യൂണിഫോമണിഞ്ഞ് കുപ്പിവളകളും മുത്തുമാലയും ഇട്ട് കൂട്ടമായി വേദിയിൽ നിന്നു പാടിയ ഓരോ മുഖങ്ങളും എന്റെയുള്ളിലുണ്ട്. എന്നും ഒരു വേദനയായി.... മാനവസ്നേഹം, ദേശസ്നേഹം, പരിസ്ഥിതി, പാരസ്പര്യം എന്നിവയെ അധികരിച്ചുള്ള സംഘഗാനങ്ങളാണ് കുട്ടികൾ പാടിയത്. അവർക്കായി ഒരു ദിനം കിട്ടിയതുപോലെ, ഓരോ കുട്ടിയും ആഹ്ലാദവതികളായിരുന്നു. ഒത്തൊരുമിച്ചുള്ള പാട്ടും മേളവും ഓരോരുത്തർക്കും ഊർജ്ജമേകിയിരുന്നു. ശരിക്കും പൂത്തുമ്പികൾപോലെ. അവരറിയാതെ കണ്ണിലുറഞ്ഞ നിസ്സംഗത കാലം പിന്നിടുംതോറും മാറി അവിടെ പുത്തൻ സ്വപ്നങ്ങൾ നാമ്പിടട്ടെ. കൂരിരുളിന്റെ പിൻകാഴ്ചകളിലേക്ക് പിൻതിരിഞ്ഞു നോക്കാതെയവർ പറന്നുയരണം.

വൃഥാ കൊതിച്ചുപോകുന്നു, ഇനിയുമൊരു കുട്ടിയും ഇരയാവാതിരിക്കുന്ന ഒരു കാലമുണ്ടാകുമോ... ഭയവും നിസ്സഹായതയും ദുഃഖവും ഒളിഞ്ഞുറഞ്ഞ കുഞ്ഞുമുഖങ്ങൾ എന്റെ ഏകാന്തതകളിൽ വന്നുനിറയുന്നു. നിറഞ്ഞ കൗതുകത്തോടെ ചുറ്റുംനോക്കി പുഞ്ചിരിയോടെ പാട്ടുപാടിയ മാലാഖക്കുട്ടികൾ; മുറിവേറ്റ മാലാഖക്കുട്ടികൾ.



# അവകാശപ്രഖ്യാപന ദിനം







**2018** മാർച്ച് 23-ാം തീയതിസി-ഡിറ്റ്ജീവനക്കാർ അവകാശപ്രഖ്യാപന ദിനമായി ആചരിച്ചു. സി-ഡിറ്റിന്റെ ഭരണസമിതിയോഗം നടക്കുന്നതിനു മുന്നോടിയായി ഭരണസമിതിക്കും ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കും സി-ഡിറ്റിന്റെ ചെയർമാൻ കൂടിയായ ബഹു. മുഖ്യമന്ത്രിയുടെ മുന്നിൽ ജീവനക്കാരുടെ ആവശ്യങ്ങൾ ശ്രദ്ധയിൽപ്പെടുന്നതിലേക്കാണ് അവകാശപ്രഖ്യാപനദിനം ആചരിച്ചത്.

സ്ഥാപനത്തെയുംജീവനക്കാരെയും ബാധിക്കുന്നതും അടിയന്തിര പ്രാധാന്യം നൽകി പരിഹരിക്കേണ്ടതുമായ 15 ആവശ്യങ്ങളാണ് അവകാശ പ്രഖ്യാപനത്തിലൂടെ സി. ഇ.എ. അവതരിപ്പിച്ചത്. ജീവനക്കാരുടെകരാർ പുതുക്കൽ, ജോലിസ്ഥിരത, പേ റിവിഷൻ, പെൻഷൻ, പ്രമോഷൻ, ശമ്പളവർദ്ധനവ്, സ്പെഷ്യൽറൂൾ, പെൻഷൻ പ്രായം, പി.എഫ്, ഗ്രാറ്റിവിറ്റി, മെഡിക്കൽ ലീവ്, മരണാനന്തര തൊഴിൽലഭ്യത തുടങ്ങിയവയാണ് അവകാശ പ്രക്രിയയിൽ ഉൾപ്പെടുത്തിയിരുന്നത്. സി-ഡിറ്റിന്റെസിറ്റിസെന്ററിനുമുന്നിൽചേർന്ന ജീവനക്കാരുടെ യോഗം

സി.പി.എം. ജില്ലാസെക്രട്ടറിയേറ്റംഗം സ. രതീന്ദ്രൻ ഉത്ഘാടനം ചെയ്തു. ഏത് രാഷ്ട്രീയമുന്നണി ഭരണം നടത്തുമ്പോഴും ജീവനക്കാരുടെ അവകാശങ്ങൾക്കായി പ്രത്യക്ഷ പ്രക്ഷോഭങ്ങൾക്ക് മടിക്കേണ്ടതില്ലെന്ന് അദ്ദേഹം ഉത്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചു. അവകാശപത്രിക ജീവനക്കാരുടെ മുന്നിൽ ചർച്ചയ്ക്കായി അസോസിയേഷൻ ജനറൽ സെക്രട്ടറി ബി. സതീശൻ അവതരിപ്പിച്ചു. അവകാശപ്രഖ്യാപന ദിനാചരണം ജീവനക്കാരുടെ പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായി. സി.ഇ.എയുടെ സിറ്റി സെന്റർ യൂണിറ്റ് സെക്രട്ടറി സ. ഷജിത്ത് ആർ.ബി. സ്വാഗതവും സി.ഇ.എ. ജോയിന്റ്സെക്രട്ടറി സ.കുമാർ ആർ. നന്ദിയുംരേഖപ്പെടുത്തി. ജീവനക്കാരുടെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തൊട്ടടുത്ത ദിവസം നടന്ന ഗവേണിംഗ്ബോഡി യോഗത്തിൽ സി-ഡിറ്റിന്റെ ഡയറക്ടറെയും രജിസ്ട്രാറിനെയും ചുമതലപ്പെടുത്തി എന്നത് ജീവനക്കാർ ആഹ്ലാദത്തോടെയാണ് സ്വീകരിച്ചത്.







# Fergie Time*






**Jiffin George**
News Reporter,
CDIT
Central News desk
(I & PRD)

**90.00 minutes**
**+ 05.30 minutes**
**Ahh! Got Fergie time.**

Life have some Fergie times.
May be or may not be,
The lovable spark of single word
Bring back our buddy.
The only memory need
To call back our guardian
From the old age home.
Why the single counts play magic?
Nothing, nothing
Life is nothing
More than our injury times.

Ya!  this is Fergie time
Know stupidities,
Egos and show offs.
The green humans
Only play
Goal, Goal, Goal.
Faces turned to smiles
And close Fergie time.

Fergie Time.
Time of God.
Time of Satan.
Time of life.
Time of Love.
Time of His and her.
Cocktail of tome.

**Fergie time:*
*extra time played in a game (especially soccer) allegedly to allow one favored side to score a goal and win the game. Refers to Sir Alex Ferguson, manager of Manchester United football club, who are often perceived to be beneficiaries of extra time goals.*

photo story

CyberSri
# Convocation









പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും സാങ്കേതികവിദ്യാഭ്യാസരംഗത്ത് ഉന്നതവിജയം നേടിയവരുമായവർക്കു വേണ്ടി പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ സി-ഡിറ്റ് നടത്തിവരുന്ന സൈബർശ്രീ പദ്ധതിയുടെ 3D Animation & Visual Technologies, MATLAB എന്നീ ഹ്രസ്വകാല പരിശീലന പരിപാടികളുടെ convocation മണ്ണന്തല അംബേദ്കർ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശ്രീ. അസ്ഗർ അലി പാഷ ഐ.എ.എസ്., സി-ഡിറ്റ് രജിസ്ട്രാർ ശ്രീ. ജി. ജയരാജ്, സൈബർശ്രീ പ്രോജക്ട് ഓഫീസർ ബി. സതീശൻ, സ്റ്റേറ്റ് കോർഡിനേറ്റർ ജിബി. പി. എബ്രഹാം എന്നിവർ പ്രസംഗിച്ചു.


CONVOCATION


CONVOCATION




CyberSri, C-DIT


CONVOCATION



# C-DIT Float

@ the Onam Celebration Pageantry 2017


photostory







സംസ്ഥാന സർക്കാരിന്റെ 2017-ലെ ഓണം വാരാഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഘോഷയാത്രയിൽ സി-ഡിറ്റ് ഫ്ളോട്ടും ഇടംപിടിച്ചു. 'മുഖ്യമന്ത്രിയുടെ ഓൺലൈൻ പരാതി പരിഹാര സംവിധാന'ത്തെ അധികരിച്ചു തയ്യാറാക്കിയ ഫ്ളോട്ട് ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. പൂർണ്ണമായും ഹരിതചട്ടം പാലിച്ചായിരുന്നു ഫ്ളോട്ട് രൂപകല്പന ചെയ്തത്.



# പരാജിതം

**മുഖം**

ബാക്ക് ബെഞ്ചായിരുന്നൂ ഇരിപ്പിടം
കർട്ടനുപിറകിലെ സുഖം.
ഇപ്പോഴുമുണ്ടൊരു കർട്ടൻ
ചിലർ പറയും മുഖം മൂടി....

**സദാചാരം**

ഇളംകാറ്റ് തട്ടി
മനസ് മുറിഞ്ഞെന്ന പരാതിയുമായി
ഒരു കുരുന്നിലയെത്തി.
സൂര്യനുദിച്ചിട്ടും പോകാത്ത
ചന്ദ്രന്റെ നോട്ടത്താൽ കരഞ്ഞ
മഞ്ഞുതുള്ളിയുടെ വഴക്ക്
തീർക്കുകയായിരുന്നൂ ഞാൻ.
കേട്ടപ്പോൾ ഞാൻ ഭയന്നു
ഇനി നിലാവെങ്ങാനും
രാത്രിയിൽ വന്നെന്റെ
ശലഭ സ്വപ്നങ്ങളെ
കടത്തിക്കൊണ്ട് പോകുമോ ?

**മത്സരം**

അവർ മുന്നോട്ടോടി
ഞാനോടിയില്ല
ഭീരുക്കളുടേതാണോട്ടമെന്നായിരുന്നൂ എന്റെ തത്വം
പിന്നീടറിഞ്ഞു
തോറ്റവർക്ക് ട്രോഫി ഇല്ലത്രെ?

**ജീവിതം**

പുഴ വരമ്പത്തൊരാൽമരം
മഴകാത്ത് നിൽക്കവേ
ഇല ഞരമ്പിലിറ്റു വീഴുന്നു
കടൽ പോലൊരുതുള്ളി ജ്ഞണം

**ബോധം**

കുട പിടിച്ചു, മഴയില്ലാതെ
തണൽ വിരിച്ചു, വെയിലില്ലാതെ
പുഞ്ചിരിച്ചു, പൂമരം കാണാതെ,
ഒടുവിൽ അവനെയും എത്തിച്ചു
ഭ്രാന്താശുപതിയിൽ...

**പരാജിത**


അവർ ആർത്തിരമ്പി വന്നു
ഞാനോടി.
ഓട്ടം ഭീരുത്വമെന്നോതി
അവിടെയുമെന്നെ തോൽപ്പിച്ചു
ഒടുവിൽ തോറ്റവർ തമ്മിലായി മത്സരം
അപ്പോൾ ഞാനായി വിജയി
ലോക തോൽവിയാകാൻ മറ്റാർക്കും വയ്യത്രേ....

**മരണം**

രാത്രിയെ പാതിയാക്കി
നൽകി 'പാതിരാ പട്ടം'...!
എന്നിട്ട്
ഞാൻ പാതിയായപ്പോൾ
പറയുന്നൂ ചത്തെന്ന്...



**സതികുമാർ. ടി.എസ്**
ഐ & പി.ആർ.ഡി





# ഭാഷ നഷ്ടപ്പെട്ടവൻ

കവറിൽ കെട്ടി ക്യാമറയില്ലാത്തിടത്ത് ഉപേക്ഷിക്കാൻ തക്കവണ്ണം ഞാൻ പഴകിക്കൊണ്ടിരിക്കുകയാണ്. ശബ്ദവും ചലനവുമില്ലാത്ത ജീർണിച്ച വസ്തു. ശബ്ദമുണ്ടെന്ന് ഒന്നു ബോദ്ധ്യപ്പെടാൻ ശ്രമിച്ചാലോ... നാവിൽ എപ്പോഴും അക്ഷരങ്ങൾ കൂട്ടിയിടിയാണ്. ക്രമമായി അണിനിരന്ന് വാക്കുകളും വാചകങ്ങളുമായി പുറത്തേക്കിറങ്ങുവാൻ മടിക്കുന്നു. നാവിൻ തുമ്പിൽ, ഒരു കർട്ടനു പിന്നിലെന്നപോലെ... ഒരു എഴുപത്തഞ്ചുകാരന്റെ നാവിലാണെന്നൊരു പോരായ്മ അക്ഷരങ്ങൾക്കുമുണ്ടോ? എല്ലാറ്റിനെയും വിഴുങ്ങി, അയവിറക്കി വീണ്ടും വിഴുങ്ങി... അയാൾക്കു സംസാരിക്കുവാനാകുന്നില്ല... വയസ്സായതല്ലേ? എല്ലാവർക്കും മനസ്സിലാകുന്നു.

പണ്ടേ മിത ഭാഷിയായിരുന്ന തന്റെ ശബ്ദം ഇന്ദിരയായിരുന്നു. താനവളോടു മാത്രമായിരുന്നു കൂടുതൽ സംസാരിച്ചിരുന്നത്. സംസാരിക്കുവാൻ സമയം കിട്ടിയിരുന്നില്ല എന്നതാവുമോ കൂടുതൽ ശരി? മകനും തനിക്കുമിടയിൽപോലും അവന്റെ കൗമാരപ്രായംമുതൽ സംസാരിച്ചിരുന്നത് ഇന്ദിരയായിരുന്നു. കൗമാരപ്രായക്കാരനായിരുന്ന അവന്റെ ഭാഷ മലയാളമോ ഇംഗ്ലീഷോ ഹിന്ദിയോ അങ്ങനെ തങ്ങൾക്കു പ്രാപ്തമാകുന്ന ഒന്നായി തോന്നിയില്ല. സമചിത്തത കൈവെടിയാതെ അവൾ അത് പഠിച്ചെടുത്തു. പക്ഷേ താനാദ്യമായി തോറ്റ പരീക്ഷ അതായിരുന്നു. ഒരു ദരിദ്രയും കൂലിപ്പിണിക്കാരിയുമായിരുന്ന അമ്മയ്ക്കു ജനിച്ച അതിബുദ്ധിമാനും സൽസ്വഭാവിയുമായിരുന്ന, ഏറ്റവും ഉന്നതങ്ങളിലേക്ക് പടവുകൾ ചവിട്ടിക്കയറിപ്പോയ താനെന്ന അച്ഛൻ പഠിച്ച സിലബസുകളിലൊന്നും മകന്റെ ഭാഷ ഉൾപ്പെട്ടിരുന്നില്ല.

എന്നാൽ ആ സസ്തനി, ഗൃഹപാഠങ്ങളും കാണാപ്പാടങ്ങളുമൊക്കെയായി, മകന്റെ ഭാഷ സ്വായത്തമാക്കി. ആശയവിനിമയം അനിവാര്യമായ പല സന്ദർഭങ്ങളിലും അവൾ മദ്ധ്യസ്ഥയായി. ഇന്ദിരയുടെ ഉചിതമായ ഇടപെടലുകൾ പിതാവിനെയും പുത്രനെയും തൽസ്ഥാനങ്ങളിൽ നിലനിർത്തി. ആൽഫബെറ്റിലെ അക്ഷരങ്ങൾ കൊണ്ടു പോലും പേരിട്ടാൽ തികയാതെ വരുന്ന, പുത്രസ്നേഹം ഒളിപ്പിച്ച മനസ്സിന്റെ നിലവറകളിൽ ഇന്ദിരയുടെ സുതാര്യ മനസ്സ് ഒഴുകി നടന്നു. കണ്ടുപിടിച്ച സ്നേഹവാത്സല്യങ്ങളെക്കുറിച്ചെല്ലാം പുത്രന്റെ ചെവിയിൽ മന്ത്രിച്ച് പിതാവിനെ വിശുദ്ധനാക്കി. പരാതികളും പരിഭവങ്ങളുമെല്ലാം തന്റെ മുറിയിൽ പ്രവേശിക്കാതെ വരാന്തയിലും അടുക്കളയിലുമെല്ലാം കത്തി അമർന്നു ഈ ചൂടൊന്നുമറിയാതെ ഇന്ദിര തന്റെ ചെവിപൊത്തി. കണ്ണുപൊത്തി, പൂമുഖവാതിലിലൂടെ മാത്രം കയറ്റിയിറക്കി. ഭർത്താവിനുവേണ്ട ഭാര്യയും മകനുവേണ്ട അമ്മയുമായി അവൾ ജീവിച്ചു.

അനിവാര്യമായത് സംഭവിച്ചു. ഇന്ദിരയുടെ മടക്കയാത്ര. ഒരു ഊമയുടെ



ബിന്ദു ഷാജി

ശബ്ദമായിരുന്നു നിലച്ചത്. ഭാഷയറിയാത്തവർ കൂരയ്ക്കു കീഴിൽ അന്യരേപ്പോലെയായി. പുത്രനും പുത്രഭാര്യയും പൗത്രരുമെല്ലാം അയൽക്കാർ മാത്രമായോ? പക്ഷേ വാർദ്ധക്യ സഹജങ്ങൾ... പണക്കാരനെയും ഉന്നതകുലജാതനെയും ബുദ്ധിമാനെയും മന്ത്രിയെയും രാജാവിനെയും ഭൃത്യനെയും ഒരുപോലെ പിടികൂടുന്നു. ആരോടും കൈക്കൂലി വാങ്ങിക്കാതെ സ്വാധീനിക്കപ്പെടാതെ വാർദ്ധക്യം മാത്രം കടന്നു വരുന്നു. ഒരു ഘനം മാത്രമായി മുറിക്കുള്ളിൽ ഞാൻ.

പിന്നീടാണ് ഞാൻ കണ്ടുപിടിച്ചത് എന്റെ വീടിന് പൂമുഖമല്ലാതെ മറ്റു മൂന്നു വശങ്ങളുമുണ്ട്. ഇന്ദിരയുടെ മരണത്തിനുശേഷമുണ്ടായതാണ് ഈ മൂന്നു വശങ്ങളെന്നു ഞാൻ തെറ്റിദ്ധരിക്കട്ടെ. കാക്കകളുണ്ട്, പൂച്ചകളുണ്ട്, ചെടികളുണ്ട്, പൂക്കളുണ്ട്. എല്ലാം ഇന്ദിരയുടെ മരണശേഷമുണ്ടായവ. അയലത്തുകാർ എന്നെ അമ്പരപ്പോടെ നോക്കി.

ജീവന്റെ നിലനില്പ്പിനാവശ്യമായ അത്യാവശ്യങ്ങൾ ആഹരിക്കേണ്ടവ. മുറതെറ്റാതെ മുറിയിലെത്തിക്കൊണ്ടിരുന്നു. പക്ഷേ പ്രതിപ്രവർത്തനങ്ങളുടെ നിയന്ത്രണശേഷി ഇടയ്ക്കിടെ അന്യമാവുന്നു. ഒരു ഹോംനേഴ്സ് നിയമിതയായി. പ്രതിപ്രവർത്തനം ക്രമാതീതമാവുമ്പോൾ... അസഹ്യതയുടെ മുഖലേപനം പുരട്ടിയാണ് ഹോംനേഴ്സ് എത്തിക്കൊണ്ടിരുന്നത്. ജനൽ കാഴ്ചകളിലേക്ക് തിരിയാൻ അതു പകരിച്ചപ്പോൾ തളിരും മൊട്ടും പൂവും വണ്ടുകളും തുമ്പികളുമൊക്കെ വന്നുപോവുന്നത് ആശ്വാസമായി. ദുരഭിമാനത്തിന്റെ മറശീല താഴ്ത്തിയാണ് താനിരുന്നത്.

സ്വബോധത്തിന്റെ സൂക്ഷ്മതയിലേക്ക് ജ്വരത്തിന്റെ നിഴലുകൾ സ്വൈര്യവിഹാരം നടത്തിയ രാത്രിയിൽ, പ്രതിപ്രവർത്തനങ്ങൾ ക്രമാതീതമായി ദുഷിച്ച പ്രഭാതത്തിൽ, അസഹ്യത അതിരംവിട്ട് ആക്രോശിച്ച നഴ്സിന്റെ കവിളിൽ വൃദ്ധകൈത്തലമാർന്നു. ഭാഷയറിയാത്ത അച്ഛൻ, കുനിഞ്ഞിരുന്ന കട്ടിലിനരുകിൽ ഭാഷയറിയാത്ത മകനും തമ്മിൽ തമ്മിൽ നോക്കാതെ... കർക്കശവും ഉദ്യോഗസ്ഥ പ്രൗഢിയുമെല്ലാം അയാളിൽ നിന്നിറങ്ങി മകനിലേക്കു പോയി. അയാൾ വൃദ്ധൻ മാത്രമായി വെറും വൃദ്ധൻ ഘനം പോലുമില്ലാത്ത വൃദ്ധൻ! എന്നാൽ മകന്റെ മൗനം ഒരുപാടു ദൂരം സഞ്ചരിച്ച്, വൃദ്ധൻ എത്തിയത് ഒറ്റ മുറി വീട്ടിലായിരുന്നു. ഒരമ്മയുടെയും മകന്റെയും ജീവിതസ്വപ്നങ്ങൾ വിത്തിട്ടുമുളപ്പിച്ച വീട്. നാലു ചതുവരുകൾക്കും കുഴപ്പമില്ല. മേൽക്കൂര ജീർണിച്ചു.

എങ്കിലും ഈ മുറി വൃദ്ധന് ധാരാളം പ്രതിപ്രവർത്തനപ്രശ്നത്തിൽ മാത്രം പരിഹാരസാധ്യത കുറവാണ്. വടം കെട്ടി വലിച്ചാൽ പോലും തന്റെ ശരീരം ഒരു സാധാരണ ക്ലോസറ്റിൽ നിന്ന് മുകളിലേക്കുയരില്ല; ഉയർന്നാൽ തന്നെ ഒപ്പം പോരാൻ ശ്വാസം തയ്യാറല്ല. പരിഹാരമുണ്ട്. അഞ്ച് ബസ് സ്റ്റോപ്പുകൾ പിന്നിട്ടാൽ ഒരു പൊതുകക്കൂസ് ഉണ്ട്. തൽക്കാലം ശരണം അതാണ്.

ഗോമതി അയൽപക്കത്തുണ്ട്. അമ്മയുടെ കൂട്ടുകാരിയുടെ മകൾ. എന്റെ ഓഫീസിലെ തൂപ്പുകാരിയായി അനേകം വർഷങ്ങൾ സേവനമനുഷ്ഠിച്ചവർ പിറ്റേദിവസം മുതൽ രാവിലെ ഗോമതി ചായയുമായി വരാൻതുടങ്ങി. അയാൾക്കതിൽ താൽപര്യം ഒട്ടും തോന്നിയില്ല. ഗോമതി മുറി ഒതുക്കുകയും അടുക്കുകയുമൊക്കെ ചെയ്തിരുന്നതു പോലും അയാൾക്കിഷ്ടമായില്ല. പഴയതെല്ലാം ഗോമതി ഓർത്തുവച്ചു കാണില്ലേ?

ഗോമതിയുടെ യാതൊരു സഹായവും അർഹിക്കുന്ന ആളല്ല താൻ. ഒരു കാലത്ത് താൻ ഒരുപാട് വെറുത്തിരുന്ന സ്ത്രീ. തന്റെ ദാരിദ്ര്യബാല്യവും കൗമാരവുമെല്ലാം അറിയാമായിരുന്ന ഗോമതിയെ താൻ വെറുതേ ഭയപ്പെടുകയായിരുന്നു.

കണ്ണാടി മുറിയിൽ റിവോൾവിങ് ചെയറിൽ ഓവർകോട്ടും ടൈയുമിട്ട്, തന്റെ സഹപ്രവർത്തകരെയെല്ലാം വിരൽത്തുമ്പിലും രൂക്ഷനോട്ടത്തിലും വിറപ്പിക്കുന്ന ആജാനുബാഹുവും സുമുഖനും സുന്ദരനുമായ ആ ഉദ്യോഗസ്ഥന്റെ ഒരൊപ്പിനുവേണ്ടി അവർ ഒരുപാട് കാത്തുനിന്നിട്ടുണ്ട്. തന്റെ ശമ്പളത്തിനായി കണ്ടുകൂടായിരുന്നു തനിക്കവളെ. മുറിയിൽ വൃത്തിയാക്കാനായി കയറിയിറങ്ങുമ്പോൾ പുകയുടെയും വിയർപ്പിന്റെയും ഉണങ്ങാത്ത മുടിയുടെ ചളിച്ച നാറ്റവുമെല്ലാം കൂടി ഒരു മണക്കൂട്ട്. മുറിയിൽ തങ്ങിനിൽക്കുമായിരുന്നു. ഇന്നത്തെ പോലെ വായുവിനെ സുഗന്ധപൂരിതമാക്കുന്ന ഒന്നും അന്നില്ലല്ലോ.

അവൾ കൊണ്ടുവന്ന ചായ വാങ്ങിക്കുടിക്കുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. വേണ്ട എന്നു പറയാനോ, വേണ്ടാത്തതിന്റെ കാരണം പറയാനോ അയാൾക്കു കഴിയില്ല. അച്ചടക്കമില്ലാത്തതും അണിനിരക്കാനറിയാത്തതുമായ കുറേ അക്ഷരങ്ങളുടെ ഭാണ്ഡങ്ങൾ പേറുകയാണിപ്പോൾ അയാളുടെ വായ.

പലവട്ടം അവൾ കൊണ്ടു വന്ന ചായക്കപ്പുകൾ എറിഞ്ഞുടച്ച് തറ തുടപ്പിച്ചിരുന്നു. വൃത്തിപോരാത്ത കപ്പുകളെയാ



പറഞ്ഞത്. മുറി തുടച്ചതിൽ, പൊടി തുടച്ചതിൽ, ഗേറ്റു തുറക്കാൻ താമസിച്ചതിൽ അങ്ങനെ ഓരോ മൂലകളിലും കാരണങ്ങൾ ഗോമതിയായി നിന്നു. ഇന്ദിരയ്ക്കോ ഗോമതിയോടെന്നും അലിവായിരുന്നു. അവളുടെ വക്കാലത്ത് പറയുന്നതിന് ഇന്ദിരയെയും താൻ ശകാരിച്ചിരുന്നു. വീടുപണിക്കുള്ള പണം അനുവദിച്ചു കിട്ടാൻ... അവൾ നടന്നത് കുറച്ചൊന്നുമല്ല. അവളുടെ പ്രയാസങ്ങൾ ഇരട്ടിയാക്കുന്നതിൽ ആനന്ദം കണ്ടെത്തി.

ഇന്നായിരുന്നെങ്കിൽ എന്നേ മേലുദ്യോഗസ്ഥനെതിരേ മനുഷ്യാവകാശത്തിന് കേസുകൊടുക്കുമായിരുന്നു. പീഡിതയായിരുന്നവൾ. മേലുദ്യോഗസ്ഥനാൽ പീഡിത. അവൾ മൗസും ഞാൻ ക്യാറ്റുമായിരുന്നോ? ഇന്നിതാ പുതിയ തിരിച്ചറിവ് നീ ക്യാറ്റും ഞാൻ മൗസുമാണ്. ക്യാറ്റ് - മൗസ് സിദ്ധാന്തത്തിന് പുതിയ മാനങ്ങൾ സൃഷ്ടിച്ച വില്യം ഹന്നയുടെയും ജോസഫ് ബാർബേറയുടെയും സാങ്കൽപിക കഥാപാത്രങ്ങളിൽ എന്നും വിജയം മൗസിനായിരുന്നു. ഒരു പ്രതീകാത്മകവിജയത്തിന്റെ പുത്തൻ കൊടി പാറിച്ച, പൂച്ചയുടെ പത്തിലൊന്നു തൂക്കം വരുന്ന എലിയുടെ നൂറിരട്ടി വിജയത്തിന്റെ ആക്കം കൂട്ടി എന്നിലേക്ക് സ്വാധീനത്തിന്റെ നൂലിഴകൾ പാകി എന്നെ പശ്ചാത്താപ വിവശനാക്കി.

ഇടയ്ക്കിടെ കുറച്ചു പണം ഞാൻ ഗോമതിക്കു നൽകിക്കൊണ്ടിരുന്നു. അവളത് പ്രതീക്ഷിക്കുന്നതായേ തോന്നിയില്ല: അതിനായി കാത്തും നിന്നില്ല. ശമ്പളത്തിനായി കാത്തു നിൽക്കുമ്പോ

ഴുള്ള ശരീരഭാഷ ഇപ്പോഴില്ല. എന്നാൽ സാമ്പത്തിക സ്ഥിതി മുമ്പത്തേതിൽ നിന്നും വ്യത്യസ്തവുമല്ല. എന്തു സുകൃതമാണാവോ ഈ അപരാധി ബാക്കി വച്ചിട്ടുള്ളത് ഗോമതിയുടെ ഈ സഹായങ്ങൾക്കർഹനാകുവാൻ.

പശ്ചാത്താപത്തിന്റെ ദിനങ്ങൾ കടന്നുപോകുമ്പോൾ ഗോമതിക്കുള്ള മാപ്പപേക്ഷ ഞാൻ തയ്യാറാക്കിക്കൊണ്ടിരുന്നു. കറുത്തു തടിച്ച, വിണ്ടുകീറിയ അവളുടെ വിരലുകളിൽ നിന്ന് ഒപ്പെന്ന കനിവിറ്റു വീഴുമോ? മകന്റെ നീലക്കാറിന്റെ ഹോൺ ഉയർന്നു താഴുന്ന ഇന്ദിര വന്നു താരാട്ടു പാടുന്ന, പല രാത്രികളും കടന്നുപോകുന്നു. ദൃശ്യാദൃശ്യദേവതകൾ എന്റെ രാത്രികളെ അതിജീവിപ്പിച്ചു പകലുകളാക്കി. ഗോമതിയുടെ കാപ്പി കുടിച്ചാണ് എന്റെ പ്രഭാതം തുടങ്ങുന്നത് ഭൂതകാലത്തിന്റെ ഓർമ്മകൾ അവൾ ഇടുന്ന പഞ്ചസാരയുടെ മധുരം കെടുത്തുന്നു?

ഒരു മാപ്പ് അനിവാര്യമായിരിക്കുന്നു. ഇല്ലെങ്കിൽ താൻ മരിച്ചാലും ആത്മാവിനുപോലും ശാന്തി കിട്ടിയില്ല. അവളെ ആശ്രയിച്ച് നിസ്സംഗനായി എത്ര നാൾ ഇടയ്ക്കിടെ മൂത്രമിറ്റുവീഴുന്ന മുണ്ടുകളെല്ലാം അവൾ അലക്കി വൃത്തിയാക്കി കൊണ്ടുവരുന്നു. താനറിയാതെ എന്തൊക്കെയോ സംഭവിക്കുന്നപോലെയും തോന്നാറുണ്ട്. മുറിയിൽ ചിലപ്പോൾ സാധനങ്ങൾക്ക് സ്ഥാനഭ്രംശം വരുന്നതായി തോന്നാറുണ്ട്. പഴയ മുണ്ടുകൾ ചിലവ അപ്രത്യക്ഷമാകുന്നു. പുതിയവ കാണുന്നുമുണ്ട്. ഗോമതി ഇത്ര നല്ലവളോ? എന്റെ സ്വത്തിൽ ഒരംശം ഇവൾക്കുമർഹതപ്പെട്ടതാണ് ഉറപ്പ്. പക്ഷേ എങ്ങനെ? എല്ലാം മകന്റെ പേരിലാണ്. ഈ അവസ്ഥ ഉണ്ടാകുമായിരുന്നെങ്കിൽ അൽപം മാറ്റിയിടേണ്ടതായിരുന്നു.

...ആയതിനാൽ ഈ വാർദ്ധക്യം എനിക്ക് ഒഴിവാക്കിത്തന്ന്, എന്റെ യൗവ്വനം നിലനിർത്തണമെന്ന് അങ്ങേയറ്റം ബഹുമാനത്തോടെ ഞാനപേക്ഷിക്കുന്നു... ടിയാൻ ഒപ്പ്. ഹെഡ്ഓഫീസിലും ബ്രാഞ്ച് ഓഫീസിലും പ്രാദേശിക ഓഫീസിലുമൊക്കെയായി എത്ര കോപ്പികൾ വേണമെങ്കിലുമാകാം. പക്ഷേ, പനിയുടെ വിചിത്രകേളികളാണ്. എക്സിക്യൂട്ടീവ് കമ്മറ്റികളും കോൺഫറൻസുകളും വിമാനയാത്രകളുമെല്ലാം മുറപോലെ ... ഇന്ദിരയുടെ പ്രസവവും മകന്റെ ചോറൂണും അവന്റെ കല്യാണവും അവന്റെ കുട്ടിയുടെ പിറവിയും തിരക്കുള്ളൊരു പനിരാത്രി. മഞ്ഞുമലകളുടെ ചരിവിലൂടെ ഊർന്നിറങ്ങിയ തന്നെ ആരോ ചരിക്കുന്നു, നിവർത്തുന്നു... പുതിയ പകലിലേക്ക് വെയിലിന്റെ ചൂടേറ്റ് ഒരു കാറ്റ് തഴുകിക്കടന്നുപോയി. ഗോമതി കൊണ്ടു വന്ന ചൂടുകഞ്ഞിക്ക് കയ്പാണ് തോന്നിയത്. പഴയ വിദ്വേഷം അവൾ കഞ്ഞിയിൽ ചാലിച്ചോ?

രണ്ടുദിവസം കഴിഞ്ഞുവത്രേ! ഗോമതിയുടെ വാക്കുകളിൽ നിന്നാണത് മനസ്സിലായത്. ആകെയൊരു മിന്നൽപ്പിണർ... പനിയെ ഏറെപ്പേടിക്കുന്നത് പ്രതിപ്രവർത്തന പ്രക്രിയയുടെ മുഴുവൻ കടിഞ്ഞാണും എന്റെ കൈയ്യിൽ നിന്ന് നഷ്ടപ്പെടുമെന്നതിനാലാണ്. പക്ഷേ ഹോംനേഴ്സിന്റെ മുഖലേപനം ഗോമതിക്കില്ല. അവളുടെ സംയമനം തന്നെ ഏറെ വിഷമിപ്പിക്കുന്നു. ഹൃദയം കുറേക്കൂടി ആർദ്രമായി. അവൾഒപ്പിടാത്ത അപേക്ഷ ഓർമ്മ വന്നു. ജാള്യത വിട്ടുമാറാതെ അയാൾ കുനിഞ്ഞു തന്നെയിരുന്ന് കഞ്ഞികുടിച്ചു. അവളെയൊന്ന് ചേർത്തു പിടിച്ച് മാപ്പുചോദിക്കുവാൻ മനസ്സ് വെമ്പുന്നു.

കഞ്ഞികുടിച്ച പാത്രങ്ങൾ പെറുക്കിഗോമതി, കൈകഴുകിക്കുവാൻ ശ്രമിക്കുകയാണ് അയാൾ നിവർന്നു നോക്കി, ''സഹോദരീ... മാപ്പ്...'' നാവു ചലിച്ചതു മാത്രമറിയാം അക്ഷരങ്ങൾ കൂട്ടിയിടിച്ചു ഒന്നുമറ്റൊന്നിന്റെ പുറത്തെന്നപോലെ... ആഘാതത്തിൽ നിന്ന് ഒരപശബ്ദം മാത്രം പുറത്തുവന്നു. കരുണാപൂർവ്വം ഗോമതിയുടെ കൈകളിൽ വിറയാർന്ന വിരലുകൾ ചുറ്റിപ്പിടിച്ചു ഗോമതി കുതറി. പാത്രങ്ങൾ ശബ്ദത്തോടെ താഴെ വീണു ചിതറി.

ഗോമതി ഉറക്കെ കരഞ്ഞു ''പൊന്നുമക്കളേ ഇങ്ങേരെന്നെക്കയറിപ്പിടിച്ചെടാ. കുഴീപ്പോകേണ്ട കിളവൻ.'' അവരുടെ മകനടക്കം മൂന്നാലു പേർ വാതിലിനടുത്തേക്കോടി വന്നു. ഗോമതിയുടെ മകൻ തീ പാറുന്ന കണ്ണുകളോടെ കട്ടിലിനരുകിലേക്കു വന്നു. ''എടോ കിഴവാ... തന്റെ മകന്റെ ആയിരങ്ങൾ കണ്ടിട്ടു മാത്രമല്ലാ... ഞങ്ങളിതൊക്കെ ചെയ്യുന്നത്. തന്റമ്മയെ ഓർത്തിട്ടുകൂടിയാ ഞങ്ങൾക്കു കാശേ ഇല്ലാതുള്ളൂ. ഒരു മയിസ്രേട്ട്'' പയ്യനും ഗോമതിയും കാറിത്തുപ്പി. കൈകൾ വീശി അരുതെന്നു വിലക്കി. കണ്ണുകൾ തുറിച്ച് നെഞ്ചിലെയും കഴുത്തിലെയും പേശികൾ എഴുന്നേറ്റ് ഒരു ശ്വാസത്തെ മുകളിലേക്കെത്തിച്ചു. ഗോമതി അക്ഷോഭ്യയായി സംസാരിച്ചുകൊണ്ടേയിരുന്നു.

പക്ഷേ അയാളെ അമ്പരപ്പിച്ചത് മറ്റൊന്നായിരുന്നു. തന്റെ മകൻ അതിനിടയിലേക്ക് കയറി വരുന്നു. അവൻ ഉച്ചത്തിൽ പറഞ്ഞു. 'നിങ്ങൾ വെറുതേ തെറ്റിദ്ധരിക്കേണ്ട...എന്റെച്ഛൻ ആഭാസനല്ല. നിങ്ങളോട് മാപ്പു ചോദിച്ചതാണ് പണ്ടത്തെ തെറ്റുകൾക്ക് എല്ലാം ആധയറിയിലുണ്ട്. അല്ലാതെ' ... പുത്രൻ, നരകത്തിൽ നിന്ന് പിതാവിനെ ഉയർത്തിയവൻ എന്നെ ചേർത്തണച്ചു നിന്നു.

അയാൾ ശബ്ദമില്ലാതെ... മൗനം കൊണ്ടു പുലമ്പി. പീഡനം നടന്നത് പത്തിരുപതു വർങ്ങൾക്കു മുൻപാണ്. അപരാധി പിടിയിലായത് ഇപ്പോഴാണ്. ഞാൻ മാപ്പിരക്കുകയാണ് സഹോദരീ മാപ്പ്... മകൻ അച്ഛനെ ചേർത്തുപിടിച്ചുകൊണ്ട് ഒറ്റമുറി വീടിന്റെ പടിയിറങ്ങി. അച്ഛനും മകനും സ്വന്തം വീടിന്റെ പടികയറിയത് ഒരേ ഭാഷ സംസാരിക്കുന്നവരായിട്ടായിരുന്നു. അന്ന് വൃദ്ധന്റെ പൗത്രന്റെ പതിനാറാം പിറന്നാളായിരുന്നു.



# യാത്രമൊഴി

ഇന്നൊരു സുദിനമാണ്.....
ഞാൻ സ്വത്വം തിരിച്ചറിഞ്ഞ ദിവസം...
ഭ്രാന്തുണ്ട് എന്ന് സ്വയം തിരിച്ചറിഞ്ഞ ദിവസം...
പക്ഷേ  ഭ്രാന്തന്മാരുടേതല്ല ഈ ലോകം...

കൈകളിൽ ചങ്ങലകൾ കിലുങ്ങും മുമ്പ്
കാലുകളിൽ ബന്ധനം പിടിമുറുക്കും മുമ്പ്
ഒരു യാത്ര പോകണം....
കണ്ണുകൾ വഴി പറയുന്നിടത്തേക്ക്
ഭ്രാന്തിന്റെ ഭാരവും പേറി
എങ്ങോട്ടേക്കെന്നറിയാത്തൊരു യാത്ര...

ആദ്യം ഒരു പുഴയോരത്തു പോണം....
പിന്നെ കയ്യിൽ കരുതിയ കടലാസിലേക്ക്
ഭ്രാന്തുകൾ ഓരോന്നായി എഴുതണം....
ആ കടലാസ് നാലായി മടക്കി ഒരു തോണിയുണ്ടാക്കണം...
പുഴയുടെ ഓളങ്ങളിലേക്ക് ആ തോണിയെ മെല്ലെ ഒഴുക്കിവിടണം...

അതു ഒഴുകി അകലുന്നത് കുറച്ചു നേരം നോക്കി നിൽക്കണം....
പിന്നെയും യാത്ര തുടരണം....
എങ്ങോട്ടേക്കെന്നറിയാത്തൊരു യാത്ര....
യാത്രക്ക് മുമ്പ് ഒരു ചോദ്യം മാത്രം മനസ്സിൽ ....
ആ ഭ്രാന്തായിരുന്നു എന്റെ സ്വത്വം....
സ്വത്വം നഷ്ടപ്പെടുത്തി മടങ്ങിയെത്തിട്ടെന്തുകാര്യം...

ആ കോണിയിലേറി ഞാനും യാത്ര തുടരാം....
ദിശയറിയാതെ തിരിച്ചുവരാത്തൊരു യാത്ര....



വിവേക് മുളയറ

UPS Universal Print Systems
— Driven by Creativity, Committed to Human Values

**Plot No.113, ALEAP Industrial Estate,**
**Surampalli (V), Gannavaram (M),**
**Krishna District,**
**Andhra Pradesh–521 212.**
**Phone 08676-325724**
**Mobile 9391540240**
**Website: www.universalprintsystems.com**



# വനിതാദിനം

## ആനന്ദനിലയത്തിലെത്തിലെ കൊച്ചു കൂട്ടുകാർക്കൊപ്പം

സി.ഇ.എ വനിതാസബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ അന്താരാഷ്ട്രവനിതാദിനം സി-ഡിറ്റ് ജീവനക്കാരും കുര്യാത്തി ആനന്ദനിലയം അനാഥ മന്ദിരത്തിലെ അന്തേവാസികളോടൊപ്പം ചേർന്ന് ഒത്തൊരുമിച്ച് സമുചിതമായി ആചരിച്ചു. 2018 മാർച്ച് 8-ാം തീയതി വ്യാഴാഴ്ച 3.30 ന് നടന്ന സംഘടിപ്പിച്ച പരിപാടി ബഹു.സി-ഡിറ്റ് രജിസ്ട്രാർ ശ്രീ. ജി.ജയരാജ് അവർകൾ, അന്തേവാസികളായ അൻപതോളം വരുന്ന പെൺകുട്ടികൾക്ക് പഠനോപകരണ കിറ്റ് നൽകി ഉദ്ഘാടനം ചെയ്തു. ആനന്ദനിലയം സെക്രട്ടറി ശ്രീ.ബി. ശശിധരൻനായർ, സി.ഇ.എ. സെക്രട്ടറി സഖാവ് ബി.സതീശൻ, വനിതാസബ് കമ്മിറ്റി കൺവീനർ പ്രേംസുജ എന്നിവർ സംസാരിച്ചു.

കൊച്ചുകൂട്ടുകാരുടെ ആഹ്ലാദത്തിൽ പൂർണ്ണമായി പങ്കുചേർന്നുകൊണ്ട്, പാട്ടുപാടിയും കലാപരിപാടികൾ ആസ്വദിച്ചും വിശേഷങ്ങൾ പങ്കുവച്ചും വനിതാ സബ്കമ്മിറ്റിയംഗങ്ങളും പങ്കെടുത്ത എല്ലാ സി-ഡിറ്റ് ജീവനക്കാരും ആനന്ദനിലയത്തിൽ രണ്ടു മണിക്കൂറോളം കുട്ടികളോടൊപ്പം ചെലവഴിച്ചു.



photostory

വനിതാദിനം 2018









വനിതാദിനം 2018| **ആനന്ദനിലയത്തിലെത്തിലെ കൊച്ചു കൂട്ടുകാർക്കൊപ്പം**

# Tutanota

## a Secure free e-mail service

https://www.reddit.com/r/privacy/


>**Dedicated to the intersection of technology, privacy, and freedom in the digital world.**

"I don't have anything to hide but I don't have anything I want to show you either" - @CryptopartyBLN

**Tutanota is derived from Latin and contains the words "tuta" and "nota" which mean "secure message".**

The Tutanota servers are located in secure data centers in Germany. All saved data are subject to the strict German privacy protection laws. Independent of that all data is end-to-end encrypted and cannot be read by the Tutao GmbH as the provider or by any third party.

The following examples show how sent and received emails are encrypted in Tutanota. Alice is registered with Tutanota, Bob may be registered with Tutanota or an external recipient and Carol is not registered with Tutanota. In any case all emails (including attachments) are stored encrypted on the Tutanota servers. Independent of the end-to-end encryption, the transport between client and Tutanota servers is secured with SSL and DANE.







**Tanzeem M.B**
Programmer,
CDIT
Informatics

# Sending and receiving end-to-end encrypted emails

The email is encrypted on Alice' client, stored encrypted on the server and can only be decrypted by Alice or Bob.




## How do I send an encrypted email to an external recipient?

When sending an encrypted message to an external recipient, to someone who does not use Tutanota, you have to exchange a password once.The sender enters a password before sending the email. Once set the password will be automatically saved along with the contact in your Tutanota address book. Next time, you simply specify the recipient and Tutanota automatically enters the password. The password needs to be exchanged via a second channel.

### The external recipient

- receives a notification email with a link to Tutanota (browser opens up)
- enters the exchanged password,
- can read the automatically decrypted email, reply confidentially, export all exchanged messages and save them locally.

**Note:** The link within the notification email contains a salt which is needed for decryption along with the password. Thus, someone who wants to intercept your encrypted messages needs the exact link and the password. (An old link gets deactivated as soon as you send a new email to the same email address.)

Upon sending emails from Tutanota to Tutanota all emails are encrypted automatically on your device. You do not have to enter any passwords.

It is not required to set up 2FA on your account, but it is recommended if you'd like the peace of mind that comes with the additional security.

There are also similar other secure email service worth a try like openmailbox.org and protonmail.com. In openmailbox you have higher free mail storage options (5 GB)though it is still in its beta. Protonmail run by CERN is hosted in Switzerland and protected by Swiss privacy laws has 2way authentication and you can have two passwords one to login and one to encrypt your inbox. Protonmail has free 500MB and Tutanota offers 1GB free storage for your inbox.

### Privacy risks presented by Gmail

- Non-Subscribers Do Not Consent to Content Extraction.
- Unlimited Data Retention
- Profiling Across Google Product Line.Google uses cookies to track users (and preserve preference across sessions) on the Google search engine. Gmail also uses cookies.
- Bad Legal Precedent.Businesses and government organizations may thus find it easier to legally monitor e-mail communications
- Insufficient Privacy Policy. Eg Google can transfer all of the information, including any profiles created, if and when it is merged or sold

**Google** as a search engine itself is not secure since its tracks you and if you want to care for your privacy while searching online, use secure search engines like DuckDuckgo.com and using browsers like Tor will make you more safe on the internet.

So isnt it the right time to drop nonsecure email services like you gmail account and live happily and safely online with tutanota and the like.



# CECS

സി-ഡിറ്റ് എംപ്ലോയീസ്
കോ-ഓപ്പറേറ്റീവ്
സൊസൈറ്റി

CECS
ജീവനക്കാർക്ക്
ആശ്വാസകരമായ
വായ്പാ
സൗകര്യം

CECS
ആകർഷകമായ
പലിശ നിരക്കിൽ
നിക്ഷേപ
സമാഹരണം

CECS
ഹയർ പർച്ചേസ്
സൗകര്യം

## CECS

പ്രതിമാസ നിക്ഷേപ പദ്ധതി
2017 ആഗസ്റ്റ് 17-ാം തീയതി
(ചിങ്ങം 1) ആരംഭിക്കുന്നു

CECS
പ്രതിമാസ
നിക്ഷേപ
പദ്ധതി

| | |
|---|---|
| ₹ 5000 : 20 | ₹ 100000 |
| ₹ 2500 : 20 | ₹ 50000 |
| ₹ 1000 : 25 | ₹ 25000 |



കാൽനൂറ്റാണ്ടിനിപ്പുറം സാങ്കേതിക വിദ്യാ വികസനത്തിലൂടെ സാമൂഹ്യ മാറ്റത്തിന് വഴിയൊരുക്കിയ സി-ഡിറ്റിലെ ജീവനക്കാരുടെ കൂട്ടായ്മയിൽ സാക്ഷാത്കരിക്കപ്പെടുന്ന നൂതന സംരംഭം വിജയിപ്പിക്കണമെന്ന് എല്ലാ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

# ബൈ പോളാർ ഡിസോടർ അഥവാ ദ്രുവ അന്തര രോഗം



**ധന്യാലാൽ**
ഡിജിറ്റൽ ജേർണലിസ്റ്റ്, സി- ഡിറ്റ്



തലച്ചോറിന്റെ വരമ്പുപാളങ്ങളിലൂടെ
ഒരു തീവണ്ടി കുതിച്ചു പായുന്നു,
തൊണ്ടയിലൊരു ചൂളംവിളി പുറപ്പെടനാവാതെ
കുരുങ്ങി കുടുങ്ങി നിൽക്കുന്നു
ചിന്തകളെല്ലാം ശൂന്യമായി
പ്രവർത്തന നിലകളിൽ മാറ്റം വരുന്നു .
നിരാശാജനകമായ എപ്പിസോഡുകളിലൂടെ
മാനസിക നിലയംതടസമെന്ന് എഴുതി
ഭൂതല സംപ്രേഷ്ണം അവസാനിപ്പിക്കുന്നു .
തുടർന്ന് എയർ ചെയ്യാൻ സാധ്യതയുള്ള
ഹൈപോമനിക് എപ്പിസോഡുകൾ
കൃത്യമായ പഞ്ച്ജിംഗ് സ്പേസ് കിട്ടാതെ
മൂലകളിൽ നിഷ്ക്രിയരായി പരിണമിക്കുന്നു ..
തലക്കുള്ളിൽ ഓടുന്ന തീവണ്ടിക്കിപ്പോൾ
രണ്ടു ചക്രം മാത്രം....
ബൂട്ടിട്ട ഏതോ കാലുകൾ വേഗത്തിൽ ഇറങ്ങിയോടുന്നു
നിരുപദ്രവകരമായ നിരാശാജനകമായ എപ്പിസോഡുകൾ
കാലഘട്ട ക്രമം തെറ്റിച്ച് പ്രദർശിപ്പിച്ച്
ഞാൻ എന്നിലേക്ക് മടങ്ങാൻ ഒരു ശ്രമം നടത്തുന്നു
ഉള്ളിൽ ഒരു പൂമ്പാറ്റയെങ്കിലും ഒരു പുഴുവിനെ
പോലെ ഇഴഞ്ഞു നടക്കുന്നു ...
പതിവിലും കൂടുതൽ സജീവമാകുന്ന അവസ്ഥയിലേക്ക്
എന്റെ നീല ഗുളികകൾ എന്നെ ഉയർത്തി നിർത്തുന്നു
വേഗത്തിൽ ചിന്തിക്കാൻ മാനിക്
എപ്പിസോടിലേക്ക് മാറി നടക്കുന്നു ..
അശ്രദ്ധമായ രതിയിൽ അവനെ
കടിച്ചു മുറിവേൽപ്പിക്കുന്നു ....
വളരെ സങ്കടത്തോടെ ശൂന്യമാകുന്നു
ഒന്നും ആസ്വദിക്കാനാവില്ലെന്നു വിഷമിക്കുന്നു
ഓർമ്മയുടെ സെല്ലുകൾ ശൂന്യവുമായിരുന്നുവെന്ന്
ഉൻമാദത്തോടെ തിരിച്ചറിയുന്നു
മടുപ്പിന്റെ വേഗത കൂട്ടി കഴിഞ്ഞ കാലങ്ങളെ
തിരിച്ചു വിളിക്കാൻ ശ്രമിക്കുന്നു
മൂഡ് സ്റ്റബിലൈസറുകൾ തിർന്ന
കുപ്പികളിലേക്കു ഗപ്പി കുഞ്ഞുങ്ങളെ നീന്താൻ വിടുന്നു
പാളം തെറ്റി ഒരു തീവണ്ടി കടലിലേക്ക് കുതിക്കുന്നു ...
എന്നെ തനിച്ചാവാൻ സമ്മതിക്കാതെ ഒരു തിര
കാലിൽ ചുറ്റി ആഴത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നു ...

photostory



# സി-ഡിറ്റ്

## ജീവനക്കാരുടെ യോഗം






സി-ഡിറ്റിലെ വിവിധ പദ്ധതികളിൽ ജോലിയെടുത്തുവരുന്ന ജീവനക്കാരുടെ കൂട്ടായ്മ 2018 ജൂൺ 28-ന് ബഹു. സഹകരണ, ടൂറിസം, ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. രണ്ട് വർഷത്തിനുശേഷമാണ് സി-ഡിറ്റിലെ എല്ലാ വിഭാഗം ജീവനക്കാരെയും പങ്കെടുപ്പിച്ച് കൂട്ടായ്മ സംഘടിപ്പിച്ചത്. ജീവനക്കാരുടെ സംഗമത്തിൽ സി-ഡിറ്റിന്റെ വളർച്ചയ്ക്കുവേണ്ടി ബഹു.മുഖ്യമന്ത്രി നൽകിവരുന്ന പിന്തുണ പ്രശംസനീയമാണെന്നും സർക്കാരിന്റെ വിവിധ പദ്ധതികളിൽനിന്നും ചില ഉദ്യോഗസ്ഥർ ബോധപൂർവ്വം സി-ഡിറ്റിനെ ഒഴിവാക്കാൻ നടത്തുന്ന ശ്രമത്തെ സർക്കാർ തക്കസമയത്ത് ഇടപെട്ട് പരിഹരിക്കുന്നതായും സി-ഡിറ്റിനെ കൂടുതൽ ഉന്നതിയിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിഭാവനം ചെയ്യുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. തൊഴിൽ ഭീഷണി സൃഷ്ടിക്കുന്നതും സി-ഡിറ്റിനെ തകർക്കാൻ ശ്രമിക്കുന്ന





photostory

## സി–ഡിറ്റ്

### ജീവനക്കാരുടെ യോഗം




തും സർക്കാരിന്റെ നയമല്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു. ജീവനക്കാരുടെ കൂട്ടായ്മയിൽ ശാസ്ത്രജ്ഞന്മാരും സാങ്കേതികവിദഗ്ദ്ധരും സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും ക്ഷേമത്തിനാവശ്യമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ സെക്രട്ടറി ശ്രീ.ബി.സതീശൻ രൂപരേഖ സമർപ്പിച്ചു. ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സജിനാരായണൻ അദ്ധ്യക്ഷതവഹിച്ചു. വൈ.എം.സി.എ ഹാളിൽ നടന്ന കൂട്ടായ്മയിൽ സി-ഡിറ്റിലെ വിവിധ വകുപ്പുകളെ പ്രതിനിധീകരിച്ച് 151 പേർ പങ്കെടുത്തു.

സി-ഡിറ്റിന്റെ നിലവിലെ അവസ്ഥയും വസ്തുതയും ജീവനക്കാർക്ക് ബോദ്ധ്യപ്പെടുത്തുന്നതിലേക്കായിട്ടാണ് പ്രധാനമായും ജീവനക്കാരുടെ കൂട്ടായ്മ സംഘടിപ്പിച്ചത്. ജീവനക്കാർ പൊതുവിൽ അസംതൃപ്തരാകുകയും തൊഴിൽ ഭീഷണി നേരിടുകയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിലായിരുന്നു കൂട്ടായ്മ സംഘടിപ്പിച്ചത്. അതിനുപുറമെ സ്ഥാപനം സാമ്പത്തികമായി തകർച്ചയിലേക്ക് പോകുന്നു എന്ന ചിന്തയും ജീവനക്കാരുടെ ഇടയിൽ ഉടലെടുത്തു. നിലവിലുള്ള പ്രധാനപ്പെട്ട പദ്ധതികളിൽ ചിലത് നഷ്ടപ്പെടുകയും പലതും ഭീഷണി നേരിടുകയും ചെയ്യുന്ന സാഹചര്യത്തിൽ ജീവനക്കാർ പൊതുവെ സർക്കാരിനെതിരെ വിമർശനങ്ങൾ ഉയർത്താൻ തുടങ്ങിയിരുന്നു. സി.ഇ.എയുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തി പരിഹാരം കാണുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിനും മാനേജ്മെന്റിനും നൽകുന്നതിനും കൂട്ടായ്മ വേദിയായി




Sacred games generally referred to as porn games by the general conservative public of India seeks out an oncore performance towards the end of season one. Nawazuddin Siddiqui makes a grand entry in the first episode in pursuit of the ethics of karma in religion and its unleashed terror. What the emblem of god is truly represented as through the entire narrative is the suspect of crimes of the darkest of streets in Mumbai. Post partition effects giving birth to the regressive phase in morality and spirituality. How religion converts even the most simplest of man in the way of denial of privileges sets their agendas in place.

Sacred games is not a simple case and mouse narrative for Anurag kashyap and Vikramaditya motwane, through each story from the eyes of the antagonist tells the psychological aftermath of political blunders made in the past to our beloved nation. The untold story behind Babiri masjid, the Mumbai hindu muslim riots and the conspiracy theories unjustified is all revealed in the show.

Nawazuddin Sidiqui's character Ganesh gaitonde is treated very differently than his previous gangster role Faizal khan in Anurag kashyap directed  Gangs of wasseypur. Ganesh gaitonde is the split side of the coin whose opposite is enacted by Saif Ali khan( Sartaj Singh) a cop in guilt whenever justice is denied.  Ironically, both the characters



**S. Ananthakrishnan**

seek salvation and the truth in existence so we don't feel the obvious good guy bad guy difference. Radhika apte playing Anjali mathur is a solid representation of the bias against women in Indian police task force. Her insecurities that arise out of being pushed in by the system controls her personality and actions. Trying to prove that she is not just an analyst but also a fighter lands her grave danger at many times. But her bond with Sartaj makes them the A team in the series.

Sacred games has followed a seemingly similar pattern to Game of thrones with its line of treatment. But what makes it entirely different is the realistic thread that captures the exact photocopied view of our laws and system. Main characters being harmed or killed off in the beginning of the story is also a similarity relatable to game of thrones. And the thrill that drives the show is the curiosity of the audience and unexpected screenplay. But not enough can be said of the tremendous job writers Varun Grover, Smita Singh and Vasant Nath have done with whittling down Vikram Chandra's dense book. Their most winning idea has to be doing away with the novel's non-linear and often distracted narrative with a more straightforward story, in eight episodes. The women portrayed in the series lead a revolution that will change the perception of acting in a much more broader context. Giving them more bold and lead roles with an open attitude to ones inner sexuality is not for a commercial purpose. It is for a reality check of the cultural pride that one beholds as sacred. A culture of discrimination and segregation that suggests the power politics in the system.





Best Wishes from.....

Sunil G.R
Managing Partner

Mob : 09387482300
09400830000

media Trendz
a complete media solution

Media Production | Camera & Light Rental | Capturing live Show | HD Post production Lab

NLRA - 295, Ulloor, Medical College P.O., Thiruvananthapuram
www.mediatrendz.co.in | email: mediatrendz3@gmail.com



# കണ്ണുള്ളപ്പോൾ കണ്ണിന്റെ വിലയറിയില്ല



ആനന്ദ് ബി. എസ്.
സി-ഡിറ്റ് കോഴ്സ്
എഡിറ്റിംഗ്

ജോർജ്, ജോൺ, സെയ്ദുദ്ദീൻ, ബാലു ഇവർ നാലുപേരും കൂട്ടുകാർ ആയിരുന്നു. ഒരു ക്ലാസ്സിൽ ഒരു ബെഞ്ചിൽ ഒന്നിച്ച് പഠിക്കുന്ന കൂട്ടുകാർ. ജോർജും ജോണും നല്ല കാശുള്ള വീട്ടിലെ കുട്ടികളായിരുന്നു സെയ്ദുദ്ദീൻ. ഒരു മിഡിൽ ക്ലാസ് കുടുംബത്തിൽപ്പെട്ട കുട്ടിയും ബാലു ഒരു പാവപ്പെട്ട വീട്ടിലെ കുട്ടിയും ആയിരുന്നു. ഇവർ നാലുപേരും കൂട്ടുകാർ ആണെങ്കിലും ഇവർക്കിടയിൽ ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. കാശുള്ളവർ കാശില്ലാത്തവൻ എന്നൊക്കെയുള്ള ചിന്ത ജോർജ്ജ്, ജോൺ, സെയ്ദുദ്ദീൻ എന്നീ മൂന്നുപേരിലും ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ ഇവർക്ക് നാലു പേർക്കിടയിലും ബാലു എന്ന സാധാരണക്കാരനായ കുട്ടിയോട് ഇവർ വെറും പുശ്ചമായിരുന്നു. അതുകൊണ്ട് തന്നെ ബാലുവിനെ എപ്പോഴും ഇവർ മൂന്നുപേരും കളിയാക്കിക്കൊണ്ടേ ഇരി

ക്കും. ബാലു വെറുമൊരു പാവമായതിനാൽ തിരിച്ചൊന്നു പറയാനും പോകില്ല. ബാലുവിന്റെ മനസ്സിൽ എന്നും എപ്പോഴും ഇവർ നാലുപേരും കൂട്ടുകാരാണ് എന്ന വിചാരം ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ ബാലു എല്ലാം സഹിച്ചും ക്ഷമിച്ചും പോയ്ക്കൊണ്ടെയിരുന്നു.

ദിവസങ്ങൾ കൂടുന്തോറും ജോർജ്ജും, ജോണും സെയ്ദുദ്ദീനും ബാലുവിനോടുള്ള കളിയാക്കൽ കൂടിക്കൊണ്ടിരുന്നു. ബാലുവിന്റെ വിഷയമങ്ങൾ ഒരിക്കൽപ്പോലും പുറത്ത് കാണിക്കാതെ ഉള്ളിൽ തന്നെ ഒതുക്കിയിരുന്നു. അങ്ങനെയിരിക്കെ പെട്ടെന്ന് ഒരു ദിവസം സെയ്ദുദ്ദീൻ വളരെ വേഗതയിൽ വീടിനടുത്തുള്ള ചന്തയിലൂടെ ബൈക്കിൽ വരുകയായിരുന്നു പെട്ടെന്ന് സെയ്ദുദ്ദീൻ ഓടിച്ചിരുന്ന ബൈക്ക് അതുവഴി വന്ന ഒരു സ്ത്രീയുടെ ദേഹത്ത് മുട്ടി ആളുകൾ ഓടിക്കൂടി സെയ്ദുദീൻ ബൈക്കിൽ നിന്നും താഴെവീണു. നാട്ടുകാർ മുഴുവൻ സെയ്ദുദ്ദീനെ വഴക്കുപറഞ്ഞു. പക്ഷേ സെയ്ദുദ്ദീൻ ഇതൊന്നും വകവയ്ക്കാതെ നാട്ടുകാരോട് പറഞ്ഞു എന്റെ തെറ്റില്ല ബൈക്ക് വരുന്നത് ശ്രദ്ധിക്കാതെ ഈ വീണുകിടക്കുന്ന സ്ത്രീയാണ് റേഡ് ക്രോസ്സ് ചെയ്തത് എന്ന് നാട്ടുകാർ താഴെ വീണുപകിടന്ന സ്ത്രീയെ പിടിച്ച് എണീപ്പിച്ചു. ആ സ്ത്രീയെ കണ്ടതും സെയ്ദുദ്ദീൻ ഒന്ന് ഞെട്ടിപ്പോയ് പെട്ടെന്ന് അമ്മേ എന്ന് വിളിച്ച് പൊട്ടിക്കരഞ്ഞ് കെട്ടിപ്പിടിച്ചു. സെയ്ദുദ്ദീൻ ശ്രദ്ധിക്കാതെ ബൈക്കിടിപ്പിച്ച് നെലത്തിട്ടത് സ്വന്തം അമ്മയെ തന്നെ ആയിരുന്നു. ഒട്ടും വൈകാതെ തന്നെ അമ്മയെ ഹോസ്പിറ്റലിൽ എത്തിച്ചു. പരിശോധിച്ച ആശുപത്രിയിലെ ഡോക്ടർമാർ പറഞ്ഞു ഇനിയങ്ങോട്ട് അമ്മയെ ചികിത്സിക്കണമെങ്കിൽ ബിൽ അടച്ചതിനുശേഷം മാത്രമേ പറ്റൂ എന്ന്. സെയ്ദുദ്ദീൻ തന്റെ കൈയ്യിലുണ്ടായിരുന്ന കാശെടുത്ത് അപ്പോഴത്തെ ആശുപത്രിയിലെ ബിൽ അടച്ചു. അധികം താമസിക്കാതെ തന്നെ ഒരു ഓപ്പറേഷൻ വേണ്ടിവരുമെന്ന് ഡോക്ടർ സെയ്ദുദ്ദീനെ വിളിച്ചു പറഞ്ഞു. ഓപ്പറേഷൻ 50,000 രൂപ എത്രയും വേഗം അടച്ചാലെ ചെയ്യൂവെന്നും ഡോക്ടർ പറഞ്ഞു. സെയ്ദുദ്ദീന്റെ കൈയ്യിലാണെങ്കിൽ ഒരു രൂപപോലും എടുക്കാനും ഇല്ല സെയ്ദുദ്ദീൻ തന്റെ സുഹൃത്തുക്കളായ ജോർജിനെയും ജോണിനെയും വിളിച്ചു കാശിനായി പക്ഷേ അവരാരും തന്നെ സെയ്ദുദ്ദീനെ സഹായിച്ചില്ല. സെയ്ദുദീൻ ഇനിയെന്ത് ചെയ്യുമെന്ന നിസ്സഹായമായ അവസ്ഥയിൽ വളരെ വിഷമിച്ച് പൊട്ടിപൊട്ടി കരഞ്ഞുകൊണ്ട് നിന്നപ്പോഴാണ് ആശുപത്രിയിൽ യാദൃശ്ചികമായി ബാലു ഒരുതൂക്കുപാത്രവുമായി അതുവഴി വരുന്നത് കണ്ടത്. ബാലു സെയ്ദുദ്ദീനെ കണ്ടതും ഓടി അവന്റെ അവസ്ഥ കണ്ട ബാലു പറഞ്ഞു നീ ഇവിടെ നിൽക്ക് ഞാൻ ദാ വരുന്നു. നീ വിഷമിക്കണ്ട നമുക്ക് പരിഹാരം ഉണ്ടാക്കാം. എന്ന് സെയ്ദുദ്ദീൻ ചോദിച്ചു നീ എങ്ങോട്ടാ പോണെ തൊട്ടടുത്ത വാർഡിൽ എന്റ അമ്മൂമ്മ വയ്യാതെ കിടക്കുവാ ഞാൻ ഈ ചായ കൊണ്ട് കൊടുത്തിട്ട് ദാ വരുന്നു. ബാലു അമ്മൂമ്മയുടെ അടുത്ത് പോയ് ചായ കൊടുത്തു എന്നിട്ട് അമ്മൂമ്മയുടെ അടുത്തിരുന്ന ബാലുവിന്റെ അമ്മയോട് സെയ്ദുദ്ദീൻ കാര്യം പറഞ്ഞു അമ്മ സെയ്ദുദ്ദീൻ ഓപ്പറേഷനുള്ള പണം അടക്കാൻ നിവർത്തിയില്ലാതെ വിഷയമിച്ച് അവിടെ നിൽക്കുവാ. അവനെ സഹായിക്കാൻ അമ്മയുടെ കഴുത്തിൽ കിടക്കുന്ന ഈ മാല ഒന്ന് തരുമോ ഉടൻ തന്നെ ബാലുവിന്റെ അമ്മ തന്റെ കഴുത്തിൽ കിടന്ന മാല ബാലുവിന്റെ കൈയ്യിൽ ഊരിക്കൊടുത്തു. എന്നിട്ട് പറഞ്ഞു നീപോയ് ഇത് സെയ്ദുദ്ദീന്റെ കൈയ്യിൽ കൊടുക്ക്. ഇത് വിറ്റുകിട്ടുന്ന പണം ഓപ്പറേഷന് അടക്കാൻ പറ. ബാലു അവന്റെ അമ്മ പറഞ്ഞതുപോലെ മാല കൊണ്ട് സെയ്ദുദ്ദീന്റെ കൈയ്യിൽ കൊടുത്തു. എന്നിട്ട് ബാലു പറഞ്ഞു നീവേഗം പോയി അമ്മയുടെ ഓപ്പറേഷൻ നടത്താൻ നോക്ക് സെയ്ദുദീന്റെ കണ്ണുകൾ നിറഞ്ഞു ബാലുവിനെ ഇത്രയും കാലം കളിയാക്കിയതിൽ ക്ഷമ ചോദിച്ചു. ബാലു പറഞ്ഞു അതൊന്നും സാരമില്ല ഞാൻ എന്നും നിങ്ങളുടെ കൂട്ടുകാരനായ് ഇരുന്നാൽ മതി. സെയ്ദുദ്ദീന്റെ അമ്മയുടെ ഓപ്പറേഷൻ കഴിഞ്ഞു അമ്മക്ക് ബോധം വീഴുന്നതും കാത്ത് അമ്മയുടെ അരികിൽ തന്നെ സെയ്ദുദ്ദീൻ ഇരുന്നു. അധികം താമസിക്കാതെ അമ്മക്ക് ബോധം വന്നു. അമ്മ സെയ്ദുദ്ദീനെ നോക്കിപറഞ്ഞു മോനെ ബൈക്കൊക്കെ ഓടിക്കുമ്പോൾ സൂക്ഷിച്ച് ഓടിക്കണോന്ന് സെയ്ദുദ്ദീൻ അമ്മയുടെ കാല് പിടിച്ച് കരഞ്ഞുകൊണ്ട് പറഞ്ഞു. അമ്മ ശരിക്കും ഞാൻ കുറച്ച് മുന്നെയാണ് അമ്മയുടെ വില അറിഞ്ഞത് മാത്രവുമല്ല എനിക്ക അമ്മ വേണ്ടിവന്നു. എന്റെ ശരിക്കുമുള്ള കൂട്ടുകാരനെ തിരിച്ചറിയുവാനും കണ്ണുള്ളപ്പോൾ കണ്ണിന്റെ വില അറിയില്ലെന്ന് പറയുന്നത് ശരിയാണ് അമ്മ....

**ഉടൻ തന്നെ ബാലുവിന്റെ അമ്മ തന്റെ കഴുത്തിൽ കിടന്ന മാല ബാലുവിന്റെ കൈയ്യിൽ ഊരിക്കൊടുത്തു. എന്നിട്ട് പറഞ്ഞു നീപോയ് ഇത് സെയ്ദുദ്ദീന്റെ കൈയ്യിൽ കൊടുക്ക്. ഇത് വിറ്റുകിട്ടുന്ന പണം ഓപ്പറേഷന് അടക്കാൻ പറ. ബാലു അവന്റെ അമ്മ പറഞ്ഞതുപോലെ മാല കൊണ്ട് സെയ്ദുദ്ദീന്റെ കൈയ്യിൽ കൊടുത്തു.**

# ചിത്രം – വിചിത്രം



എന്തിനു വേണ്ടി നാം മത്സരിച്ചീടുന്നു
എന്തിനു വേണ്ടി നാം കൊന്നൊടുക്കീടുന്നു
എന്റേതെന്നൊന്നില്ലെന്നിരിക്കവെ
ഇന്നെന്തു കണ്ടങ്ങഹങ്കരിച്ചീടുന്നു

സ്വന്തവും ബന്ധവും സ്നേഹ ബന്ധങ്ങളും
ഒന്നുമേ ശാശ്വതമല്ല ഈ ലോകത്തിൽ
ദേഹത്തെ വിട്ടകലുന്ന ദേഹിക്കു
സ്വന്തവുമില്ല ബന്ധുക്കളുമില്ല.

ജീവനുണ്ടെങ്കിലും നിശ്ചലമായീടിൽ
ജീവനുതുല്യം സ്നേഹിച്ചവർ പോലും
സത്തു പോകാത്തതെന്തെന്നു കരുതിയാൽ
തെറ്റു പറയുവാനുണ്ടോ പരസ്പരം.



**പ്രീത**
സൈബർശ്രീ



# മറന്നാലും മരിക്കാത്ത സ്നേഹം

സഞ്ജയ് ദേവ്
CNLE, student

ഒരു സന്ധ്യാസമയത്ത് അച്ഛനും മകളും വീടിനടുത്തുള്ള റെയിൽവേ പാളം വഴി നടക്കുകയായിരുന്നു. അച്ഛന്റെ വലതുകൈയ്യിൽ നൂണ്ടിയാണ് മകൾ നടക്കുന്നത്. കാഴ്ചകൾ എല്ലാ കണ്ട് ചിരിച്ച് കളിച്ച് ആണ് മകളുടെ നടത്തം അധികം വൈകാതെ പെട്ടന്ന് മകൾ തന്നെയാരോ പുറകിൽ നിന്നും വിളിക്കുന്നതുപോലെ തോന്നി. പൊന്നൂ.... പൊന്നൂ... മകൾ പെട്ടെന്ന് തന്റെ നടത്തം നിർത്തി. അച്ഛാ എന്നെയാരോ പൊന്നുവെന്ന് വിളിച്ചു. അപ്പോൾ അച്ഛൻ പറഞ്ഞു ഞാൻ കേട്ടില്ലല്ലോ മോളേ മകൾ പറഞ്ഞു ഇല്ല അച്ഛാ ഞാൻ കേട്ടതാ എന്നെ ആരോ വിളിച്ചു. പെട്ടെന്ന് എന്റെ അമ്മ വിളിക്കുന്നതുപോലെയാ കേട്ടത്. അച്ഛൻ മകളോട് പറഞ്ഞു മോളെ നിനക്ക് വെറുതെ തോന്നിയതാകാം. മകൾ കുറെ നേരം അങ്ങനെ ആലോചിച്ചുകൊണ്ട് നിന്നു. പെട്ടെന്ന് മകൾ അച്ഛനോട് ചോദിച്ചു. അച്ഛാ അമ്മക്ക് ശരിക്കും എന്താ സംഭവിച്ചത്. അച്ഛൻ കുറച്ചുനേരം മകളെതന്നെ നോക്കി നിന്നു എന്നിട്ട് അച്ഛൻ നിറഞ്ഞ കണ്ണുകളോടെ മകളോട് പറഞ്ഞു ഇതുപോലെ ഒരു ദിവസം സന്ധ്യാസമയത്ത് ഞാനും പൊന്നുവും അമ്മയുമായിട്ട് ഈ റെയിൽവെ പാളം വഴി നടക്കുവാൻ തുടങ്ങിയതാ. അപ്പോഴാ അത് സംഭവിച്ചത്. നമ്മൾ മൂന്നുപേരും കൂടി അങ്ങനെ കാര്യങ്ങൾ പറഞ്ഞും കളിച്ചും ചിരിച്ചും പൊന്നു നീ അന്ന് വളരെ കുഞ്ഞാണ് അതാ നിനക്ക് ഒന്നര ഓർമ്മയില്ലാത്തത് നീ അന്ന് മുട്ടിൽ ഇഴയുന്ന നേരം നമ്മൾ മൂന്നുപേരും കൂടി ആ കാണുന്ന കടൽതീരത്ത് ഇരിക്കുകയായിരുന്നു മോളെ നീയാണേൽ ഈ കടൽതീരത്തെ മണൽ തീരത്തു കൂടി മുട്ടിൽ ഇഴഞ്ഞ് നടക്കുന്നത് നമ്മൾ രണ്ടുപേരുംകൂടി കണ്ട് അങ്ങനെ നിൽക്കുവായിരുന്നു. അപ്പോഴാ മോളെ ഞാനും നിന്റെ അമ്മയുമായി എന്തൊക്കെയോ പറഞ്ഞ് പിണങ്ങി അങ്ങനെ നിന്റെ അമ്മ എന്നോട് പിണങ്ങിയിട്ട് ഈ റെയിൽവെ പാളത്തിൽ വന്നിരുന്നു എന്നോട് മിണ്ടാതെ അവൾ ദേഷ്യത്തിലാ അവിടെ ഇരുന്നത്. അമ്മ ഇരിക്കുന്ന റെയിൽവേ പാളത്തിലേക്ക് അമ്മയെ ലക്ഷ്യം വച്ച് പൊന്നു നീ മുട്ടിലിഴഞ്ഞ് അവൾടെ അടുത്തേക്ക് പോയി. നിന്റെ അമ്മ ഓടിവന്ന് നിന്നെയും എടുത്ത് അവൾ ഇരുന്ന റെയിൽവെ പാതയിൽ പിന്നെയും പോയി ഇരുന്നു. അങ്ങനെ നീയും നിന്റെ അമ്മയും എന്നോട് പിണങ്ങി റെയിൽവേ പാതയിൽ എന്നോട് ദേഷ്യം കാണിച്ച് ഇരുന്നു പെട്ടെന്ന് ആരും ശ്രദ്ധിച്ചില്ല ഒരു ട്രെയിൻ അതുവഴി വന്നു അമ്മക്ക് നിന്നെ രക്ഷിക്കാൻ പറ്റി എന്നാൽ അമ്മക്ക് രക്ഷപ്പെടാൻ പറ്റിയില്ല മോളെ... അമ്മ എന്നോടുള്ള ദേഷ്യവുമായി എന്നന്നേയ്ക്കുമായി പോയി നിന്നെ എന്റെ കൈയ്യിൽ ഏൽപ്പിച്ചിട്ട്.

ഇതുകേട്ടതും മകൾ പറഞ്ഞു അച്ഛാ ഇനി ഒന്നും പറയണ്ട എനിക്ക് എല്ലാം മനസ്സിലായി മകളുടെയും അച്ഛന്റെയും കണ്ണുകൾ നിറഞ്ഞു.

മകൾ പറഞ്ഞു അച്ഛാ വാ നമുക്ക് വീട്ടിലേക്ക് പോകാം... എന്നെ പൊന്നുവെന്ന് വിളിച്ചത് അമ്മതന്നെയാ... എന്നോട് റെയിൽവെ പാതയിൽ സൂക്ഷിച്ച് നടക്കണം എന്ന് പറയാൻ വേണ്ടി വിളിച്ചത്.

STAFF TOUR

Tour Diary

# Tour de Shendhurney

May 01,2018







പതിവുപോലെ ഈ വർഷവും മെയ്ദിനം സി-ഡിറ്റ് കുടുംബാംഗങ്ങൾ ഒത്തുചേർന്നുള്ള ഏകദിന വിനോദയാത്രയ്ക്ക് അരങ്ങൊരുക്കി. വിക്ഷേപണ കേന്ദ്രമായ ഗോർക്കി ഭവനിൽ എത്തിച്ചേർന്നവർ 7 മണിയോടെ രണ്ടു ബസുകളിലായി യാത്ര തിരിച്ചു ഇത്തവണത്തെ വിനോദയാത്ര പോസ്റ്റർ ഡിസൈൻ ചെയ്ത് കവടിയാർ പ്രശാന്തിന്റെ കൂർമബുദ്ധി ചിലരെയെങ്കിലും തെറ്റിദ്ധരിപ്പിച്ചെന്നു യാത്ര തുടങ്ങിയപ്പോൾ തന്നെ ഉയർന്ന മർമരങ്ങളിൽ നിന്നും വെളിവായി തുടങ്ങിയിരുന്നു. 'കുറ്റാലം' എന്നതിനു പകരം ആംഗലേയ നാമമായ 'കോർട്ടള്ളം' കണ്ടതോടെ ഇതുവരെ പോകാത്ത സ്ഥലമെന്നു കരുതി ആദ്യം സിഡിറ്റ് ബുക്ക് ചെയ്തവരുടെ മുഖം തെളിയുന്നതിനു ബ്രേക്ക് ഫാസ്റ്റ് വരെ കാത്തുനിൽക്കേണ്ടി വന്നു.



Kuttalam




പ്രഥമലക്ഷ്യമായ ചെങ്കുണിയിലേക്കുള്ള യാത്രാമധ്യേ പാലോട് കഴിഞ്ഞ് ഇലവുപാലത്ത് അനിലിന്റെ ജന്മദേശത്ത് അദ്ദേഹത്തിന്റെ ബന്ധുവീട് പ്രഭാത ഭക്ഷണത്തിനു ആതിഥ്യമരുളി' ആവശ്യത്തിലധികം ഇഡ്ലിയും ചമ്മന്തിയും കിരൺ വിളമ്പിയതോടെ കുറ്റാലം അല്ല കോർട്ടള്ളം ആയാലും നമുക്ക് എന്ത് എന്ന ഭാവമായി പരിഭവക്കാർക്ക്. മണി 11.30 ന് ചെങ്കുണി ഫോറസ്റ്റ് ഡിവിഷനിൽ എത്തി. അല്പസമയം വിശ്രമത്തിനുശേഷം വനംവകുപ്പിന്റെ വാഹനത്തിൽ ട്രക്കിംഗിനായി പുറപ്പെട്ടു. ഇരുവശത്തും ഇടതൂർന്ന









Kuttalam




Tour de

# Shendhurney

Tour Diary











വനത്തിലൂടെ യാത്ര എത്തിച്ചേർന്നത് പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച പരപ്പ ഡാമിന്റെ ഉള്ളിലായിരുന്നു. അതീവ സംരക്ഷിത മേഖലയായ ഇവിടെ വിനോദ സഞ്ചാരികൾക്ക് വനം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പരിമിതമായി മാത്രമേ പ്രവേശനം അനുവദിക്കാറുള്ളൂ. ഒരു വശത്തു പൊൻമുടിയും മറുവശത്തു പാലരുവി മലനിരകളും അതിരിടുന്ന ഈ മനോഹര പ്രദേശം തെളിനീർ കൊണ്ട് സമൃദ്ധമായിരുന്നു. വെള്ളത്തിൽ ഇറങ്ങിയും നടന്നും ഫോട്ടോ പിടിച്ചും സെൽഫി എടുത്തും ആവോളം ആസ്വദിച്ച സംഘം മടങ്ങിവന്ന് ഉച്ചഭ

Tour Diary





## Kuttalam

STAFF TOUR

Tour de

# Shendhurney

Tour Diary














ക്ഷണത്തിനു ശേഷം കുറ്റാലത്തേക്ക് യാത്ര തിരിച്ചു. ഫൈവ് ഫാൾസ്, ഓർഡ് കുറ്റാലം, മെയിൻ ഫാൾസ്, ന്യൂ കുറ്റാലം ഇവയെല്ലാം ഒപ്പം കാണിച്ചുതരാമെന്ന മട്ടിൽ ചിലർ വായ്ത്താരി തുടങ്ങിയവർ കേട്ടിരുന്നവർക്കും ആവേശം അണപൊട്ടി. ഒടുവിൽ കുറ്റാലത്തു ചെന്നപ്പോൾ സംഗതി കോൺട്രാ ആയി. വായ്ത്താരി നടത്തിയ ശശികളെല്ലാം മുങ്ങി. നാഴി വെള്ളം ഏത് എങ്കിലും വാട്ടർ ഫാൾവിൽ ഉണ്ടോ എന്ന് ഓട്ടോറിക്ഷക്കാരോട് തിരക്കി നടക്കുന്ന കാഴ്ച മനോഹരമായിരുന്നു.

നമ്മുടെ ചില ഗജവീരന്മാർ 'അഭിലാഷ' പൂർത്തിക്കരണത്തിന് ഫൈവ് ഫാൾസിൽ ഗംഭീര കുളി പാസാക്കിയ ഇറങ്ങിയപ്പോഴാണ്



Kuttalam
























കണ്ടു നിന്നവർ ആ ദയനീയ കാഴ്ച കണ്ട്ത. രണ്ടു സിന്റക്സ് ടാങ്കുകളിൽ നിന്നും 5 പിവിസി പൈപ്പ് നീട്ടിവച്ചിരിക്കുന്നു. അതിൽ നിന്നും പുറത്തേക്ക് വരുന്ന വെള്ളത്തിലാണ് ഗജവീരന്മാർ അഭിലാഷം പൂർത്തിയാക്കിയത്. എന്നാൽ മറ്റുചിലരാകട്ടെ ഓർഡ് കുറ്റാലത്ത് നൂൽ വണ്ണത്തിൽ ഒഴുകി ഇറങ്ങി വന്ന വെള്ളത്തിൽ തമിഴൻമാരോട് ഇടികൂടി കുളിപാസാക്കി നിർവൃതി അടഞ്ഞു.

ആറുമണിയോടെ കുറ്റാലത്തോടു വിടപറഞ്ഞ് സംഘം രാത്രി 11.30 ന് വിക്ഷേപണത്തറയിൽ മടങ്ങിയെത്തി.

ശുഭം

# Kubernetes and Docker



**Lijith T K**
Programmer,
CDIT
Informatics

Kubernetes is an open source container orchestration platform, allowing large numbers of containers to work together in harmony, reducing operational burden.


Kubernetes is the container orchestrator that was developed at Google which has been donated to the Cloud Native Computing Foundation(CNCF) and is now open source.
Kubernetes is an open source container orchestration platform, allowing large numbers of containers to work together in harmony, reducing operational burden.
It helps with things like:
-Running containers across many different machines
-Scaling up or down by adding or removing containers when demand changes
-Keeping storage consistent with multiple instances of an application
-Distributing load between the containers
-Launching new containers on different machines if something fails

Kubernetes's architecture makes use of various

concepts and abstractions. Some of these are variations on existing, familiar notions, but others are specific to Kubernetes.

**Some limitations of Kubernetes are -**

- Not simple to manage the services
- Difficult to install and configure
- Takes time to get up and run




## Containers

The new approach is to package the different services that constitute an application into separate containers, and to deploy those containers across a cluster of physical or virtual machines.

**Containers :** containers are a way of packaging software. What makes them special is that when you run a container, you know exactly how it will run - it's predictable, repeatable and immutable. There are no unexpected errors when you move it to a new machine, or between environments. All of your application's code, libraries, and dependencies are packed together in the container as an immutable artifact. You can think of running a container like running a virtual machine, without the overhead of spinning up an entire operating system. For this reason, bundling your application in a container vs. a virtual machine will improve startup time significantly.The above characteristics make containers an awesome tool and essential building block in modern cloud architecture.

Containers are so lightweight and flexible, they have given rise to new application architectures. The new approach is to package the different services that constitute an application into separate containers, and to deploy those containers across a cluster of physical or virtual machines. This gives rise to the need for container orchestration - a tool that automates the deployment, management, scaling, networking, and availability of container-based applications.

# Docker

The key benefit of Docker is that it allows users to package an application with all of its dependencies into a standardized unit for software development. Unlike virtual machines, containers do not have the high overhead and hence enable more efficient usage of the underlying system and resources.

**Docker :** Docker is a tool that allows developers, sys-admins etc. to easily deploy their applications in a containers to run on the host operating system i.e. Linux. The key benefit of Docker is that it allows users to package an application with all of its dependencies into a standardized unit for software development. Unlike virtual machines, containers do not have the high overhead and hence enable more efficient usage of the underlying system and resources.

Docker is currently the most popular container platform. Although the idea of isolating environments dates quite far back, and there has been other container software in the past, Docker appeared on the market at the right time, and was open source from the beginning, which likely led to its current market domination.Docker features the Docker Engine, which is a runtime and allows you to build and run containers, and includes Docker Hub, a service for storing and sharing images.

Docker helps you create and deploy software within containers. It's an open source collection of tools that help you "Build, Ship, and Run any App, Anywhere".

**Docker Swarm is a clustering and scheduling tool for Docker containers. It suffering drawback are-**

- Basic infrastructure handling
- Limited functionality
- Manual handling at different instances
- Limited fault tolerance
- Has limits due to Docker API
- Difficult to find appropriate documentation

## Using Docker *with* Kubernetes

When used together, both Docker and Kubernetes are great tools for developing a modern cloud architecture, but they are fundamentally different at their core. It is important to understand the high-level differences between the technologies when building your stack.

While Kubernetes works mainly with Docker, it can also work with any container system that conforms to the Open Container Initiative (OCI) standards for container image formats and runtimes. And because Kubernetes is open source, with relatively few restrictions on how it can be used, it can be used freely by anyone who wants to run containers, most anywhere they want to run them.

In short,Kubernetes and Docker are both comprehensive de-facto solutions to intelligently manage containerized applications and provide powerful capabilities. □



ഷാഹിദ് എ.
ഡ്രൈവർ, സി-ഡിറ്റ്

# മതം മനുഷ്യനെ മയക്കുന്ന ലഹരി

മതങ്ങളോട് അല്ല മതങ്ങൾ രൂപപ്പെടുവാൻ ഉായ സാഹചര്യങ്ങൾക്ക് എതിരായ് ആണ് നാം പ്രവർത്തിക്കേത്.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അമ്മദൈവങ്ങളും ആൾദൈവങ്ങളും മനുഷ്യരെ വഴിതെറ്റിക്കുമ്പോൾ അതിനൊപ്പം ഒഴുകാനല്ല, അതിനെതിരെ പോരാടണം നാം. മനുഷ്യരെ തല്ലാനും കൊല്ലാനും മതം ആയുധമെടുക്കുമ്പോൾ അത് മതത്തിന്റെ വഴി അല്ല മറിച്ച് അധികാരത്തിലേക്ക് ഉള്ള വഴിയാണ് എന്ന് നാം അറിയണം. എന്തും വിലക്ക് വാങ്ങുന്ന ലോക മുതലാളിത്തം, ആടിനെ പട്ടിയാക്കുന്ന മാധ്യമശാല, അധികാരത്തിനും സ്വാർത്ഥ താൽപര്യങ്ങൾക്കും വിശ്വാസത്തെ ചൂഷണം ചെയ്യുന്ന മതശക്തികൾക്ക് അധികാരം, സമ്പത്ത്, ആയുധങ്ങൾ എല്ലാം കൂട്ടമായി വട്ടമിട്ട് വേട്ടയാടുമ്പോഴും പതറാതെ തളരാതെ ഉറച്ച കാൽ വെപ്പുകളോടെ മുന്നേറുക തന്നെ വേണം നാം...........

മതം ഏതുമാകട്ടെ കൊടി ഏതുമാകട്ടെ മനുഷ്യരാണു നാം കൂട്ടുകാരാ.....അത്യാഹിതം സംഭവിച്ച മനുഷ്യാ നിൻ സിരകളിൽ രക്തം നിറയ്ക്കുമോ.....മതം മനുഷ്യനെ മയക്കുന്ന ലഹരി.മതങ്ങളോട് അല്ല മതങ്ങൾ രൂപപ്പെടുവാൻ ഉായ സാഹചര്യങ്ങൾക്ക് എതിരായ് ആണ് നാം പ്രവർത്തിക്കേത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അമ്മദൈവങ്ങളും ആൾദൈവങ്ങളും മനുഷ്യരെ വഴിതെറ്റിക്കുമ്പോൾ അതിനൊപ്പം ഒഴുകാനല്ല ,അതിനെതിരെ പോരാടണം നാം.

മനുഷ്യരെ തല്ലാനും കൊല്ലാനും മതം ആയുധമെടുക്കുമ്പോൾ അത് മതത്തിന്റെ വഴി അല്ല മറിച്ച് അധികാരത്തിലേക്ക് ഉള്ള വഴിയാണ് എന്ന് നാം അറിയണം.എന്തും വിലക്ക് വാങ്ങുന്ന ലോക മുതലാളിത്തം, ആടിനെ പട്ടിയാക്കുന്ന മാധ്യമശാല, അധികാരത്തിനും സ്വാർത്ഥ താൽപര്യങ്ങൾക്കും വിശ്വാസത്തെ ചൂഷണം ചെയ്യുന്ന മതശക്തികൾക്ക് അധികാരം, സമ്പത്ത്, ആയുധങ്ങൾ എല്ലാം കൂട്ടമായി വട്ടമിട്ട് വേട്ടയാടുമ്പോഴും പതറാതെ തളരാതെ ഉറച്ച കാൽ വെപ്പുകളോടെ മുന്നേറുക തന്നെ വേണം നാം...........

മതം ഏതുമാകട്ടെ കൊടി ഏതുമാകട്ടെ മനുഷ്യരാണു നാം കൂട്ടുകാരാ.....അത്യാഹിതം സംഭവിച്ച മനുഷ്യാ നിൻ സിരകളിൽ രക്തം നിറയ്ക്കുമ്പോൾ നീ പറയുമോ എന്റെ മതത്തിലെ രക്തം മതി എന്ന്.........സ്വരാജ്യം വിട്ടു നീ ഏകനാകുമ്പോൾ നിനക്ക് താങ്ങായ് തുണയായ് നിൻ മതം കൂട്ടിനു വരുമോ നാനാ ജാതി മതസ്ഥർ ഒന്നായ് ആപ്രവാസ ജീവിതം കഴിച്ച മനുഷ്യാ നിനക്ക് ഓർമ്മയില്ലേ എത്ര സുന്ദരം എത്ര സുന്ദരം പ്രവാസ ജീവിതം.

രാജ്യ രക്ഷക്കായി ശത്രു സൈന്യത്തോടും പോരാടുമെൻ പ്രിയ സൈനികർക്ക് ഇല്ലടോ ജാതിയും മതവും അവർക്ക് ഒത്ത് ഒരുമിച്ച് ഒരു കുടക്കീഴിൽ ഒരു പാത്രത്തിൽ ഉ് ഉറങ്ങുന്നതുനാം ഓർക്കണം.

മനുഷ്യാ നീ കാലിടറി വീഴുമ്പോൾ പിടിച്ച് ഉയർത്തുവാൻ നേരത്ത് നീ വിളിച്ച് കൂവുമോ എൻ മതക്കാരുടോ.... എന്ന്.....

മനുഷ്യനെ മനുഷ്യൻ അല്ലാതാക്കുന്ന ലഹരിയാണ് മതമെന്ന് ഓർക്കണം നാം......

ഇപ്പോൾ നിങ്ങളുടെ മുന്നിൽ ഒരു സ്നേഹസാഗരം ഇരമ്പുന്നു്. സഹനത്തിന്റെ, ത്യാഗത്തിന്റെ, ധീരതയുടെ എളിമയുടെ നിശ്ചയ ധാർഢ്യത്തിന്റെ ആ സ്നേഹ സാഗരത്തിൽ മുങ്ങി നിവരുക.

നിങ്ങളുടെ മുന്നിൽ ഒരു വഴി തെളിഞ്ഞ് നിൽപ്പു് അവസാനിക്കാത്ത പോരാട്ടങ്ങളുടെ മാറ്റത്തിന്റെ വഴി.

ഓർക്കുക കൂട്ടുകാരെ കാലം നിങ്ങളോടായ് ആവശ്യപ്പെടുന്നു മതങ്ങൾ ഇല്ലാത്ത മതങ്ങൽ ഇല്ലാത്ത വർഗ്ഗീയത ഇല്ലാത്ത വിത്യാസങ്ങൾ .. അഭിമന്യുമാർ സൃഷ്ടിക്കപ്പെടാത്ത നല്ലൊരു നാളേക്കായ്...........

മ്പാൾ നീ പറയുമോ എന്റെ മതത്തിലെ രക്തം മതി എന്ന്........ .സ്വരാജ്യം വിട്ടു നീ ഏകനാകുമ്പോൾ നിനക്ക് താങ്ങായ് തുണയായ് നിൻ മതം കൂട്ടിനു വരുമോ.നാനാ ജാതി മതസ്ഥർ ഒന്നായ് ആപ്രവാസ ജീവിതം കഴിച്ച മനുഷ്യാ നിനക്ക് ഓർമ്മയില്ലേ എത്ര സുന്ദരം എത്ര സുന്ദരം പ്രവാസ ജീവിതം. രാജ്യ രക്ഷക്കായി ശത്രു സൈന്യത്തോടും പോരാടുമെൻ പ്രിയ സൈനികർക്ക് ഇല്ലടോ ജാതിയും മതവും അവർക്ക് ഒത്ത് ഒരുമിച്ച് ഒരു കുടക്കീഴിൽ ഒരു പാത്രത്തിൽ ഉ് ഉറങ്ങുന്നതുനാം ഓർക്കണം. മനുഷ്യാ നീ കാലിടറി വീഴുമ്പോൾ പിടിച്ച് ഉയർത്തുവാൻ നേരത്ത് നീ വിളിച്ച് കൂവുമോ എൻ മതക്കാരുടോ....എന്ന്.....മനുഷ്യനെ മനുഷ്യൻ അല്ലാതാക്കുന്ന ലഹരിയാണ് മതമെന്ന് ഓർക്കണം നാം...... ഇപ്പോൾ നിങ്ങളുടെ മുന്നിൽ ഒരു സ്നേഹസാഗരം ഇരമ്പുന്നു്. സഹനത്തിന്റെ, ത്യാഗത്തിന്റെ, ധീരതയുടെ എളിമയുടെ നിശ്ചയ ധാർഢ്യത്തിന്റെ ആ സ്നേഹ സാഗരത്തിൽ മുങ്ങി നിവരുക.

നിങ്ങളുടെ മുന്നിൽ ഒരു വഴി തെളിഞ്ഞ് നിൽപ്പു് അവസാനിക്കാത്ത പോരാട്ടങ്ങളുടെ മാറ്റത്തിന്റെ വഴി.

ഓർക്കുക കൂട്ടുകാരെ കാലം നിങ്ങളോടായ് ആവശ്യപ്പെടുന്നു മതങ്ങൾ ഇല്ലാത്ത മതങ്ങൽ ഇല്ലാത്ത വർഗ്ഗീയത ഇല്ലാത്ത വിത്യാസങ്ങൾ .. അഭിമന്യുമാർ സൃഷ്ടിക്കപ്പെടാത്ത നല്ലൊരു നാളേക്കായ്.........

# ഭ്രാന്തന്റെ

## ചിന്തകൾ

ചിന്തകൾ ഒരു പക്ഷെ ഭ്രാന്തായിരിക്കും ഭ്രാന്തുകൾ ചിന്തകളായിരിക്കുമോ എനിക്കറിയില്ല എവിടെ തുടങ്ങുന്നുവോ അവിടെ ഒന്നും അവസാനിയ്ക്കുന്നുമില്ല. തുടക്കവും അവസാനവും ദുഃഖവും സന്തോഷവും ഇല്ലാതെ ജീവിതം ഉണ്ടോ ഉണ്ടായിരിക്കും ഒരു പക്ഷെ ഇല്ലായിരിക്കും. ജീവിതത്തിലെ സുഖങ്ങൾ തേടി പോകുമ്പോൾ ബന്ധങ്ങൾ നാം മറക്കുന്നു. ബന്ധങ്ങൾ തേടി പോകുമ്പോൾ ജീവിതത്തിൽ ദുഃഖങ്ങൾ നാം ക്ഷണിച്ചു വരുത്തുന്നു. ബന്ധങ്ങളും സ്നേഹങ്ങളും നമ്മളെ മനുഷ്യരല്ലാതാക്കി മാറ്റുന്നു. ബന്ധങ്ങളും സ്നേഹങ്ങളും മറക്കുമ്പോൾ നമ്മൾക്ക് ആരും ഇല്ലാതാകുന്നു. ജീവിക്കാൻ വേണ്ടി നമ്മൾ നെട്ടോട്ടമോടുമ്പോൾ എല്ലാം നാം മറക്കുന്നു. ജീവിക്കാനുള്ള വ്യഗ്രത നമ്മളെ നമ്മളല്ലാതാക്കി മാറ്റുന്നു. അങ്ങനെ എന്തും ചെയ്യാൻ മടിയില്ലാത്തവരായി നാം മാറുന്നു. അങ്ങനെയാകുമ്പോൾ നാം സ്വയം മറക്കുന്നു. മറ്റുള്ളവരെ മറക്കുന്നു. സ്വന്തം ജീവിതം പോലും മറക്കുന്നു. മനസ്സും ചിന്തയും ശരീരവും ആത്മാവും എല്ലാം എല്ലാം മറന്ന് സുഖങ്ങളുടെ ലോകത്ത് ഒഴുകി ഒഴുകി പോകുന്നു. അപ്പോഴും ലാഭങ്ങളുടെ കണക്കുകൾ മാത്രം ഓർമ്മയിൽ സൂക്ഷിയ്ക്കുന്നു. ഒരിക്കലും തിരിച്ചുകിട്ടാത്ത നഷ്ടങ്ങൾ മറന്ന്പോകുന്നു. ജീവിതത്തിന്റെ തിരക്കൊഴിഞ്ഞയാമങ്ങൾ വന്നെത്തുമ്പോൾ എപ്പോഴൊക്കെയോ നഷ്ടപ്പെടുത്തിയ ആ നല്ല ദിവസങ്ങളെയോർത്ത് നാം കണ്ണുനീര് കുടിക്കും. അപ്പോൾ കൂടെ നിന്ന് ലാഭം പങ്കിട്ടവർ ദൂരെ എവിടെയോ നിന്ന് ചിരിക്കുന്നുണ്ടാവും. അത് വരെ കൊയ്ത് കൂട്ടിയ ലാഭങ്ങൾ വെറും പതിരാണെന്ന് തോന്നും അപ്പോഴേയ്ക്കു കൃഷിയിറക്കാൻ പോലും കഴിയാത്ത ഒരു പാഴ്നിലമായിരിക്കും നമ്മൾ. ചന്തമുള്ള ചിത്രശലഭങ്ങളെ കാണുമ്പോൾ കൊച്ചുകുട്ടികൾ അവയെ പിടിച്ചുകൊടുക്കാൻ നമ്മളോട് പറയും നമ്മൾ പലപ്പോഴും കുട്ടികളെ വഴക്കു പറയാറുണ്ട് ആ കുരുന്ന് മനസ്സുകളിൽ ആഗ്രഹങ്ങൾ മാത്രമാണുള്ളത്. അത് മനസ്സിലാക്കാൻ നമുക്ക് കഴിയാതെ പോകുന്നു. കാരണം നമ്മൾ മുതിർന്നവരാണ് ജീവിതത്തിന്റെ നാനാവഴികളും പിന്നിട്ടവർ. നമുക്ക് കുട്ടികളുടെ ചിന്തയല്ല ഉള്ളത്. പൂമ്പാറ്റയെ കിട്ടാതെ വരുമ്പോൾ കുട്ടി വിഷമിക്കും അവരടെ കുരുന്ന് ഹൃദയങ്ങളിൽ വിഷാദത്തിന്റെ നിഴൽ വീഴും പകയുടെ പാഴ്വിത്തുകൾ മുളയ്ക്കും. പിന്നെ എല്ലാം ഒരു വാശിയായി തീരും. ആ വാശി അവനെ ജീവിതകാലം മുഴുവൻ പിൻതുടരും. അവരെ വേറൊരു ജീവിതപാതയിലേക്ക് മാറി സഞ്ചരിക്കുന്നവനാക്കി തീർക്കും.

ജീവിതത്തിലെ സത്യങ്ങൾ തേടിയുള്ള യാത്രകൾ ഒരുപാട് മിഥ്യകളുടെ മരീചികൾ കാട്ടിതന്നു. മനുഷ്യരെന്ന് വിചാരിച്ചത് മനുഷ്യരുടെ രൂപം ധരിച്ചവരായിരുന്നു. അവരുടെ ചിന്തകളിൽ പകലിന്റെ സത്യം മാത്രമാണ് എന്ന് വിചാരിച്ചു. പക്ഷേ പുറമെ വെളിച്ചത്തിന്റെ പ്രഭയും മനസ്സുകളിൽ ഇരുളിന്റെ നിഗൂഢതകളുമായിരുന്നു. അവരെന്നെ ഭ്രാന്തനായി കണ്ടു. നാറാണത്തു ഭ്രാന്തന് നൽകിയ വില പോലും എന്നിൽ ആരും കണ്ടില്ല. ജീവിതമാകുന്ന ആ വലിയ പാറ ഉരുട്ടി ഞാൻ ലക്ഷ്യസ്ഥാനത്ത് എത്തുമ്പോഴൊക്കെ പരിഹാസങ്ങളുടെ കൂരമ്പേറ്റ് ആ പാറയെ വാശിയോടെ വലിച്ചെറിയും. പിന്നെ നിശബ്ദമായി തേങ്ങും പിന്നെയും വാശികളുടെ പ്രേരണ ആരെയൊക്കെയോ തോൽപിക്കാനുള്ള ആവേശത്തിന്റെ അഗ്നി എന്റെ ഹൃദയത്തിൽ കത്തിക്കും. പിന്നെയെല്ലാം ഭ്രാന്താണ്. ഭ്രാന്തമായ ചിന്തകൾ വിനാശകരമായ ബുദ്ധികൾ എന്നിലുണർത്തുമ്പോൾ ഒറ്റയ്ക്ക് യുദ്ധത്തിനിറങ്ങിയ പടയാ

**ഭ്രാന്തമായ ചിന്തകൾ വിനാശകരമായ ബുദ്ധികൾ എന്നിലുണർത്തുമ്പോൾ ഒറ്റയ്ക്ക് യുദ്ധത്തിനിറങ്ങിയ പടയാളിയെപ്പോലെ ലക്ഷ്യങ്ങളില്ലാതെ പേപിടിച്ച പട്ടിയെപ്പോലെ പാത്ത് നടന്ന് തളർന്ന് താഴെ വീണുറങ്ങും.**



**അശ്വതി എ.കെ**
സി-ഡിറ്റ് കോഴ്സ്,
എഡിറ്റിംഗ്

**ഒരുകാലത്ത് ഉടഞ്ഞ കുപ്പി വളകൾ എനിക്ക് ഇഷ്ടമായിരുന്നു. കാണുന്നവയെല്ലാം പെറുക്കി സൂക്ഷിക്കുമായിരുന്നു.**



ളിയെപ്പോലെ ലക്ഷ്യങ്ങളില്ലാതെ പേ പിടിച്ച പട്ടിയെപ്പോലെ പാത്ത് നടന്ന് തളർന്ന് താഴെ വീണുറങ്ങും.

വർണ്ണങ്ങളുടെ താഴ്വരകളിൽ സ്വപ്നം മയങ്ങുന്ന ഒരുപാട് മോഹങ്ങളുടെ ചില്ലു കൊട്ടാരങ്ങൾ എനിയ്ക്കുണ്ടായിരുന്നു. അവയെല്ലാം തകർന്ന് മണ്ണടിഞ്ഞു. ഒരുകാലത്ത് ഉടഞ്ഞ കുപ്പി വളകൾ എനിക്ക് ഇഷ്ടമായിരുന്നു. കാണുന്നവയെല്ലാം പെറുക്കി സൂക്ഷിക്കുമായിരുന്നു. വിവിധ വർണ്ണങ്ങളിൽ, വിവിധ രൂപങ്ങളിൽ അവയ്ക്കെല്ലാം അന്ന് ഭംഗിയുണ്ടായിരുന്നു പവിത്രതയും എന്നാൽ ഇന്ന് അവ കാണുന്നത് തന്നെ എനിക്ക് വെറുപ്പാണ് കാരണം ഭംഗിമാത്രമെ ഇന്നതിനുള്ളൂ. അതിലെ സത്യവും പവിത്രതയും നിറം മങ്ങിക്കഴിഞ്ഞിരിക്കുന്നു. കൂടെയിരുന്ന് കളിവീടുണ്ടാക്കിയവർ കൂടെ നിന്ന് കള്ളക്കുഴി തീർക്കുമ്പോൾ വരാൻ പോകുന്ന വിപത്തുകൾ കാണുന്നില്ല. അവസാനം സ്വയം തീരത്ത കുഴികളിൽതന്നെ വീണുപോകുന്നു. ഇല്ലാത്ത വിശപ്പിന്റെ ആശകളുണ്ടാക്കി മനസ്സിലേക്ക് മോഹങ്ങൾ വിളമ്പി തന്ന് ആഗ്രഹങ്ങളുടെ മണിയറതീർത്തിട്ട് മടുക്കുമ്പോൾ ഇനി ഞങ്ങളുടെ വേറെ വഴിയെ കൂടെ നിന്ന എന്റെ യാത്ര എങ്ങോട്ടാണെന്ന് പോലും ചോദിക്കാതെ വഴി പിരിഞ്ഞ് എല്ലാരും പോകുമ്പോൾ രാവും, പകലും ഭാരം വലിക്കുന്ന വണ്ടിക്കാളയ്ക്ക് പാതയോരത്ത് തന്നെ എവിടെയോ അൽപ്പം വിശ്രമം.


— keralatourism.org —
Read this.
Watch that.
Eat this.
Do that.
Step out,
Come out
and
play.
kerala
God's Own Country
Sail on a houseboat | Chase ducks
Climb a coconut tree
Take a canoe ride | Cross a log bridge
Catch a Pearl Spot

# യക്ഷി



ഷജിത്ത് ആർ.ബി.



കാലു നിലം തൊടാതെ
ഒഴുകി നടക്കും.
കാല് തറേല് കുത്തി
മടുക്കത്തില്ലേ..
എത്ര നാളായി!!!

ഇനി ഒഴുകണം, പറക്കണം...
ഒഴുകുമ്പോ കാലുകൾ
ഇങ്ങനെ ഞാന്ന് കിടക്കും,
രണ്ട് പയറു വള്ളികള് പോലെ.

വേഷം സൗകര്യത്തിന്
തലമുടി സൗകര്യത്തിന്.
പല്ലിന്റെ കാര്യത്തിലൊരു
ഒത്തുതീർപ്പുമില്ല.
ഒറ്റക്കടിക്ക് കഴുത്തിലെ
മുട്ടന് ഞരമ്പ് കടിച്ച്
താഴെയിടാന് പാകത്തിന്.

ജീവിതം രണ്ടേയുള്ളൂ,
കൂട്ടുള്ളതും കൂട്ടില്ലാത്തതും.
അപ്പോ യക്ഷി?

കൈയില് ഊരിപ്പിടിച്ച
തലയുമായി യക്ഷിക്കും
നഗരം കാണണം.



# സ്വാതന്ത്ര്യദിനാഘോഷം 2018

രാജ്യത്തിന്റെ 72-ാമത് സ്വാതന്ത്ര്യദിനാഘോഷം സി-ഡിറ്റ് ആസ്ഥാനത്തും സമുചിതമായി കൊണ്ടാടി. രാവിലെ 9-ന് തിരുവല്ലം മെയിൻ ഓഫീസ് അങ്കണത്തിൽ രജിസ്ട്രാർ സി-ഡിറ്റ് സെക്യൂരിറ്റി സ്റ്റാഫ് ഒരുക്കിയ ഗാർഡ് ഓഫ് ഓണർ സ്വീകരിച്ചശേഷം ദേശീയ പതാക ഉയർത്തി. സംസ്ഥാനം അതിരൂക്ഷമായ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന സാഹചര്യത്തിൽ ദുരന്തഭൂമിയിൽ പുനരധിവാസ, ആശ്വാസപ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിനായി എല്ലാ ജീവനക്കാരുടെയും ആത്മാർത്ഥമായ പിന്തുണയും സഹായവും കൈത്താങ്ങും നൽകണമെന്ന് സ്വാതന്ത്ര്യദിന സന്ദേശത്തിലൂടെ രജിസ്ട്രാർ ആഹ്വാനം ചെയ്തു.



## സി-ഡിറ്റിന് ISO 9001-2015 സർട്ടിഫിക്കേഷൻ

സി-ഡിറ്റിന് ഉല്പന്ന, നിർമ്മാണ, സേവന മേഖലകളിലെ ഗുണമേന്മയ്ക്കുള്ള രാജ്യാന്തര അംഗീകാരമായ ISO 9001-2015 സർട്ടിഫിക്കേഷൻ ലഭിച്ചു. മാനേജ്മെന്റ് സർവ്വീസസ്, സോഫ്റ്റ്‌വെയർ വികസനം, ഡിജിറ്റലൈസേഷൻ, അതീവ സുരക്ഷാ ഹോളോഗ്രാം ലേബലുകളുടെയും സർട്ടിഫിക്കറ്റുകളുടെയും നിർമ്മാണം, മാനേജ്മെന്റ് സർവ്വീസസ് എന്നീ വകുപ്പുകളിൽ അംഗീകൃത ഏജൻസിയായ URS നടത്തിയ വിലയിരുത്തലിനെത്തുടർന്നാണ് UK ആസ്ഥാനമായുള്ള രാജ്യാന്തര സർട്ടിഫിക്കേഷൻ സ്ഥാപനമായ UKAS ആണ് ഗുണമേന്മ അംഗീകാരം സി-ഡിറ്റിന് നൽകിയത്.

# റേഷൻകാർഡ് അവാർഡ്




ദേശീയ ഭക്ഷ്യനയത്തിന്റെ ഭാഗമായി റേഷൻ കാർഡ് പുതുക്കൽ പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാങ്കേതിക നേതൃത്വം നൽകിയ സി-ഡിറ്റിന് ഭക്ഷ്യവകുപ്പിന്റെ അംഗീകാരം ലഭിച്ചു. ഭക്ഷ്യവകുപ്പ് മന്ത്രി ശ്രീ.പി.തിലോത്തമനിൽനിന്നും കായംകുളം റീജിയൺ സെന്റർ മാനേജറും റേഷൻ കാർഡ് പുതുക്കൽ പദ്ധതി സ്റ്റേറ്റ് കോ-ഓർഡിനേറ്ററുമായ ജീന, കെ.സുബാഷ് അവാർഡ് ഏറ്റുവാങ്ങി. പതിനായിരത്തിലധികം ഫോട്ടോ ക്യാമ്പുകൾ, ഡാറ്റാ എൻട്രി ജോലികൾ, ഫോമുകളുടെ പ്രിന്റിംഗ്, റേഷൻ മുൻഗണനാ ക്രമലിസ്റ്റ് തയ്യാറാക്കൽ, ലാമിനേറ്റഡ് കാർഡുകളുടെ വിതരണം എന്നിവയാണ് സി-ഡിറ്റിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചത്. സി-ഡിറ്റിന്റെ കായംകുളം റിജിയണൽ സെന്ററിന് പുറമെ എറണാകുളം, കണ്ണൂർ സെന്ററുകളിലെ ജീവനക്കാരും പദ്ധതി പ്രവർത്തനത്തിൽ സജീവനേതൃത്വം നൽകിയിരുന്നു. റേഷൻകാർഡ് പുതുക്കൽ പദ്ധതിയ്ക്ക് തുടർച്ചയായി പുതിയ റേഷൻകാർഡ് വിതരണവുമായി ബന്ധപ്പെട്ട അനുബന്ധ നടപടിക്രമങ്ങൾ ചെയ്യുന്നതിനുള്ള ചുമതലയും സി-ഡിറ്റിനു നൽകിയിട്ടുണ്ട്.

# വിസ്മയസുഗന്ധം



അനു എം.
ഡി.ഡി.എം.പി

ചിറകറ്റ ശലഭമായ് തെന്നിപറന്നു ഞാൻ
വിസ്മയ സന്ധ്യയേ കാത്തിരിക്കേ
എന്നുടെ സ്വപ്നമെൻ സമ്പൂർണ്ണമെന്നൊരാ
വാക്കിനാലുള്ളൊരു സ്മൃതിയായ് അലയവേ
എന്നാലുമെന്നുടെ മമതയാൽ കണ്ണീർപൊഴിക്കവേ
ഇനിയുള്ള നാളുകൾ തോഴിയായ് മാറി ഞാൻ
നിന്നുടെ കുങ്കുമപൊട്ടിനാൽ കാത്തിരിക്കവേ
നിനവുകൾ നെയ്തോരാ തോണിയിൽ കൈകോർത്തു
മെല്ലെ തുഴഞ്ഞൊരാ ജീവിതസരണിയിൽ
ഉഷസുകളൊരോന്നായ് പോയ്മറയവേ
ആരാമം പൂക്കളായ് ഹൃദയം പൊഴിക്കവേ
വാരിളം മെല്ലെ എൻ ചെറുചുണ്ടിനാൽ പുഞ്ചിരി തൂകവേ
വൈരികൾ ഓരോന്നായ് ശരമായി മാറവേ
ജീവിതസന്ധ്യയിൽ അന്ധകാരം നിറയവേ
ഇനിയുള്ള നാളുകൾ രോദനം മാത്രമായ്
തോഴിതൻ നാദം നിലച്ചതായ് തോന്നവേ
പ്രാർത്ഥന മാത്രമായ് മുറുകെപിടിച്ചൊരാ
വിസ്മയ സന്ധ്യയേ കാത്തിരിക്കേ.





# വിമർശനം

## സമൂഹത്തിന്റെ ഭാഗമാണ് അത് എങ്ങനെയാകണം എവിടെ വരെയാകണം



**ശാന്തിവിള പത്മകുമാർ**
സി-ഡിറ്റ് സുരക്ഷാ ജീവനക്കാരൻ

വിമർശനം ആവശ്യം തന്നെയാണ് അത് നന്മയ്ക്കും തിരുത്തലിനും വേണ്ടിയാകണം. വ്യക്തി വൈരാഗ്യം തീർക്കാനുള്ള വിമർശനം ഒരിക്കലും പാടില്ല. പിണറായി വിജയൻ മുഖ്യമന്ത്രിയായപ്പോൾ മാധ്യമക്കാരിൽ നിന്നും ഒളിച്ചോടുന്നു എന്ന് വിമർശിച്ചവരുണ്ട്. ആ വിമർശനത്തിന്റെ ഉൾക്കാഴ്ച നോക്കണം. മുഖ്യമന്ത്രി എന്തെങ്കിലും പറഞ്ഞാൽ അതിന്റെ ഏതെങ്കിലും അറ്റമെടുത്ത് രാത്രി 1 മണിക്കൂർ ചർച്ചയ്ക്ക് എടുക്കാം അങ്ങനെ അദ്ദേഹത്തെ വിമർശിച്ച് ഇല്ലാതാക്കാം. ആലപ്പുഴ മഴക്കെടുതിയിൽ മുഖ്യമന്ത്രി അമേരിക്കയിൽ ആണെന്ന് പറഞ്ഞ് വിർശിക്കുമ്പോൾ അത് മലയാളികളുടെ ക്ഷേമപ്രവർത്തനത്തിന് വേണ്ടിയാകാം. അല്ലെങ്കിൽ കേരളത്തിന്റെ മുഖ്യമന്ത്രിക്ക് അവിടെ കിട്ടുന്ന അംഗീകാരമാകാം. ഇതിനെ മറച്ച് വച്ച് വിമർശിക്കുന്നു. അടുത്ത കാലത്ത് ശശിതരൂർ പറഞ്ഞ വിമർശനം ഉൾക്കൊള്ളാതെ അദ്ദേഹത്തിന്റെ ഓഫീസിൽ കരിഓയിൽ ഒഴിക്കുന്നു. എത്ര നീചമായ പ്രവർത്തിയാണ്. എല്ലാവർക്കും സ്വീകാര്യനായ എറണാകുളം മഹാരാജാസ് കോളേജിലെ അഭിമന്യൂ എന്ന വിദ്യാർത്ഥി വളർന്നു വരുമ്പോൾ ഒരു കുത്തിന് കൊല്ലുന്നു. വിദ്യാർത്ഥിയുടെ ഭാഗത്ത് തെറ്റ് ഉണ്ടെങ്കിൽ വിമർശിച്ചാൽ പോരെ, കുടൽമാല എടുത്ത് വേണോ വിമർശിക്കാൻ? വിമർശനം നടത്തുന്നവർ കാണേണ്ട ഉദാഹരണം മാത്രമാണ് സൂചിപ്പിച്ചത്.

ഇത് നമ്മുടെ താഴെതട്ടിലുള്ള അമ്പലകമ്മിറ്റി, പള്ളികമ്മിറ്റി, റസിഡന്റ്

സ് കമ്മിറ്റി കൂടാതെ സംഘടനകളിലും ഉണ്ട്. ഒരു ഉത്തരവാദിത്വം കൊടുത്താൽ ഏറ്റെടുക്കാതെ ഞാൻ ഇന്ന് കമ്മിറ്റിയിൽ പോയി രണ്ട് ഇളുത്ത് കൊടുത്തിട്ട് വരാം എന്ന് പറഞ്ഞുവരുന്ന വിമർശകരുണ്ട്. വിമർശിക്കുന്നവരെല്ലാം തെറ്റുകാരല്ല. വിമർശനം നിശ്ചയമായും ആവശ്യമാണ്. ഉപകാരപ്രദവുമാണ്. അത് തിരുത്തലിനും മുൻകരുതലിനും വഴിതെളിയിക്കുന്നു. വിമർശനം ഇല്ലാതെ പോയാൽ വഴിപിഴക്കും താന്തോന്നിത്വം നടമാടും. നമ്മെളെല്ലാപേരും എപ്പോഴെങ്കിലും വിമർശനത്തിന് വിധേയമാക്കാത്തവരില്ല. നമ്മിൽ ചിലർ വളരെ കനിവോടും കരുതലോടും പരിമിതമായ വിമർശനം നടത്തുന്നവരാണ്. മറ്റുചിലർ രൂക്ഷമായും നിർദാക്ഷിണ്യം വിമർശനം തൊടുക്കുന്നവരാകാം. മേന്മ നടിക്കുന്നവരും അഹന്തയിൽ രമിക്കുന്നവരും വിമർശനം സ്വഭാവമായി മാറിയവരാകും.

ഷേക്പിയറിന്റെ പ്രസിദ്ധ കഥാപാത്രമായ ഈയോഗോ പറയുന്നു 'ഞാൻ വിമർശനാകുന്നില്ല എങ്കിൽ ഞാൻ ആരുമല്ല' (I sm nothing, if not Critical) വിമർശനം നീതിനിഷ്ഠവും സത്യസന്ധവുമാകണം. മുൻവിധിയുടെ പേരിലും കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലുമാണ് പലപ്പോഴും വിമർശനങ്ങൾ ഉന്നയിക്കുന്നത്. കാര്യങ്ങൾ എന്താണെന്ന് അന്വേഷിക്കുന്നതിനുള്ള ക്ഷമയോ നീതിബോധമോ ഇല്ല.. മകളുടെ കല്ല്യാണത്തിന് അച്ഛൻ സുഹൃത്തിനെ ദൂരെ പോയി വിളിക്കുന്നു. കല്ല്യാണത്തിന് വന്നില്ല. കല്ല്യാണത്തിന് എത്തിയവർ വിമർശനം ഉന്നയിച്ചു. ദിവസങ്ങൾ കഴിഞ്ഞ് സുഹൃത്ത് കുടുംബസമേതം എത്തി. എനിക്ക് ചിക്കൻപോക്സ് ആയിരുന്നു. ആർക്കും പകരണ്ടായെന്ന് കരുതിയാണ് ഞാൻ വരാത്തത്. വിമർശനം തെറ്റാണെന്നും നന്മയിലേക്ക് വരുത്താനും തെറ്റുകൾ തിരുത്താൻ ഉതകുന്ന വിധത്തിലുമാകണം. അസൂയയിൽ നിന്നോ വിദ്വേഷത്തിൽ നിന്നോ ആകരുത്. നമ്മുടെ ദേഷ്യം പ്രകടിപ്പിക്കാൻ വിമർശനം ഉയർത്തിയെന്നു വരാം. ഈ തരത്തിലുള്ള വിമർശനങ്ങൾക്ക് സ്ഥാനമില്ല. അപരന്റെ നന്മയായിരിക്കണം നമ്മുടെ ആത്യന്തിക ലക്ഷ്യം. വിമർശിക്കപ്പെടുന്ന ആളിനെ വേദനിപ്പിക്കണമെന്ന ഉദ്ദേശമാകരുത്. മറിച്ച് ഉപകാരപ്രദമാകുന്നതാകണം. ഇടിച്ചുകളയുന്ന ലക്ഷ്യമാകരുത്. പടുത്തുയർത്താൻ പര്യാപ്തമാകണം. ഒരവസരത്തിൽ അല്ലെങ്കിൽ മറ്റൊന്നിൽ ഒരു കാര്യത്തിലല്ലെങ്കിൽ മറ്റൊന്നിൽ പലരിൽ നിന്നും വിമർശനം ഏൽക്കേണ്ടിവരും. വിമർശനത്തിന്റെ പേരിൽ വാടി തളർന്ന് പോകരുത്. ചിലർ വിമർശന സ്വരം കേൾക്കുമ്പോൾ തന്നെ എല്ലാം വിട്ട് പിന്മാറുന്നവരാണ്. അവർ പാറപ്പുറത്ത് വീണ വിത്ത് പോലെയാണ്. ചിലർ വിമർശനങ്ങളെ മുഖവിലയ്ക്കെടുത്ത് ഓരോരുത്തർ പറയുന്നത് ശരിയാണെന്ന് അംഗീകരിക്കുന്ന രീതിയാണ്. വേറെ ചിലർ വിമർശനങ്ങളെ അപ്പാടെ തിരസ്കരിക്കുന്നവരാണ്. എന്തായാലും വിമർശനം നടത്താത്തവരും വിമർശനത്തിന് വിധേയരാകാത്തവും ഒരു പക്ഷേ ആരുംതന്നെ ഉണ്ടാവില്ല. വിമർശനങ്ങൾ ഒരിക്കലും ഹിംസാത്മകമാകരുത്. വിമർശനത്തോടൊപ്പം അഭിനന്ദനങ്ങളും പ്രോത്സാഹനങ്ങളും കൊടുക്കുവാനുള്ള മനസ്സുണ്ടാകണം. പട്ടാളത്തിൽ സാധാരണ പറയാറുണ്ട് കുറുക്കിനടിച്ചോളൂ വയറ്റത്തടിക്കരുത്.

അടുത്ത കാലത്ത് മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ 'നാം മുന്നോട്ട്' എന്ന പരമ്പരയിൽ പറഞ്ഞ ഒരു ആപ്തമാക്യമുണ്ട്. ''രാഷ്ട്രീയം തെരഞ്ഞടുപ്പ് സമയത്താണ് ജയിച്ച് അധികാരത്തിൽ വന്നാൽ എന്ത് നല്ല കാര്യങ്ങൾ ചെയ്താലും അതിനെ എതിർക്കുകയും വിമർശിക്കുകയും ചെയ്യുന്നത് നല്ലതല്ല.''

വിമർശനം നടത്തുമ്പോഴും വിമർശനം സ്വീകരിക്കുമ്പോഴും സ്നേഹത്തിന്റെ മനസ്സ് നമ്മെ ഭരിച്ചാൽ നാം വഴി തെറ്റി പോകില്ല.




**ശാന്തിവിള പത്മകുമാർ**
സി-ഡിറ്റ് സുരക്ഷാ ജീവനക്കാരൻ

## ഫലിതം 1

**മു**ൻപഞ്ചായത്ത് മെമ്പറായ ഗംഗാധരനും ഭാര്യയും ചാലയിൽകൂടി നടക്കുകയായിരുന്നു. അപ്പോഴാണ് കണ്ടുമുട്ടിയ സ്ത്രീ ഗംഗാധര നോട് സാറിന് എന്നെ മനസ്സിലായില്ലേ

| | | |
|---|---|---|
| ഗംഗാധരൻ | : | ഇല്ല, മനസ്സിലായില്ല |
| സ്ത്രീ | : | ഇത്രപെട്ടെന്ന് എന്നെ മറന്നുപോയോ |
| ഗംഗാധരൻ | : | എനിക്ക് |
| സ്ത്രീ | : | സ്കൂളിലെ മൂത്രപ്പുരയിൽ നമ്മൾ ഒന്നിച്ചുണ്ടായിരുന്നു |
| ഗംഗാധരന്റെ ഭാര്യ കേട്ടപാടേ | : | നിങ്ങൾ ഇങ്ങനെയുള്ള ഓരാളാണെന്ന് ഒരിക്കലും കരുതിയില്ല ഇങ്ങോട്ട് വരീം |
| സ്ത്രീ | : | വീണ്ടും പുറകേന്ന് പോയി സാറേ. ഞാനും സാറും കൂടിയാണ് സ്കൂളിന്റെ മൂത്രപ്പുരയുടെ ഉദ്ഘാടനത്തിന് നാട മുറിച്ചത്. |

(സാരാംശം)

കാര്യങ്ങൾ സംസാരിക്കുമ്പോൾ തുമ്പും വാലും ഇല്ലെങ്കിലുള്ള ഗതികേട്

## ഫലിതം 2




**ബാ**ങ്കിൽ ആദ്യമായി പണയം വയ്ക്കാൻ വന്ന ഹരീന്ദ്രനോട്

| | | |
|---|---|---|
| മാനേജർ | : | നിങ്ങൾക്ക് ഈ ഓഫീസിൽ ഉദ്ദേശിക്കുന്ന മൂന്ന് പേരെ അറിയാമോ? |
| ഹരീന്ദ്രൻ | : | അറിയാം സർ |
| മാനേജർ | : | കൗണ്ടറിൽ ഈ ഓഫീസിൽ ആരെയെങ്കിലും പരിചയം ഉണ്ടോ? എങ്ങനെ പരിചയം |
| ഹരീന്ദ്രൻ | : | ഞാൻ ഇതിന് അടുത്തുള്ള ബാറിലെ സപ്ലെയറാണ് സർ, മൂന്ന് പേരും സ്ഥിരമായി കഴിക്കാൻ വരാറുണ്ട്. |

# പ്രണയിനി

രാത്രിയുടെ മൂകമാം
നിശ്വാസ വീഥിയിൽ
അന്തിയുറങ്ങുവാൻ
കൂടണഞ്ഞന്നു നാം
കത്തും വിശപ്പിന്റെ
കദനക്കയങ്ങളിൽ
ഒരു നെടുവീർപ്പി-
ന്നിടം തേടിയില്ലയോ
തീപ്പന്തമായൊരാ
കാലത്തിന്നേടുകൾ
ഇന്നെൻ മനസ്സിന്റെ
ശിഥില ചിത്രങ്ങളായ്
അന്നു നീ തന്നൊരാ
സ്നേഹത്തിൻ മുത്തുകൾ
ഇന്നെന്നിലണയുന്നു
കണ്ണീർ കണങ്ങളായ്
ഒരു കൊച്ചു സന്ധ്യയിൽ
ഒരു മിച്ചിരുന്നു നാം
രാവിന്റെ നക്ഷത്ര
വീഥിയിൽ നോക്കുവാൻ
അന്നു നാം മീട്ടിയ
വീണ തൻ തന്ത്രിയിൽ
ഇന്നെനിക്കാവില്ല
ശ്രുതി ചേർത്തു പാടുവാൻ



അമൃത ബി.



addicted to life
ജീവിതമാണ് ലഹരി




# Say No to Drinks
# Say No to Drugs

Join hands with Government of Kerala and Excise Department
to spread awareness of the harmful effects of
Liquor and Drug consumption

Issued in Public Interest by
KERALA STATE BEVERAGES ( M&M ) CORPORATION LIMITED

# Dreams..
# I too have a Dream…

*Araising from my conflicting mind out of all the conscience I possess.*
*it stands bright and vivid. I do not know what nourishes it.*
*As I haven't added a pinch of manure!*
*A positive vibe surrounds me when thoughts about it surface my brain.*
*stranger I feel as a days passed by and may be I have leant to follow it...*
*I get the same guilt as yesterday for not walking behind it...*
*Regrets fill inside me*
*for all time I lost*
*Yet my mind consoles me, Destroys the persist inside*
*Igniting the optimist me!*
*I wander wondering my strategies.*
*Never letting my urges to take a nap*
*My heart rings for me,*
*You've got it right*
*Dream big kid-it exclaims!*
*I wake from my sleep suddely staring the clock tic- tocking*
*Realising the fact that*
*It indeed is my time to act*



**Abhinav R.**
DDMP, C-dit

*Best Compliments from*

**PXL MEDIA**

TRIVANDRUM, KERALA
MOB:9847189151



# ഓർമകളിൽ ഒരു മഞ്ഞുതുള്ളി

എന്നുമെൻ ഓർമയിൽ മിന്നിമായുമെൻ ജീവിതം
മാറുന്നു എന്നുടെ നിത്യമാം ഓർമകൾ
മായുന്നു എന്നുടെ നിഴലിച്ച സൗരഭം
ഞാനെന്നും ഓർക്കുന്നു എന്നിലെ നിസ്വനം

എന്നുമെൻ ഓർമ്മയിൽ നീളുന്ന സാഗരം
വിജനമാണെന്നുടെ മനസ്സും ശരീരവും
കാത്തിടുന്നു ഞാനേകയായ് എന്നിലെ
ഓർമകളെന്നും നിറങ്ങളേകാൻ

എൻ ജനൽപാളികൾ കാതോർക്കയായ്
നിൻ സ്വരമാധുര്യത്തിനായ് എന്നുമെൻ
ജനലഴികളിൽ മുത്തമിടും ഓരോ
മഞ്ഞുതുള്ളിയും കാതോർത്തിരുന്നു നിനക്കായ്

എന്നുമെൻ ഓർമയിൽ മായുമെൻ കണ്ണുനീർ തുള്ളികൾ
പാതകൾ തേടും നിൻ കാലൊച്ചകൾ
ഓർമകൾ പുൽകും നിൻ മൺതീരങ്ങൾതേടി
എന്നുമെൻ ഓർമകളിൽ ഒരു മഞ്ഞുതുള്ളിയായ്



അപർണ്ണ വൈ.എസ്.



# അറിയാതെ പോയ കാറ്റ്



**ഞാ**ൻ പോകും വഴികളിലെല്ലാം
ഞാനറിയാതെന്നെ തഴുകി
ഏതോ കാറ്റുപോൽ വന്നവളാണു നീ...
ആ കാറ്റെന്നുമെൻ അരികിലുണ്ടായിട്ടും
അറിയാതെ പോയവനാണു ഞാൻ... (2)

ഏതോ ശക്തികൾ കാലങ്ങളായ് നിന്നെ
എന്നിൽ നിന്നും മറച്ചുപിടിച്ചു.
ഇപ്പോൾ നിൻമുഖം മാത്രമായി എൻമുന്നിൽ
ആ ചിരിയെന്നെന്നും എൻമുന്നിൽ തെളിയേണം
അണയാത്ത ദീപം പോൽ എന്നെന്നും കാണേണം.

ഇനിയെന്തിനു നീ മായുന്നു
കാലങ്ങളേറെ കാത്തിരുന്ന സൗഭാഗ്യമേ....
ഇനി വൈകാതെ നീ എന്നിലേക്കായ് ചേരണം
കാലം മുഴുവൻ ഞാൻ പൊന്നുപോൽ കാത്തീടാം...
കാറ്റേ നീ വരുകില്ലേ ഞാൻ കാത്തിരിപ്പൂ...

അനൂപ് എൽ.കെ.
(ഡി.ഡി.എം.പി.)

**DELTA SECURITY SERVICES**
Reg.No.D5/571/111
(Govt. Of Kerala)

*The cost is long forgotten But Quality to be Remembered for ever*

**Head Office** :Ground Floor Akshai Towers,
TV Centre Rd,Peeroorkada,Thiruvananthapuram-695 005
Ph: 9995021025 Mob:9349947321 & 24,9349947322

**Branch Office:** Noufeez Building,Vendor Mukku,Kollam-10
Ph: 9995592737 Mob:9387933100,8547429678
Website:www.deltasecurityservicesindia.com
Email: admin@deltasecurityservicesindia.com





# നാം മുന്നോട്ട്







സംസ്ഥാനത്തിന്റെ വികസന സാധ്യതകളും സാമൂഹ്യ മാറ്റത്തിന് ദിശാബോധം നൽകുന്ന വിഷയങ്ങളും ജനകീയ മുന്നേറ്റങ്ങളും മുഖ്യധാരാ സന്നിവേശം ആവശ്യമായി വരുന്ന നൂതന മേഖലകളും ആഴത്തിൽ ചർച്ച ചെയ്യുന്ന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ പ്രതിവാര ടെലിവിഷൻ സംവാദ പരിപാടി ആയ 'നാം മുന്നോട്ട്' ഒരു വർഷം പിന്നിടുകയാണ്. ഓരോ എപ്പിസോഡിലും വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധർ, ആശയങ്ങൾക്ക് മിഴിവേകാൻ പ്രാപ്തിയുള്ള ബഹുജന പ്രതിനിധികൾ, ഗുണഭോക്താക്കൾ എന്നിങ്ങനെ സമൂഹത്തിലെ വിവിധ തുറകളിലെ പ്രാതിനിധ്യം ഉറപ്പാക്കുന്ന പാനൽ സമ്പുഷ്ടമാക്കുന്ന ഈ നൂതന പരിപാടി സമഗ്ര കേരള വികസനത്തിന് ഇതിനോടകം നൽകിയ നവ ഉന്മേഷവും








# നാം മുന്നോട്ട്

ഗതിവേഗവും അത്ഭുതാവഹമാണ്. IT വികസനം, സ്പോർട്സ്, ക്രമസമാധാനം, സ്ത്രീസുരക്ഷ, ഭിന്നലിംഗ സമൂഹം തുടങ്ങി വിഷയ നിർണയത്തിലും വിഷയാഭിമുഖ്യ സമീപനത്തിലും വ്യതിരിക്തമായ 'നാം മുന്നോട്ട്' പരിപാടി ദൂരദർശനു പുറമെ ഏഷ്യാനെറ്റ്, മാതൃഭൂമി, റിപ്പോർട്ടർ, കൈരളി, ജയ്ഹിന്ദ് തുടങ്ങി എല്ലാ പ്രമുഖ മലയാളം ചാനലുകളിലും സംപ്രേഷണം ചെയ്തു വരുന്നു. MLA മാരായ ശ്രീമതി വീണ ജോർജ്, ശ്രീ. മുകേഷ് എന്നിവർ അവതാരകരായി ശ്രദ്ധേയ ഇടപെടൽ നടത്തുന്ന 'നാം മുന്നോട്ട്' പരിപാടിയുടെ നിർവഹണ ചുമതല സി-ഡിറ്റിനാണ്.






















# റഷ്യൻലോകകപ്പ് യാത്രയിലൂടെ

FIFA WORLD CUP
RUSSIA 2018



**എം.ആർ. അജീഷ്**
ഇൻഫോർമാറ്റിക്സ്
ഡിവിഷൻ

ലോകത്തെ പിടിച്ചുകുലുക്കിയ 32 ദിവസങ്ങൾ ഭൂമിശാസ്ത്രപരമായ അതിരുകൾക്കും അപ്പുറം ഒരു പന്ത് മാത്രം പായുന്നു. ബ്രസീലിലെ മറക്കാനയിൽ 113-ാം മിനിറ്റിൽ മരിയൊ ഗോസ്സെ അടിച്ച ഗോളിൽ ജർമൻ ചാമ്പ്യന്മാരായപ്പോൾ ജർമൻ നഗരങ്ങൾ മാത്രമല്ല കേരളത്തിലെ ഗ്രാമങ്ങൾപോലും കോരിത്തരിച്ചുപോയി. ജർമൻ വസന്തത്തിനു നാല് വർഷം കഴിയുമ്പോൾ റഷ്യയിലെ വോൾഗാ നദിക്കരയിൽ നിരവധി രാജ്യങ്ങളുടെ കാൽപ്പന്തുകളുടെ സ്വപ്നങ്ങൾ പൂവണിയുന്ന കാഴ്ചയും നിരാശയും കണ്ട ലോകകപ്പ് ആയിരുന്നു. ഒരു വിസിൽ നാദത്തിന് അപ്പുറം മറ്റൊരു ലോകം മനുഷ്യനും പന്തും മാത്രമാകുന്ന ലോകം. മൈതാനവും കളിക്കാരനും റഫറിയും പരിശീലകനും കാണിയും പന്തുമായി അദൃശ്യമായ ചാരുതകൊണ്ട് കണ്ണിചേർന്നിരിക്കുന്ന ഒരു അത്ഭുത കാഴ്ച ആയിരുന്നു റഷ്യൻ ലോകകപ്പ്. ജയിക്കുന്നവർക്ക് ഒപ്പം കൈയിടക്കും. തോൽവിയിൽ കണ്ണീർ വീഴ്ത്തും. ചിലർക്ക് ഫുട്ബോൾ ജീവിതത്തെയും മരണത്തെയും കുറിച്ചുള്ള കാര്യമാകുന്നു. ചിലർക്ക് അതിലും പ്രധാനപ്പെട്ട വിഷയമായിട്ടാണ് ലോകകപ്പിലെ ആവേശകരമായ കാഴ്ചക്കാരെ നമുക്ക് കാണാൻ കഴിഞ്ഞത്.

ലാറ്റിൻ അമേരിക്കയും യൂറോപ്പും ആഫ്രിക്കയും ഏഷ്യയുമെല്ലാം അവളുടെ സ്വപ്നകിരീടം കീഴടക്കുന്നതിന് വേണ്ടിയുള്ള അവസാന ആയുധവും തേച്ചു മിനുക്കിയാണ് അവർ റഷ്യൻ ഗാലറികൾ കീഴടക്കാൻ എത്തിയത്. മികവ് ഉണ്ടായിട്ടും ഇടം കിട്ടാത്തവർ, പരിക്കിന്റെ പിടിയിലായവർ എല്ലാം










കഴിഞ്ഞ് നിരവധി പോരാളികളുമായിട്ടാണ് രാജ്യങ്ങൾ റഷ്യയുടെ ഹൃദയകവാടത്തിൽ എത്തിച്ചത്. ലയണൻ മെസി, നെയ്മർ, ക്രിസ്റ്റ്യാനോ റൊണാൾഡൊ, ഗബ്രിയൽ ജീസസ്, ടിമോ വെർണവും, ക്രിസ്റ്റ്യൻ പവോൺ, കിലിയൻ എംബാപ്പെ തുടങ്ങിയ പോരാളികളാണ് റഷ്യ കീഴടക്കാൻ വന്നത്. അട്ടിമറികൾ ഉണ്ടായാലും സാധ്യതകളിൽ ബ്രീസിലും സ്പെയിനിനും ജർമനിയും അർജന്റീനയുമൊക്കെയാണ്. ഫ്രാൻസും ഇംഗ്ലണ്ടും ബൽജിയവും ഇവർക്ക് പിന്നാലെ ആയിരുന്നു.

റഷ്യൻ വേൾഡ് കപ്പ് നിരവധി പാഠങ്ങൾ നൽകികൊണ്ടാണ് അടുത്ത ഖത്തർ ലോകകപ്പിലേക്ക് അരങ്ങ്ഒഴിഞ്ഞത്. ലോകകപ്പ് പോലുള്ള വേദികൾ സംഘശക്തിയിലൂടെ പ്രാധാന്യം കാണിച്ചതായിരുന്നു. ഒറ്റയാൾ പോരാട്ടങ്ങളിലൂടെ അർജന്റീന, പോർച്ചുഗൽ, ബ്രിസീൽ തുടങ്ങിയ രാജ്യങ്ങൾ കിതച്ചപ്പോൾ സംഘശക്തിയുടെ കാഹളം ഊതികൊണ്ട് ചെറുരാജ്യങ്ങൾ മുന്നോട്ട് വരുന്ന കാഴ്ചയും ഈ ലോകകപ്പ് കാണുകയുണ്ടായി. ഫ്രാൻസും കൊറേഷ്യയും ഫൈനൽ കടന്നപ്പോൾ ആ വാദത്തിന് ശക്തിയേറുകയും ചെയ്തു.

റഷ്യൻ ലോകകപ്പ് 'വാർ' കളിയെ നശിപ്പിക്കും എന്ന വാദത്തോടെയാണ് കളി ആരംഭിച്ചത്. എന്നാൽ ഇക്കുറി ആദ്യമായി ഏർപ്പെടുത്തിയ വീഡിയോ പരിശോധനാ സംവിധാനം വളരെ വിജയകരമായി നടപ്പിലാക്കാൻ ഫിഫായ്ക്ക് കഴിഞ്ഞിരുന്നു. റഫറി കാണാതെ പോയ ഫൗളുകളും തെറ്റായ തീരുമാനങ്ങളും തിരുത്താനായത് റഷ്യൻ വേൾഡ് കപ്പിന്റെ വിജയത്തിന്റെ അഭിവാജ്യമായ ഒരു ഘടകം ആയിരുന്നു.

ഈ വേർഡ് കപ്പിലെ മറ്റൊരു പ്രതിഭാസമായിരുന്നു സെറ്റ്പീസുകളുടെ വിജയം. പ്രതിരോധ പൂട്ടുകൾ തുറ

ക്കുന്നതിന് വേണ്ടി ടീമുകൾ പുതിയ തന്ത്രങ്ങൾക്ക് മൂർച്ചകൂട്ടി. ഇത്തവണ സെറ്റ്പീസുകൾക്ക് നന്നായി ഗോളടിക്കാൻ സാധിച്ചു. ചില നിർണ്ണായക നിമിഷങ്ങളിൽ ഫ്രീ കിക്കുകളും, കോർണർ കിക്കുകളും പെനാൽറ്റി കിക്കുകളുമെല്ലാം ഗോളിലേക്ക് വഴി തുറന്നു.

ഓരോ വേൾഡ് കപ്പിലും പുത്തൻ താരോദയങ്ങൾ ഉണ്ടാകാറുണ്ട്. പുതിയ താരങ്ങൾ ഉദിക്കുന്നതിനും റഷ്യൻ വേൾഡ് കപ്പ് സാക്ഷിയായിട്ടുണ്ട്. റൊണാൾഡൊയും, മെസിയുമെല്ലാം അസ്തമിച്ചപ്പോൾ ഫ്രാൻസിന്റെ കിലിയൻഎംബാപ്പെയും ഗ്രീസ്മാനും കൊറേഷ്യയുടെ ലൂക്കാ മോഡ്രിച്ചും പുത്തൻ താരോദയങ്ങളായി.

ഫുഡ്ബോളിൽ യൂറോപ്പും ലാറ്റിൻ അമേരിക്കയുമെല്ലാം നിറഞ്ഞ് വാഴുന്ന കാലത്ത് ഏഷ്യൻ രാജ്യങ്ങളുടെ ചെറുത്തു നിൽപ്പ് വളരെ ശ്രദ്ധേയമായ കാഴ്ച ആയിരുന്നു റഷ്യൻ വേൾഡ് കപ്പ് നമ്മേ കാണിച്ചു തന്നത്. അതിൽ പ്രധാനം ജപ്പാൻകാരെ കണ്ട് പടിക്കണമെന്നു മനസിലായി ഫൗളുകളില്ലാത്തതിന്റെ ഗുണം അവർക്ക് കിട്ടി. കുറഞ്ഞ മഞ്ഞ കാർഡിന്റെ ഗുണത്താൽ പ്രീ ക്വോർട്ടറിൽ എത്താൻ കഴിഞ്ഞു. ബൽജിയത്തോട് തോറ്റെങ്കിലും ജപ്പാൻ വീര്യം റഷ്യൻ മണ്ണിൽ കാണിച്ച് കൊടുത്തുകൊണ്ട് തന്നെയാണ് അവർ കളം വിട്ടത്.

റഷ്യൻവേൾഡ് കപ്പ് കാണികൾക്ക് വശ്യതയാർന്ന കാഴ്ചകൾ നൽകിയ ഗോൾ വസന്തമായിരുന്നു. സ്പെയിനിനെതിരായ കളി തീരാൻ രണ്ടു മിനിറ്റ് ശേഷിക്കെ ക്രിസ്റ്റ്യാനോ റൊണാൾഡൊ കിക്കിൽ നിന്നും നേടിയ ഗോൾ. മനുഷ്യമതിലിലെ ഒരു കളിക്കാരനെയും തൊടാതെ വളഞ്ഞുവന്ന് കിക്ക് ക്രോസ് ബാറിന് താഴ്ന്നിറങ്ങി. അർജന്റീനക്കെതിരെ ഫ്രഞ്ച് പ്രതിരോധക്കാരൻ ബഞ്ചമൻ പവാഡിന്റെ ഈ വേൾഡ് കപ്പിലെ ഏറ്റവും മികച്ച ഗോളായിരുന്നു. ബ്രസീലിനെതിരെ ക്വാർട്ടറിൽ ബൽജിയം മുന്നേറ്റക്കാരൻ കെയിൻ ഡിബ്രയ്ൻ നേടിയ വിജയ ഗോൾ. ക്വാർട്ടറിൽ കൊറേഷ്യൻ ഗോളി സുബാസിച്ചിനെ കാഴ്ചക്കരനാക്കി റഷ്യയുടെ ചെറിഷേവ് നേടിയ ഗോൾ. തുടങ്ങിയ നിരവധി ഗോളുകൾ കാണികളുടെ മനസ്സിൽ ബാക്കി നിർത്തിക്കൊണ്ടാണ് ഈ വേൾഡ് കപ്പ് അവസാനിച്ചത്.

**പതിരോധ പൂട്ടുകൾ തുറക്കുന്നതിന് വേ ടീമുകൾ പുതിയ തന്ത്രങ്ങൾക്ക്മ മൂർച്ചകൂട്ടി. ഇത്തവണെ സറ്റ്പീസുകൾ നന്നായി ഗോളടിക്കാൻ സാധിച്ചു.**

## തോൽവിയിലും തോൽക്കാത്ത ചുവന്ന പോരാളികൾ

ക്രൊയേഷ്യയ്ക്ക് അഭിമാനിക്കാം, ജയത്തോളം ഭംഗിയുള്ള തോൽവിയുമായാണ് ഈ ലോകകപ്പിൽ നിന്നും അവർ മടങ്ങുന്നത്. റഷ്യയിൽ കൊറേഷ്യയുടെ വരവ് ആരും അത്ര വിലമതിച്ചില്ല. കളി പുരോഗമിക്കുന്തോറും അവരെ ആദ്യം പരിഗണിച്ചിട്ടില്ലായിരുന്നു. ഇംഗ്ലണ്ടിലെ ഫുഡ്ബോൾ പണ്ഡിതന്മാർ പോലും അവരെ അവഗണിച്ചിരുന്നു. എന്നിട്ടും അവർ കുതിക്കുക തന്നെ ചെയ്തു. ക്രോട്ടുകളുടെ കാലടിക്ക് കീഴിൽ കൊഴിഞ്ഞുപോയവരിൽ അർജന്റീനയും ഇംഗ്ലണ്ടുമുണ്ട്. സന്ദർഭങ്ങൾക്ക് അനുസരിച്ച് തന്ത്രങ്ങൾ ആവിഷ്കരിക്കാനും സമ്മർദ്ദങ്ങളെ അതിജീവിക്കാനുള്ള കഴിവും അവരെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമാക്കി. ക്രൊയേഷ്യയെ വ്യത്യസ്തമാക്കിയിരുന്നത്. ഒറ്റയാൾ പോരാട്ടത്തിനും അപ്പുറം കൂട്ടായ്മയുടെ വിജയമായിരുന്നു. കളിക്ക് മുമ്പ് ചുവന്ന കുതിരകൾ എന്ന് അവരെ പലതും വിശേഷിപ്പിച്ചിരുന്നു. ലോവറന്റെ പ്രതിരോധവും മധ്യനിരയിലെ മോഡ്രിച്ചിന്റെയും റാകിടിച്ചിന്റെയും തന്ത്രങ്ങളും മാൻസികുവിച്ചിന്റെ ഗോളടി മികവ് എന്നിവയാണ് ക്രൊയേഷ്യയെ മികവുറ്റതാക്കിയത്. സമയത്തിന്റെ അടിസ്ഥാനത്തിൽ ഒരു കളി ഫ്രാൻസിനേക്കാൾ ഒരു കളി കൂടുതൽ ക്രൊയേഷ്യ കളിച്ചു. അന്തിമ പോരിൽ ഇടറി വീണുവെങ്കിലും ഈ ലോക കാൽപ്പന്ത് മഹോത്സവത്തിൽ തലയെടുപ്പുള്ള ഒരു ടീമായി ഫ്രാൻസിനൊപ്പം ക്രൊയേഷ്യയും മടങ്ങുന്നു.

# റഷ്യയിലെ ഫ്രഞ്ച് വിപ്ലവം




കലാശപ്പോരിനായി സർവ്വശക്തിയും കരുതിവെച്ച ഫ്രഞ്ച് പടയ്ക്ക് മുന്നിൽ ക്രൊയേഷ്യയുടെ പോർവീര്യം എരിഞ്ഞടങ്ങി. റഷ്യയുടെ കായിക പ്രതാപത്തിൽ പ്രതീകമായ മോസ്കൊയിലെ ലുഷ്നിക് സ്റ്റേഡിയത്തിൽ ഫ്രാൻസ് അവരുടെ രണ്ടാം ലോകകിരീടം ഉയർത്തി. ദിദിയർ ദഷാം എന്ന സൗമ്യനായ കോച്ചിന്റെ തന്ത്രങ്ങളുടെ പൂർണ്ണതയിൽ ഫ്രാൻസ് എതിരാളികളെ പിന്നിലാക്കി. കളിയുടെ ആദ്യസമയത്ത് ഫ്രാൻസ് ആലസ്യത്തിലായിരുന്നു കളി തുടങ്ങിയത് എന്നാൽ ഈ ആലസ്യം മനസിലാക്കി ക്രൊയേഷ്യ ഫ്രാൻസ് ഗോൾ മുഖത്തേക്ക് മുന്നേറാൻ തുടങ്ങി. മോഡ്രിച്ചും, കാട്രിച്ചും കൊയേഷ്യൻ മധ്യനിര തുറന്നിട്ടു മുന്നേറി. ഇതൊരു ഫ്രാൻസിന്റെ തന്ത്രമായിരുന്നു. ഈ സമയം ഗ്രീസ്മാനും എംബാപ്പെക്കും അവർ ക്രോട്ടുകളുടെ പ്രതിരോധം ചിന്നഭിന്നമാക്കുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. അപകടകരമല്ലാതിരുന്ന ഗ്രീസ്മാന്റെ നീക്കം തടയുന്നതിന് വേണ്ടി ബ്രോസോവിക് കടുത്ത രീതിയിലുള്ള ഫൗൾ റഫറി ഫ്രീ കിക്ക് അനുവദിച്ചു. വീണുകിട്ടിയ ഫ്രീ കിക്ക് ഗ്രീൻസ്മാൻ വില്ലുപോലെ വളച്ച് ക്രൊയേഷ്യയുടെ സെക്കന്റെ പോസ്റ്റിലേക്ക് അയച്ചു. പ്രതിരോധക്കാർക്കിടയിലൂടെ വരാനെ ചാടി വീണ പന്ത് മാൻസൂവിച്ചിന്റെ തലയിൽ തട്ടി സെൽഫ് ഗോളായി മാറിയത് കൊറേഷ്യയുടെ ഹൃദയം പൊടിയുന്ന കാഴ്ച ആയിരുന്നു. പിന്നീട് ഒരിക്കലും ആ നടുക്കത്തിൽ നിന്ന് കൊറേഷ്യയ്ക്ക് കരകയറാൻ കഴിഞ്ഞില്ല. എന്നാലും ക്രൊയേഷ്യ സർവ്വശക്തി ഉപയോഗിച്ച് രണ്ട്





ഗോൾ തിരിച്ചടിക്കുകയും ചെയ്തു. രണ്ടാം പകുതിയിൽ ഫ്രാൻസ് തനി സ്വരൂപം കാണിച്ചു. എംബാപ്പെയും ഗ്രീസ്മാനും പ്രോഗ്ബയും കളം നിറഞ്ഞു. ഫ്രാൻസിന്റെ രൂപമാറ്റത്തിൽ ക്രൊയേഷ്യ പതറി ഫ്രഞ്ച് പടയോട്ടത്തിൽ ഏറ്റവും കടുപ്പമുള്ള പ്രതിരോധകൂട്ടുകെട്ടായ ലോവറനും വിദയ്ക്കും നിരന്തരം പിഴച്ചു. ഫ്രാൻസ് അനായാസം രണ്ടു ഗോൾ കൂടി നേടിയതോടെ ക്രൊയേഷ്യയ്ക്ക് പൊരുതാൻ ത്രാണിയുണ്ടായില്ല. ഫ്രഞ്ച് പടയുടെ സഫലമീയാത്രയിൽ മോസ്കൊയുടെ ആകാശത്തെ നക്ഷത്രങ്ങളെ സാക്ഷിയാക്കി ഏത് രാജ്യത്തെയും മോഹിപ്പിക്കുന്ന ആ സ്വർണ്ണ കപ്പ് അവർ സ്വന്തമാക്കി.











KSCB
103 YEARS OF SERVICE
കേരള സംസ്ഥാന സഹകരണ ബാങ്ക്
ഹെഡ് ഓഫീസ്, കോ - ബാങ്ക് ടവേഴ്സ്, പാളയം, തിരുവനന്തപുരം - 0471 - 2547200, 2547241
Website : www.keralacobank.com, Email: kscb@Keralacobank.com
ബാങ്ക് നൽകുന്ന വിവിധ വായ്പകൾ
സ്വർണ്ണപണയ വായ്പ
40 ലക്ഷം വരെ
പലിശ 100 രൂപയ്ക്ക് ഒരു മാസത്തേയ്ക്ക് 75 പൈസ മാത്രം
സമൃദ്ധി വായ്പ
5 ലക്ഷം വരെ (സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാർക്ക് ഏതാവശ്യത്തിനും)
ഗോൾഡ് ഓവർ ഡ്രാഫ്റ്റ്
40 ലക്ഷം വരെ
ഹൗസിംഗ് ലോൺ
30 ലക്ഷം വരെ (പലിശനിരക്ക് 9% മുതൽ)
മോർട്ട്ഗേജ് വായ്പ
40 ലക്ഷം വരെ
ക്യാഷ് ക്രെഡിറ്റ്
25 ലക്ഷം വരെ
വാഹന വായ്പ
10 ലക്ഷം വരെ
ലോക്കർ സൗകര്യം, NEFT, RTGS തുടങ്ങിയ ആധുനിക സൗകര്യങ്ങൾ, കച്ചവട സ്ഥാപനങ്ങളിൽ ഉപയോഗിക്കാവുന്ന ATM കാർഡ് സൗകര്യം/ചിപ്പ് അധിഷ്ഠിത ഡെബിറ്റ് കാർഡ് എന്നിവ ലഭ്യമാണ്
വി. സനൽകുമാർ IAS
പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ
ഇ. ദേവദാസൻ IAS
മാനേജിംഗ് ഡയറക്ടർ



# ആദരാഞ്ജലികൾ




സി-ഡിറ്റിനൊപ്പം നടന്നുവരവെ അകാലത്തിൽ മരണം മൂലം വേർപെട്ട പ്രിയപ്പെട്ട **ശ്രീമതി ഓമനചേച്ചി, ശ്രീ. ശശിധരൻ നാടാർ** എന്നിവർക്ക് സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷന്റെ ആദരാഞ്ജലികൾ.



# യാത്രയയപ്പ്











ദീർഘകാലത്തെ സജീവ സേവനത്തിനുശേഷം സി-ഡിറ്റിൽ നിന്നും വിരമിച്ച ശ്രീ. ഗിരീശൻ, ശ്രീ. അഷ്റഫ്, ശ്രീ. ശശി കെ., ശ്രീ. അരവിന്ദൻ എന്നിവർക്കും വിദേശത്ത് ജോലി ലഭിച്ചതിനെത്തുടർന്ന് സി-ഡിറ്റിൽ നിന്നും വിടപറഞ്ഞ വീഡിയോ എഡിറ്റർ ദീപുവിനും മാനേജ്മെന്റ് യാത്രയയപ്പ് നൽകി. യാത്രയയപ്പ് യോഗത്തിൽവെച്ച് സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷന്റെ ഉപഹാരം ജനറൽസെക്രട്ടറി ശ്രീ. ബി. സതീശൻ എല്ലാവർക്കും നൽകി.






# സ്മരണാഞ്ജലി




ജി. ജയരാജ്

രണ്ടു പതിറ്റാണ്ടിലേറെ സിഡിറ്റുമായി വിവിധ തരത്തിൽ ബന്ധം പുലർത്തിയിരുന്ന വ്യക്തിയായിരുന്നു ഇന്ദിര. സി-ഡിറ്റ് നിർമ്മിച്ച നിരവധി വീഡിയോ ചിത്രങ്ങളുടെ അസിസ്റ്റന്റ് പ്രൊഡ്യൂസറായും റിസർച്ച് സഹായിയായും ഇന്ദിര പ്രവർത്തിച്ചിട്ടുണ്ട്. ഇടക്കാലത്ത് സിഡിറ്റിലെ വീഡിയോ ആർക്കൈവ്സിന്റെ പ്രവർത്തനങ്ങളിലും സജീവ പങ്ക് വഹിച്ചിരുന്നു.

വളരെ സൗമ്യമായി സന്തോഷത്തോടെ ആൾക്കാരുമായി ഇടപെടുന്ന പ്രകൃതമായിരുന്നു ഇന്ദിരയുടെത്. അവർക്ക് സിഡിറ്റിനകത്തും പുറത്തും ഉണ്ടായിരുന്ന സുഹൃത്ബന്ധങ്ങളുടെ ആഴവും ഒരു ആക്ടിവിസ്റ്റ് എന്ന നിലയിൽ അവർ ചെയ്തുവന്ന കാര്യങ്ങളും മനസ്സിലാക്കാൻ ഇന്ദിരയുടെ മരണത്തെ തുടർന്ന് നടന്ന അനുസ്മരണ യോഗത്തിൽ പങ്കെടുത്തപ്പോൾ സാധിച്ചു. അത് അവരുടെ വ്യക്തിത്വത്തിലെ ആർജവം വെളിപ്പെടുത്തുന്നതായി.

ഇന്ദിരയുടെ ഓർമ്മയ്ക്ക് മുമ്പിൽ ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.

## ആ കഥ ഇന്ദിര പറഞ്ഞില്ല



ജയൻ കെ.ജി.

ഇന്ദിരയെ എന്നാണ് ആദ്യം കണ്ടതെന്ന് എനിക്കോർമ്മയില്ല. സി-ഡിറ്റ് സ്ഥാപിക്കുന്നതിനു മുമ്പ് കെ.എസ്.എഫ്.ഡി.സി.യുടെ ഡോക്യുമെന്ററികൾ ചെയ്ത് ഉപജീവനം കഴിച്ചിരുന്ന കാലത്തുതന്നെ ഒരു സഹസംവിധായികയായി ഇന്ദിര ഉണ്ടായിരുന്നു എന്നാണോർമ്മ.

ഞങ്ങളുടെ ദീർഘങ്ങളായ ഡോക്യുമെന്ററിയാത്രകളിൽ തന്റെ ചെറിയ ശരീരത്തിലൊതുങ്ങാതെ കാർക്കശ്യങ്ങളുമായി കൂട്ടുകാരോട് കയർത്തും തന്റെ നേരുകളെ മുറുകെപ്പിടിച്ചും ഇന്ദിര യാത്ര ചെയ്തു.

ഡോക്യുമെന്ററി ചിത്രീകരണം ഒരു പരിധികഴിയുമ്പോൾ ക്യാമറാമാന്റെ മാത്രം ജോലിയാകുന്ന സന്ദർഭങ്ങളുണ്ട്. സംഘാടകരും സംവിധായകരും ശീതളഛായകളിൽ വിശ്രമിച്ച് യഥാർത്ഥ ഷൂട്ടിംഗ് നടക്കുന്നേടത്തുനിന്ന് ക്യമറാ ടീം വേഗം പണിതീർത്ത് തിരിച്ചുവരാത്തതിൽ അസ്വസ്ഥരാകുന്ന അവസ്ഥ സാധാരണമാണ്. അങ്ങനെയുള്ള അവസരങ്ങളിലും ഒട്ടും മുഷിയാതെ ക്യമറാ ടീമിന്റെ കൂടെ നിന്നി

രുന്ന ഒരു സഹസംവിധായികക്ക് ഇന്ദിര എന്നായിരുന്നു പേര്.

ആ ഇന്ദിരയാണ് മരിച്ചുപോയിരിക്കുന്നത്.

ഞാൻ ഇന്ദിരയെക്കുറിച്ച് ഓർത്തു നോക്കി. ഓർക്കാൻ ശ്രമിച്ചുനോക്കി എന്നു പറയുന്നതായിരിക്കും ശരി. കാരണം ഇന്ദിരയെക്കുറിച്ച് എനിക്ക് അധികമൊന്നും അറിയില്ലായിരുന്നു. വടക്കൻ കേരളത്തിൽനിന്ന് വഴിവിട്ട് വാശിയോടെ സിനിമാ പഠിക്കാൻ തിരുവനന്തപുരത്ത് വന്നെത്തിയൊരു പെൺകുട്ടിയാണെന്നാണ് കേട്ടറിവ്.

സി-ഡിറ്റ് നാളുകളിൽ ഞങ്ങളൊരുമിച്ച് ഒട്ടനവധി യാത്രകൾ ചെയ്തിട്ടുണ്ട്. ഒരു സഹസംവിധായിക എന്ന നിലയിൽ ഇന്ദിരയുടെ സൂക്ഷ്മതയും ചിത്രീകരിക്കുന്ന വിഷയത്തെക്കുറിച്ച് ഇന്ദിര അതിനകംതന്നെ ആർജ്ജിച്ചെടുത്തിട്ടുണ്ടാവാമായിരുന്ന അറിവുകളും എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. പലപ്പോഴും ഒരു ക്യമറാമാൻ എന്ന നലിയിൽ എനിക്ക് ഉണ്ടായേക്കാവുന്ന സംശയങ്ങൾക്കെല്ലാം ഇന്ദിരയാണ് ഉത്തരങ്ങൾ തന്നിരുന്നത്.

ഷൂട്ടിംഗ് വേളകളല്ലാത്ത യാത്രകളിലോ, ഷൂട്ടിംഗിനിടയിലെ ഇടത്താവളങ്ങളിലോ തമാശയായിട്ടും കാര്യമായിട്ടും ഇന്ദിര ഞങ്ങളോട് പലവട്ടം കയർത്തു.

കടുത്ത സ്ത്രീപക്ഷവാദിയായിരുന്നു ഇന്ദിര. എന്തിനോടും ഏതിനോടും പോരാടാനുള്ള സ്ഥൈര്യം എപ്പോഴും അവൾക്ക് കൈമുതലായി ഉണ്ടായിരുന്നു.

എന്നാലും ഒരിക്കൽ ഒരു തർക്കഭൂമിയിൽനിന്ന് പരാജയപ്പെട്ട് പിൻവാങ്ങുമ്പോൾ അവൾ പറഞ്ഞു, മാഷ്ക്ക് എന്നെപ്പറ്റി ഒന്നും അറിയില്ല.

നീയെന്തെങ്കിലും പറഞ്ഞാലല്ലേ ഞാനറിയൂ എന്ന് ഞാൻ പ്രതികരിച്ചു. ഇന്ദിര നിശ്ശബ്ദയായി മുറിയിലേക്ക് പോയി.

സി-ഡിറ്റിൽ ഇന്ദിരയ്ക്ക് സ്ഥിരമായ ഒരു ജോലിയില്ലായിരുന്നു. പല പ്രോജക്ടുകളിലും അസോസിയേറ്റായി അവൾ പ്രവർത്തിച്ചു. പ്രോജക്ട് തീരുമ്പോൾ ഇന്ദിരയും പുറത്താകും എന്നതായിരുന്നു സ്ഥിതി.

കുറച്ചുകാലം ഇന്ദിര സി-ഡിറ്റിന്റെ ആർക്കൈവിൽ മുൻപ് ഷൂട്ടു ചെയ്ത കാസറ്റുകൾ ലോഗ് ചെയ്തുവയ്ക്കുന്ന ജോലിയായിരുന്നു. ഈ സമയത്ത് വീഡിയോ പ്രൊഡക്ഷൻ വിഭാഗത്തിൽനിന്നും എന്നെ ഹോളോഗ്രാഫിയിലേക്ക് മാറ്റിയിരുന്നതിനാൽ ഞങ്ങൾ നേരിട്ടു കണ്ടുമുട്ടുന്ന അവസരങ്ങൾ വളരെ കുറഞ്ഞു.

അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം ഇന്ദിര എന്നെ ഫോണിൽവിളിച്ചു. അവൾക്കെന്നെ നേരിൽ കാണണമെന്നും



ഒരു പ്രോജക്ടിനെക്കുറിച്ച് സംസാരിക്കണമെന്നും വീട്ടിൽ വന്നു കണ്ടുകൊള്ളാമെന്നും പറഞ്ഞു. പറഞ്ഞപോലെ തന്നെ ഇന്ദിര വന്നു.

അവൾ ഒരു സിനിമ ചെയ്യാൻ താല്പര്യപ്പെടുന്നുവെന്നും ആരോ ഒരു സുഹൃത്ത് നിർമ്മാണത്തിനാവശ്യമായ പണം മുടക്കാൻ തയ്യാറാണെന്നും പറഞ്ഞു. സ്ക്രിപ്റ്റ് ഒക്കെ ആയോ എന്ന് ഞാൻ ചോദിച്ചു.

സ്ക്രിപ്റ്റിനെ പറ്റി സംസാരിക്കാനാണ് താൻ വന്നതെന്ന് ഇന്ദിരയും പറഞ്ഞു. എന്താണ് കഥയെന്നെങ്കിലും പറയാൻ ഞാൻ ആവശ്യപ്പെട്ടു.

എന്റെ ജീവിതാനുഭവങ്ങളായിരിക്കും സാർ കഥ. ഇന്ദിര പറഞ്ഞു നിർത്തി. എന്നാലത് പറയാൻ പറഞ്ഞപ്പോൾ ഇന്ദിര മൗനമായി വെറുതെ ഇരുന്നതേയുള്ളൂ.

അല്പം കഴിഞ്ഞ് അവൾ പറഞ്ഞു.

മാഷേ, ഞാൻ പോയിട്ട് പിന്നെ വരാം. അപ്പോഴേക്കും കഥ ശരിയാകും.

(ഇന്ദിര ഔപചാരികമായി എന്നെ സാറെ എന്നും സ്നേഹത്തോടെ മാഷേ എന്നും വിളിച്ചുപോന്നു).

ഇന്ദിര ഒന്നു രണ്ട് പ്രാവശ്യം കൂടെ എന്റെ വീട്ടിൽ വന്നു. സിനിമയുടെ പല വശങ്ങളിലുള്ള സംശയങ്ങളും എന്നോട് ചോദിച്ചു. പക്ഷെ ഒരിക്കലും എന്നോട് അവൾ ആ കഥ പഞ്ഞില്ല. ആ സിനിമ ഒരിക്കലും നടന്നില്ല.

പിൽക്കാലത്ത് ഇന്ദിര 'കഥാർസിസ്' എന്ന പേരിൽ ഒരു ഷോർട്ട് ഫിലിം ചെയ്തിരുന്നു. തൃശ്ശൂരിലെ ഒരു ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽവച്ച് എനിക്കത് കാണാൻ കഴിഞ്ഞു. ഇന്ദിരയിലെ തികവാർന്ന ഒരു സിനിമാ മനസ്സിനെ ഞാനന്ന് അനുഭവിച്ചറിഞ്ഞു.

അഞ്ചാറു മാസങ്ങൾക്ക് മുൻപ് ഇന്ദിര തീരെ അവശയായി ആശുപത്രിയിലാണെന്ന് അറിഞ്ഞു. ഞാൻ ചെല്ലുമ്പോൾ ഇന്ദിര ഐ.സി.യുവിലായിരുന്നു. ദീപയാണ് അവൾക്ക് തുണയായി അവിടെയുണ്ടായിരുന്നത്. ശ്വാസകോശം അകത്തേക്കു ചുരുങ്ങി ശ്വാസം അകത്തേക്കെടുക്കാൻ കഴിയാത്ത ഒരവസ്ഥയാണ് അവൾക്ക്. വലിയ പ്രതീക്ഷയൊന്നും ഇല്ല എന്നാണ് ഡോക്ടർ പറഞ്ഞത്. എന്നാലും 'ഇന്ദിര ഒരു ഫൈറ്ററാണല്ലോ. അതുകൊണ്ടുള്ള ഒരു ഹോപ്പാണ്.' ദീപ പറഞ്ഞുനിർത്തി.

രണ്ട് മൂന്നാഴ്ചകൾക്കുശേഷം ഞാൻ അന്വേഷിച്ചപ്പോൾ ഇന്ദിര ഡിസ്ചാർജ്ജായി പോയി എന്നറിഞ്ഞു. ശ്വാസമെടുക്കാനുള്ള ഒരു യന്ത്രത്തിന്റെ സഹായത്തോടെ തിരുവല്ലത്തെ വീട്ടിൽ വിശ്രമിക്കുകയാണ് എന്ന് കേട്ടു.

ഓർക്കാപ്പുറത്തല്ലാതെ ഇന്ദിരയുടെ മരണവാർത്തയറിഞ്ഞപ്പോൾ മനസ്സിൽ ഒരു മരവിപ്പാണ് തോന്നിയത്. അവസാനത്തെ ചെറിയൊരളവ് പ്രാണവായുവിന് വേണ്ടിയും അവൾക്ക് പൊരുതേണ്ടിവന്നല്ലോ എന്ന് ഞാൻ ദുഃഖത്തോടെ ഓർത്തു.

ചുവന്ന തുണിയിൽ മൂടി അഗ്നിയിലേക്കവൾ യാത്രയായപ്പോൾ അൻവർഅലിയുടെ രണ്ടുവരി കവിത എന്തുകൊണ്ടോ മനസ്സിലേക്ക് തള്ളിവന്നു.

നമ്മളുള്ളിടം ഇല്ലാത്തിടം
എന്ന കൂട്ടനിലവിളിക്കാട്
പൂക്കുംപോലെ...

# സ്മരണാഞ്ജലി





ബീനാപോൾ

I had known Indira for the last twenty years, when she first came to CDIT after finishing her course at the Southern Film Institute. Those days it was rare to see a girl so determined to be wanting to make films. We were friends from the beginning. Indira and myself worked on building up the Archives in CDIT recognising that we had very rare footage of the development of Kerala. She was devoted to the task, but filmmaking was her calling. After many years we worked together again on many documentaries. We really enjoyed ourselves in the process, travelling, sharing experiences and fun. She loved to try different foods and was very interested in organic farming. I always awaited her arrival because with her came cheera, bananas and many other vegetables. Her wide circle of friends was remarkable and she really treasured each person she knew. I feel grateful that she was able to make a film of her choice that was so well appreciated. Indira left us too prematurely, and there is great sadness about that. But having said that, I can see her laughing face saying I'm still there with all of you.



കെ. മോഹൻകുമാർ

ഇന്ദിര എന്റേയും സുഹൃത്തായിരുന്നു. മറ്റു പലരുടേയുമെന്നപോലെ. സി-ഡിറ്റിനുവേണ്ടി ഞങ്ങളൊന്നിച്ച് വീഡിയോ ചെയ്തിട്ടുണ്ട്. ചലച്ചിത്ര വീഡിയോ ചിത്രീകരണവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും സജീവപങ്കാളിയായിരുന്നു ഇന്ദിര. പൊതുകാര്യപ്രസക്ത. ആക്ടിവിസ്റ്റാണ്. സ്ത്രീപക്ഷവാദി. സംഗീതപ്രേമി. സിനിമാപ്രേമി. സദാ ജാഗ്രത. ജൈവകൃഷിക്കാരി. ഇതൊക്കെയായിരുന്നപ്പോഴും ഇന്ദിരയുടെ ഉള്ളിൽ സിനിമമാത്രം.

എല്ലായിടത്തും ഓടിയെത്തും. പങ്കാളിയാവും. അഭിപ്രായങ്ങൾ മറകൂടാതെ പറയും. മടി കൂടാതെ മുഖം നോക്കാതെ.

ഒരു സ്ഥാപനത്തിന്റെ ചട്ടകൂടിലും ഒതുങ്ങി നിൽക്കാൻ വഴങ്ങാത്ത പ്രകൃതം. പല തലക്കാരും പ്രായക്കാരുമായ പല പല സുഹൃത്‌വലയങ്ങൾ. രുചിഭേദങ്ങളും ഋതുഭേദങ്ങളുമൊക്കെ നിറഞ്ഞാസ്വദിക്കുന്നവൾ. ഒന്നിനും അടിയറവുവെയ്ക്കാത്ത മനസ്സ്.

സി-ഡിറ്റിൽ ഏറെ നാൾ ജോലി ചെയ്തിരുന്നുവെങ്കിലും അതിന്റെ ഭാഗകാമാൻ കൂട്ടാക്കിയില്ല. വിശാലമായ പുറംലോകത്തെയാണ് ഇഷ്ടപ്പെട്ടിരുന്നത്.

സി-ഡിറ്റിന്റെ വീഡിയോ ആർക്കൈവ്സ് ഉണ്ടാക്കുന്നതിൽ ആദ്യകാലത്ത് ബീന പോളിനൊപ്പം പ്രവർത്തിക്കാനാണ് വന്നത്. സതേൺ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പഠനമൊക്കെ പൂർത്തിയാക്കിയാണ് സി-ഡിറ്റിലെത്തുന്നത്. ആദ്യകാലത്ത് അല്പം അകലമൊക്കെ കാത്തുസൂക്ഷിച്ചേ ഞങ്ങളൊടൊപ്പം പെരുമാറിയിരുന്നുള്ളൂ.

1995-ലാണ് ആദ്യത്തെ രാജ്യാന്തര വീഡിയോ ഫെസ്റ്റിവൽ കഴിഞ്ഞാണ് ഇന്ദിര സിഡിറ്റിലെത്തുന്നത്. ഇന്നത്തെ ചലച്ചിത്ര അക്കാദമി ആർട്ടിസ്റ്റിക് ഡയറക്ടർ ബീനാപോളിന്റെ സഹായിയായി. ആർക്കൈവിംങ്ങ് രംഗത്തെ മുൻപരിചയമോ എന്തിന് ലൈബ്രറി സയൻസോ ഒന്നും അറിയാതെ ഒരാൾ എങ്ങനെ സി-ഡിറ്റിലെത്തി.

ചലച്ചിത്രത്തോടുള്ള അടങ്ങാത്ത അഭിനിവേശം ഇന്ദിരയെ ആകർഷിക്കുകയായിരുന്നു. കൂടാതെ ബീനയുടെ പ്രേരണയും. ഒപ്പം പരിശീലനം നേടിയ പലരും സ്വന്തമായി തിരക്കഥാ രംഗത്തും സംവിധാന രംഗത്തും സജീവമായി മാറിത്തുടങ്ങിയകാലം. ഇന്ദിര ഇതിൽനിന്നെല്ലാം മാറി നിൽക്കുകയോ മാറ്റിനിർത്തപ്പെടുകയോ ഒക്കെയായിരുന്നു. അന്നൊന്നും ഇന്ദിരയുടെ മനസ്സറിയാനോ മനോഗതി എന്താണെന്നോ വായിക്കാൻ എനിക്കായില്ല.

ചലച്ചിത്രമോ വീഡിയോചിത്രമോ ഒക്കെയായി അടുത്തിടപഴകാനോ ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടു നിൽക്കാനോ ഇന്ദിര സ്വയം സമർപ്പിച്ചിരുന്നു. അതുകൊണ്ടുതന്നെയാണ് സി-ഡിറ്റിൽ വരാൻ, പ്രവർത്തിക്കാൻ, മുന്നോട്ടുവന്നത്.

# സ്മരണാഞ്ജലി



അധികമാരും അറിയാതെയും അറിയിക്കാതെയും ഒരു നിഴലായി അദൃശ്യമായി കഴിഞ്ഞപ്പോഴും ചില രുമായി നല്ല ചങ്ങാത്തമുണ്ടായിരുന്നു. കാര്യപ്രസക്തിയും കർമ്മശേഷിയും വേണ്ടുവോളം സഹാനുഭൂതിയും കൊണ്ട് അനുഗ്രഹീതനായിരുന്ന ഷിറാസ്സ് എല്ലാരുടേയും അത്താണിയായിരുന്നു. (അതിപ്പോഴും അങ്ങനെതന്നെ). IVFEST നുശേഷമാണ് ഇവർ രണ്ടുപേരും സി-ഡിറ്റിൽ എത്തുന്നത്. കെട്ടുറപ്പുള്ള ഒരു വീഡിയോ നിർമ്മാണകേന്ദ്രമായി മാറുന്നതിൽ ഇവർ രണ്ടുപേരും നിർണ്ണായക ശക്തിയായിരുന്നു. അധികം താമസിയാതെ ദേശീയ ചലച്ചിത്ര മേളയുടെ മാതൃകകയിൽ IFFK തിരുവനന്തപുരത്ത് ആരംഭിച്ചു.

വിരലിലെണ്ണാവുന്ന സ്ത്രീകളെ അന്ന് ഫിലിം ഫെസ്റ്റിവലിൽ സജീവമായിരുന്നുള്ളൂ. അതിലൊരാൾ ഇന്ദിരയായിരുന്നു. ഉള്ളിൽ കെടാതെ സൂക്ഷിച്ചിരുന്ന സിനിമാമോഹം എന്നും അവളെ ആകർഷിച്ചിരുന്നു. തുടർന്നുള്ള എല്ലാ ഫിലിം ഫെസ്റ്റിവലിലും നിറസാന്നിധ്യമായിരുന്നു ഇന്ദിര. ഇതിനിടയിൽ എപ്പോഴോ ഇന്ദിര സി-ഡിറ്റിൽ നിന്നു മാറി. തന്റെ പുതിയ സുഹൃത്‌വലയങ്ങളും സിനിമാമോഹവുമായി വേറൊരു വിശാല ലോകത്തേക്ക്. ഒട്ടനവധി ചങ്ങാതിയിൽ വിവിധരംഗത്തുള്ളവർ. വർഷങ്ങൾ കടന്നുപോയി.

സ്വന്തമായ സിനിമാമോഹങ്ങൾ കടലാസിൽ പകർത്താനും മറ്റൊരു ചങ്ങാതി കൂട്ടത്തിന്റെ പിൻബലത്തോടെ അത് സാക്ഷാത്കരിക്കാനുമുള്ള ബദ്ധപ്പാടിലായിരുന്നു ഏറെ നാളുകൾക്കുശേഷം കണ്ടത്. ഗൾഫിലുള്ള ഒരു ചങ്ങാതി പ്രൊഡ്യൂസറാകാമെന്നേറ്റിരുന്നു.

ഒന്ന് വായിച്ചഭിപ്രായം പറയണം. താനെഴുതിയ സ്ക്രിപ്റ്റ് നീട്ടിക്കൊണ്ടു പറഞ്ഞു. ഞങ്ങളൊന്നിച്ചിരുന്നു വായിച്ചു. ചർച്ച ചെയ്തു. അഭിപ്രായങ്ങൾ പങ്കുവെച്ചു. എനിക്കതിനുള്ള കഴിവെന്താണെന്ന് ഇന്നും മനസ്സിലായിട്ടില്ല. ശക്തമായ കഥ. അതിന്റെ പണിപ്പുരയിലേക്ക് തയ്യാറെടുപ്പിലേക്ക് ഇന്ദിരയും സി-ഡിറ്റു കാര്യങ്ങളിലേക്ക് ഞാനും മടങ്ങി.

എല്ലാ അർത്ഥത്തിലും ഇന്ദിര സന്തോഷവതിയായിരുന്നു. ആവേശത്തിലായിരുന്നു. ഇതിനിടയിൽ ആരോഗ്യപ്രശ്നങ്ങൾ അവളെ ബുദ്ധിമുട്ടിച്ചിരുന്നുവെങ്കിലും അതൊന്നും കാര്യമാക്കാൻ കൂട്ടാക്കിയില്ല. ഉള്ളിലെ തീ അതിനൊക്കെ അപ്പുറമായിരുന്നു. ഒരിടവേള പിന്നെയും.

പൊടുന്നനെ അറിഞ്ഞു. കണ്ണൂരിലെ കൊലപാതകരാഷ്ട്രീയത്തെ ആസ്പദമാക്കി ഒരു ഡോക്യുഫിക്ഷൻ ചെയ്യുകയാണ് മുഴുനീള സിനിമയ്ക്കുമുമ്പ്. അതാണ് 'കഥാർസിസ്'. ഇതിന്റെ നിർമ്മാണഘട്ടത്തിലൊന്നും എനിക്ക് പങ്കാളിയാവാൻ കഴിഞ്ഞില്ലെങ്കിലും വിവരങ്ങൾ അറിയിക്കുമായിരുന്നു.

മുംബൈ അന്താരാഷ്ട്ര ഹ്രസ്വചലച്ചിത്രമേളയിൽ പ്രത്യേക പരാമർശം ഇതിനു ലഭിച്ചു. വലിയ സന്തോഷത്തോടെയാണ് മുംബൈയിൽ പോയതും, പുരസ്കാരം ഏറ്റുവാങ്ങിയതും. തിരിച്ചുവന്ന് അധികം താമസിയാതെ രോഗം ഇന്ദിരയെ കീഴ്പ്പെടുത്തി. അവളുടെ മനസ്സാന്നിദ്ധ്യം ചോർന്നുപോയി. സ്വയം തീരുമാനിക്കാൻ കഴിയുന്നില്ല. പരസഹായം വേണ്ടിവന്നു എല്ലാത്തിനും. അതിലൊട്ടും സന്തോഷവതിയായിരുന്നില്ല.

സംസാരം കുറഞ്ഞു. നേർത്തു. ഓക്സിജന്റെ സഹായം സദാ വേണ്ടിവന്നു. ജന്മനാ ലഭിച്ചിരുന്ന ശാരീരികാവശതകൾ എത്രനാൾ മറച്ചുവെയ്ക്കാനാകും. ശ്വസനകേന്ദ്രങ്ങൾ പ്രവർത്തനം നിറുത്തുന്നമാതിരി. പ്രാണവായുവിനായി യന്ത്രസഹായം വേണ്ടിവന്നു. ലഭ്യമായ എല്ലാ ചികിത്സയും ചെയ്തു. നാനാതുറയിലുള്ള ചങ്ങാതിമാർ സദാ ജാഗരൂഗരായി ഇന്ദിരയുടെ ചുറ്റും ഉണ്ടായിരുന്നു സഹായത്തിനായി, എന്നിട്ടും.

രോഗത്തിന്റെ ഗൗരവം ഇന്ദിര ആരോടും പറഞ്ഞിരുന്നില്ല. പറഞ്ഞതൊക്കെയും തന്റെ സിനിമാമോഹങ്ങളായിരുന്നു. അതോ കൂസാതെ തന്റെ പ്രകൃതത്തിൽ അതിനൊന്നും സ്ഥാനമില്ലെന്ന് ഉറക്കെ പറയുകയായിരുന്നോ?

ശ്രീവത്സന്റെ ഏതാനും പാട്ടുകൾ അവൾക്കെത്തിച്ചുകൊടുത്തിരുന്നു അവളുടെ ആവശ്യപ്രകാരം. ഒന്നിച്ചൊരു ചലച്ചിത്രം ചെയ്യണമെന്ന മോഹം പറയുമ്പോൾ അവളുടെ ഓക്സിജൻ കുഴലുകൾ മാറ്റിയിരുന്നു. കാതിലെ ഹെഡ്ഫോൺ ഉണ്ടെപ്പോഴും.

കട്ടിലിൽ നിന്നെഴുന്നേറ്റ് നിലത്ത് കാലുകൾ ഊന്നി കൈകൾ രണ്ടും നീട്ടി എന്റെ നേർക്ക്. ഞാനടുത്തേക്ക് നീങ്ങി. മെല്ലെ കൈകൾ എന്നെ ചുറ്റും തൊട്ടു. ശരീരം നന്നേ ക്ഷീണിച്ചിരുന്നു. എവിടൊക്കെയോ വേദനിക്കുന്നുണ്ടായിരുന്നു. അങ്ങനെ അല്പനേരം മിണ്ടാതെ നിന്നു.

എവിടെനിന്നോ ഒരു മാന്ത്രികസ്പർശം പ്രതീക്ഷിച്ച് കിടപ്പിലായിരുന്നു ഇന്ദിര.

തന്റെ മനസ്സിലെ ആദ്യ ചലച്ചിത്രത്തിന് ഉയിരേകാൻ...പ്രിയ ചങ്ങാതി പ്രണാമം.

വളരെ വ്യക്തവും സുദൃഢവും കർക്കശവുമായ നിലപാടുള്ള വ്യക്തിത്വം എന്ന രീതിയിലാണ് ഇന്ദിരയെ എനിക്ക് ഓർക്കാനാവുക. ഇന്ദിരയുടെ വർക്കുകളുടെ എഡിറ്റിംഗ് സമയത്ത് എനിക്കത് നന്നായി മനസ്സിലാക്കാൻ അവസരം വന്നിട്ടുണ്ട്. ഒരു നല്ല ഷോട്ട് വേണമെന്ന് ഞാൻ പറഞ്ഞാൽ അതവിടെ വേണ്ട എന്ന് ഇന്ദിരയ്ക്ക് തോന്നിയാൽ പിന്നെ ആ തീരുമാനത്തിൽ നിന്ന് അണുവിട വ്യതിചലിക്കാൻ അവൾ തയ്യാറാവില്ല. ആ പിടിവാശിയിൽ തന്നെ ഉറച്ച് നിൽക്കും. ഇന്ദിരയെ നന്നായി അറിയാവുന്നത് കൊണ്ട് എനിക്കത് ഒരിക്കലും വിഷമമായി തോന്നിയിട്ടില്ല. ഇന്ദിരയോട് ഇഷ്ടം തോന്നിയിട്ടേയുള്ളൂ.. ഒരുപാട് സിനിമ സ്വപ്നങ്ങൾ അവശേഷിപ്പിച്ചാണ് ഇന്ദിര കടന്ന് പോയത്.



രമേഷ് വിക്രമൻ

# സ്മരണാഞ്ജലി





ആശാപ്രഭ

ഓർമ്മകൾ ഒരിക്കലും മരിക്കുകയില്ല. അതാണല്ലോ ബന്ധങ്ങളുടെ പ്രത്യേകത. ഇന്ദിരയുമായി സൗഹൃദം തുടങ്ങുന്നത് ഞാൻ തിരുവനന്തപുരത്ത് സി–ഡിറ്റിൽ വിഷ്വൽ കമ്മ്യൂണിക്കേഷൻ പഠിക്കാൻ വന്ന 98 കാല ഘട്ടത്തിലാണ്. അന്ന് സി–ഡിറ്റിൽ ഉണ്ടായിരുന്ന ഞാനും വിധുവും താമസിച്ചിരുന്നത് തിരുവല്ലത്താണ്. അതിന്റെ സമീപത്തുള്ള വിശാലമായ ഒരു പറമ്പുള്ള വീട്ടിലായിരുന്നു ഇന്ദിര താമസിച്ചിരുന്നത്. ഒഴിവു സമയം നല്ല ഭക്ഷണം കഴിക്കാനായി ആ മലപ്പുറംകാരിയുടെ വീട്ടിൽ ഞങ്ങൾ ഒത്തുകൂടി. അവളുടെ സിനിമാ സ്വപ്നങ്ങളും അനുഭവങ്ങളും അതിന്റെ കരുത്തും പറയുന്നതോടൊപ്പം നാട്ടിലെ പച്ചിലകൾ പറിച്ച് അവൾ സ്വാദിഷ്ഠമായ കറികൾ ഉണ്ടാക്കിയിരിക്കും. പൊതുവേ പാചകത്തിൽ മടിച്ചിയും വാചകത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന എനിക്ക് അവൾ വച്ചുതന്ന ഉണക്കമീൻ ചമ്മന്തിയുടെയും ചൊറിയണം കറിയുടെയും സ്വാദ്മുകുളങ്ങൾ ഇന്നും എന്നെ ഇടയ്ക്കിടയ്ക്ക് ആ കാലഘട്ടം ഓർമ്മപ്പെടുത്താറുണ്ട്. അന്നവൾ പറഞ്ഞിരുന്ന അതിജീവനത്തിന്റെ കഥകൾ 22–കാരിയായ എനിക്ക് അന്യമായിരുന്നു. എന്നാൽ ഇപ്പോൾ ഈ 42–ാം വയസ്സിൽ ഒരുപാട് ജീവിതയാത്രകൾ കണ്ട പ്പോൾ അവളുടെ സ്വപ്നങ്ങൾക്കു വേണ്ടി താണ്ടിയ ദുരിതയാത്രകൾ എനിക്ക് മനസ്സിലാകുന്നു. എന്നാലും സ്വപ്നങ്ങൾക്കു വേണ്ടി തീരാത്ത യാത്രയുമായി കാലത്തിന്റെ നിയോഗം പോലെ അവൾ ദീർഘയാത്ര പോയി.

A firefly lights beside us like an enticing earthly star, Twinkling in the darkness, It's magic in the air, For a brief moment it's glory and beauty belong to our world, But then it fly away, Though we wish it could have stayed longer...

We feel lucky to have seen it Most Cherished memories Great friend Indira.

I met Indira for the first time in 1999 while I was in C-DIT. It didn't take much time for us to become poda-podi friends. Since then we worked together in many projects and planned together many more.

Days went by. One day she calls me and tells about a project which she is planning and told me about the urgency to complete it as soon as possible. We met and she narrated the story. The story was powerful and convincing. But the reason she gave for the urgency was not at all convincing for me.

Shoot started with limited resources but we never allowed the limited budget to limit our creativity.

Within few days, hauntingly thought provoking and eminently watchable movie CATHARSIS is born. Thanks dear Indira for the trust and faith you had in me.

Still not able to come to terms with your reason for urgency. I wish you have had some other reason. I wish you have stayed longer....



പ്രതാപൻ



ബി.സതീശൻ

ഞാൻ പരിചയപ്പെട്ട വനിതകളിൽ എന്തിനും ഉറപ്പുള്ള, അഭിപ്രായം പറയുന്നയാൾ. തന്റെ പ്രവർത്തന മേഖലയിലും കഴിവും നിലപാടും വ്യക്തമായിരുന്നു. ഏറെ നാളത്തെ പരിചയവും സഹവർത്തിത്വവും ഉണ്ടായിരുന്നെങ്കിലും കുറെക്കാലം കാണാനേ കഴിഞ്ഞിട്ടില്ല. ഇന്ദിരയുടെ വേദനകളിൽ അല്പം അകലെ നിന്ന് കൂടുവാനേ കഴിഞ്ഞുള്ളൂ. സ്വന്തം ജീവൻ നിലനിർത്തുവാൻ പൊരുതുമ്പോഴും ആരുടെയും മുന്നിൽ തലകുനിക്കാതെ പോരാട്ട വീഥിയിൽ സഞ്ചരിച്ചു കൊണ്ടേയിരുന്നു. വർത്തമാനത്തിലും പ്രവർത്തിയിലും ഒരു പോലെ വിപ്ലവം നിറഞ്ഞു നിന്ന യഥാർത്ഥ സഖാവ് ഇന്ദിര. ഒരു ഉത്രാട സദ്യ ഇന്ദിരയോടൊപ്പം ഉണ്ണാൻ അവസരം ലഭിച്ചത് നല്ലോർമ്മയായി ഞാൻ സൂക്ഷിക്കുന്നു.

# സ്മരണാഞ്ജലി



സ്വന്തം നിലപാടുകളിൽ വിട്ടുവീഴ്ചയില്ലാത്ത ഉറച്ച നില്പിനുടമയായിരുന്ന വ്യക്തിത്വം. ഇന്ദിര സംവിധായകയായും വീഡിയോ ആർക്കൈവ്സിന്റെ ക്രമീകരണ പ്രവർത്തനങ്ങളിലും സി-ഡിറ്റിനു നൽകിയ സംഭാവന വളരെ വിലപ്പെട്ടത്. ജി.വി. രാജ ഡോക്യുമെന്ററി, ഗതാഗതവകുപ്പിനുവേണ്ടി നിർമ്മിച്ച ഹ്രസ്വചിത്രങ്ങൾ തുടങ്ങിയവ എടുത്തുപറയേണ്ടവയാണ്. ഗതാഗതവകുപ്പിനുവേണ്ടി ചെയ്ത ഹ്രസ്വചിത്രങ്ങളുടെ ചിത്രീകരണ വേളകൾ ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങളായിരുന്നു. തുടർന്ന് പ്രവർത്തിക്കാനാവാതെ ഇന്ദിര സി-ഡിറ്റിൽനിന്നും പടിയിറങ്ങിയത് വളരെ വേദനാജനകമായ അവസ്ഥയിലാണ്. അത് ഓർക്കുമ്പോൾ ദുഃഖമുണ്ട്.



ബൈജു ആട്ടുകാൽ



ശിവകുമാർ.ബി.

സി-ഡിറ്റിലെ പ്രൊഡക്ഷനുമായി ബന്ധപ്പെട്ട് ഇന്ദിരയുമായി ഒരു വലിയ കാലയളവ് ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ട്. ഇന്ദിരയെ ഓർക്കുമ്പോൾ മനസ്സിലാദ്യം കടന്നുവരിക ഒരു ട്രെയിൻ യാത്രയാണ്. ഞാൻ കുടുംബവുമായി തിരക്കിൽ നിൽക്കുകയായിരുന്നു. ഇരിപ്പിടം കിട്ടാതെ കഷ്ടപ്പെട്ട് കുഞ്ഞുങ്ങളുമായി ഭാര്യയും. അകലെയല്ലാതെ ഇരുന്ന ഇന്ദിര ഞങ്ങളെ കണ്ടു. ആ തിരക്കിനിടയിൽ അവൾ വന്ന് എന്റെ ഭാര്യയെയും കുഞ്ഞുങ്ങളെയും കൂട്ടി അവളുടെ സീറ്റിലിരുത്തി. അവരെ സ്വസ്ഥമായി ഇരുത്താൻ ഇന്ദിര കുറച്ചൊന്നുമല്ല കഷ്ടപ്പെട്ടതും. അവളുടെ ഹൃദയത്തിൽ അത്രത്തോളം നന്മയുണ്ടായിരുന്നു.

സി-ഡിറ്റിൽ ജോലിക്കു പ്രവേശിക്കുന്നതിനു മുമ്പ് 2006 ലാണ് ഞാൻ ഇന്ദിരയെ ആദ്യമായി പരിചയപ്പെടുന്നത്. ജലവിഭവവകുപ്പിന്റെ പരിശീലന സ്ഥാപനത്തിൽ ജോലിചെയ്തുവരവെ കേരളത്തിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച ഒരു ഡോക്യൂമെന്ററി നിർമ്മിക്കുന്നതിനുള്ള ചുമതല അന്നു സി-ഡിറ്റിൽ പാനൽ സംവിധായകയായിരുന്ന ഇന്ദിരയ്ക്ക് നൽകിയിരുന്നു. ഈ ഡോക്യുമെന്ററി നിർമ്മാണവുമായി ബന്ധപ്പെട്ട് ഏകദേശം 3 മാസം കേരളത്തിലെ 40 അധികം പഞ്ചായത്തുകളിൽ പര്യടനം നടത്തി വിവരം ശേഖരിച്ച് ജനങ്ങളോടു സംവദിച്ച് ദൃശ്യങ്ങൾ ഷൂട്ട് ചെയ്ത് ഡോക്യുമെന്ററി തയ്യാറാക്കിയ ഒരു കാലഘട്ടം ഇന്നും ഒരു പച്ചപിടിച്ച സ്മരണയായി നിലനിൽക്കുന്നു. 'ജലത്തിന്റെ രാഷ്ട്രീയം' പറയാതെ പറയുന്ന ഡോക്യുമെന്ററി എന്ന ഖ്യാതി ലഭിച്ച ഒരു ഡോക്യുമെന്ററി കേരളത്തിലെ ജലഗുണനിലവാരം സംബന്ധിച്ച അധികാരിക ദൃശ്യരേഖയായി എല്ലാ പഞ്ചായത്തുകളിലും സൂക്ഷിക്കുന്നു എന്നതും എടുത്തുപറയേണ്ട വസ്തുതയാണ്. വികസനത്തിന് സാമൂഹ്യ കാഴ്ചപ്പാട് ഉണ്ടെന്ന ബോധത്തോടെ യാഥാർത്ഥ്യങ്ങളെ സമീപിച്ച ഇന്ദിര എന്ന അതുല്യ പ്രതിഭയുടെ വിയോഗം വ്യക്തിപരമായും ഒരു നഷ്ടമായി അവശേഷിക്കുന്നു.



ജിബി

വേറിട്ടൊരു വ്യക്തിത്വമായിരുന്നു ഇന്ദിര. അനിതരസാധാരണമായ ആത്മധൈര്യം, വിയോജിപ്പുള്ളവയോട് അതിശക്തമായ പ്രതിഷേധം. ഇതൊക്കെയാണ് ഇന്ദിരയിൽ എന്നെ പിടിച്ചുനിർത്തിയത്. രോഗാതുരയായി ആദ്യം ആശുപത്രി കിടക്കിയിലിരുന്ന് അവൾക്ക് ധൈര്യം പകരാനെത്തിയ എന്നോട് ഒരു ചില്ല് ചുമരിനപ്പുറത്തിരുന്ന് തന്റേടമായി ജീവിക്കുവാൻ ആംഗ്യത്തിൽ പറയാതെ പറഞ്ഞവൾ. അസുഖത്തിന്റെ എല്ലാ തീവ്രതയും അറിയാമെങ്കിലും ഒന്നു പതറാൻ പോലും ഇന്ദിര ഒരുക്കമായിരുന്നില്ല. ആ ചങ്കൂറ്റത്തിനു മുന്നിൽ മരണം പോലും പകച്ചുനിന്നു, പല അവസരങ്ങളിലും. അന്ത്യ ദിനങ്ങളിൽ ആരേയും അറിയാതെ ബോധ-അബോധതലങ്ങളിൽ കുറേ സിനിമാ സ്വപ്നങ്ങൾ ഉള്ളിലിട്ട് ഉരുക്കി വിദൂരത്ത് മിഴിചിമ്മിയവൾ കിടന്നതും വേദനയോടെ ഓർക്കുന്നു. ഒരു കാര്യം ഉറപ്പാണ്. ഇന്ദിരയ്ക്കു പകരം ഇന്ദിര മാത്രമെയുണ്ടാവൂ.



പ്രേംസുജ





### ഘോഷയാത്രയിലെ പാവാട കഥ

കഴിഞ്ഞ ഓണക്കാലത്തെ വിനോദവാര ഘോഷയാത്ര സഞ്ചാരത്തിൽ മോശമല്ലാത്ത തുക മുടക്കി സി–ഡിറ്റും സഞ്ചരിച്ചു. സഞ്ചാര ഉദ്ദേശത്തിൽ പ്രധാനം ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിലെ ഓൺലൈൻ പരാതി പരിഹാര സംവിധാനം വിവരിക്കുക എന്നതായിരുന്നു. അധികം കാഴ്ചക്കാർ ശ്രദ്ധിക്കാതെ കടന്നുപോകാൻ വേണ്ടവിധം ഒരുക്കങ്ങൾ പൂർത്തിയാക്കി. ടാഗോറിന്റെ മുറ്റത്തു നിന്നും കൊട്ടാരവളപ്പിലേക്കുള്ള യാത്രയ്ക്ക് ഒരുങ്ങുകയും ചെയ്തു. അപ്പോഴെക്കും ഇരുട്ടു വീണ് തുടങ്ങിയിട്ടേയുള്ളൂ. യാത്രയുടെ ചുമതലയുള്ള നമ്മുടെ ആസ്ഥാന പ്ലാനിംഗ് അവിടെ എത്തി. നിശ്ചലദൃശ്യങ്ങളായ ചേച്ചിമാരെയും ചേട്ടന്മാരെയും ലോറിയിന്മേൽ കയറ്റി നിറഞ്ഞ പ്രകാശം നൽകി റിഹേഴ്സൽ തുടങ്ങി. അപ്പോഴാണ് മനസ്സിലായത് സർക്കാരിന്റെ നയമായ Transparency അതേപടി ചേച്ചിമാർ നടപ്പിലാക്കാൻ പോകുന്നു എന്ന്. അപകടം മനസ്സിലാക്കിയ പ്ലാനിംഗ് സാർ ഉടൻ അടുത്തുള്ള ജൗളിക്കടയിൽ ചെന്ന് പ്രകാശം കൂടുതൽ കടക്കാതിരിക്കാനുള്ള പ്രതിവിധി ചെയ്തുവെന്ന് കൊട്ടാരവളപ്പിലെത്തിയപ്പോൾ സി–ഡിറ്റ് പെരുമാറ്റ ചട്ടകമ്മിറ്റിയിലെ പ്രമുഖ വനിത ഓടിയെത്തി. കൂടുതൽ പരിശോധന നടത്തിയപ്പോൾ സാറിന്റെ പ്രതിവിധി ഒട്ടും പാകമല്ലെന്ന് മനസ്സിലാക്കി ചില പൊടിക്കൈ പ്രയോഗം നടത്തി യാത്രയുടെ മാനം കാത്തുവത്രെ.

*–കൂടുതൽ സുതാര്യത ഏറെ ജനപ്രിയം–*

### 'നടക്കുന്ന ചക്കയും മാങ്ങയും'

തിരുവല്ലം കുന്നിലെ ശാസ്ത്രസാങ്കേതിക വിളയിൽ വിളയുന്ന ചക്കയും മാങ്ങയും ഈയിടെയായി തനിയെ നടക്കുന്നു എന്ന്. ഏതാണ്ട് ഈവനിംഗ് നാല് ആകുമ്പോൾ കിഴക്കേമൂലയിൽ നിന്ന് റിമോർട്ട് ശബ്ദം കേൾക്കുമ്പോഴാണത്രെ ചക്കയും മാങ്ങയും നടന്നുതുടങ്ങുന്നത്. കിഴക്കേഅറ്റത്തു എത്തുമ്പോഴേക്കും തനിയെ പുറവാതിൽ തുറക്കുന്ന ഒരു പ്രത്യേക കാറിനുള്ളിലേക്ക് ചാടി കയറി പതുങ്ങി ഇരിക്കുമത്രെ. വിദേശവിപണി പിടിച്ചെടുക്കുവാനുള്ള കൃഷി ശാസ്ത്രജ്ഞരുടെ കണ്ടുപിടിത്തമായ ഒരു പ്രത്യേക പ്രൊഡക്ടാണത്രെ റിമോട്ട് ചക്കയും മാങ്ങയും

*–ഗ്രീൻ റെവല്യൂഷൻ–*






**മോഹൻലാലിനും തട്ടത്തിൽ മറയത്തിനും മഹാലക്ഷ്മിക്കും വിലക്ക്!!!**

ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളുടെ ആധിക്യം കൊണ്ട് റൂമുകളിൽ ഒതുക്കാൻ കഴിയാതെ സി-ഡിറ്റിന്റെ പ്രധാന കവാടത്തിനു മുന്നിൽ ചർച്ച എത്തിയത്രെ. ദിനവും രാവിലെ പഞ്ചിങ്ങിനുശേഷം ഒരു മണിക്കൂർ നടി നടന്മാരിൽ പ്രമുഖരായ 'മോഹൻലാൽ', 'തട്ടത്തിൽ മറയത്ത്', 'ലച്മികുട്ടി' എന്നിവരുടെ നേതൃത്വത്തിലുള്ള ചർച്ചാവേദി ആവലാതികൾ പങ്ക് വെച്ച് പരിഹാര പാരയും കണ്ടെത്തി അഞ്ച് പഞ്ച് ഡയലോഗും ഷെയർ ചെയ്തു പുളകിതരായി പണിയെടുത്തുവരികയായിരുന്നു എന്ന്. അങ്കണത്തിലേക്ക് പ്രവേശിക്കുമ്പോൾ ശബ്ദം മുഴക്കി മുന്നറിയിപ്പ് നൽകുന്ന പ്രധാന യജമാനൻ ഒരു ദിവസം ശബ്ദം മുഴക്കിയില്ലത്രെ. ആവലാതി ചർച്ച പിരിയുന്നതിനു മുമ്പേ യജമാനൻ വന്നു കയറി. കോണിപ്പടിക്കടിയിലെ നിൽപ്പു ചർച്ച ആവർത്തിച്ചാൽ കൂടുതൽ സ്ഥാനങ്ങൾ നൽകി ഇക്കിളിപ്പെടുത്തുമെന്ന് കാണിച്ചുള്ള ഓല നൽകി വിലക്കിയത്രെ.

*-അഭിപ്രായ സ്വാതന്ത്ര്യം*
*-ജനാധിപത്യത്തിന്റെ ആണിക്കല്ല്-*



**പണിയില്ലാത്ത പണിക്കർക്ക് പണി കൊടുത്തു!!!**

ഭരണമാറ്റത്തിനു ശേഷം പ്രത്യേകിച്ച് പണിയൊന്നുമില്ലാതെ കറങ്ങി നടന്ന സ്ഥലത്തെ പ്രധാന പണിയൻ പണിക്കർക്ക് ഒരു നാൾ ഒരു പണി കൊടുത്തുവത്രെ... അങ്ങ് വിദേശത്ത് പോയി മൂന്ന് അക്ഷരം വാങ്ങികൊണ്ടു വരാനായിരുന്നു പണി. കൂട്ടിനു രണ്ട് പ്രമുഖരെയും കൊടുത്തു. എല്ലാ പണിക്കും അന്തർദേശീയ നിലവാരം നൽകുന്ന മൂന്നു അക്ഷരം വാങ്ങാൻ വിവിധ തരം പണിയിൽ MBA ഡിഗ്രിയുള്ള പണിക്കർ പണിതുടങ്ങിയത്രെ... ഭൂലോക പണിയന്മാരായ ISO ചേട്ടന്മാരും ചേച്ചിമാരും സൂര്യാസ്തമയവും പഞ്ചനക്ഷത്ര ശാപ്പാടും ഒക്കെയായി നമ്മുടെ നാടൻ പണിയന്റെ മുന്നിൽ നമിച്ച് സർട്ടിഫിക്കറ്റും നൽകി മടങ്ങിയത്രെ.

*-നാടൻ തന്നെ കേമം!!-*

**സി.എം. ഓഫീസിലെ ലഡു...**

ഈയിടെ സി.എം. ഓഫീസിൽ ലഡു വിതരണം നടന്നുവത്രെ. ഓഫീസിലെ ജീവനക്കാർ പരസ്പരം നോക്കി സംശയത്തോടെ ആരാഞ്ഞു. ഇവിടെ ആർക്കാണ് കുഞ്ഞ് പിറന്നത്? എന്താ വിശേഷം? ഒരു കുഞ്ഞിനെ കിട്ടി, അത് അങ്ങ് തിരുവല്ലത്തുള്ള ഓഫീസിലാണ്. മൂന്ന് അക്ഷരമുള്ള പേരിലെ കുഞ്ഞിനെയാണ് കിട്ടിയത്. കിട്ടിയ സന്തോഷം സഹിക്കവയ്യാതെ വന്നപ്പോൾ എത്തിയതാണത്രെ ഐ.എസ്.ഒ. ലഡു.

*-വേനൽക്കാലത്തെ ഒരു തുള്ളി-*

**മാഡം ഫ്രം ഒമാൻ!!!**


ഡിജിറ്റൽ മാഡത്തിനെ അടുത്തിടെ കണ്ടിട്ട് ആർക്കും മനസ്സിലായില്ലെന്ന്... വേഷഭൂഷാദികളിൽ ഒരു അറേബ്യൻ ടച്ച്. പലരും അതിശയത്തോടെ 'ഇന്ത മാഡത്തെ എങ്കയോ പാത്ത മാതിരി', എന്ന് കുശലം പറയുന്നുവത്രെ. പഴയത് എന്തും ഡിജിറ്റലാക്കുന്ന വിദ്യയിൽ അന്തർദ്ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയ തിരുവനന്തപുരത്തെ മാഡത്തെക്കുറിച്ചറിഞ്ഞ അറേബ്യൻ സുൽത്താൻ വിളിപ്പിച്ച് അറേബ്യൻ പുരാതന താളിയോലകൾ ഏൽപ്പിച്ചെന്ന് കേൾവി. കൂടെപ്പോയ ഏമാന് ഒരു മാറ്റവും വന്നില്ലെന്നും മാഡത്തെ കണ്ടാൽ പക്ഷെ നല്ല 'ചേഞ്ചാ'ണെന്നും സംസാരം. മാഡം ഫ്രം ഒമാൻ.

*-മാറ്റമില്ലാത്തത് മാറ്റത്തിന് മാത്രം-*

**റൊട്ടിക്കട, ചിറ്റേഴത്ത് വഴി തിരുവല്ലം സർക്കുലർ**

എല്ലാ ദിവസവും രാവിലെ 10.30ന് റൊട്ടിക്കടയിൽനിന്നും പുറപ്പെടുന്ന വണ്ടി തിരുവല്ലം കുന്നിലെത്തി ഉച്ചയ്ക്ക് 2 മണി വരെ വിശ്രമിക്കും. പിന്നെ സർക്കുലർ 4.30 വരെ. മിണ്ടിയും പറഞ്ഞും വണ്ടിയോടിക്കാൻ ഒരാളെപ്പോലും കിട്ടാത്തതിനാൽ ഡ്രൈവർമാർ പലരും വണ്ടിയോടിക്കുമ്പോൾ ഉറക്കം വരാതിരിക്കാൻ ഒറ്റമൂലി പ്രയോഗങ്ങൾ നടത്തുന്നുണ്ടത്രെ. വല്ലപ്പോഴും കൂട്ടിനായി കിട്ടുന്നതാകട്ടെ ചാലയിലെ പുഷ്പവ്യാപാരി അശോകൻ പിള്ളയെയും. പേ-റിവിഷന്റെയും പെൻഷന്റെയും കദന കഥകൾ കേട്ടു കേട്ട് ഡ്രവർമാർ പലരും വി.ആർ.എസ്. എടുത്ത് മടങ്ങാനൊരുങ്ങുകയാണെന്ന് കേൾവി. 6 ചക്രവാഹനത്തിൽ യാത്ര ചെയ്തതിനുശേഷം ആട്ടോക്കൂലി വാങ്ങി സ്ഥാപനത്തിന്റെ സാമ്പത്തികഭദ്രത തകിടം മറിക്കുന്നതിനാലാണ് സർക്കുലർ സംവിധാനം ഏർപ്പെടുത്തിയതത്രെ. വണ്ടിയില്ലാതെ സർക്കുലർ ദിവസങ്ങളിൽ ആട്ടോ കൂലി കൊടുത്ത് നടുവൊടിയുന്നവന്റെയും ഒന്നും ചെയ്യാൻ കഴിയാത്തവന്റെയും കഥ ആര് കേൾക്കാൻ.

*-സി-ഡിറ്റിനെ വിളിക്കൂ,*
*കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കൂ-*



**സൊസൈറ്റി ലോൺ എടുത്ത് ഗൾഫിലെത്തി !!!**

സിഡിറ്റിലെ ജീവനക്കാരുടെ സൊസൈറ്റിയിൽനിന്നും പതിനായിരം രൂപ അത്യാവശ്യമായി വായ്പയെടുത്ത് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കോശിക്കുട്ടൻ എന്ന ആൾ ഗൾഫിലെത്തി അത്ഭുതം സൃഷ്ടിച്ചുവത്രെ. വായ്പ അടവ് മുടക്കം വന്നതിനാൽ സംഘം തലവർ ഒമാൻ വഴി നോട്ടീസ് ഇന്റർപോളിന് കൈമാറിയതായും കേൾവി.

*-അണ്ണാറക്കണ്ണനും തന്നാലായത്-*

**സി.പി.എ. നിലവിൽ വന്നതായി വാർത്ത...**

സിഡിറ്റിൽനിന്നും ഇതിനകം പെൻഷൻ പറ്റിയവരും ഭാവിയിൽ പറ്റാൻ പോകുന്നവരുടെയും കൂട്ടായ്മ ചേർന്ന് പറ്റിയവർക്ക് പെൻഷൻ ഉടൻ ലഭിക്കുന്നതിനും ഇനിയുള്ളവർ പറ്റാതിരിക്കുന്നതിനും മുൻകരുതൽ എടുക്കുവാൻ പൊതുവെ ധാരണ ആയതായി കേൾവി. സിഡിറ്റ് പെൻഷനേഴ്സ് അസോസിയേഷൻ (സി.പി.എ) ആദ്യ യോഗത്തിൽത്തന്നെ നിലവിൽ വന്നതായി കണക്കാക്കാം എന്നും സംസാരം. പെൻഷൻ ഇല്ലാത്തതിനാൽ റിട്ടയർമെന്റ് പാടില്ലെന്ന ആവശ്യവും ഉയർന്നിട്ടുണ്ടത്രെ. എന്നാൽ ചിലരുടെ വിരമിക്കൽ തീയതി ഗൃഹപാഠം നടത്തി ഓരോ ദിവസവും കണ്ണിൽ എണ്ണ ഒഴിച്ച് കാത്തിരിക്കുന്നവരിൽ സമ്മിശ്ര പ്രതികരണമായിരുന്നു എന്നും കേൾവി.

*-ഓടുന്ന ശ്വാനന് ഒരു മുഴം മുമ്പേ-*

**സിന്ദുമഹാറാണിയുടെ കട്ടളെ....**


ചിറ്റേഴത്ത് കൊട്ടാരത്തിലെ പഴയ തലമുറ അവകാശി സിന്ദു മഹാറാണി പുതിയ അവകാശി തലമുറയിലെ അംഗങ്ങളെയും കുടുംബങ്ങളെയും ഉപദ്രവിക്കുന്നതായി രാജസദസ്സിൽ നിരന്തരം പരാതികളാണത്രെ. കൊട്ടാരത്തിലെ വനിതാ അവകാശികൾക്കു നേർക്കാണതെ അക്രമവും ഭീഷണിയും. ദിനവും പരാതി കേട്ട് മടുത്ത മന്ത്രിപുംഗവന്മാർ കൊട്ടാരം രാജാവിന്റെ മുന്നിൽ പരിഹാര ക്രിയയ്ക്കായി റാണിയുടെ വിളയാട്ട വിശേഷങ്ങളടങ്ങുന്ന ഓല സമർപ്പിച്ചെന്നാണ് കേൾവി. 'ശ്രീകണ്ഠേശ്വര ഭക്ത'യായ റാണിയുടെ വിളയാട്ടങ്ങൾക്ക് കൂച്ച് വിലങ്ങിടാൻ ഉഗ്രമൂർത്തിയായ ഭദ്രകാളിയുടെ മുന്നിൽ എല്ലാം സമർപ്പിച്ചു കഴിയുകയാണത്രെ പുതിയ അവകാശി കുടുംബാംഗങ്ങൾ.

*-മഹിഷ്മതിയുടെ ശാസന, അത് താൻ കട്ടളെ-*

**സഞ്ചരിക്കുന്ന ടോയ്‌ലറ്റും അംബാസിഡർ കാറും**

ഭരണസിരാകേന്ദ്രത്തിന്റെ സമീപവാസികളായ ശാസ്ത്രസാങ്കേതിക വിദഗ്ദ്ധർക്ക് ആധുനിക സംവിധാനത്തോടെയാണ് അംബാസിഡർ ടോയ്‌ലറ്റ് ഒരുക്കിയത്. നഗരകേന്ദ്രത്തിൽ നാല് നിലകളിലായി തിങ്ങിഞെരുങ്ങി ഇരുന്ന് കണ്ടുപിടുത്തങ്ങൾ നടത്തിവരുന്ന കൺസൾട്ടന്റുമാരും സീനിയേഴ്സസും ഉൾപ്പെടെയുള്ള 200 ലധികം ഗവേഷകർക്കാണത്രെ ഈ ആധുനിക സംവിധാനം. 50 പേർക്ക് ഒരു ടോയ്‌ലറ്റ് എന്ന അനുപാതത്തിൽ നാല് നിലകളിലായി നാല് ടോയ്‌ലറ്റിന് പുറമെ അധികമായി ഒരുക്കിയിട്ടുള്ളതാണ് പുതിയ സഞ്ചരിക്കുന്ന അംബാസിഡർ ടോയ്‌ലറ്റ്. ശാസ്ത്രജ്ഞർ ആവശ്യം അറിയിക്കുന്ന മുറയ്ക്ക് എല്ലാ പേരെയും കയറ്റി നഗരത്തിന്റെ വിവിധ പ്രദേശങ്ങളിലെ ബന്ധുവീടുകളിലും സുഹൃത്തുക്കളുടെ വീടുകളിലും റഷ്യയിലും എത്തിച്ച് പദ്ധതി നടപ്പിലാക്കുന്നു എന്നതാണ് പ്രത്യേകത. ഈ പദ്ധതിക്ക് മുന്തിയ ഇനം കാറുകളെക്കൂടി പ്രയോജനപ്പെടുത്തുന്നതിനായി സർക്കുലർ രീതിയും കാറിനുള്ളിൽ തന്നെ നല്ല രീതിയിൽ പദ്ധതി നടപ്പിൽവരുത്തുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനും ആലോചിക്കുന്നുണ്ടത്രെ. മൊബൈൽ സ്വച്ഛ് ഭാരത്.


*-അറിയാത്ത പിള്ള ചൊറിയുമ്പോൾ അറിയും-*



**ടെസ്റ്റിംഗ് ലാബിലെ അങ്കത്തട്ട്..!!**

സോഫ്റ്റ്‌വെയർ ടെസ്റ്റിംഗിനായി സജ്ജമാക്കിയിരുന്ന ലാബിനെ രണ്ട് യുവ സോഫ്റ്റ് എഞ്ചിനീയർമാർ അങ്കത്തട്ടായി ടെസ്റ്റു ചെയ്ത് നോക്കിയത്രെ. കളരി, ഗുസ്തി, കരാട്ടെ, തായക്കോണ്ട എന്നീ കായികമുറയിലെ തെക്കൻ ശൈലിയും വടക്കൻ ശൈലിയും തമ്മിലുള്ള വ്യത്യാസം കണ്ടുപിടിക്കാനുള്ള സോഫ്റ്റ്‌വെയർ വികസനത്തിന്റെ ഭാഗമായുള്ള സിസ്റ്റം സ്റ്റഡിക്കുവേണ്ടിയുള്ള പരിശീലന കളരിയിൽ ഏർപ്പെട്ടതാണെന്ന് സംസാരം. സോഫ്റ്റ്‌വെയർ വികസനത്തിനായുള്ള റിഹേഴ്സലാണെന്ന് മനസ്സിലാക്കാൻ കഴിയാതെ എല്ലാം കണ്ടു നിന്ന 'പ്രിയങ്കരി' പേടിച്ച് നാട്ടുകാരെ കൂട്ടി രക്ഷാപ്രവർത്തനങ്ങൾ നടത്തിയത്. പരീക്ഷണങ്ങളും പരിശീലനവും നല്ലതുതന്നെ. ഒടുവിൽ ശശിയാവരുത്.

*-കനകംമൂലം കാമിനിമൂലം-*



**എസ്.ഐ. ശിവൻപിള്ളയുടെ നെറ്റ് പട്രോളിംഗ്**

കവടിയാർ സ്റ്റേഷനിലെ എസ്.ഐ. ശിവൻപിള്ള ശക്തമായ നൈറ്റ് പട്രോളിംഗ് നടത്തുന്നുണ്ടത്രെ. ക്ലാസ്സ് വിട്ടു പോകുന്ന കുട്ടികളും അദ്ധ്യാപകരും നഗരത്തിന്റെ പ്രാന്ത

പ്രദേശങ്ങളിൽ ആവശ്യമില്ലാതെ കറങ്ങി നടക്കുകയാണെ ങ്കിൽ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത് വേണ്ടപ്പെട്ടവരെ അറിയിച്ച് സുരക്ഷിതമായി വിട്ടയക്കുകയാണത്രെ, പട്രോ ളിംഗിനെ കൂടുതൽ സഹായിക്കുന്നതിന് തന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളായ ചില ആസ്ഥാന ആപ്പുകളെ ചുമതലപ്പെടുത്തി ജി.ഐ.എസ്. ലിങ്ക്ഡ് സദാചാര ആപ്പ് വികസിപ്പിക്കുന്നതായും കേൾവി. സ്റ്റേഷനിലിരുന്ന് അതിർ ത്തിക്കുള്ളിലെ വിശേഷങ്ങൾ കാണാനുള്ള സർവയലൻസ് ക്യാമറ സംവിധാനവും ഒരുക്കുന്നുണ്ടത്രെ.

*-മുഖം മനസ്സിന്റെ കണ്ണാടി-*

**ഗോപാലകൃഷ്ണസ്വാമികളുടെ 'ഗ്രേറ്റ് കുറ്റി'**

കരാറുകാരായി വർഷങ്ങൾ ജോലിയെടുത്താലും പാവ ങ്ങൾക്ക് ഗ്രാറ്റുവിറ്റി നൽകാൻ നീണ്ട നിയമയുദ്ധവും പെ ടാപാടും. നാലരവർഷം സർക്കാരിന്റെ നോമിനിയായി വന്ന് സ്ഥാപനത്തിലെ 'ഗ്രേറ്റ് കുറ്റി'യായിരുന്ന ബാബു ഗോപാലകൃഷ്ണസ്വാമികൾക്ക് എല്ലാ നിയമവും മറികട ന്ന് സർക്കാരിന്റെ പ്രത്യേക ഓല സമ്പാദിച്ച് ലക്ഷങ്ങൾ 'ഗ്രേറ്റ് കുറ്റി'യായി നൽകാൻ ഒരു മടിയും ഏമാൻമാർ കാട്ടിയില്ലത്രെ. പണിയെടുക്കുന്നവന് ഒരു 'കുറ്റി'യുമില്ല. രാഷ്ട്രീയ നോമിനികളായി വരുന്ന 'ഗ്രേറ്റ് കുറ്റി'കൾക്ക് 'കു റ്റി' വെയ്ക്കാൻ ലക്ഷങ്ങൾ. ഇതാണ് ശരിക്കുള്ള 'ഗോൾഡ് മൈനിംഗ് കുറ്റി'.

*-കാട്ടിലെ തടി തേവരുടെ ആന-*

**റഷ്യയിൽ വെട്ടുകിളി ശല്യം**

അന്തേവാസികളുടെ തണലും പച്ചപ്പുമായിരുന്ന ആൽ മരങ്ങൾ വെട്ടുകിളികൾ വെട്ടിമാറ്റിയത്രെ. വീട്ടിനുള്ളിലെ അധികാര പോര് മൂർച്ഛിച്ച് നിൽക്കവെയാണ് പുറത്ത് വൻ വെട്ടുകിളികൾ എത്തി എല്ലാം വെട്ടിമാറ്റി നിലംപരിശാക്കി യത്. ഉള്ളിലെ വെട്ടുകിളികളുടെ ശല്യം കാരണം ഓരോ മുറിയും ഓരോ രാജ്യങ്ങളായി സ്വാതന്ത്ര്യം ആവശ്യപ്പെട്ടു തുടങ്ങിയപ്പോഴാണത്രെ ഉണ്ടായിരുന്ന തണലും നഷ്ടമാ യത്. രാജ്യത്തെ ഒരു നിയമവും പാലിക്കാതെ തന്നിഷ്ടപ്ര കാരം എല്ലാം നിശ്ചയിക്കുന്ന വകുപ്പു രാജാക്കന്മാരുടെ ഭരണാധിപത്യം വെട്ടുകിളി കൂട്ടായ്മയും ക്രമക്കേടും വി ജിലൻസ് ആക്രമണങ്ങളും എല്ലാം കൂടി സഹിക്കവയ്യാ തെ അന്തേവാസികളാകെ മുറിക്കുള്ളിൽ പുലമ്പി ജീവിതം കഴിച്ചുകൂട്ടുകയാണ്. എല്ലാറ്റിനും കൂട്ടായി രാജ്യപ്രമുഖനും നിൽക്കുമ്പോൾ ആര് ആരോട് പറയാനെന്ന മട്ടിലാണ് പോലും രാജ്യസ്ഥിതി.

*-വാള് എടുക്കുന്നവനെല്ലാം വെളിച്ചപ്പാട്-*

**വന്നു, മറിച്ചടുക്കി, കടന്നു!**

അഞ്ച് വർഷത്തിലൊരിക്കൽ എത്തുന്ന പ്രവാസി ഏമാൻ പതിവു തെറ്റിക്കാതെ എത്തി. കൈയിൽ കിട്ടിയതുകൊ ണ്ട് ഒരുവിധം ഭംഗിയായി ജീവിച്ചുപോയിക്കൊണ്ടിരുന്ന ചെറുകിട പദ്ധതികളെ മറിച്ചടുക്കി. കിട്ടിയ പുതിയവയെ ല്ലാം സ്വകാര്യ കിളിയന്മാർക്ക് മറിച്ചു നൽകി. ഗമണ്ടൻ ഡയ ലോഗും പടം വരച്ചും പാവങ്ങളെ വെറുതെ സ്വപ്നം കാണിച്ചതിനുശേഷം കണ്ണൻ പതിവു തെറ്റിച്ചില്ല. പുതിയ മേച്ചിൽ പുറം കിട്ടിയതും സ്ഥലം വിട്ടു.

*-മൂഷിക സ്ത്രീ വീണ്ടും മൂഷിക സ്ത്രീ തന്നെ-*

**വിദേശ ചിട്ടി പിരിവിനായി കളക്ടറെ (കൺസൾട്ടന്റ്) ആവശ്യമുണ്ട്. എവിടുന്നെങ്കിലും റിട്ടയർ ചെയ്തവർക്ക് മുൻഗണന.**

ചിട്ടി പിരിക്കാൻ പോകേണ്ടതില്ല. അത് സ്വകാര്യ ഏജൻ സികൾ ചെയ്തുകൊള്ളും. ചടങ്ങുകൾ നടക്കുമ്പോൾ നല്ല വേഷം ധരിച്ച് നോക്കി നിന്നാൽ മതി. നോക്കുകൂലിയാ യി പ്രതി മാസം ഒരു ലക്ഷം ലഭിക്കും. പിരിവിൽ മുൻ പരിചയം നിർബന്ധമില്ല. വേണ്ടപ്പെട്ടവരെ ബോദ്ധ്യപ്പെ ടുത്താനുള്ള കഴിവ് ലേശം അനിവാര്യം. താല്പര്യമുള്ളവർ ബന്ധപ്പെടേണ്ട വിലാസം വിദേശചിട്ടി സെന്റർ, സ്റ്റാച്യു, തിരുവനന്തപുരം

*-നോക്കുകൂലി നിരോധിച്ച സർക്കാർ നീണാൾ വാഴട്ടെ-*



**അടയ്ക്കാൻ കഴിയാത്ത അത്ഭുത ഓട്ട!**

സുരക്ഷാ ലേബൽ നിർമ്മാണ കേന്ദ്രത്തിൽ കുറേക്കാലങ്ങ ളായി രൂപപ്പെട്ട അത്ഭുത ഓട്ട അട യ്ക്കാൻ എഞ്ചിനീയർ മാരുടെ വൻ നിരയ്ക്ക് കഴിയുന്നില്ല. അത്ഭുത ഓട്ടയിലൂടെ ഒലിച്ചിറങ്ങുന്ന ജലത്തെ തടയാനുള്ള ഗവേഷണം വർഷ ങ്ങളായി ബി.ടെക് ബിരുദധാരികളായ എഞ്ചിനീയർമാരും അല്ലാത്ത എഞ്ചിനീയർമാരും നടത്തിവരികയാണത്രെ. ഓ ട്ടയിൽനിന്നും ഭവിക്കുന്ന ജലാംശങ്ങളെ വഴിതിരിച്ചുവിട്ട് ഡാമിന്റെ ശക്തിയിൽ നിർമ്മിതമായ അടുത്തുള്ള ജല സംഭരണിയിലേക്ക് എത്തിക്കുവാനുള്ള പദ്ധതി പുതിയ എഞ്ചിനീയറിംഗ് തരുണീമണികൾ ആലോചിച്ചെന്നും മറ്റൊരു കൂട്ടം ജലാംശത്തെ എയർകണ്ടീഷനിംഗ് ചെയ് ത് തണുപ്പിച്ച് ഉപയോഗിക്കുവാനുള്ള നീക്കവും, കെട്ടിട സമുച്ചയത്തിൽ ഒരു തുള്ളി വെള്ളവും വീഴാതിരിക്കാനുള്ള സോളാർ കൂര നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്ക രിച്ചത്രെ. എഞ്ചിനീയർ കൂട്ടത്തെ കടത്തിവെട്ടി ഓട്ട അടച്ച് ഒഴുക്ക് നിർത്താനുള്ള നീക്കം തുടങ്ങിയെന്നും സംസാരം.

*-ആള് കൂടിയാൽ പാമ്പ് ചാകില്ല-*

**മോഷ്ടാക്കൾക്ക് നിരാശ...**

അവധിക്കാല പഠിതാക്കളെ പ്രോത്സാഹിപ്പിക്കാൻ വർ ഷംതോറും നൽകുന്ന സ്കൂൾ ബാഗ്, കുട എന്നിവ കാ ലാകാലങ്ങളിലായി അടിച്ചുമാറ്റി കച്ചവടം നടത്തി വന്ന സംഘം ഈയിടെയായി വലിയ നിരാശയിലാണത്രെ. പ ഠിതാക്കളുടെ കുഞ്ഞ് കരങ്ങളിൽ കൃത്യമായി യഥാസമയം എത്തി ചേർന്നതിനാൽ ബാക്കി കൂട്ടിയിട്ട് അടിച്ചുമാറ്റാൻ സാധിച്ചില്ലെന്ന്.

*-ഇടക്കാലാശ്വാസം-*

### ഗ്രീൻ പ്രോട്ടോക്കോളിനു മൂന്നു പെട്ടി

വഴിയോരങ്ങളിലും മുക്കിലും മൂലയിലും കൂട്ടിയിടുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്ത് ശുചിത്വ കേരളം സൃഷ്ടിക്കാനായി എല്ലായിടത്തും മൂന്ന് പെട്ടികൾ സ്ഥാപിച്ചുവത്രെ. പ്ലാസ്റ്റിക് വേസ്റ്റിന് പെട്ടി (മഞ്ഞ) ജൈവ വേസ്റ്റിനു പെട്ടി (പച്ച) പേപ്പർ വേസ്റ്റിനു പെട്ടി (നീല) എല്ലാ പെട്ടികളും പ്ലാസ്റ്റിക്കാണെങ്കിലും ചോറ് കഴിക്കാൻ പാത്രവും ഗ്ലാസ്സും പാൽ കുടിക്കാൻ പാൽകുപ്പിയും നൽകി ശുചിത്വ ക്യാമ്പസ്. മനുഷ്യവേസ്റ്റിനുള്ള പര്യാപ്തമായ സൗകര്യമില്ലാത്തിടത്തു മറ്റൊരു നിറത്തിലെ പെട്ടി വേണമെന്നും ജീവിച്ചിരിക്കുന്ന വേസ്റ്റുകൾക്കായി പ്രത്യേകം പെട്ടി വേണമെന്നുമുള്ള ആവശ്യം ഉയർന്നിട്ടുണ്ട്.

*-ശുചിത്വ കേരളം സുന്ദര കേരളം-*

### പർച്ചേഴ്സ് കുളത്തിലെ മീൻപിടുത്തം...

എല്ലാ കണ്ണുകളും കുളത്തിലേക്ക്. ചെറുതും വലുതുമായ പലയിനം മീനുകൾ. കുളം കലങ്ങി കിടക്കുന്നതിനാൽ മീനുകളെ കാണാൻ കഴിയുന്നില്ല. കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കുന്ന വിദഗ്ദ്ധരുടെ കൂട്ടായ്മ എത്തി ശ്രമങ്ങൾ ആരംഭിച്ചു. കുളത്തിൽ ചൂണ്ട ഏറിഞ്ഞുകൊണ്ടേയിരുന്നു. കുളത്തിന്റെ കാവൽക്കാരനെ വെട്ടിച്ച് അന്തിയാമങ്ങളിൽ ഒളിച്ചിരുന്ന് എറിഞ്ഞ ചൂണ്ടകളിൽ ചില കുളമീനുകൾ കൊത്തി. വർണ്ണാഭമായ വളർത്തുമീനുകളും വിലയുള്ള വലിയ മീനുകളും പിടിക്കാനേ കഴിയുന്നില്ല. കുളത്തിലെ വെള്ളം തെളിഞ്ഞു. മീനുകളെ കാണാൻ തുടങ്ങി. റഷ്യയിൽനിന്നും ചിറ്റേഴത്ത് കൊട്ടാരത്തിൽ നിന്നുമുള്ള ആസ്ഥാന മീൻപിടുത്തക്കാരും തിരുവല്ലം കൊട്ടാരത്തിലെ ഇലക്ട്രോണിക് വിദ്യ ഉപയോഗിച്ച് മീൻപിടിക്കുന്നവരും സംയുക്തമായി കപ്പിത്താന്റെ നേതൃത്വത്തിൽ കുളം വളഞ്ഞു. വലവീശി, മിനുകൾ കുടുങ്ങി.

*-Fishing is an art.*
*Michelangelo-*



### കായംകുളം കൊച്ചുണ്ണി ഉടൻ വരും!!!

മാസങ്ങൾക്ക് മുമ്പ് വൻ സാങ്കേതികത്തിക വിദഗ്ദ്ധരെ വെട്ടിവീഴ്ത്തി റിലീസായ 'ഇന്റഗ്രേഷൻ തലൈവി' എന്ന ടെക്നിക്കൽ തമിഴ് ത്രില്ലറിനുശേഷം ദേശീയ അവാർഡിനർഹമായ 'ഒറ്റാൽ' എന്ന സിനിമയുടെ സംവിധായകൻ ഒരുക്കുന്ന 'കായംകുളം കൊച്ചുണ്ണി സിറ്റിയിൽ' എന്ന മലയാളം കോമഡി രാഷ്ട്രീയ ത്രില്ലർ റിലീസിനായി ഒരുങ്ങുന്നു.

പ്രധാനപ്പെട്ട എല്ലാ ഭരണസിരാകേന്ദ്രങ്ങളിലും ആസൂത്രിതമായി ത്രിവർണ്ണ വേഷധാരികളായ കൊച്ചുണ്ണിയുടെ അനുയായികളെ അവരോധിച്ച് ഭരണം പിടിച്ചെടുക്കുന്നതാണ് സിനിമയുടെ ഇതിവൃത്തം. സിറ്റിയിലെത്തുന്ന കൊച്ചുണ്ണി പ്രതികൂല രാഷ്ട്രീയ കാലാവസ്ഥയിലും അർമാതി ക്കുന്ന തമ്പി, പിള്ള കുടുംബങ്ങളുമായി ഏറ്റുമുട്ടുന്നതോടെ കായംകുളം കൊച്ചുണ്ണി സഖാവ് കൊച്ചുണ്ണിയാവുന്നു. അങ്ങനെ രാഷ്ട്രീയ ഹാസ്യത്രില്ലറായി സിനിമ മാറുന്നു. തൊഴിലില്ലായ്മ വേതനം വാങ്ങി കഴിയുന്ന കൊച്ചുണ്ണിയുടെ വൻ പ്രകടനം കാത്തിരിക്കുകയാണ് സിറ്റിയിലെ കൊച്ചുണ്ണി ഫാൻസ് അസോസിയേഷൻ.

*-കാലം സാക്ഷി-*

### 'തമ്പി'മാരുടെ വിളയാട്ടം!!

ബഹു. മുഖ്യമന്ത്രിയുടെ പ്രതിവാര ദൃശ്യമാധ്യമ പരിപാടിയായ 'നാം മുന്നോട്ടി'ൽ തമ്പിമാരുടെ വിളയാട്ടമെന്ന്; പരിപാടിയുടെ ഭരണ ക്രമീകരണത്തിന്റെ ചുമതലക്കാരനായ ഐ.എൻ.റ്റി.യു.സി. സാറും കാണികളെയും പ്രമുഖരെയും നിയന്ത്രിക്കാനും എത്തിക്കാനും ചുമതലയുള്ള പ്രത്യേക മാധവും ഉത്സാഹിച്ച് പണിയെടുക്കുന്നുണ്ടത്രെ. പരിപാടിയുടെ പ്രചാരണത്തിനായി എത്തിയ പ്രമുഖ നർത്തകിയായ നടിക്കും ഇവരുടെ 'വീക്ഷണ'ത്തിലൂടെ നല്ല പ്രചാരം നൽകിയെന്ന്; നടിയുടെ വിമാനയാത്ര, ഹോട്ടൽ മുറി, ഭക്ഷണം, പ്രതിഫലം എന്നിവയെക്കുറിച്ചെല്ലാം വിശദവിവരം ജനങ്ങളെ അറിയിച്ച് പരിപാടിക്ക് സുതാര്യത കൂട്ടിയതായി കേൾവി.

*-സുതാര്യ കേരളം-*

### ഓഫീസറാകാനുണ്ടോ? ഓഫീസർ!

അമ്മികൊത്താനുണ്ടോ? ആട്ടുകൽ കൊത്താനുണ്ടോ? എന്ന് വിളിച്ചെത്തുന്ന നാടോടികളിൽ ചിലർ സിഡിറ്റ് ഓഫീസിലും അടുത്തിടെയായി എത്തിയിട്ടുണ്ടത്രെ. കരാർ പണിക്കാരെയും താൽക്കാലിക പണിക്കാരെയും സ്ഥിരം പണിക്കാരെയും തസ്തികയും തരവും തിരിഞ്ഞ് നോക്കാതെ കൊത്തി മിനുക്കി ഓഫീസർ രൂപത്തിലാക്കി സുന്ദരന്മാരും സുന്ദരികളുമാക്കി കൊടുക്കുമത്രെ. അഞ്ച് വർഷം കൂടുമ്പോൾ എത്തുന്ന നാടോടികൾ ഇടവേളകളിൽ തമ്പ്രാക്കന്മാർക്ക് വെറ്റില ഇടിച്ച് ഉരുട്ടിക്കൊടുക്കുകയും അടുക്കളയിലെ അമ്മിക്കല്ല് കൊത്തിയും പുറംപണിയും അകം പണിയും ചെയ്തു കഴിയുമത്രെ. അമാവാസിയും കാലവർഷക്കെടുതിയും കഴിഞ്ഞ് ചുവന്ന സൂര്യൻ ഉദിച്ച് പ്രകാശം വീഴുമ്പോൾ പെട്ടിയും കുടുക്കയുമെടുത്ത് ആൾക്കൂട്ടത്തെ തെറ്റിക്കുവാനുള്ള മരുന്നും മന്ത്രവുമായി വിടുപണിക്കായി നാട്ടിലിറങ്ങും എന്ന്, പട്ടിണിമാറ്റാനുള്ള വിപ്ലവം പോരാത്തതിലെ വിഷമവും, ഓഫീസറാകാനുള്ള മോഹവുമായി ജനിക്കുകയും നടക്കാതിരിക്കുന്നവരും, വിറകുവെട്ടിയും വെള്ളം കോരിയും ജീവിക്കുന്നവരുടെ കൂട്ടത്തിലായി കുടുംബപാരമ്പര്യം നഷ്ടപ്പെടുമെന്നും ഒക്കെയായി ദുഃഖിച്ചിരിക്കുന്നവരുൾപ്പെടെ ആരെ കിട്ടിയാലും കൊത്തി മിനുക്കി ഓഫീസറാക്കി വാഴ്ത്തുമെന്ന്, അഭിമാനചോരയൊഴുകും ശിരകളിൽ നാടോടി വൈദ്യവും ഫെയർ ആന്റ് ലൗലിയും ഏൽക്കില്ലെന്ന് സംസാരം.

*-കുന്ന് എത്ര കുളം കണ്ടു...*
*കുളം എത്ര കുന്നു കണ്ടു-*

**സിവിൽ ജോഡികൾ പിരിയുന്നു**

കണ്ടു കൊതിതീരുംമുമ്പേ സിവിൽ ജോഡികൾ പിരിയുന്നു എന്ന്. പണ്ടേ സിവിൽ വാഴാത്ത സ്ഥാപനത്തിലെ ജോഡികളാണത്രെ വേർപിരിയുന്നത്. എവിടെയും എന്തിനും അറ്റകുറ്റ പണിക്കായി പെട്ടയായി ഓടിയെത്തുന്ന ജോഡികളിൽ ഒരാളെ പി.എസ്.സി. ചേട്ടൻ കൊണ്ടുപോകുന്നു എന്ന്. ഇച്ചിരി കൊള്ളാവുന്ന സിവിൽ കൊച്ചുങ്ങളെ കണ്ടെത്തി കൊണ്ടുവന്നാലുടൻ ഈ ചേട്ടൻ വന്ന് പ്രണയിച്ച് വശത്താക്കി കൊണ്ടുപോകുന്നു എന്ന് പരാതി. കൊലുസിന്റെ മണിനാദം കേട്ട് പുളകിതരായ പുൽക്കൊടികൾ കണ്ണീർകടലിലാവുമെന്നും സംസാരം.

*-ഇന്ന് ഞാൻ നാളെ നീ-*

**ആക്രി വിപ്ലവം**

പരശുരാമക്ഷേത്രവും ഒട്ടനവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ശാസ്ത്രകൊട്ടാര വളപ്പിൽ ഈയിടെ ആക്രി വിപ്ലവം നടന്നുവത്രെ. പതിറ്റാണ്ടുകളായി വ്യാപാരം നട ത്തിവന്ന ആസ്ഥാന ആക്രികളും പുറമെനിന്നു വന്ന വരുത്തരായ ഇ-ആക്രികളും തമ്മിലായിരുന്നു ഏറ്റുമുട്ടൽ. വരുത്തരായ ആക്രികൾ ഇ-ആക്രി പിടിച്ചെടുത്തപ്പോഴാണ് വിപ്ലവം ആരംഭിച്ചത്. സംഘട്ടനത്തിൽ ഒരു ഇ-ആക്രിയുടെ പല്ലു കൊഴിഞ്ഞതായും കേൾവി. കൊട്ടാരത്തിലെ ആക്രി വകുപ്പിലെ ചേച്ചി അറിഞ്ഞില്ലെന്ന ആസ്ഥാന ആക്രികളുടെ പരാതി മുഖ്യനടക്കം വിജിലൻസിൽ വരെ എത്തിയത്രെ. വിജിലൻസിനെ ആക്രിയാക്കി മാറ്റിയെന്നും സംസാരം.

*-ആക്രിവിപ്ലവം-*



**പട്ടം കൊട്ടാരത്തിന്റെ പണിയാശാന്മാരെ കാണ്മാനില്ലെന്ന്**

പലർക്കും കിട്ടി സ്ഥലം
നമുക്കും കിട്ടി സ്ഥലം
പലരും പണിതു കൊട്ടാരം
നമ്മളും പണിതു കൊട്ടാരം
മനസ്സിലൊരു വലിയ കൊട്ടാരം
ഹരിപുരാണം പാടി
നാടുവിട്ട കൊട്ടാരം ശില്പികൾ
കേമന്മാർ അവർ പണിയന്മാർ

*-പണിയന്മാരുടെ കാലം-*

**ഷാജഹാൻ ചക്രവർത്തി ഗവേഷണത്തിലും താജ്മഹൽ കച്ചവടത്തിലും**

മനുഷ്യസ്നേഹത്തിന്റെ ചരിത്രം ഉറങ്ങുന്ന താജ്മഹൽ കേന്ദ്രസ്വാമിമാർ കച്ചവടത്തിനായി ഒരുക്കുമ്പോൾ തെക്കെ അറ്റത്തെ കൊട്ടാരത്തിനടുത്ത് എത്തിയ ഷാജഹാൻ ചക്രവർത്തി നന്ദികേട്, അഴിമതി, സ്വജനപക്ഷപാതം, പെൺവാണിഭം എന്നിവ ഇല്ലാതാക്കാനും മനുഷ്യാവകാശം, പ്രത്യയശാസ്ത്രമര്യാദ എന്നിവയ്ക്കും വേണ്ടിയുള്ള ഒറ്റമൂലി കണ്ടെത്താനുള്ള ഒടുക്കത്തെ ഗവേഷണത്തിലാണത്രെ... നിയമത്തിലെ ഗവേഷണത്തിന് എന്തെങ്കിലും ഫലം കണ്ടെത്തി, പരമോന്നത കോടതിയെ കൊണ്ട് പൊതുതാല്പര്യാർത്ഥം താജ്മഹലിനെ രക്ഷിക്കുന്നതിനുപകരം ഒറ്റമൂലിക്കായി അലയുന്നതിലും വാചക കച്ചേരി നടത്തി ഒച്ചവെച്ച് നടക്കുന്നതിലും നാട്ടിലെ കമിതാക്കളെല്ലാം കോപാകുലരാണത്രെ.

*-പഠിച്ചതേ പാടൂ-*



**ചീരത്തോട്ടവും ബാഡ്മിന്റൻ കളിയും**

പല കളികളിലും വിദഗ്ദ്ധരായ മോഹനകുമാരന്മാർ ഈയുടെ ബാഡ്മിന്റനിൽ ഒരു കൈനോക്കാമെന്നു കരുതിയത്രെ. ടാറിട്ട കോർട്ടിലെ അഭ്യാസത്തിൽ വയസൻ മുട്ടുകൾക്ക് പണികിട്ടുന്നതിനാൽ പുൽകോർട്ട് തരപ്പെടുത്താനായി കറങ്ങിത്തിരിഞ്ഞു നോക്കിയതും പൊടുന്നനേ പുൽത്തകിടിയിലാകെ ചീരത്തോട്ടങ്ങൾ തലയുയർത്തി നിൽക്കുന്നു എന്ന്. കൃഷിച്ചന്തയിൽനിന്നും കിട്ടുന്നതുകൊണ്ടാണത്രെ മാസവും പിടിച്ചുനിൽക്കുന്നത് എന്നും സംസാരം.

*-കൃഷിയിലെ കളി-*

പറയാനേറെയുണ്ടെങ്കിലും സമയത്തിന്റെയും കാലത്തിന്റെയും പരിമിതി കാരണം ഇത്രയേ കഴിഞ്ഞുള്ളു. പരിഭവം ആർക്കും വേണ്ട. ആരോടും ശത്രുതയില്ല.

**നിങ്ങളുടെ സ്വന്തം പാമരൻ**

# WHEREVER REQUIRED ULTRA MODERN BRAND PROTECTION

**Rasik Foils** will be there

Speakable & Machine Readable Hologram Base Film for Government Projects
Speakable & Colour Changeable High Security Hologram Hot-Stamping Foil
Brand Protection for Publishers
- Customized Holographic Cover Pages.

High Security Gate Pass Labels
Number Plate Foil
Labels for Pharmaceuticals
Labels for Cosmetics
Gift Wrap

Flexible Packaging
- Curry Powder Pouches
- Spice Powder Pouches
- High Security Pouches

Transfer Metalised/ Holographic Paper & Boards
Hologram Base Films
Hot Stamping Foil (Holographic/Normal)
Cold Foil (Holographic/Normal)


CHROME HOLORAM



NUMBER PLATE FOIL



GIFT WRAPPING PAPER




Eco-fiendly Customized Holographic Cover Pages

rasik foils
SECURING INDIA

With Best Compliments from
## RASIK PRODUCTS PVT. LTD.
Works : 141 km., Delhi-Agra Bypass Road, Near Alwar Railway Bridge,
Krishna Nagar, MATHURA - 281004 (U.P.) INDIA
Tel.: +91 (565) 3190666 Mob.: +91 9760507547, 9758227275, 9557966677, 9837425103
E-mail : info@rasikfoils.com, rasikproducts@gmail.com
Website : www.rasikfoils.com

SAVE EARTH, SAVE LIFE, USE RASIK FOILS ECO-FRIENDLY PRODUCTS

“ ഒ.ബി.സി./ മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ വായ്പാ പദ്ധതികൾ ”

- അപേക്ഷകർ ഒ.ബി.സി. അല്ലെങ്കിൽ മതന്യനപക്ഷ (മുസ്ലീം, ക്യസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന) വിഭാഗത്തിൽപെട്ടവരായിരിക്കണം.
- പ്രായം 18നും 55നും മദ്ധ്യേ
- വരുമാനദായകവും നിയമപരവുമായ ഏതു വ്യക്തിഗതസംരംഭത്തിനും വായ്പ
- കുറഞ്ഞ പലിശനിരക്ക്, ലളിതമായ വ്യവസ്ഥകൾ
- തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സൗജന്യ സംരംഭകത്വ പരിശീലനം
- അപേക്ഷാഫോറം ജില്ലാ/ ഉപജില്ലാ ഓഫീസുകൾ വഴി

സംരംഭകത്വം
സ്വാശ്രയത്വം
വികസനം

● ഓൺലൈൻ രജിസ്ട്രേഷന് www.ksbcdc.com സന്ദർശിക്കുക

| വായ്പാ പദ്ധതി | പരമാവധി വായ്പാ തുക | പലിശനിരക്ക് | കുടുംബ വാർഷിക വരുമാന പരിധി |
|---|---|---|---|
| ഒ.ബി.സി. വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ 6%<br>5 ലക്ഷത്തിന് മുകളിൽ 7% | ₹ 3,00,000 |
| മതന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി – 1 | 20 ലക്ഷം രൂപ | 6% | ₹ 1,20,000 (നഗരം)<br>₹ 98,000 (ഗ്രാമം) |
| മതന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി – 2 | 30 ലക്ഷം രൂപ | സ്ത്രീകൾ 6%<br>പുരുഷന്മാർ 8% | ₹ 6,00,000 |

KSBCDC

# കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

**ഹെഡ് ഓഫീസ് : റ്റി.സി. 27/588(7) & (8)**
**പാറ്റൂർ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം 695035**
**ഫോൺ : 0471 2577550, 2577539**
**ഇമെയിൽ : ksbcdc@gmail.com Web : www.ksbcdc.com**

**ജില്ലാ ഓഫീസുകൾ** : തിരുവനന്തപുരം 0471 2554522 ● കൊല്ലം 0474 2766276 ● പത്തനംതിട്ട 046 82226111 ആലപ്പുഴ 0477 2254121 ● കോട്ടയം 0481 2303925 ● ഇടുക്കി 0486 2235264 ● എറണാകുളം 0484 2394005 ● തൃശ്ശൂർ 0487 2321776 ● പാലക്കാട് 0491 2545167 ● മലപ്പുറം 0483 2734114 ● കോഴിക്കോട് 0495 2705800 ● വയനാട് 0493 6 246309 ● കണ്ണൂർ 0497 2706196 ● കാസർഗോഡ് 0499 4227060

**ഉപജില്ലാ ഓഫീസുകൾ** : വർക്കല 0470 2605522 ● ഹരിപ്പാട് 0479 2412110 ● ചേലക്കര 0488 4252523 ● പട്ടാമ്പി 0466 2210244 ● തിരൂർ 0494 2432275 ● വണ്ടൂർ 0493 1248300


Promising an exciting career in light designing across the globe.
ADMISSION STARTED FOR
LIGHT DESIGNING FOR THE ARTS & CREATIVE INDUSTRY
Medium: ENGLISH & MALAYALAM
10am to 5pm (Sat & Sun) | Duration: 3 MONTHS
Eligibility: 10th Std
Job Opportunities.....
TV Channels
Theatre companies
Architectural Lighting
Film & Multimedia Companies
Photography & Photoshoots
Performances / Shows
Dance & Stage Productions
COURSE CONTENTS
Functions & Objectives
Art & Craft in Lighting Design
Electrical & Optics Basics
Scientific Elements
Equipments & Accessories
Designing Procedure
DMX Protocol
Elements of Stage Geography
Colour Sensibility
Console Programming & Execution
Lighting App & Software Training
Practical Training (Studio & Live)
Master Classes by Experts
cameo LIGHT ACADEMY
JAN SHIKSHAN SANSTHAN
UNIVERSITY OF KERALA
FACILITIES
1000 sqft own studio space
Light warehouse
Library on Performing Arts & Lighting
Most modern Lighting equipments
Well equipped lighting lab
Consoles - Avolite & Grand MA
Experienced Faculty
Qualified lighting lab assistants
Regular shows for live practicals
Hostel facility
For details contact :
94473 99019 / 94470 59136
mail@cameolightacademy.com
FB : /cameolightacademy
TC 96/2669, Iythadi Lane, Prasanth Nagar
Medical College.P.O, Thiruvananthapuram - 695011

ajaycreative@gmail.com



*Best Compliments from*

ajaycreative
sound designer

CREATIVE
PROFESSIONAL AUDIO

Peringammala, Kalliyoor P.O., Thiruvananthapuram - 42. Phone : 0471-2402721, 99470 29729


Equipped with the latest Multicolour Printing Machine with Computer Print Controls
Akshara Offset
ISO 9001:2008 COMPANY
T.C. 25/3230(1), Near Old GPO, Vanchiyoor
Thiruvananthapuram 695 035, Kerala, South India
Phone: ++91-471-2471174, 2473470, Fax: 0471-3012289
e-mail: aksharaoffset@yahoo.com
Our sister concern
Computer-to-plate (CtP)
Graphic designing
Color separation
Digital printing
abc Color Systems (P) Ltd.
T.C. 25/3230(2), Near Old GPO, Vanchiyoor
Thiruvananthapuram 695 035, Kerala, South India
Phone: ++91-471-2473911, Fax: 0471-3012289
QUALITY | COMMITMENT | PERFECTION



# TELERAD





TELERAD, Divison of SYSTRONICS (INDIA) LIMITED, is one of the oldest representatives of Sony in India prompting Broadcast & Professional Video/Audio products for more than 4 decades. Telerad also represents Sennheiser, Fujinon, Axon, Tektronix, Vinten, Clear-Com, Haivision, Masterclock, Nevion, TVU, Canare and DataVideo in India.

Telerad provides various services like Consultancy, Design, System Supply, Installaion, Integration, Training and AMC. Over a period of time, Telerad added their satisfied list of customers in various field of Broadcast, Production Houses, Research and Development Centers, Defence, Institutions, Educations, Industries, Corporate, AVSI, etc. while continuing to cater the Audio/Video Industry.

TELERAD is having PAN India presence from 10 locations.







## Authorized Distributor:

SONY · SENNHEISER · NEUMANN.BERLIN · FUJIFILM · Clear-Com · apart · AXON THE HEART OF BROADCAST · Haivision · TVU networks · nevion · Wohler · Imagine COMMUNICATIONS · THE VITEC GROUP · Masterclock · Karthavya · Tektronix · YAMAHA · datavideo · AJA VIDEO SYSTEMS · Blackmagicdesign

**SYSTRONICS (INDIA) LIMITED**

**TELERAD Division**

**HEAD OFFICE**
B/118-121, 1st floor, Supath-II Complex,
Nr. Juna Wadaj Bus Terminus, Ashram Road,
Ahmedabad – 380013, Gujarat (India)
Phone: +91 79 27557072, +91 79 27557075
Website: www.teleradindia.com

**TRIVANDRUM**
T-C. 9/1387, "Lekshmi", Temple Road, Sasthamangalam
Thiruvananthapuram – 695010, Kerala (India)
Phone: 0471-2724738, 2317047
Email: binoy@teleradindia.com


Security Printing
C T S Cheque Printing
Cheque Personalization
Non MICR Cheque Printing
Variable Data Printing
Dividend Warrant, Fixed Deposit Certificate
Pass Book, Gold Bond, Slip/Receipt etc...
We Undertake All Type of Security Printing
THE ONLY IBA APPROVED SECURITY PRINTER IN KERALA
EXCEL FORMS
CONTINUOUS COMPUTER FORMS
Our Quality Your Trust
Manufacturers of High Quality Computer Forms
Blank, Pre-printed
Multicolour and Multipart
Eco Friendly Carbonless Forms
EXCEL ROLLS
CONTINUOUS PAPER ROLLS
Manufacturers of
High Quality Paper Rolls
Pre-Printed Rolls
Adding Machine Rolls
Carbonless Paper Rolls
Thermal Paper Rolls
ATM Rolls etc...
EXCEL FILES
BOX FILES & PAPER FILES
Manufacturers of
High Quality Files
Box Files
Paper Files
Writing Boards
Exam Boards
Dairy / Register Binding etc...
Manufactured & Marketed by :
Cochin
Security Press Private Limited
4/508, Vishnupuram, Cheranellore, Kochi - 682 034. Tel.: 7736999901 Mobil : 9061231166 E-mail : cspcochin@ymail.com
Authorised IBA Approved Security Printers
Manufacture of Computer Forms & Paper Rolls


Intimate
Refrigeration & Air-Conditions
LG
Life's Good
Total HVAC
Products & Solutions
Inverter
CASSETTE
Inverter
SPLIT
Inverter
DUCTABLE
VRF
• We provide Supply, Installation, Service and take annual maintenance contract of all type Air-Conditioners.
• Commercial type of Rental AC units are also available.
TC 6/2146,,6, Sreechitra Thirunal Nagar, Akkulam Road,
Thuruvikal P.O, Thiruvananthapuram - 695031
PHONE: 9961323235 (OFF.) 0471 2551355 EMAIL: intimate.ac2014@gmail.com

# CYBERKING TECHNOLOGIES PVT.LTD

41/3737A2, Near Vidyanikethan College , Providence Road Ernakulam , Kochi-682018

*Email: mail@cyberkingebiz.com , cyberkinggold@yahoo.com*

Land Line : +91 484 645324 Mob: +91 9249400130

## AUTORISED HP&DELL BUSINESS PARTNER

- **COMPUTER CONSUMABLES:**
  LASER TONER CARTRIDGES, INK CARTRIDGES(HP , CANON & SAMSUNG )
- **COMPUTER HARDWARE PRODUCTS:** COMPUTERS, LAPTOPS, SERVERS, WORKSTATIONS, LASER PRINTERS, MULTIFUNCTION PRINTERS, BARCODE PRINTER, LABEL PRINTERS, ID CARD PRINTERS, SCANNERS, COPIERS, BARCODE SCANNERS, UPS, PROJECTORS ,STORAGE MEDIA PRODUCTS ALL TYPES OF COMPUTER PRINTER CONSUMABLESAND ALL TYPES OF COMPUTER PERIPHERALS.
  (HP , DELL , CANON, SAMSUNG , EPSON & APC)
- **COMPUTER SOFTWARE PRODUCTS:**
  MICROSOFT SOFTWARES, INTERNET SECURITY SOFTWARES(KASPERSKY& QUICKHEAL ), OFFICE & HOME MANAGEMENT SOFTWARES
- NETWORKING PRODUCTS, CCTV SECURITY SYSTEM AND BUILDING MANAGEMENT SOLUTIONS.
- LAMINATION POUCHES
- SUPPLY OF COMPUTERS, PRINTERS & SCANNERS UNDER GEM



**Branch office: Cyberking Technologies Pvt. Ltd,** TC.3/629(7), T.K.D Road, Muttada P.O, Thiruvananthapuram-695025, Mob: 9745200369,
*Email: cyberkinggold@yahoo.com, mail@cyberkingebiz.com*


സി-ഡിറ്റ്
ഇ-ഗവേണൻസ് മേഖലയിൽ മികവാർന്ന
പ്രവർത്തനങ്ങളുടെ മൂന്ന് പതിറ്റാണ്ട്
വിജ്ഞാന സമൂഹ നിർമ്മിതിയിൽ
സാങ്കേതികവിദ്യയുടെ ഫലപ്രദമായ പ്രയോഗം
വിദ്യാഭ്യാസ വികസന സാംസ്കാരിക മേഖലകളിലെ
ഉള്ളടക്ക സൃഷ്ടിയിൽ സർഗ്ഗാത്മക സംഭാവന
വിവരസാങ്കേതിക മേഖലകളിൽ സിസ്റ്റം ഇന്റഗ്രേഷനും
ഡാറ്റാ സുരക്ഷിതത്വവും
പഴയ രേഖകളുടെ ഡിജിറ്റൈസേഷൻ
സോഫ്റ്റ്‌വെയർ, വെബ്സൈറ്റ് / പോർട്ടൽ
മൊബൈൽ ആപ്ലിക്കേഷൻ, പരീക്ഷ പേയ്മെന്റ് സംവിധാനം,
കമ്പ്യൂട്ടറൈസേഷൻ, സോഷ്യൽ മീഡിയ ക്യാമ്പയിൻ
കമ്മ്യൂണിക്കേഷൻ ട്രെയിനിങ്ങ്, ഗവൺമെന്റ് അംഗീകൃതകോഴ്സുകൾ,
സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ്, ഡോക്യുമെന്ററി നിർമ്മാണം, പരസ്യചിത്രം,
അതിസുരക്ഷാ ഹോളോഗ്രാം നിർമ്മാണം, സർട്ടിഫിക്കറ്റ് അച്ചടി
സി-ഡിററ്
www.cdit.org
സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ്
ഇമേജിങ് ടെക്നോളജി (സി-ഡിറ്റ്)
ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം പി.ഒ., തിരുവനന്തപുരം-695 027
ഫോൺ: 0471-2380910/912/895, ഫാക്സ്: 0471-2380681